# INDEX

## അകാരാദി


### അ

അക്കരയ്ക്കു യാത്ര ചെയ്യും 340
അഖിലാണ്ഡത്തിന്നുടയവനാം 1
അടവി തരുക്കളിനിടയിൽ 2
അതിരുകളില്ലാത്ത സ്നേഹം 255
അതിവേഗത്തിൽ ഓടിപ്പോകും 440
അത്യുന്നതനാം ദൈവത്തിൻ 177
അത്യുന്നതന്റെ മറവിങ്കൽ 441
അത്ഭുതം യേശുവിൻ നാമം 442
അദൃശ്യകരങ്ങളാൽ കരുതിടും 341
അനുഗ്രഹത്തിന്നധിപതിയെ 276
അനുഗ്രഹത്തോടെ ഇപ്പോൾ 443
അനുതാപമുതിരും മിഴിനീരോടെ 156
അനുതാപഹൃദയം തിരുമുമ്പിൽ 157
അനുദിനമെന്നെ പുലർത്തുന്ന 178
അൻപിൻ രൂപി യേശുനാഥാ 342
അൻപിൻ ദൈവമെന്നെ നടത്തുന്ന 179
അന്യോന്യം സ്നേഹിക്കുവിൻ 256
അബ്രഹാമിൻ ദൈവം 180
അഭിഷേകം അഭിഷേകം 128
അരികിൽ വരിക അനുഗ്രഹം 444
അല്പകാലം മാത്രം ഈ ഭൂവിലെ 343
അവങ്കലേക്കു നോക്കിയവർ 441
അവസാനത്തോളം കരുതാ 344
അസാദ്ധ്യമായ് എനിക്കൊന്നുമില്ല 181
അളവില്ലാദാനങ്ങൾ നൽകുന്നോനെ 158
അഴലേറും ജീവിത മരുവിൽ 345

### ആ

ആകാശമേ കേൾക്ക ഭൂമിയെ 445
ആകാശ ലക്ഷണങ്ങൾ 412
ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ 3
ആനന്ദം ആനന്ദമേ ക്രിസ്ത്യ 304
ആനന്ദമുണ്ടെനിക്കാനന്ദ 346
ആപത്തുവേളകളിൽ ആനന്ദ 277
ആമേൻ ആമേൻ എന്നാർത്തു 4
ആയിരങ്ങൾ വീണാലും പതിനായിരങ്ങൾ 5
ആയിരം സ്തുതികളേക്കാൾ 446
ആരാധിക്കുന്നു ഞങ്ങൾ നിൻ 6
ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ 7
ആരാധനയ്ക്കു യോഗ്യനെ നിന്നെ 8
ആരാധിക്കുമ്പോൾ വിടുതൽ 9
ആരാധിക്കും ഞാനെന്റെ 10
ആരാധ്യനേ സമാരാധ്യനേ 11
ആരാലും അസാദ്ധ്യം എന്നു 447
ആരുമില്ല നീയൊഴികെ 347
ആരെ ഞാൻ വിശ്വസിക്കുന്നുവോ 257
ആർപ്പിൻ നാദമുയരുന്നിതാ 12
ആശിസ്സാം മാരിയുണ്ടാകും 129
ആശിഷം നൽകണമേ 448
ആശ്വാസത്തിന്നുറവിടമാം 348
ആശ്വാസദായകനായ് എനിക്കേശു 349
ആശ്വാസമേ എനിക്കേറെ 350
ആശ്വാസമേകുവാൻ നീ മതി 351
ആശ്രയം യേശുവിൽ 449
ആശ്രിത വത്സല കർത്താവേ 13
ആശ്രയിപ്പാനുലകിൽ എന്റെ യേശു 352
ആഴങ്ങൾ തേടുന്ന ദൈവം 353
ആഴിയിൽഅലകൾപോൽ 182

### ഇ

ഇടയൻ ആടിനെ നയിക്കും പോലെ 305
ഇടയൻ നല്ലിടയൻ യഹോവ 183
ഇടയനാമേശുവെൻ 450
ഇത് സുപ്രസാദ കാലം 115
ഇതുവരെയെന്നെ കരുതിയ നാഥാ 451
ഇത്രത്തോളം എന്നെ കൊണ്ടു വന്നീടുവാൻ 258
ഇത്രത്തോളം ജയം തന്ന ദൈവത്തിന്നു 14
ഇത്രത്തോളം യഹോവ സഹായിച്ചു 15
ഇത്രമാത്രം സ്നേഹം ചൊരിഞ്ഞീടുവാൻ 259
ഇത്ര നൽ രക്ഷകാ യേശുവേ 260
ഇന്നയോളം എന്നെ നടത്തി 184
ഇന്നയോളം നടത്തിയല്ലോ 278
ഇന്നു കണ്ട മിസ്രയിമ്യനെ കാണുകയില്ല 185
ഇന്നു നീ ഒരിക്കൽകൂടി 116
ഇന്നു പകൽ മുഴുവൻ കരുണയോടെന്നെ 279
ഇന്നോളം എന്നെ നടത്തിയ നാഥാ 186
ഇമ്പം പകരുന്ന കൂട്ടായ്മ തങ്ങളിൽ 306

ഇരവിൻ ഇരുൾ നിര തീരാറായ് 413
ഇരിക്കുവാനൊരിടവും കാണുന്നില്ല 452
ഇരുളേറുമീ വഴിയിൽ കനിവോടെ നീ 159
ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് നാം 354

## ഈ

ഈ ലോക ജീവിതത്തിൽ 187

## ഉ

ഉണരുക ഒരുങ്ങുക ദൈവജനമേ 16
ഉണരുക തിരുസഭയേ 414
ഉണർന്നിരിപ്പിൻ നിർമ്മദരായിരിപ്പിൻ 17
ഉണർവിൻ കാറ്റേ ഉണർവിൻ കാറ്റേ വീശുക 130
ഉണർവ്വിൻ പ്രഭുവേ ഉണർവ്വിൻ രാജാ 453
ഉണർവ്വിൻ വരം ലഭിപ്പാൻ 143
ഉണ്ടെനിക്കായൊരു മോക്ഷവീട് 143
ഉയർത്തിടും ഞാൻ എന്റെ കൺകൾ 280
ഉയരുന്നെൻ ഉള്ളിൽ സ്തോത്രത്തിൻ ഗാനം 18
ഉയിർത്തീടുന്നേ ഞങ്ങൾ ഉയിർത്തീടുന്നേ 19
ഉരുകിയൊഴുകും മഞ്ഞുമലപോൽ 160

## എ

എക്കാലത്തിലും ക്രിസ്തു മാറുകില്ല 188
എണ്ണി എണ്ണി സ്തുതിക്കുവാൻ 20
എത്ര എത്ര നന്മകൾ ചൊരിഞ്ഞ 261
എത്ര നല്ലവൻ എൻ യേശു നായകൻ 21
എത്ര സൗഭാഗ്യമേ എത്ര സന്തോഷമേ 307
എനിക്കല്ല ഞാൻ ക്രിസ്തുവിനത്രേ 161
എനിക്കാനന്ദമുണ്ടാനന്ദമുണ്ട് 308
എനിക്കായ് കരുതാമെന്നുരച്ചവനേ 189
എനിക്കായ് തുറന്നോരുറവ 190
എനിക്കായൊരുത്തമ സമ്പത്ത് 356
എനിക്കേശുവുണ്ടീ മരുവിൽ 357
എന്നുള്ളമേ സ്തുതിക്ക നീ 22
എന്നുള്ളിലെന്നും വസിച്ചിടുവാൻ 131
എന്നും നല്ലവൻ യേശു എന്നും നല്ലവൻ 23
എന്നുമെൻ ആശ്രയവും കോട്ടയും 191
എന്നുമെന്നും ധന്യവാനായ് 454
എന്നെ കരുതുവാൻ കാക്കുവാൻ 192
എന്നെ നിൻ കയ്യിലെടുത്തു 309
എന്നെ രക്ഷിച്ചുന്നതൻ തൻ കൂടെന്നും 455
എന്നെ ശക്തനാക്കീടുന്നവൻ മൂലം 193
എന്നെന്നും ഞാൻ നിന്നടിമ നിൻ 310
എന്നെന്നും നിൽക്കുന്നതാം 456
എന്നേശു വന്നിടും എന്നാശ ഒന്നിതേ 415
എന്നേശുവല്ലാതില്ലെനിക്കൊരാശ്രയം 162
എന്നേശുവിൻ സന്നിധിയിൽ എന്നും 24
എന്നേശുവേ നീയാശ്രയം എന്നാളും 163
എന്നോടുള്ള നിൻ സർവ്വ നന്മകൾ 25
എന്നന്തരംഗവും എൻ ജീവനും 26
എൻ ആത്മാവേ! വാഴ്ത്തുക നീ 27
എൻ കൺകൾ തുറക്ക 164
എൻ ദൈവമേ നടത്തുകെന്നെ നീ 165
എൻ പ്രാണനാഥൻ എന്നു വരും 416
എൻ പ്രിയനേശു കൂടെയുണ്ട് 194
എൻ പ്രിയൻ യേശുവിൻ നാമം 358
എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ 311
എൻ പ്രിയനെ യേശുവെ രക്ഷകാ 132
എൻ പ്രിയനെന്തു മനോഹരനാം 312
എൻ പ്രിയനെപ്പോൽ സുന്ദരനായ് 28
എൻ പ്രിയ യേശുവേ എന്നാളും നീ മതി 195
എൻ പ്രിയരക്ഷകൻ നീതിയിൻ 417
എൻ പ്രിയാ നിൻ പൊൻകരം 196
എൻ മനമേ ദിനം വാഴ്ത്തുക നീ 29
എൻ മനമേ നീ വീണ്ടും ശാന്തമായിരിക്ക 30
എൻ യേശുവേ എന്റെ നാഥാ 166
എൻ രക്ഷകനേശു നാഥനെന്നും 31
എൻ രക്ഷകാ എൻ ദൈവമേ 457
എൻ സങ്കടങ്ങൾ സകലവും തീർന്നു 32
എന്റെ ജീവനാമേശുവേ നിന്റെ 458
എന്റെ ദൈവത്താൽ എല്ലാം സാദ്ധ്യം 197
എന്റെ ദൈവം അറിയാതെ 198
എന്റെ ദൈവം എന്നെ പോറ്റുന്നു 199
എന്റെ ദൈവം കരുണയാലെന്നെ 459
എന്റെ ദൈവം മഹത്വത്തിൽ 200
എന്റെ ദൈവം നടത്തിടുന്നു 460
എന്റെ ദൈവം സ്വർഗ്ഗ സിംഹാസനം 201
എന്റെ ദൈവമായ രാജാവേ തിരുനാമം 461
എന്റെ ദൈവമെന്നും വിശ്വസ്തൻ 462
എന്റെ ദൈവമോ എന്റെ ബുദ്ധിമുട്ടെല്ലാം 202
എന്റെ നാവു നവ്യഗാനം പാടും 262
എന്റെ പ്രിയൻ വാനിൽ വരാറായ് 418
എന്റെ ബലമായ കർത്തനെൻ 33
എന്റെ യേശു എനിക്കു നല്ലവൻ 203
എന്റെ യേശു വാക്കു മാറാത്തോൻ 204
എന്റെ സങ്കേതവും ബലവും 359

എന്റെ സമ്പത്തെന്നു ചൊല്ലുവാൻ 205
എന്റെ സഹായവും എന്റെ സങ്കേതവും 206
എന്റെ സൃഷ്ടാവാം ദൈവമെന്നും 207
എന്തതിശയമേ ദൈവത്തിൻ സ്നേഹം 263
എന്താനന്ദം എനിക്കെന്താനന്ദം 313
എന്തു നല്ലോർ സഖി യേശു 360
എന്തു സന്തോഷം എന്തോരാനന്ദം 361
എല്ലാ നാവും വാഴ്ത്തീടും ഹാല്ലേലുയ്യാ 34
എല്ലാ പ്രതികൂലങ്ങളും മാറും 362
എല്ലാ ഭാരവും എൻ യഹോവയിൽ 208
എല്ലാറ്റിനും സ്തോത്രം എപ്പോഴും 35
എല്ലാ സ്നേഹത്തിനും ഏറ്റം യോഗ്യനാമെൻ 264
എല്ലാം അങ്ങേ മഹത്വത്തിനായ് 281
എല്ലാം എല്ലാം ദാനമല്ലേ 463
എല്ലാം നന്മയ്ക്കായ് എന്റെ നന്മയ്ക്കായ് 209
എല്ലാം നന്മയ്ക്കായ് നൽകും നല്ല നാഥനേ 210
എല്ലാം നന്മക്കായി സ്വർഗ്ഗതാതൻ 211
എല്ലാം യേശുവേ എനിക്കെല്ലാം യേശുവേ 314
എഴുന്നേറ്റു പ്രകാശിക്ക നിന്റെ 464

## ഏ

ഏഴു നക്ഷത്രം വലങ്കയ്യിൽ പിടിച്ച് 419
ഏഴു വിളക്കിൻ നടുവിൽ 36

## ഒ

ഒന്നുകൊണ്ടും ആകുലരായ് 363
ഒന്നുമില്ലായ്മയിൽ നിന്നെന്നെ 364
ഒരുനാളും പിരിയാത്ത നല്ല സഖിയായ് 315
ഒരു മനസ്സോടെ നമ്മൾ 282
ഒരുമൺചെരാതായ് ഞാൻ വരുന്നു 265

## ഓ

ഓടി വാ കൃപയാം നദിയരികിൽ 117

## ക

കനിവേറും സ്നേഹപിതാവേ 266
കണ്ണീരോടെ പ്രാർത്ഥിച്ചാൽ 212
കണ്ണുനീർ എന്നു മാറുമോ വേദനകൾ 213
കണ്ണുനീർ താഴ്വരയിൽ ഞാനേറ്റം 316
കണ്ണുനീർ മാറി വേദനകൾ എന്നു 267
കണ്ണുനീരിനെ തുരുത്തിയിൽ കരുതി 214
കരുതുന്നവൻ എന്നെ കരുതുന്നവൻ 465
കരുതുന്നവൻ ഞാനല്ലയോ 365
കരുണാദയ സാഗരമെ 283
കരുണാരസരാശേ കർത്താവേ 144
കരുണയിൻ നാഥൻ കരം പിടിച്ചെന്നെ 366
കരുണയുള്ള എൻ യഹോവേ 466
കരുണാനിധിയേ കാൽവറി അൻപേ 467
കർത്തൻ നീ കർത്തൻ നീ 37
കർത്തനെ വാഴ്ത്തി വാഴ്ത്തി വണങ്ങി 38
കർത്താവറിയാതെ എനിക്കൊന്നും 215
കർത്താവിലെന്നും എന്റെ ആശ്രയം 39
കർത്താവിൻ വരവിൽ നമ്മെ 420
കർത്താവിൽ സ്നേഹത്തിൽ എന്നും 468
കർത്താവിൽ സന്തോഷം അവനെൻ 216
കർത്താവു താൻ ഗംഭീര 367
കർത്താവെന്റെ ബലവും 217
കർത്താവെ നിൻ പാദത്തിൽ 167
കർത്താവേ വന്നെന്നിൽ 133
കലങ്ങേണ്ട മനമേ 218
കഷ്ടനഷ്ടശോധനകൾ വന്നുപോകിലും 219
കഷ്ടങ്ങൾ സാരമില്ല കണ്ണുനീർ 368
കഷ്ടങ്ങൾക്കു സ്ഥാനമുണ്ട് എല്ലാ 369
കഷ്ടങ്ങളിലും പതറീടല്ലേ കണ്ണുനീരിലും 370
കാന്തനെ കാണുവാനാർത്തി 371
കാണുന്നു ഞാൻ യാഹിൽ എനിക്കാശ്രയം 372
കാണും വരെയിനി നാം തമ്മിൽ 469
കാലം തികയാറായെൻ കാന്തൻ 421
കാൽവറി ക്രൂശിന്മേൽ എനിക്കായ് 432
കാൽവറി ക്രൂശിൽ കാണും 373
കാൽവറി ക്രൂശിൽ യാഗമായ് 433
കാൽവറിയിൽ കാണും സ്നേഹമത്ഭുതം 268
കാഹളം കാതുകളിൽ കേട്ടിടാറായ് 422
കുഞ്ഞാട്ടിൻ തിരുരക്തത്താൽ 40
കുരിശെടുത്തെൻ യേശുവിനെ 317
കൂടുവിട്ടൊടുവിൽ ഞാനെൻ 374
കൂടെ പാർക്ക നേരം വൈകുന്നിതാ 470
കൊടിയ കാറ്റടിക്കേണമേ ആത്മ 134
കൊടുങ്കാറ്റടിച്ചു അലയുയരും 220
കൃപ മതി യേശു നാഥാ തവ കൃപ 318
കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ 41
കൃപയിൻ അന്ത്യധനം 471
കൃപയിന്നുറവാം കർത്താവേ 472
കൃപയേറും കർത്താവിലെൻ 221

ക്രിസ്തീയജീവിതം സൗഭാഗ്യജീവിതം 319
ക്രിസ്തുവിൻ ഇമ്പഗാനമെന്നുമേ 320
ക്രിസ്തുവിൻ സേനവീരരെ 473
ക്രിസ്ത്യജീവിതം പോൽ ഭാഗ്യം 321
ക്രൂശിന്മേൽ ക്രൂശിന്മേൽ 434
ക്രൂശിൽ കണ്ടു ഞാൻ നിൻ 435
ക്രൂശിലേറി യാഗമായി 436

## ഗ

ഗീതം ഗീതം ജയജയ ഗീതം 42

## ച

ചങ്കിലെ ചോരകൊണ്ടു അവനെന്നെയും 222

## ജ

ജയം ജയം ഹല്ലേലുയ്യാ 43
ജയിക്കുമേ സുവിശേഷം 145
ജീവനെ എൻ ജീവനെ 474
ജീവനുള്ള ദേവനെ വരൂ 284
ജീവന്റെ ഉറവിടം ക്രിസ്തുവത്രെ 223
ജീവിത യാത്രക്കാരാ കാലടികൾ 118

## ഞ

ഞങ്ങളണയുന്നു കുരിശിൽ 168
ഞാനെന്നും സ്തുതിക്കും 44
ഞാൻ നിന്നെ ധ്യാനിക്കുമ്പോൾ 475
ഞാൻ പാടീടും എന്നേശുവേ 224
ഞാൻ പാടും യേശുവേ നിനക്കായെന്നും 225
ഞാൻ പാപിയായിരുന്നെന്നേശു 169
ഞാൻ യഹോവയെ എല്ലാ നാളിലും 45
ഞാൻ വരുന്നു ക്രൂശിങ്കൽ 437
ഞാനും എന്റെ കുടുംബവും 322
ഞാനും എനിക്കുള്ള സർവ്വസ്വവും 170

## ത

തന്നീടുക നിൻ കൃപാവരങ്ങൾ 226
തിരുക്കരത്താൽ വഹിച്ചു എന്നെ 171
തിരുനാമകീർത്തനം പാടുവാൻ 119
തിരുവചനം മനനം ചെയ്തീടുകിൽ 146
തീ കത്തിക്ക എന്നിൽ തീ കത്തിക്ക 135
തുണയെനിക്കേശുവാം കുറവിനി 227
തേജസ്സിലേശുവിൻ പൊന്മുഖം ഞാൻ 375
ത്രിയേക ദൈവത്തിൻ മാഹാത്മ്യങ്ങൾ 46

## ദ

ദയ ലഭിച്ചോർ നാം സ്തുതിച്ചിടുവോം 47
ദിനം ദിനം ദിനം നീ വാഴ്ത്തുക 48
ദിനം തോറും എന്നെ നടത്തുന്ന കൃപ 476
ദുഃഖത്തിന്റെ പാനപാത്രം 376
ദേവാധി ദേവസുതൻ 477
ദൈവകൃപയിൻ തണലിലും 228
ദൈവകൃപയിൽ ഞാനാശ്രയിച്ച് 377
ദൈവത്താൽ അസാദ്ധ്യമായതൊന്നു 323
ദൈവത്തിൻ നാമത്തിൽ നാം 49
ദൈവത്തിനു സ്തോത്രം ദൈവത്തിനു 50
ദൈവത്തിനു സ്തോത്രം ചെയ്തീടും 51
ദൈവപിതാവേ അങ്ങയെ ഞാൻ 52
ദൈവമേ ത്രിയേകനെ നിൻ 172
ദൈവമേ നിനക്കു സ്തോത്രം 53
ദൈവസന്നിധൗ ഞാൻ സ്തോത്രം 54
ദൈവസ്നേഹം പോലെ വേറെ 269
ദൈവസ്നേഹം വർണ്ണിച്ചീടാൻ 270
ദൈവം താൻ സ്നേഹിക്കും 324
ദൈവം വാതിൽ തുറന്നാൽ 147

## ന

നടത്തിടുന്നു ദൈവമെന്നെ 325
നടത്തിയ വിധങ്ങൾ ഓർത്താൽ 326
നന്മയ്ക്കായെല്ലാം ചെയ്തീടും നാഥൻ 478
നന്മയല്ലാതൊന്നും ചെയ്തീടാത്തവൻ 327
നന്ദിയാൽ സ്തുതി പാടാം 328
നന്ദിയാലെന്നുള്ളം തിങ്ങുകയാൽ 55
നന്ദിയാലെന്നുള്ളം നിറയുന്നു നാഥാ 56
നന്ദിയാലെന്നുള്ളം പൊങ്ങുന്നേ 57
നന്ദിയോടെ ഞാൻ സ്തുതി പാടിടും 58
നമ്മെ നടത്തുന്ന ദൈവമെന്നും 378
നല്ല ദേവനെ ഞങ്ങൾ 285
നല്ല പോരാട്ടം പോരാടി ഓട്ടം 229
നല്ലവനേ നൽവഴി കാട്ടി 286
നല്ലോരു ദേശം എത്ര 230
നവയെറുശലേം പാർപ്പിടം 379
നാമെല്ലാരും ഒന്നായ് 59
നിത്യമാം പ്രകാശമേ നയിക്കുകെന്നെ 287
നിത്യസ്നേഹത്താൽ എന്നെ 271
നിനക്കായ് കരുതും അവൻ 380
നിന്നാലസാദ്ധ്യമില്ലൊന്നും 231
നിന്നിലാശ്വാസം കാണാൻ 381
നിന്നെപ്പിരിഞ്ഞൊന്നും 288

നിൻ തിരുവചനം നമ്മിൽ 148
നിൻ ദാനം ഞാൻ അനുഭവിച്ചു 60
നിന്റെ യഹോവ നിനക്കു നിത്യ 479
നിന്റെ വേല എന്റെ ആഹാരം 232
നിന്റെ ഹിതം പോലെയെന്നെ 289
നിമിഷങ്ങൾ നിമിഷങ്ങൾ 480
നിർമ്മലമായൊരു ഹൃദയമെന്നിൽ 290
നിലവിളിക്ക നിലവിളിക്ക 61
നിസ്തുലനാം നിർമ്മലനാം 62
നീ എന്റെ സങ്കേതവും നീയെന്റെ 63
നീയെന്നും എൻ രക്ഷകൻ 329
നീങ്ങിപ്പോയ് എന്റെ ഭാരങ്ങൾ 64
നീ തരിക കൃപ മാരിപോലെ 291
നീതിമാന്റെ പ്രാർത്ഥനകൾ 292
നീയല്ലോ ഞങ്ങൾക്കുള്ള 233
നീയെൻ ആശ നീയെൻ സ്വന്തം 382
നീയെൻ പക്ഷം മതി 330

## പ

പരപരമേശാ വരമരുളീശാ 293
പരമഗുരുവരനാം യേശുവേ നീ 294
പരമപിതാവിനു സ്തുതി പാടാം 65
പരമോന്നതൻ എന്റെ യേശുപരൻ 234
പരിശുദ്ധൻ മഹോന്നത ദേവൻ 66
പരിശുദ്ധനാം പരമ താതാ 173
പരിശുദ്ധപരനേ സ്തുതി നിനക്കു 67
പരിശുദ്ധാത്മാവേ ശക്തി 136
പരിശുദ്ധാത്മാവിൻ ശക്തിയാലെ 137
പാടി പുകഴ്ത്തിടാം ദേവദേവനേ 68
പാടും ഞാനേശുവിൻ അതുല്യ 69
പാപത്തിൻ വൻ വിഷത്തെ ഒഴിപ്പാൻ 70
പാപിക്കു മറവിടം യേശുരക്ഷകൻ 272
പാരിച്ച ദുഃഖത്താൽ പോരാട്ടം 235
പാവനാത്മാവേ എഴുന്നള്ളീടണമേ 138
പുത്തനാമെരുശലേമിൽ 383
പുത്തൻ അഭിഷേകം കർത്തൻ 139
പുരാതനനായ ദൈവം 236
പെന്തക്കോസ്തു നാളിൽ മുൻമഴ 140
പൊന്നേശു തമ്പുരാൻ നല്ലൊരു 273
പ്രകാശിതരായ് ഞങ്ങൾ 237
പ്രതിഫലം തന്നീടുവാൻ 423
പ്രതിസന്ധികളിൽ പ്രത്യാശയരുളി 384
പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ 424
പ്രാർത്ഥന കേൾക്കണമേ കർത്താവേ 295
പ്രാർത്ഥന കേൾക്കുന്ന ദൈവമേ 296
പ്രാർത്ഥനയിൻ നൽനേരമേ 297
പ്രാർത്ഥനയ്ക്കായ് തിരുമുമ്പിൽ 298
പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനേ 299
പ്രാർത്ഥനാഗാനങ്ങളായ് യാചന 300

## ഭ

ഭയപ്പെടേണ്ട ഇനി ഭയപ്പെടേണ്ട 238
ഭക്തരിൻ വിശ്വാസജീവിതം 331
ഭൂവാസികളെ യഹോവയ്ക്കാർപ്പിടുവിൻ 71

## മ

മതിയായവൻ യേശു മതിയായവൻ 239
മദ്ധ്യാകാശത്തിങ്കൽ 425
മധുരം മധുരം മനോഹരം 149
മനമെ ചഞ്ചലമെന്തിനായ് 385
മനസ്സൊരുക്കുക നാം ഒരു 72
മൽ പ്രിയനേ എന്നേശു നായകനേ 426
മറവിടമായെനിക്കേശുവുണ്ട് 240
മറവിടത്തിൽ എന്നെ 274
മാനസമോദകമാധുര്യ വചനം 150
മാൻ നീർത്തോടിനായ് ദാഹിച്ചു 332
മാറരുതെ മുഖം മറയ്ക്കരുതെ 301
മാറിടാത്ത യേശുനാഥൻ 120
മുട്ടി മുട്ടി വാതിലിൽ വന്നു 121

## യ

യരുശലേമെൻ ഇമ്പവീടേ 386
യഹോവ ദൈവമാം വിശുദ്ധജാതി 151
യഹോവ നിന്റെ കഷ്ടകാലത്തിൽ 73
യഹോവയെ കാത്തിരിക്കും 241
യഹോവയിരെ ദാതാവാം ദൈവം 387
യഹോവ ശാലോം എൻ 388
യാക്കോബിൻ ദൈവമെന്നും 74
യാക്കോബിൻ ദൈവം എന്റെ ദൈവം 75
യാക്കോബിൻ വല്ലഭന്റെ 481
യാഹെന്നെ കരുതുന്നു 482
യാഹ് നല്ല ഇടയൻ 242
യാഹേ നീ എൻ ദൈവം വാഴ്ത്തും 483
യാഹേ സൃഷ്ടി കർത്താവെ 484

യേശു എൻ അടിസ്ഥാനം 389
യേശു എൻ അഭയകേന്ദ്രം 76
യേശു എൻ പക്ഷമായ് 333
യേശു എനിക്കെത്ര നല്ലവനാം 485
യേശു എന്നിൽ തിരുസ്നേഹം 275
യേശു എൻ ഉള്ളത്തിൽ 334
യേശു എന്നെ ദിനവും 486
യേശു എന്റെ അടിസ്ഥാനം 243
യേശു എന്റെ കരം പിടിച്ചു 487
യേശു കൈയ്യിൽ മാ സൈ്വരം 488
യേശുക്രിസ്തു ഉയിർത്തു 390
യേശു നല്ലവൻ അവൻ വല്ലഭൻ 77
യേശു നല്ലവൻ എനിക്കു യേശു 244
യേശു നായകാ പാപ ശാപ നാശകാ 245
യേശു മണവാളൻ നമ്മെ 427
യേശു മഹോന്നതനെ മഹോന്നതനെ 391
യേശു രക്ഷിതാവെൻ സ്വന്തമായതാൽ 335
യേശു വരുന്നേ പൊന്നേശു 428
യേശു വിളിക്കുന്നു യേശു 122
യേശുവിൻ കൂടെയുള്ള വാസം 392
യേശുവിൻ ജനമേ ഭയമെന്തിനകമേ 489
യേശുവിൻ തിരുപ്പാദത്തിൽ 152
യേശുവിന്റെ നാമമെത്ര 490
യേശുവിൻ നാമം എൻ യേശുവിൻ 78
യേശുവിൻ നാമം മധുരിമ നാമം 79
യേശുവിൻ നാമം വിജയിക്കട്ടെ 491
യേശുവിൻ പാതെ നാം പോയിടാം 246
യേശുവിൻ സാക്ഷികൾ നമ്മൾ 80
യേശുവിൻ സ്നേഹത്താൽ എന്നുള്ളം 438
യേശുവിൻ സ്നേഹത്തിൻ 439
യേശുവിനെ ഞാൻ സ്തുതിച്ചീടട്ടെ 81
യേശുവിന്റെ രക്തത്താൽ 393
യേശുവിലെൻതോഴനെ കണ്ടേൻ 394
യേശുവെപ്പോലെ ആകുവാൻ 302
യേശുവേ എൻ പ്രാണനായകാ 395
യേശുവേ എൻ നാഥനെ 492
യേശുവേ നിൻ പാദം കുമ്പിടുന്നേ 82
യേശുവേ നീയാണെൻ സങ്കേതമേ 493
യേശുവേ രക്ഷാദായകാ 174
യേശുവോടു കൂടെ യാത്ര ചെയ്യുകിൽ 494
യേശുവോടു ചേർന്നിരിപ്പതെത്ര 396

## ര

രക്തത്താൽ ജയം രക്തത്താൽ 83
രക്ഷിതാവിനെ കാൺക പാപി 123
രക്ഷിപ്പാൻ കഴിയാതെവണ്ണം 495
രാത്രിയിലുള്ള നിന്റെ 303
രാജാവുള്ളെടത്ത് രാജ 496
രാജാധിരാജൻ മഹിമയോടെ 397

## ല

ലക്ഷ്യമതാണേ എൻ ആശ അതാണേ 398
ലോകമാം ഗംഭീര വാരിധിയിൽ 247
ലോകത്തിലേക ആശ്രയം 248
ലോകത്തിൻ മോഹങ്ങളാൽ 124
ലോകെ ഞാനെൻ ഓട്ടം തികച്ചു 399

## വ

വചനഘോഷണം മധുരഘോഷണം 153
വന്ദനം വന്ദനം ശ്രീയേശു നാഥന് 84
വന്ദനം യേശുപരാ നിനക്കെന്നും 336
വന്ദനമേ യേശുരക്ഷകനെൻ 85
വരിക പരാപരനെ ഈ യോഗത്തിൽ 497
വരിക സുരാധിപ പരമപരാ 86
വരുവിൻ നാം ആരാധിക്കാം 87
വരുവീൻ ഈ നല്ല സമയം 125
വരുവീൻ യേശുവിന്നരികിൽ 126
വാസമൊരുക്കീടാൻ വിണ്ണിൽ ഗമി 400
വാഴെന്നിൽ സർവ്വശക്തനെ വാഴെന്നിൽ 498
വാഴ്ത്തി സ്തുതിക്കുമെന്നും 88
വാഴ്ത്തിടുക സ്തുതിച്ചാർത്തിടുക 89
വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു 90
വാഴ്ത്തിടുന്നേശു നാമം 91
വാഴ്ത്തുക നീ മനമേ എൻ പരനേ 92
വാഴും ഞാനെൻ രക്ഷിതാവിൻകൂടെ 401
വിനയമുള്ളൊരു ഹൃദയമെന്നിൽ 175
വിശുദ്ധിയെ തികച്ചു നാം 429
വിശ്വാസ ജീവിത പടകിൽ ഞാൻ 249
വിശ്വാസത്താലെന്നും മുന്നേറും ഞാൻ 250
വിശ്വാസിയെ നീ ഭയപ്പെടേണ്ട 251
വീണ്ടെടുക്കപ്പെട്ട കൂട്ടമേ 154
വീണ്ടെടുപ്പിൻ നാളടുത്തിതാ 430

## ശ


| | |
|---|---|
| ശാലേം രാജൻ വരുന്നൊരു | 431 |
| ശാന്ത തുറമുഖം അടുത്തു | 499 |
| ശുദ്ധർ സ്തുതിക്കും വീടേ | 402 |
| ശുദ്ധാത്മാവേ അണയൂ | 141 |
| ശുദ്ധാത്മാവേ വന്നെന്നുള്ളിൽ | 142 |
| ശുദ്ധിക്കായ് നീ യേശു സമീപേ | 127 |
| ശ്രീയേശു നാഥാ സ്വർഗ്ഗീയരാജാ | 403 |
| ശ്രീയേശുനാഥൻ എൻ യേശുനാഥൻ | 404 |
| ശ്രീയേശു നാമം അതിശയ നാമം | 93 |


## സ


| | |
|---|---|
| സത്യത്തിന്റെ പാതയിൽ | 155 |
| സങ്കേതമേ നിന്റെ അടിമ | 252 |
| സന്താപം തീർന്നല്ലോ | 405 |
| സമയമാം രഥത്തിൽ | 406 |
| സമ്പന്നനാം ദൈവം | 500 |
| സർവ്വ നന്മകൾക്കും സർവ്വ | 94 |
| സർവ്വലോകവും സൃഷ്ടിജാലവും | 95 |
| സർവ്വവും യേശുനാഥനായ് | 176 |
| സർവ്വശക്തനാം യേശുവെന്റെ | 407 |
| സർവ്വസൃഷ്ടികളുമൊന്നായ് | 253 |
| സാധുവെന്നെ കൈവിടാതെ | 408 |
| സീയോൻ സഞ്ചാരീ ഭയപ്പെടേണ്ട | 501 |
| സീയോൻ സഞ്ചാരീ ഞാൻ യേശുവിൽ | 337 |
| സീയോൻ സൈന്യമേ | 338 |
| സീയോൻ യാത്രയതിൽ | 96 |
| സീയോനെ നീ ഉണർന്നെഴു | 97 |
| സുഖകാലത്തിലും ദുഃഖ | 502 |
| സേനയിന്നധിപൻ ദേവനിലതിയായ് | 98 |
| സ്നേഹത്തിൻ ഇടയനാം യേശുവേ | 254 |
| സ്തുതികൾക്കു യോഗ്യനാം | 99 |
| സ്തുതി ചെയ് മനമേ നിത്യവും | 100 |
| സ്തുതി സ്തുതി എൻ മനമേ | 101 |
| സ്തുതിച്ചിടുന്നേ ഞങ്ങൾ | 102 |
| സ്തുതിഗീതം പാടുക നാം | 103 |
| സ്തുതിപ്പിൻ സ്തുതിപ്പിൻ എന്നും | 409 |
| സ്തുതിപ്പിൻ സ്തുതിപ്പിൻ ദൈവ | 104 |
| സ്തുതിപ്പിൻ സ്തുതിപ്പിൻ സ്തുതിപ്പിൻ | 105 |
| സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ | 106 |
| സ്തോത്രമോടിന്നിതാ അണഞ്ഞിടുന്നു | 107 |
| സ്തോത്രഗീതം പാടുക നീ മനമേ | 108 |
| സ്തോത്രങ്ങൾ പാടി ഞാൻ | 109 |
| സ്തോത്രത്തിൻ ഗാനങ്ങൾ | 110 |
| സ്തോത്ര ഗാനങ്ങൾ പാടി | 111 |
| സ്തോത്രം ദേവാ സ്തോത്രം | 112 |
| സ്തോത്രം യേശുവേ സ്തോത്രം | 113 |
| സ്വർഗ്ഗനാട്ടിലെൻ പ്രിയൻ | 410 |
| സ്വർഗ്ഗീയ പിതാവേ നിൻ | 339 |


## ഹ


| | |
|---|---|
| ഹാ മനോഹരം യാഹേ നിന്റെ ആലയം | 114 |


## English Songs


| | |
|---|---|
| All to Jesus I surrender | 503 |
| Bind us together, Lord | 504 |
| Blessed assurance, Jesus is mine | 505 |
| God be with you till we meet again | 506 |
| God is good, all the time | 507 |
| He is Lord! He is Lord! | 508 |
| I have found a friend | 509 |
| I will enter His gates | 510 |
| Jesus is my Saviour | 511 |
| In the name of Jesus | 512 |
| Joy to the world, the Lord is come! | 513 |
| Lord I lift your name on high | 514 |
| My Jesus, my saviour | 515 |
| Sing hallelujah to the Lord | 516 |
| There shall be showers of blessing | 517 |
| This is the day this is the day | 518 |
| We shall overcome | 519 |
| What a friend we have in Jesus | 520 |

# വിവിധ സന്ദർഭത്തിൽ ഉപയോഗിക്കുന്ന തിരുവചന ഭാഗങ്ങൾ

## വിവാഹ വാർഷികം

| | | |
|---|---|---|
| സങ്കീർത്തനം | : | 127:3-5 |
| സങ്കീർത്തനം | : | 128 |
| എഫെസ്യർ | : | 5:22-32 |
| 1 പത്രോസ് | : | 3:1-7 |

## യാത്രയയപ്പ്

| | | |
|---|---|---|
| സങ്കീർത്തനം | : | 121 |
| യെശയ്യാവ് | : | 41:8-14 |

## ഭവന പ്രതിഷ്ഠ

| | | |
|---|---|---|
| സങ്കീർത്തനം | : | 127 |
| സങ്കീർത്തനം | : | 128 |
| ആവർത്തനം | : | 8:11-17 |

## പ്രതിസന്ധികൾ വരുമ്പോൾ

| | | |
|---|---|---|
| ലൂക്കോസ് | : | 14:1-31 |
| സങ്കീർത്തനം | : | 57 |
| എബ്രായർ | : | 12:6-7 |

## രോഗം, ദുഃഖം, പ്രയാസങ്ങൾ

| | | | | | |
|---|---|---|---|---|---|
| മത്തായി | : | 8:1-13 | യാക്കോബ് | : | 5:13-18 |
| മർക്കോസ് | : | 10:46-52 | യെശയ്യാവ് | : | 53: |
| ലൂക്കോസ് | : | 5:17-25 | സങ്കീർത്തനം | : | 103 |
| യോഹന്നാൻ | : | 9:1-41 | | | |

## മരണം/വിടവാങ്ങൽ

| | | |
|---|---|---|
| യോഹന്നാൻ | : | 5:19-29, 11:25-26, 14:1-6 |
| 1 കൊരിന്ത്യർ | : | 15:55-58 |
| സങ്കീർത്തനം | : | 39:5-11, 42, 90, 103:15-16, 116 |
| 2 കൊരിന്ത്യർ | : | 5, 1 തെസലോനി 4:13-18 |
| എബ്രായർ | : | 12 |

## ധൈര്യം സംഭരിക്കുവാൻ

| | | |
|---|---|---|
| സങ്കീർത്തനം | : | 27:14, 31:24, 121:1-2 |
| 2 തിമൊഥെയോസ് | : | 1:7 |
| റോമർ | : | 8: 38-39 |

# ആരാധന, സ്തുതി, സ്തോത്രം

## 1

1. അഖിലാണ്ഡത്തിന്നുടയവനാം ദൈവം
സ്തുത്യൻ പരിശുദ്ധൻ
സകല ചരാചര രചയിതാവാം ദൈവം
നിത്യൻ പരിശുദ്ധൻ

    പരിശുദ്ധൻ പരിശുദ്ധൻ
    മഹിമയിലുന്നതനേ
    സ്തുതികളിൽ വസിക്കും ദേവാധിദേവാ
    ആരാധിക്കുന്നു ഞങ്ങൾ (2)

2. തിരുസാരൂപ്യം മാനവനേകിയോൻ
വന്ദ്യൻ പരിശുദ്ധൻ
ജ്ഞാനവും മാനവും മഹിമയും അണിയിച്ചോൻ
ധന്യൻ പരിശുദ്ധൻ

....പരിശുദ്ധൻ

3. തനയനെ നൽകിയീപാരിനെ വീണ്ടവൻ
നിരുപമൻ പരിശുദ്ധൻ
കാൽവറിയിൽ എന്റെ പാപത്തിൻ ബലിയായ
നാഥൻ പരിശുദ്ധൻ

....പരിശുദ്ധൻ

4. ഉർവ്വിയിൽ വന്നെന്റെ ദുരിതങ്ങളറിഞ്ഞവൻ
നല്ലവൻ പരിശുദ്ധൻ
മരണത്തെ ജയിച്ചവൻ ഉയരത്തിൽ മേവുവോൻ
വല്ലഭൻ പരിശുദ്ധൻ

.....പരിശുദ്ധൻ

5. വീണ്ടും വരാമെന്ന് വാഗ്ദത്തം തന്നവൻ
എൻ പ്രിയൻ പരിശുദ്ധൻ
നിത്യതയിൽ വാസം നമുക്കായി-
ട്ടൊരുക്കുവോൻ
നിഖിലേശൻ പരിശുദ്ധൻ

.....പരിശുദ്ധൻ

# 2

1. അടവി തരുക്കളിനിടയിൽ
ഒരു നാരകമെന്നവണ്ണം
വിശുദ്ധരിൻ നടുവിൽ കാണുന്നേ
അതിശ്രേഷ്ഠനാം യേശുവിനെ

   വാഴ്ത്തുമേ എന്റെ പ്രിയനെ
   ജീവകാലമെല്ലാം
   ഈ മരുയാത്രയിൽ
   നന്ദിയോടെ ഞാൻ പാടിടുമേ (2)

2. പനിനീർപുഷ്പം ശാരോനിലവൻ
താമരയുമേ താഴ്വരയിൽ
വിശുദ്ധരിൽ അതിവിശുദ്ധനവൻ
മാ-സൗന്ദര്യ സമ്പൂർണ്ണനെ
.....വാഴ്ത്തുമേ

3. പകർന്ന തൈലം പോൽ നിൻനാമം
പാരിൽ സൗരഭ്യം വീശുന്നതാൽ
പഴി, ദുഷി, നിന്ദ ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ് മാറ്റീടണെ
....... വാഴ്ത്തുമേ

4. മനഃക്ലേശ തരംഗങ്ങളാൽ
ദുഃഖസാഗരത്തിൽ മുങ്ങുമ്പോൾ
തിരുക്കരം നീട്ടി എടുത്തണച്ചു
ഭയപ്പെടേണ്ടാ എന്നുരച്ചവനെ
.....വാഴ്ത്തുമേ

5. തിരുഹിതമിഹെ തികച്ചിടുവാൻ
ഇതാ ഞാനിപ്പോൾ വന്നിടുന്നേ
എന്റെ വേലയെ തികച്ചുംകൊണ്ട്
നിന്റെ മുമ്പിൽ ഞാൻ നിന്നിടുവാൻ
......വാഴ്ത്തുമേ

## 3

ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ -
ഇന്നാത്മമാരികൊണ്ട് നിറയ്ക്കണമേ

1. ദൈവത്തിന്റെ തേജസ്സിന്നിവിടെ
   പ്രകാശിച്ചീടേണം വെളിച്ചമായി
2. പാപത്തിന്റെ എല്ലാ അന്ധകാരവും
   എല്ലാ ഉള്ളത്തിൽ നിന്നും നീങ്ങിപ്പോകട്ടെ
3. സ്വർഗ്ഗ സന്തോഷം കൊണ്ടാനന്ദിപ്പാൻ
   ആത്മശക്തിയാലിന്നു നടത്തേണമേ
4. കല്ലുപോലുള്ള എല്ലാ ഉള്ളങ്ങളേയും
   ഇന്നു മെഴുകുപോലുരുക്കേണമെ
5. ആത്മനിലങ്ങളെ ഒരുക്കീടുവാൻ
   സ്വർഗ്ഗ സീയോനിലെ വിത്തുവിതപ്പാൻ
6. നല്ലവണ്ണമതു ഫലം കൊടുപ്പാൻ
   ആത്മതുള്ളികൊണ്ടു നനയ്ക്കേണമെ
7. വെളിച്ചങ്ങൾ വീശുന്നു അന്ധകാരം മാറുന്നു
   ദൈവത്തിന്റെ ആത്മാവുള്ളിലാകുമ്പോൾ
8. മായയായ ലോകത്തിൽ ഞാൻ ചേർന്നു നിൽക്കാതെ
   എൻ രക്ഷകനാം യേശുവിൽ ഞാനാശ്രയിച്ചീടും

.....ആത്മ

# 4

ആമേൻ, ആമേൻ എന്നാർത്തു പാടി
ദൈവ കുഞ്ഞാടിനെ ആരാധിക്കാം

1. വീണ്ടെടുക്കപ്പെട്ട കൂട്ടമേ-
രക്ഷദാനമെന്നാർത്തിടുക (2)
ഈ ലോകക്ലേശങ്ങൾ തീർന്നിടുമേ
ദൈവസന്നിധിയിൽ നിന്നീടുമേ-
.....ആമേൻ

2. കുഞ്ഞാട്ടിൻ രക്തത്തിൽ ശുദ്ധർ നാം-
വെൺ നിലയങ്കി ധരിച്ചിടുമേ (2)
കയ്യിൽ കുരുത്തോലയേന്തി നാമും
സ്തുതിയും മഹത്വവും അർപ്പിക്കുമേ-
.....ആമേൻ

3. ജീവജല ഉറവിൽ നിന്നും -
നിത്യം പാനം ചെയ്യുന്നതാൽ (2)
ദാഹം, വിശപ്പുമങ്ങൊട്ടുമില്ല
വെയിലും ചൂടും നമ്മെ തളർത്തുകില്ല-
.....ആമേൻ

4. ദുഃഖത്തിൻ കണ്ണീർ കണങ്ങൾ-
മണി മുത്തായി തീർന്നിടുമ്പോൾ (2)
ഹല്ലേലുയ്യാ പാടി സ്തുതിച്ചിടുമേ
ദൈവ കുഞ്ഞാടിനെ ആമോദമോടെ-
.....ആമേൻ

# 5

ആയിരങ്ങൾ വീണാലും പതിനായിരങ്ങൾ വീണാലും
വലയമായ് നിന്നെന്നെ കാത്തിടുവാൻ
ദൈവദൂതന്മാരുണ്ടരികിൽ (2)

അസാദ്ധ്യമായ് എനിക്കൊന്നുമില്ലല്ലോ
സർവ്വശക്തനാം ദൈവമെന്റെ കൂടെയുണ്ടല്ലോ (2)
സകലവും ഇന്നെനിക്കു സാദ്ധ്യമാക്കുവാൻ
എന്റെ യേശുവിന്റെ അത്ഭുതമാം നാമമുണ്ടല്ലോ (2)

1 ആയുധങ്ങൾ ഫലിക്കയില്ല
ഒരു തോൽവിയും ഇനി വരികയില്ല (2)
എന്നെ ശക്തനായ് മാറ്റിടുവാൻ
ആത്മബലം എന്റെ ഉള്ളിലുള്ളതാൻ (2)

അസാദ്ധ്യ...

2. തിന്മയതൊന്നും വരികയില്ല
എല്ലാം നന്മയായ് തീർന്നിടുമേ (2)
ബാധയതൊന്നും അടുക്കയില്ല
എന്റെ ഭവനത്തിൽ ദൈവമുണ്ടെന്നും (2)

അസാദ്ധ്യ....

# 6

ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ
സ്തോത്രത്തോടെന്നും
ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ
നന്ദിയോടെന്നും
ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ
നന്മയോർത്തെന്നും
ആരാധിക്കാം യേശുകർത്താവിനെ

1. നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ
മോദമോടിന്ന്
നമ്മെ സർവ്വം മറന്ന് തൻ
സന്നിധിയിൽ ധ്യാനത്തോടിന്ന്
നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ
കീർത്തനങ്ങളാൽ
ആരാധിക്കാം യേശുകർത്താവിനെ.......
.....ആരാധിക്കുന്നു

2. നീയെൻ സർവ്വനീതിയും ആയിത്തീർന്നതാൽ
ഞാൻ പൂർണ്ണനായ്
നീയെൻ സർവ്വനീതിയും ആയി
ത്തീർന്നതാൽ ഞാൻ ഭാഗ്യവാൻ
നീയെൻ സർവ്വനീതിയും ആയിത്തീർന്നതാൽ
ഞാൻ ധന്യനായ്
ആരാധിക്കാം യേശുകർത്താവിനെ...
.....ആരാധിക്കുന്നു

## 7

ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മനാഥൻ യേശുവിനെ ആരാധിക്കുന്നേ

ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നേ
.....ആരാ

1. ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഗീതം പാടീടാം
ഹല്ലേലുയ്യാ ഗീതം പാടി ആരാധിച്ചീടാം
......ആരാ

2. ഇന്നു ഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നു
അന്നു നാഥൻ മുഖം കണ്ടു ആരാധിച്ചീടും
......ആരാ

3. സാറാഫുകൾ ആരാധിക്കും പരിശുദ്ധനെ
സന്തോഷത്താൽ സ്വന്തമക്കൾ ആരാധിക്കുന്നു
......ആരാ

4. ബന്ധനം അഴിയും കെട്ടുകൾ
അഴിയും ആരാധനയിങ്കൽ
കോട്ടകൾ തകരും ബാധകൾ ഒഴിയും
ആരാധനയിങ്കൽ ......ആരാ

5. രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ
മൺകുടമുടയും തീ കത്തീടും
ആരാധനയിങ്കൽ .....ആരാ

6. അപ്പോസ്തോലർ രാത്രി കാലേ
ആരാധിച്ചപ്പോൾ
ചങ്ങല പൊട്ടി ബന്ധിതരെല്ലാം
മോചിതരായല്ലോ .....ആരാ

# 8

ആരാധനയ്ക്കു യോഗ്യനെ നിന്നെ
ഞങ്ങൾ ആരാധിച്ചീടുന്നിതാ (2)

ആഴിയും ഊഴിയും നിർമ്മിച്ച നാഥനെ (2)
ആത്മാവിൽ ആരാധിക്കും കർത്താവിനെ
നിത്യം സ്തുതിച്ചിടും ഞാൻ (2)

1. വാഗ്ദത്തംപോലെ നിന്റെ സന്നിധാനെ
നിൻ മക്കൾ കൂടിടുമ്പോൾ
മദ്ധ്യേ വന്നനുഗ്രഹം ചെയ്തിടാമെന്നുര (2)
ചെയ്തവൻ നീ മാത്രമായ് നിന്നെ ഞങ്ങൾ
ആത്മാവിൽ ആരാധിക്കും (2)
.....ആരാധ

2. പാപത്താൻനിറയപ്പെട്ട എന്നെ നിന്റെ
പാണിയാൽ പിടിച്ചെടുത്തു (2)
പാവന നിണം തന്നു
പാപത്തിൻ കറപോക്കി (2)
രക്ഷിച്ചതാൽ നിന്നെ ഞാൻ-എന്നാളും
ആത്മാവിൽ ആരാധിക്കും (2)
......ആരാധ

3. ചെങ്കടൽ കടന്ന മിര്യാം തൻ കയ്യിൽ
തപ്പെടുത്താർത്തതുപോൽ (2)
പാപത്തിൻ ചങ്ങല പൊട്ടിച്ചെറിഞ്ഞതാൽ(2)
ഞാൻ നിന്നെ ആരാധിക്കും ആത്മാവിലും
സത്യത്തിലും സ്തുതിക്കും (2)
.....ആരാധ

4. ഹോരേബിൽ മോശെ കണ്ട മുൾപ്പടർപ്പിൽ
കത്തിയതാം അഗ്നിയെ (2)
നിൻ ദാസരിൽ പകർന്നത്ഭുതം ചെയ്യുവാൻ (2)
ബന്ധനം അഴിഞ്ഞിട്ടിന്ന് നിന്നെ-ഞങ്ങൾ
ആത്മാവിൽ ആരാധിക്കും (2)
......ആരാധ

5. ആദിമ നൂറ്റാണ്ടിൽ നിൻ ദാസർ
മർക്കോസിൻ മാളികയിൽ (2)
നിൻ ആവിപകർന്നപോൽ
നിൻ ദാസർ മദ്ധ്യത്തിൽ (2)
നിൻ ശക്തി അയച്ചീടുക നിന്നെ-ഞങ്ങൾ
ആത്മാവിൽ ആരാധിക്കും (2)
.....ആരാധ

# 9

ആരാധിക്കുമ്പോൾ വിടുതൽ
ആരാധിക്കുമ്പോൾ സൗഖ്യം (2)
ദേഹം ദേഹി ആത്മാവിൽ
സമാധാനം-സന്തോഷം
ദാനമായി നാഥൻ നൽകീടും (2)

പ്രാർത്ഥിക്കാം ആത്മാവിൽ
ആരാധിക്കാം കർത്തനെ
നല്ലവൻ അവൻ വല്ലഭൻ
വിടുതൽ എന്നും പ്രാപിക്കാം (2)

2. മടുത്തുപോകാതെ പ്രാർത്ഥിക്കാം
വിശ്വാസത്തോടെ പ്രാർത്ഥിക്കാം (2)
നീതിമാന്റെ പ്രാർത്ഥന
ശ്രദ്ധയുള്ള പ്രാർത്ഥന
ഫലിക്കും രോഗിക്ക് സൗഖ്യമായ് (2)
....പ്രാർത്ഥിക്കാം

3. യാചിപ്പിൻ എന്നാൽ ലഭിക്കും
അന്വേഷിപ്പിൻ കണ്ടെത്തും (2)
മുട്ടുവിൻ തുറക്കും സ്വർഗ്ഗത്തിൻ കലവറ
പ്രാപിക്കാം എത്രയോ നന്മകൾ (2)
.....പ്രാർത്ഥിക്കാം

# 10

ആരാധിക്കും ഞാനെന്റെ യേശുവിനെ
ആയുസ്സിന്നന്ത്യം വരെ
നന്ദിയാലെന്നെന്നും പാടീടും ഞാൻ
വല്ലഭൻ തന്നുപകാരങ്ങളെ

സ്തുതിയും സ്ത്രോത്രവും
മഹത്വമെല്ലാം അറുക്കപ്പെട്ട കുഞ്ഞാടിന്

1. സ്നേഹിതരേവരും മാറിപ്പോയിടുമ്പോൾ
പ്രിയരെല്ലാവരും തള്ളിടുമ്പോൾ
മാറ്റമില്ലാത്ത സ്നേഹിതനെ
നിൻ തിരുമാർവ്വിൽ ഞാൻ ചാരുന്നിതാ
....സ്തുതിയും

2. ഇന്നെന്ന ഭാരത്താൽ ഞരങ്ങിടുമ്പോൾ
പാരം നിരാശയിൽ നീറിടുമ്പോൾ
കാക്കയാൽ ഭക്തനെ പോറ്റിയ നാഥനെ
നിൻ തിരു മുൻപിൽ ഞാൻ കുമ്പിടുന്നു
....സ്തുതിയും

3. ഈ ലോകയാത്ര തീർന്നിടും വേളയിൽ
പ്രിയന്റെ സന്നിധേ ചേർന്നിടുമേ
കണ്ണീരില്ലാത്ത വാഗ്ദത്ത നാട്ടിൽ
ദൂതരോടൊത്ത് ഞാൻ ആരാധിക്കും.
....സ്തുതിയും

# 11

ആരാധ്യനേ സമാരാധ്യനേ
ആരിലുമുന്നതനായവനെ
ആരാധിക്കും ഞാൻ നിന്നെയെന്നും
ആയുസ്സിൻ നാൾകളെല്ലാം

1. എന്റെ രോഗക്കിടക്കയതിൽ
എന്റെ സൗഖ്യപ്രദായകനേ
എന്റെ രോഗസംഹാരകനെ
എന്റെ സർവ്വവും നീ മാത്രമേ
.....ആരാധ്യനെ

2. എന്റെ വേദനയിൽ ആശ്വാസം
എന്റെ സാന്ത്വനം എന്നുമെന്നും
എന്റെ രക്ഷകനാമേശുവേ
എന്റെ സങ്കേതം നീ മാത്രമേ
......ആരാധ്യനെ

3. നിന്റെ പ്രത്യക്ഷദിനമതിൽ
നിന്റെ വിശ്വസ്ത ദാസനായി
നിന്റെ വിശ്വസ്ത സാക്ഷിയായി
നിന്റെ സന്നിധേ എത്തിടും ഞാൻ .
....ആരാധ്യനെ

# 12

1. ആർപ്പിൻ നാദമുയരുന്നിതാ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
മഹത്വത്തിൻ രാജനെഴുന്നെള്ളുന്നു
കൊയ്ത്തിന്റെ അധിപനവൻ

പോയിടാം വൻ കൊയ്ത്തിനായ്
വിളഞ്ഞ വയലുകളിൽ
നേടീടാം ഈ ലോകത്തേക്കാൾ
വിലയേറും ആത്മാവിനെ

2. ദിനവും നിത്യനരകത്തിലേക്ക-
ങ്ങൊഴുകുന്നായിരങ്ങൾ
മനുവേൽ തൻ മഹാസ്നേഹം
അറിയാതെ നശിച്ചിടുന്നു
....പോയിടാം

3. ആരെ ഞാനിനി അയയ്ക്കേണ്ടൂ
ആരിനി പോയിടും
അരുമനാഥാ നിന്നിമ്പസ്വരം
മുഴങ്ങുന്നെൻ കാതുകളിൽ
....പോയിടാം

4. ഇരുളേറുന്നു പാരിടത്തിൽ
ഇല്ലിനി നാളധികം
ഇത്തിരിവെട്ടം പകർന്നിടാൻ
എന്നെ അയയ്ക്കണമേ
....പോയിടാം

# 13

ആശ്രിത വത്സല കർത്താവേ
അനുഗ്രഹം ചൊരിയണമേ (2)

1. താവകസന്നിധേ ഞങ്ങൾ വരുന്നു
   കാരുണ്യ സാഗരമേ-
   ആത്മീയ നൽവരം ഞങ്ങളിൽ നാഥാ
   അളവെന്യേ ചൊരിയണമേ-
   ....ആശ്രിത

2. നിദ്രയിലാണ്ടൊരു ഞങ്ങൾ തന്നുള്ളം
   നീയുണർത്തീടണമേ-
   നല്ല ഫലങ്ങളി-ഞങ്ങളിൽ കായ്പ്പാൻ
   അനുഗ്രഹം അരുളണമേ-
   ....ആശ്രിത

3. ആദിയോടന്തം നീ കൂടിരിക്കേണം
   ആനന്ദദായകനെ
   ആശിർവദിക്കണം ഞങ്ങളെ ആകെ നീ
   ആത്മാവിനാൽ നിറയ്ക്കണമേ
   ....ആശ്രിത

# 14

ഇത്രത്തോളം ജയം തന്ന
ദൈവത്തിനു സ്തോത്രം
ഇതുവരെ കരുതിയ രക്ഷകനു സ്തോത്രം (2)
ഇനിയും കൃപ തോന്നി കരുതീടണേ
ഇനിയും നടത്തണേ തിരുഹിതം പോൽ (2)

1. നിന്നതല്ല നാം ദൈവം നമ്മെ നിർത്തിയതാം
നേടിയതല്ല ദൈവമെല്ലാം തന്നതല്ലേ
നടത്തിയ വിധങ്ങൾ ഓർത്തിടുമ്പോൾ
നന്ദിയോടെ നാഥനു സ്തുതി പാടിടാം
.....ഇത്രത്തോ

2. സാദ്ധ്യതകളോ അസ്തമിച്ചു പോയിടുമ്പോൾ
സോദരങ്ങളോ അകന്നങ്ങു മാറിടുമ്പോൾ
സ്നേഹത്താൽ വീണ്ടെടുക്കും യേശുനാഥൻ
സകലത്തിലും ജയം നൽകുമല്ലോ
.....ഇത്രത്തോ

3. ഉയർത്തില്ലെന്നു ശത്രുഗണം വാദിക്കുമ്പോൾ
തകർക്കുമെന്ന് ഭീതിയും മുഴക്കിടുമ്പോൾ
പ്രവൃത്തിയിൽ വലിയവൻ യേശുനാഥൻ
കൃപ നൽകും ജയഘോഷമുയർത്തിടുവാൻ
.....ഇത്രത്തോ

## 15

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവമെന്നെ നടത്തി (2)
ഒന്നുമില്ലായ്മയിൽനിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു. (2)

1. ഹാഗാറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പോലെ ഞാൻ അലഞ്ഞപ്പോൾ(2)
മരുഭൂമിയിൽ എനിക്കു ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു (2)
.....ഇത്ര

2. ഏകനായ് നിന്ദ്യനായ് പരദേശിയായ്
നാടും വീടും വിട്ടു ഞാനലഞ്ഞപ്പോൾ(2)
സ്വന്തനാട്ടിൽ ചേർത്തുകൊള്ളാം എന്നുരച്ച
നാഥനെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു(2)
.....ഇത്ര

3. കണ്ണുനീരും ദുഃഖവും നിരാശയും
പൂർണ്ണമായ് മാറിടും ദിനം വരും (2)
അന്നു പാടും ദൂതർ മദ്ധ്യേ
ആർത്തു പാടും ശുദ്ധരും
ഇത്രത്തോളം യഹോവ സഹായിച്ചു.(2)
....ഇത്ര

# 16

ഉണരുക ഒരുങ്ങുക ദൈവജനമേ
മദ്ധ്യവാനിൽ പ്രിയനേശു വന്നിടാറായ്
സ്വർഗ്ഗീയ ദൂതരോടൊത്തു പ്രിയൻ
രാജാധിരാജനായ് വന്നിടുമേ

കാന്തൻ വന്നിടും വേഗം വന്നിടും
നിനയാത്ത നേരമതിൽ വന്നിടും
വചനത്തിൽ വേരൂന്നി വരങ്ങളാൽ നിറഞ്ഞ്
ഫലങ്ങളാൽ വളർന്ന് ഒരുങ്ങീടാം

1. ക്രിസ്തൻ രക്തത്താൽ കഴുകപ്പെട്ടോർ
സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കും
വിശക്കില്ലവർക്ക് ദാഹിക്കില്ല
കണ്ണീരും വേദനയും നീങ്ങിടും -
....കാന്തൻ വന്നിടും

2. വെൺനിലയങ്കി ധരിച്ചവർ നാം
യേശുവിൻ പൊൻമുഖം മുത്തിടും
സ്വർഗ്ഗയരുശലേം മണിയറയിൽ
കാന്തനോടൊത്തു വസിച്ചിടും
....കാന്തൻ വന്നീടും

# 17

ഉണർന്നിരിപ്പിൻ നിർമ്മദരായിരിപ്പിൻ
പ്രിയൻ നമുക്കായ് കരുതുകയാൽ
ചിന്താകുലങ്ങളെല്ലാം അകറ്റിടുവിൻ
സർവ്വ ചിന്താകുലങ്ങളെല്ലാം അകറ്റിടുവിൻ

1. രോഗത്താൽ വലഞ്ഞിടിലും
   നിത്യം ശോകത്താൽ തകർന്നിടിലും
   ഭയം വേണ്ട മനതാരിൽ
   നാഥനമരത്തു കൂടെയുണ്ട്
   .....ഉണർന്നി
2. വൈരിയിൻ ക്രൂരതയാൽ
   ചുറ്റും കൂരിരുൾ നിരന്നാലും
   പകൽ പോലൊളി പരത്തീടുവാൻ
   പാവനാത്മാവേ പകരുമവൻ
   .....ഉണർന്നി
3. മരണത്തെ ജയിച്ചവൻ താൻ
   മാറാമധുരമായ് മാറ്റിത്തരും
   അന്ത്യത്തോളം പൊരുതീടാം
   ക്രൂശിൻ ജയക്കൊടി ഉയർത്തിടുവാൻ
   .....ഉണർന്നി

# 18

ഉയരുന്നെൻ ഉള്ളിൽ സ്തോത്രത്തിൻ ഗാനം
പകരുന്നെൻ നാഥൻ കൃപയിൻ വൻ ദാനം
പാപങ്ങളെല്ലാം പോക്കുന്നു താതൻ
വേദനകളെല്ലാം നീക്കുമെൻ നാഥൻ

പാടിടും ഞാൻ എന്നും തവഗാനം
ഘോഷിക്കും ഞാൻ എന്നും തൻനാമം
പകരുകെന്നുള്ളിൽ പാവനമാം ശക്തി
ചൊരിയുവാൻ പാരിൽ സ്നേഹത്തിൻ കാന്തി

സ്തുതികൾക്കു യോഗ്യൻ നാഥാ നീ മാത്രം
സ്തുതിയെൻ നാവിൽ നിന്നുയരട്ടെ എന്നും
താതാ നിൻ സാക്ഷ്യം പാരെങ്ങും പകരാൻ
തരിക നിൻ ശക്തി നിന്നെപ്പോലാവാൻ

കൂപ്പുന്നെൻ കൈകൾനാഥാ നിൻമുന്നിൽ
ഉയർത്തുന്നെൻ കൺകൾ
തുണയരുളും ഗിരിയിൽ
പരനെ നിൻ വകയായ് തരുന്നെന്നെ മുഴുവൻ
നടത്തെന്നെ ദിനവും തിരുവിഷ്ടം പോലെ

## 19

ഉയർത്തീടുന്നേ ഞങ്ങൾ ഉയർത്തീടുന്നേ
ഉന്നതനാം യേശുനാമം ഉയർത്തീടുന്നേ (2)

1. എല്ലാ നാളും കൂടെയുണ്ടെന്നുരച്ചവനേ
എല്ലാനാവും തിരുനാമമുയർത്തീടുന്നേ
എന്നുമെന്നെ കരുതുന്ന പ്രിയതാതൻ
എനിക്കായി സകലവുമൊരുക്കീടുന്നേ

ഹല്ലേലുയ്യാ പാടി പുകഴ്ത്തീടുന്നേ
വല്ലഭനാം യേശുനാമം ഉയർത്തീടുന്നേ
....ഉയർത്തീ

2. മഹിയിൽ വാഴുന്ന പരമസുതൻ
മന്നിടത്തിൽ നമുക്കായി ജീവിക്കുന്നു
മനുജനായവതരിച്ചേശു പരൻ
മാനവർക്കായ് തിരുനിണമൊഴുക്കിയല്ലോ

ഹല്ലേലുയ്യാ പാടി പുകഴ്ത്തീടുന്നേ
വല്ലഭനാം യേശുനാമം ഉയർത്തീടുന്നേ
....ഉയർത്തീ

3. സ്വന്തമായിട്ടൊന്നുമിഹേയെനിക്കുവേണ്ട
സ്വന്തമായി നീ മതിയേ യേശുദേവാ
സ്വർപുരത്തിൽ വാസംചെയ്യും പരിശുദ്ധനേ
സ്വർഗ്ഗവാതിലെനിക്കായും തുറന്നിടണേ

ഹല്ലേലുയ്യാ പാടി പുകഴ്ത്തീടുന്നേ
വല്ലഭനാം യേശുനാമം ഉയർത്തീടുന്നേ
....ഉയർത്തീ

## 20

എണ്ണി-എണ്ണി സ്തുതിക്കുവാൻ
എണ്ണമില്ലാത്ത കൃപകളിനാൽ
ഇന്നയോളം തൻ ഭുജത്താൽ
നിന്നെ താങ്ങിയ നാമമെ (2)

1. ഉന്നം വച്ച വൈരിയിൻ
കണ്ണിൻമുമ്പിൽ പതറാതെ (2)
കണ്മണിപോൽ കാക്കും കരങ്ങളിൽ
നിന്നെ മൂടി മറച്ചില്ലേ (2)
....എണ്ണി

2. നിനക്കെതിരായ് വരും
ആയുധം ഫലിക്കയില്ല (2)
നിന്റെ ഉടയവൻ നിന്നവകാശം
തന്റെ ദാസരിൻ നീതിയവൻ (2)
.....എണ്ണി

3. യോർദ്ദാൻ കലങ്ങി മറിയും
ജീവിത ഭാരങ്ങൾ (2)
ഏലിയാവിൻ പുതപ്പെവിടെ
നിന്റെ വിശ്വാസശോധനയിൽ (2)
....എണ്ണി

# 21

എത്ര നല്ലവൻ എൻ യേശു നായകൻ
ഏതു നേരത്തും നടത്തിടുന്നവൻ (2)
എണ്ണിയാൽ തീർന്നിടാ നന്മകൾ ചെയ്തവൻ
എന്നെ സ്നേഹിച്ചവൻ ഹല്ലേലുയ്യാ (2)

1. നായകനവൻ നമുക്കു മുമ്പിലായ്
നൽ വഴികളെ നിരത്തിടുന്നവൻ (2)
നന്ദിയാൽ പാടും ഞാൻ നല്ലവനേശുവേ
നാടെങ്ങും ഘോഷിക്കും
നിൻ മഹാസ്നേഹത്തെ (2)

......എത്ര

2. പ്രിയരേവരും പ്രതികൂലമാകുമ്പോൾ
പാരിലേറിടും പ്രയാസവേളയിൽ (2)
പൊന്മുഖം കണ്ടു ഞാൻ
യാത്രചെയ്തീടുവാൻ
പൊന്നു നാഥൻ കൃപ ഏകുമീ പൈതലേ (2)

......എത്ര

## 22

എന്നുള്ളമേ സ്തുതിക്ക നീ പരനേ
തൻ നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം
എന്നന്തരംഗമേ അനുദിനവും
നന്ദിയോടെ പാടിപ്പുകഴ്ത്താം (2)

1. സുരലോകസുഖം വെടിഞ്ഞു - നിന്നെ
തേടിവന്ന ഇടയൻ (2)
തന്റെ ദേഹമെന്ന തിരശ്ശീല ചീന്തി തവ
മോക്ഷമാർഗ്ഗം തുറന്നു- (2)
....എന്നു

2. പാപരോഗത്താൽ നീ വലഞ്ഞു - തെല്ലും
ആശയില്ലാതലഞ്ഞ് - (2)
പാരം കേണിടുമ്പോൾ തിരുമേനിയതിൽ നിന്റെ
വ്യാധിയെല്ലാം വഹിച്ചു- (2)
....എന്നു

3. പല ശോധനകൾ വരുമ്പോൾ
ഭാരങ്ങൾ പെരുകിടുമ്പോൾ (2)
നിന്നെ കാത്തു സൂക്ഷിച്ചൊരു കാന്തനല്ലോ
നിന്റെ ഭാരമെല്ലാം ചുമന്നു. (2)
....എന്നു

4. ആത്മാവിനാലെ നിറച്ചു
ആനന്ദമുള്ളിൽ പകർന്നു (2)
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചീടും തവ
സ്നേഹമതിശയമേ (2)
.....എന്നു

# 23

എന്നും നല്ലവൻ യേശു എന്നും നല്ലവൻ
ഇന്നലെയുമിന്നുമെന്നും അന്യനല്ലവൻ

1. ഭാരം ഉള്ളിൽ നേരിടും
   നേരമെല്ലാം താങ്ങിടും
   സാരമില്ലെന്നോതിടും തൻ
   മാർവ്വിലെന്നെ ചേർത്തിടും
   എന്നും നല്ലവൻ....

2. സംഭവങ്ങൾ കേൾക്കവെ കമ്പമുള്ളിൽ
   ചേർക്കവെ
   തമ്പുരാന്റെ തിരുവചനം
   ഓർപ്പിക്കും പോലാകവേ
   എന്നും നല്ലവൻ....

3. ഉലക വെയിൽ കൊണ്ടു ഞാൻ
   വാടി വീഴാതോടുവാൻ
   തണലെനിക്കു നല്കിടുവാൻ
   വലഭാഗത്തായുണ്ടു താൻ
   എന്നും നല്ലവൻ....

4. രാവിലും പകലിലും
   ചേലൊടു തൻ പാലനം
   ഭൂവിലെനിക്കുള്ളതിനാൽ
   മാലിനില്ല കാരണം.
   എന്നും നല്ലവൻ....

## 24

എന്നേശുവിൻ സന്നിധിയിൽ
എന്നും ഗീതങ്ങൾ പാടിടും ഞാൻ
തന്റെ മാധുര്യമേറിടും നാമമതേ
സ്തുതിഗീതങ്ങൾ പാടിടും ഞാൻ

1. കണ്ണുനീരവൻ തുടച്ചീടുമേ
കരുണയിൻ കരം നീട്ടീടുമേ (2)
എന്റെ കാൽവറി നായകനേശു മതി
എന്റെ പാപങ്ങളകറ്റീടുവാൻ (2)
....എന്നേശുവിൻ

2. പരമൻ വിളി കേട്ടീടുമ്പോൾ
പരമാനന്ദം ലഭിച്ചീടുമേ (2)
എന്റെ അകൃത്യങ്ങളൊക്കെയുമവൻ കൃപയാൽ
അതി വേഗമകറ്റിടുമേ (2)
....എന്നേശുവിൻ

# 25

1. എന്നോടുള്ള നിൻ സർവ്വ
നന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിന-
ക്കേശുപരാ! -ഇപ്പോൾ- എന്തു

2. നന്ദികൊണ്ടെന്റെ ഉള്ളം
നന്നേ നിറയുന്നേ
സന്നാഹമോടെ സ്തുതി
പാടിടുന്നേൻ - ദേവാ!- സന്നാ

3. പാപത്തിൽ നിന്നു എന്നെ
കോരിയെടുപ്പാനായ്
ശാപ ശിക്ഷകളേറ്റ
ദേവാത്മജാ-മഹാ- ശാപ

4. എന്നെ അൻപോടു ദിനം
തോറും നടത്തുന്ന
പൊന്നിടയന്നനന്തം
വന്ദനമേ-എന്റെ- പൊന്നി

5. അന്ത്യം വരെയുമെന്നെ
കാവൽ ചെയ്തീടുവാൻ
അന്തികെയുള്ള മഹൽ-
ശക്തി നീയേ - നാഥാ! - അന്തി

6. താതൻ സന്നിധിയിലെൻ
പേർക്കു സദാ പക്ഷ-
വാദം ചെയ്യുന്ന മമ
ജീവനാഥാ! - പക്ഷ - വാദം

7. കുറ്റം കൂടാതെയെന്നെ
തേജസ്സിൻ മുമ്പാകെ
മുറ്റും നിറുത്താൻ കഴി-
വുള്ളവനേ - എന്നെ - മുറ്റും

8. മന്നിടത്തി ലടിയൻ
ജീവിക്കും നാളെന്നും
വന്ദനം ചെയ്യും തിരു-
നാമത്തിനു - ദേവാ! - വന്ദനം

# 26

എന്നന്തരംഗവും എൻ ജീവനും
ജീവനുള്ള ദേവനെ സ്തുതിച്ചിടുന്നിതാ
നീ നല്ലവൻ നീ വല്ലഭവൻ
എൻ രക്ഷകാ മഹാപ്രഭോ (2)

1. കണ്ണുനീരിൻ താഴ്‌വരയിൽ ഞാൻ നടന്നിടും
   നേരവും നിൻ കൈകളെന്നെ പിൻതുടർന്നിടും
   നിന്നാലയെ വസിക്കുവാനീ ഏഴയെന്നെയും
   നീ തീർത്താൽ ഞാൻ ഭാഗ്യവാനായ്
   തീർന്നു നിശ്ചയം
   ...എന്നന്തരംഗവും

2. ഞാൻ വസിക്കുമീയൊരുദിനം നിന്നന്തികേ
   ആയിരം ദിനങ്ങളെക്കാൾ ശ്രേഷ്ഠമേ തവ
   സന്നിധാനമെന്റ നിത്യമാശ്രയം വിഭോ
   സർവ്വവും തരുന്നിതാ ഞാൻ നിൽ കരങ്ങളിൽ
   ...എന്നന്തരംഗവും

# 27

1. എൻ ആത്മാവേ! വാഴ്ത്തുക നീ-
നിന്നുടെ കർത്താവിനെ
തൻ ഉപകാരങ്ങൾ ഒന്നും -
എന്നുമെ മറക്കൊല
നിൻ അകൃത്യങ്ങൾ ഒക്കെയും -
സന്തതം മോചിച്ചു നിൻ
രോഗമെല്ലാം മാറ്റി നിന്നെ
സൗഖ്യമാക്കിടുന്നു താൻ

2. ജീവനെ നാശത്തിൽ നിന്നു-
വീണ്ടെടുത്തു നിന്നെ തൻ
കാരുണ്യങ്ങളാൽ കിരീട-
ധാരണം ചെയ്യുന്നവൻ
നന്മയാൽ നാൾതോറുമേ നീ
ഉൺമയിൽ തൃപ്തനായ് നിൻ
യൗവ്വനം കഴുകനെപ്പോൽ-
പുതുതാക്കുന്നു നിത്യം

3. സർവ്വത്തിനുമായ് സ്തുതിക്ക-
ദൈവമാം പിതാവിനെ
കർത്തൻ നല്ലോൻ, തൻ കരുണ-
നിത്യമായുള്ളതത്രെ
തന്നുടെ വഴികളെല്ലാം-
ഉന്നതം എന്നാകിലും
തൻ പ്രിയമക്കൾക്കു സർവ്വം -
നന്മയായ് വന്നീടുമേ

## 28

1. എൻ പ്രിയനെപ്പോൽ സുന്ദരനായ്
ആരെയും ഞാനുലകിൽ
കാണുന്നില്ല മേലാലും ഞാൻ കാണുകയില്ല

സുന്ദരനാം മനോഹരാ!
നിന്നെപ്പിരിഞ്ഞി ലോകയാത്ര
പ്രാകൃതരാം ജാരന്മാരെ
വരിക്കുമോ വൽസലാ!
മണ്ണേപ്രതി മാണിക്യം വെടിയുകില്ല ഞാൻ(2)

2. സർവ്വാംഗസുന്ദരൻ തന്നെ
എന്നെ വീണ്ടെടുത്തവൻ
സർവ്വസുഖ സൗകര്യങ്ങൾ
അർപ്പിക്കുന്നേ ഞാൻ
.....സുന്ദരനാം

3. യെറുശലേം പുത്രിമാരെൻ
ചുറ്റും നിന്നു രാപ്പകൽ
പ്രിയനോടുള്ളനുരാഗം കവർന്നീടുകിൽ
.....സുന്ദരനാം

4. ലോകസുഖ സൗകര്യങ്ങൾ
ആകുന്ന പ്രതാപങ്ങൾ
മോടിയോടുകൂടിയെന്നെ മാടിവിളിച്ചാൽ
....സുന്ദരനാം

5. വെള്ളത്തിൻ കുമിളപോലെ
മിന്നിവിളങ്ങീടുന്ന
ജഡികസുഖങ്ങളെന്നെ എതിരേൽക്കുകിൽ
....സുന്ദരനാം

6. പ്രേമമെന്നിൽ വർദ്ധിക്കുന്നേ
പ്രിയനോടു ചേരുവാൻ
നാളുകൾ ഞാനെണ്ണിയെണ്ണി ജീവിച്ചീടുന്നേ
....സുന്ദരനാം

## 29

എൻ മനമേ ദിനം വാഴ്ത്തുക നീ
എന്റെ സർവ്വാന്തരംഗവുമേ - യഹോവയെ
എൻ മനമേ ദിനം വാഴ്ത്തുക നീ

1. തന്നുപകാരങ്ങൾ ഓർത്തു നിരന്തരം
നന്ദിയാൽ പ്രിയനെ വാഴ്ത്തി പുകഴ്ത്തിടാം
നിൻ അകൃത്യങ്ങൾ മോചിച്ചീടുന്നു
നിന്നുടെ രോഗങ്ങൾ സൗഖ്യമാക്കുന്നു
നിൻ ജീവൻ അവൻ വീണ്ടെടുത്തിടുന്നു-
.....എൻ

2. നിന്നുടെ യൗവ്വനം കഴുകൻപോൽ പുതുക്കി
നന്മയാൽ വായ്ക്കവൻ തൃപ്തിയെ തരുന്നു
പീഡിതർക്കായ് നീതി, ന്യായം നടത്തി
തൻ ദയ നമ്മെ അണിയിക്കുന്നോൻ
കൃപയും കരുണയും നിറഞ്ഞവൻ താൻ-
....എൻ

3. നമ്മുടെ പാപങ്ങൾക്കൊത്ത വിധം പരൻ
പകരം നമ്മോടു പ്രവർത്തിക്കുന്നില്ല
വാനം ഭൂമിക്കുമേൽ ഉന്നതംപോലെ
തൻദയ ഭക്തന്മേൽ ഉന്നതംതന്നെ
നാം വെറും പൊടി അവനോർത്തിടുന്നു-
.....എൻ

4. സ്വർഗ്ഗസിംഹാസനെ നിത്യമായ് വാഴുന്ന
സ്തുത്യനാം യാഹിനെ വാഴ്ത്തി വണങ്ങിടാം
തൻ വചനത്തിന്റെ ശബ്ദം ശ്രവിച്ച്
തൻഹിതം ചെയ്യുന്ന ശുശ്രൂഷക്കാരായ്
വാഴ്ത്തുവിൻ യഹോവയിൻ വൻനാമത്തെ-
....എൻ

# 30

എൻ മനമേ നീ വീണ്ടും
ശാന്തമായിരിക്ക (2)
അളവെന്യേ പകരുന്ന നന്മകളോർത്തു
പാടുക വീണ്ടും വീണ്ടും പാടുക
.....എൻ മനമേ

1. പ്രാണനെ മരണത്തിൻ ഭീതിയിൽ നിന്നും
കാലുകളെ വീഴ്ചയിൽ നിന്നും (2)
താങ്ങിയ സ്നേഹത്തിൻ പാലനമോർത്തു
വീണ്ടും വീണ്ടും പാടുക
....എൻ മനമേ

2. കണ്ണിനെ കണ്ണീരിൻ താഴ്‌വര നിന്നും
കാത്തുവല്ലോ വൻ കൃപയിൽ (2)
രക്ഷയിൻ പാനപാത്രമുയർത്തി
വീണ്ടും വീണ്ടും പാടുക
....എൻ മനമേ

3. സ്തോത്രഗാനത്തിൻ പല്ലവി എന്നും
നന്ദിയോടെ പാടിടുക (2)
രക്ഷയിൻ സന്ദേശവാഹകരായി
വീണ്ടും വീണ്ടും പാടുക
....എൻ മനമേ

# 31

എൻ രക്ഷകനേശു നാഥനെന്നും ജീവിക്കുന്നു
എന്നെ കൈവിടാതെ
കാത്തു നിത്യം പാലിക്കുന്നു

ഞാൻ പാടി സ്തുതിച്ചിടുമേ
എൻ രക്ഷകനേശുവിനെ
എൻ ജീവിതകാലമെല്ലാം
ഞാൻ പാടി പുകഴ്ത്തിടുമേ-

1. ഇരുളിൻ പാതയിൽ ഇടറും നേരത്തിൽ
തുണയായ് വന്നിടും താൻ
കരം പിടിച്ചു വഴിനടത്തും
കരുണയിന്നുറവിടം താൻ-
.....ഞാൻ പാടി

2. മരുവിൻ താപത്താൽ പെരുകും ദാഹത്താൽ
ക്ഷീണിതനായിടുമ്പോൾ
ദാഹജലം പകർന്നു തരും
ജീവജലവും അവൻ താൻ-
.....ഞാൻ പാടി

3. കുരിശിൽ ആണിയാൽ തുളച്ച പാണിയാൽ
അവനെനന്നെ താങ്ങിടുമേ
ആപത്തിലും രോഗത്തിലും
അവനെനിക്കാശ്രയമേ-
.....ഞാൻ പാടി

# 32

എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി
സംഹാര ദൂതനെന്നെ കടന്നുപോയി

1. കുഞ്ഞാടിന്റെ വിലയേറിയ നിണത്തിൽ
മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ടാക്ഷണത്തിൽ
....എൻ
2. ഫറവോനു ഞാനിനി അടിമയല്ല
പരമസീയോനിൽ ഞാൻ അന്യനല്ല
.....എൻ
3. മാറായെ മധുരമാക്കി തീർക്കുമവൻ
പാറയെ പിളർന്നു ദാഹം പോക്കുമവൻ
....എൻ
4. മരുവിലെൻ ദൈവമെനിക്കധിപതിയെ
തരുമവൻ പുതുമന്നാ അതുമതിയെ
....എൻ
5. മനോഹരമായ കനാൻ ദേശമെ
അതെ! എനിക്കഴിയാത്തൊരവകാശമെ
.....എൻ
6. ആനന്ദമേ പരമാനന്ദമേ
കനാൻ ജീവിതമെനിക്കാനന്ദമെ
....എൻ
7. എന്റെ ബലവും എന്റെ സങ്കേതവും
എൻ രക്ഷയും യേശു അത്രേ ഹല്ലേലുയ്യാ!
....എൻ

# 33

എന്റെ ബലമായ കർത്തനെൻ
ശരണമതാകയാൽ പാടിടും ഞാനുലകിൽ
ഏറ്റമുറപ്പുള്ള മറവിടമാണെനിക്കെൻ പ്രിയൻ
ചാരിടും ഞാനവനിൽ

ഹാ ഹല്ലേലുയ്യാ ഗീതം പാടിടും ഞാൻ
എന്റെ ജീവിതയാത്രയതിൽ
എന്റെ അല്ലലഖിലവും തീർത്തിടും നാൾ
നോക്കിപ്പാർത്തിടും ഞാനുലകിൽ (2)

1. എല്ലാക്കാലത്തും ആശ്രയം വെച്ചിടുവാൻ
നല്ല സങ്കേതമേശുവത്രെ
പെറ്റതള്ള തൻ കുഞ്ഞിനെ മറന്നീടിലും
കാന്തൻ മാറ്റം ഭവിക്കാത്തവൻ

......ഹാ ഹല്ലേലുയ്യാ

2. തിരുക്കരത്തിൻ വൻ സാഗരജലമെല്ലാം അടക്കുന്ന
കരുത്തെഴും യാഹവൻ താൻ
ഒരു ഇടയനെപ്പോലെന്നെ അവനിയിൽ കരുതുന്ന
സ്നേഹമെന്താശ്ചര്യമേ

......ഹാ ഹല്ലേലുയ്യാ

3. ഉള്ളം കലങ്ങുന്ന നേരത്ത് പ്രീയൻ തൻ വാഗ്ദത്തം
ഓർപ്പിച്ചുണർത്തുമെന്നെ
ഉള്ളംകരത്തിൽ വരച്ചവൻ
ഉർവ്വിക്കധീശൻ താൻ എന്നുടെ ആശ്വാസകൻ

......ഹാ ഹല്ലേലുയ്യാ

4. മാറും മനുജരെല്ലാം മഹിതലമതു
തീജ്വാലക്കിരയായി മാറുകിലും
തിരു വാഗ്ദത്തങ്ങൾക്കേതും മാറ്റം വരില്ലവൻ
വരവിൻ നാളാസന്നമായ്

......ഹാ ഹല്ലേലുയ്യാ

# 34

എല്ലാ നാവും വാഴ്ത്തിടും ഹല്ലേലുയ്യാ പാടിടും
വല്ലഭൻ പൊന്നേശുവേക്കൊണ്ടാടിടും
നല്ലവനായില്ലിഹെ തുല്യമൊന്നു ചൊല്ലുവാൻ
അല്ലൽ തീർക്കും രക്ഷാദായകൻ

1. സ്വർപ്പുരം വെടിഞ്ഞവൻ സർവ്വേശാത്മജൻ
   മർത്യസ്നേഹം പൂണ്ടതാൽ ദാസവേഷമായ്
   ക്രൂശിൻ യാഗത്തോളവും താതനിഷ്ടം ചെയ്കയാൽ
   സർവ്വലോകർവാഴ്ത്തും നായകൻ
   .....എല്ലാ നാവും
2. നിത്യജീവദായകൻ സർവ്വമാർഗ്ഗം താൻ
   നീതിയിൻ പ്രകാശമാം ഏകരക്ഷകൻ
   തൻമുഖം ദർശിച്ചവർ വിശ്വാസം കൈക്കൊണ്ടവർ
   രക്ഷിതഗണത്തിൽ ആർപ്പിടും
   .....എല്ലാം നാവും
3. ആമേൻ ആമേൻ ആർത്തിടും ദൈവദൂതന്മാർ
   മദ്ധ്യേനാമും കൂടിടും മദ്ധ്യാകാശത്തിൽ
   ജയഗീതം പാടിടും പ്രിയൻകൂടെ വാണിടും
   കണ്ണീരില്ല സ്വർഗ്ഗനാടതിൽ
   .....എല്ലാം നാവും

# 35

എല്ലാറ്റിനും സ്തോത്രം എപ്പോഴും സന്തോഷം
എല്ലാ നാവും ചേർന്നുപാടാം ദൈവമക്കളേ
എല്ലാ നാമത്തിലും മേലായതൻ നാമം
എല്ലാ നാളും വാഴ്ത്തിപ്പാടാം ദൈവമക്കളേ

ഹല്ലേലുയ്യാ പാടാം ദൈവത്തിൻ പൈതലേ
അല്ലലെല്ലാം മറന്നാർത്തു പാടാം
എല്ലാ നാവും ചേർന്ന് ഏറ്റുപാടാം
വല്ലഭന്റെ നാമം വാഴ്ത്തിപ്പാടാം
....എല്ലാറ്റിനും

1. കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
കർത്താവിന്റെ കാലടികൾ പിൻതുടർന്നീടാം
ഭാരമേറിയാലും പ്രയാസമേറിയാലും
ഭക്തിയോടെ കർത്താവിന്റെ പാതേ പോയിടാം
ഭാരങ്ങൾ എല്ലാം ചുമക്കും ദൈവം
കഷ്ടങ്ങൾ എല്ലാം തീർത്തിടും ദൈവം
....എല്ലാറ്റിനും

2. നിന്ദകൾ കേട്ടാലും നിരാശ തോന്നിയാലും
നന്മയ്ക്കായി ചെയ്തിടുന്ന
ദൈവത്തെ വാഴ്ത്താം
രോഗങ്ങൾ വന്നാലും ദേഹം ക്ഷയിച്ചാലും
ലോകത്തെ ജയിച്ച ദൈവനാമം ഓർത്തിടാം
നിന്ദ നീക്കിടും നിരാശ മാറ്റിടും
രോഗശയ്യയിൽ സൗഖ്യം തന്നിടും
....എല്ലാറ്റിനും

3. ഏകനായെന്നാലും ആരുമില്ലെന്നാലും
ഏതുമില്ലാ എന്നു ചൊല്ലി യാത്ര ചെയ്തിടാം
വേഗം വരുമെന്ന് വാക്ക് തന്ന നാഥൻ
വ്യാകുലങ്ങൾ തീർത്തിടും നമുക്ക് നിശ്ചയം
ഏകനായാലും അനാഥനായാലും
കൈവിടുകില്ലാ ഉപേക്ഷിക്കയില്ല
....എല്ലാറ്റിനും

# 36

1. ഏഴു വിളക്കിൻ നടുവിൽ
ശോഭാപൂർണ്ണനായ്
മാറത്തു പൊൻകച്ച അണിഞ്ഞും
കാണുന്നേശുവേ

ആദ്യനും അന്ത്യനും
നീ മാത്രം യേശുവേ
സ്തുതികൾക്കും പുകഴ്ചയ്ക്കും
യോഗ്യൻ യേശുവേ
ഹാലേലുയ്യാ ഹാലേലുയ്യാ

2. നിന്റെ രൂപവും ഭാവവും
എന്നിൽ ആകട്ടെ
നിന്റെ ആത്മ ശക്തിയും
എന്നിൽ കവിഞ്ഞിടട്ടെ

....ആദ്യനും

3. എന്റെ ഇഷ്ടങ്ങൾ ഒന്നുമേ
വേണ്ടെൻ യേശുവേ
നിന്റെ ഹിതത്തിൻ നിറവിൽ
ഞാൻ പ്രശോഭിക്കട്ടെ

....ആദ്യനും

# 37

1. കർത്തൻ നീ കർത്തൻ നീ
മരണത്തെ ജയിച്ചെഴുന്നേറ്റവൻ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശു മാത്രം കർത്താവെന്ന് (2) .....
.....കർത്തൻ

2. കുഞ്ഞാടെ വാഴ്ത്തുവിൻ
അവൻ ജീവൻ നൽകി വീണ്ടെടുത്തല്ലോ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശു മാത്രം കർത്താവെന്ന് (2) .....
.....കർത്തൻ

3. സ്തുതിയും സ്തോത്രവും
എന്നും സ്വീകരിപ്പാൻ യോഗ്യനായോൻ നീ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശു മാത്രം കർത്താവെന്ന് (2) ....
.....കർത്തൻ

## 38

കർത്തനെ വാഴ്ത്തി വാഴ്ത്തി വണങ്ങി
എന്നെന്നേക്കുമവനെ സ്തുതിച്ചീടുവീൻ

1. അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
സ്തോത്രഗീതം പാടി പുകഴ്ത്തുവിൻ രാജരാജനെ
ഏകനായ് മഹാത്ഭുതങ്ങൾ
ചെയ്തിടുന്നോനെ (2)
....കർത്തനെ

2. ചെങ്കടൽ പിളർന്നു നല്ല തുവർ നിലമാക്കി
ശങ്കയെന്യേ തൻ ജനത്തെ നടത്തിയോനെ
മിസ്രയീം സൈന്യത്തെ
ന്യായം വിധിച്ചവനെ (2)
....കർത്തനെ

3. തീക്കൽ പാറയതിൽ നിന്നും യിസ്രായേലിന്
വാഗ്ദത്തത്തിൻ ജീവജലം കൊടുത്തവനെ
മല്ലന്മാരിൻ ഭോജനത്താൽ
പോഷിപ്പിച്ചോനെ (2)
....കർത്തനെ

4. താഴ്ചയിൽ നിന്നുയർത്തിയ ജീവനാഥനെ
വാഴ്ചയേകി സ്വർഗ്ഗസ്ഥലത്തിരുത്തിയോനെ
വൈരിയിൻമേൽ ജയം തന്ന
യേശുരാജനെ (2)
.....കർത്തനെ

5. അവൻ നല്ലവനെന്നാർത്തുപാടി
പുകഴ്ത്തീടുവിൻ
തന്റെ സ്നേഹമധുരിമയെന്നും
രുചിച്ചീടുവിൻ
ശുദ്ധ കൈകളുയർത്തിപ്പരനെ സ്തുതിപ്പീൻ (2)
.....കർത്തനെ

# 39

കർത്താവിലെന്നും എന്റെ ആശ്രയം
കർത്തൃസേവയൊന്നെയെന്റെ ആഗ്രഹം
കഷ്ടമോ നഷ്ടമോ എന്തു വന്നീടിലും
കർത്താവിൻ പാദം ചേർന്നു ചെല്ലും ഞാൻ

ആർത്തു പാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തുമേശുവേ
ഇത്ര നൽ രക്ഷകൻ വേറെയില്ലൂഴിയിൽ
ഹല്ലേലുയ്യാ പാടും ഞാൻ

2. തൻ സ്വന്ത ജീവൻ തന്ന രക്ഷകൻ
തള്ളുകില്ല ഏതു ദുഃഖ നാളിലും
തൻ തിരു കൈകളാൽ താങ്ങി നടത്തിടും
തൻ സ്നേഹം ചൊൽവാൻ പോരാ വാക്കുകൾ
.....ആർത്തു

3. വിശ്വാസത്താൽ ഞാൻ യാത്ര ചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻ പാതയിൽ
വൻതിര പോലോരോ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറീടും
....ആർത്തു

4. എൻ സ്വന്ത ബന്ധു മിത്രരേവരും
എന്നെ കൈവിട്ടാലും ഖേദമെന്തിനായ്
കൈവിടില്ലെന്ന തൻ വാഗ്ദത്തമുണ്ടതിൽ
ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ
....ആർത്തു

# 40

1. കുഞ്ഞാട്ടിൻ തിരു രക്തത്താൽ
ഞാൻ ശുദ്ധനായ് തീർന്നു
തൻ ചങ്കിലെ ശുദ്ധ രക്തത്താൽ
ഞാൻ ജയം പാടിടും
മഹത്വം രക്ഷകാ സ്തുതി നിനക്കെന്നും
ചേറ്റിൽ നിന്നെന്നെ നീ വീണ്ടെടുത്തതിനാൽ
സ്തുതിക്കും നിന്നെ ഞാൻ
ആയുസ്സിൻ നാളെല്ലാം
നന്ദിയോടടി വണങ്ങും

2. ആർപ്പോടു നിന്നെ ഘോഷിക്കും
ഈ സീയോൻ യാത്രയിൽ
മുമ്പോട്ടുതന്നെ ഓടുന്നു എൻ വിരുതിനായി
ലഭിക്കും നിശ്ചയം എൻ വിരുതെനിക്കു
ശത്രുക്കൾ ആരുമേ കൊണ്ടുപോകയില്ല
പ്രാപിക്കും അന്നു ഞാൻ
രാജൻ കയ്യിൽ നിന്നു
ദൂതൻമാരുടെ മദ്ധ്യത്തിൽ

3. എൻ ഭാഗ്യകാലം ഓർക്കുമ്പോൾ
എന്നുള്ളം തുള്ളുന്നു
ഈ ലോകസുഖം തള്ളി ഞാൻ –
ആ ഭാഗ്യം കണ്ടപ്പോൾ
നിത്യമാം രാജ്യത്തിൽ അന്നു ഞാൻ പാടിടും
രാജൻ മുഖം കണ്ടു എന്നും
ഞാൻ ഘോഷിക്കും
രക്തത്തിൻ ഫലമായ് വാഴുമേ സ്വർഗ്ഗത്തിൽ
കോടി കോടി യുഗങ്ങളായി

4. മനോഹരമാം സീയോനിൽ
ഞാൻ വേഗം ചേർന്നീടും
എൻ ക്ലേശമാകെ നീങ്ങിപ്പോം
അവിടെ എത്തുമ്പോൾ
നിത്യമാം സന്തോഷം
പ്രാപിക്കും അന്നു ഞാൻ
എൻ ശത്രുവിന്നത് എടുപ്പാൻ പാടില്ല
ആനന്ദം കൂടിടും സാനന്ദം പാടിടും
ശ്രീയേശു രാജൻ മുമ്പാകെ.

# 41

1. കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ
ദയ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ
ക്ഷമ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ
നന്മ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ

ആരാധന ആരാധന
യാഹെന്ന ദൈവത്തിന്നാരാധന
ആരാധന ആരാധന
ആത്മാവിലും സത്യത്തിലും ആരാധന

2. മമ്രെയുടെ തോപ്പിൽ ഇറങ്ങിവന്ന
അബ്രഹാമിൻ ദൈവത്തിന്നാരാധന
മോറിയാ മലയിൽ നിറഞ്ഞുനിന്ന
ഇസഹാക്കിൻ ദൈവത്തിന്നാരാധന
.....ആരാധന

3. യാബോക്ക് എന്ന കടവിൽ ഇറങ്ങി വന്ന
യാക്കോബിന്റെ ദൈവത്തിന്നാരാധന
കാരാഗൃഹത്തിൽ വീര്യപ്രവർത്തി ചെയ്ത
യോസേഫിന്റെ ദൈവത്തിന്നാരാധന
....ആരാധന

4. മരുഭൂമിയിൽ മന്ന ദാനം നൽകിയ
ഇസ്രയേലിൻ ദൈവത്തിന്നാരാധന
കർമ്മേൽ എന്ന മലയിൽ അഗ്നി അയച്ച
ഏലിയാവിൻ ദൈവത്തിന്നാരാധന
...ആരാധന

## 42

ഗീതം ഗീതം ജയജയ ഗീതം
പാടുവീൻ സോദരരെ
നമ്മൾ യേശുനാഥൻ ജീവിക്കുന്നതിനാൽ
ജയഗീതം പാടിടുവിൻ

1. പാപം ശാപം സകലവും തീർപ്പാൻ
അവതരിച്ചിഹെ നരനായ് - ദൈവ
കോപത്തീയിൽ വെന്തെരിഞ്ഞവനാം
രക്ഷകൻ ജീവിക്കുന്നു
....ഗീതം

2. ഉലകമഹാന്മാരഖിലരുമൊരുപോൽ
ഉറങ്ങുന്നു കല്ലറയിൽ - നമ്മൾ
ഉന്നതൻ യേശു മഹേശ്വരൻ മാത്രം
ഉയരത്തിൽ വാണിടുന്നു .....ഗീതം

3. കലുഷതയകറ്റി കണ്ണുനീർ തുടപ്പിൻ
ഉൽസുകരായിപ്പീൻ - നമ്മൾ
ആത്മ നാഥൻ ജീവിക്കവേ ഇനി
അലസത ശരിയാമോ? .....ഗീതം

4. വാതിൽകളെ നിങ്ങൾ തലകളെ ഉയർത്തിൻ
വരുന്നിതാ ജയരാജൻ - നിങ്ങൾ
ഉയർന്നിരിപ്പിൻ കതകുകളെ
ശ്രീയേശുവേ സ്വീകരിപ്പാൻ
.......ഗീതം

# 43

ജയം ജയം ഹല്ലേലുയ്യാ
ജയം ജയം എപ്പോഴും
യേശുനാഥൻ നാമത്തിനു
ജയം ജയം എപ്പോഴും

1. പാപത്തെയും രോഗത്തെയും
ക്രൂശിന്മേൽ താൻ വഹിച്ചു
സാത്താനെയും സൈന്യത്തെയും
കാൽവറിയിൽ തോൽപ്പിച്ചു

....ജയം

2. ശത്രുഗണം ഒന്നാകവെ
ചെങ്കടലിൽ മുങ്ങിപ്പോയി
വൈരിയുടെ എതിർപ്പുകൾ
ഫലിക്കയില്ലിനിമേൽ

.....ജയം

3. വാദ്യഘോഷങ്ങളോടു നാം
ജയത്തിന്റെ പാട്ടുകൾ
ആഘോഷമായ് പാടിടുക
ശുദ്ധിമാന്മാർ സഭയിൽ

....ജയം

4. രക്തം കൊണ്ടു മുദ്രയിട-
പ്പെട്ട ജനമൊന്നിച്ചു
കാഹളങ്ങൾ ഊതിടുമ്പോൾ
ഭൂതലം വിറയ്ക്കുമേ

......ജയം

5. തകർക്കുന്ന രാജരാജൻ
സൈന്യത്തിന്റെ മുമ്പിലായ്
നായകനായുള്ളതിനാൽ
ജയം ജയം നിശ്ചയം

.....ജയം

6. ഹല്ലേലുയ്യ! ഹല്ലേലുയ്യ!
ഹല്ലേലുയ്യ! ജയമേ
ഹല്ലേലുയ്യ! ഹല്ലേലുയ്യ!
ഹല്ലേലുയ്യ! ആമേൻ

.....ജയം

# 44

ഞാനെന്നും സ്തുതിക്കും എൻ പരനെ
തിരുമനുസുതനെ
ആനന്ദഗാനങ്ങൾ പാടിപുകഴ്ത്തി....
ഞാനെന്നും സ്തുതിക്കും

1. പാപത്തിൻ ശാപത്തിൽ നിന്നും എന്റെ
പ്രാണനെ കാത്തവനെന്നും (2)
പാരിൽ തൻ അൻപിനു തുല്യമില്ലൊന്നും-
....ഞാനെന്നും

2. നൽകിയവൻ രക്ഷാദാനം -തന്നിൽ
കണ്ടു ഞാൻ ദൈവികജ്ഞാനം (2)
തൻ പാദസേവയതെന്നഭിമാനം-
....ഞാനെന്നും

3. ആയിരം നാവുകളാലും-പതി
നായിരം വാക്കുകളാലും (2)
ഹാ! ദിവ്യസ്നേഹമവർണ്ണ്യമാരാലും-
.....ഞാനെന്നും

4. നിത്യത തന്നിൽ ഞാനെത്തും-തന്റെ
സ്തുത്യപാദങ്ങൾ ഞാൻ മുത്തും (2)
ഭക്തിയാലാനന്ദക്കണ്ണീർ ഞാൻ വീഴ്ത്തും-
......ഞാനെന്നും

# 45

1. ഞാൻ യഹോവയെ
എല്ലാ നാളിലും വാഴ്ത്തീടും
തൻ സ്തുതി എപ്പോഴും എൻ
നാവിന്മേലുണ്ട്

എന്റെ ഉള്ളം യാഹിൽ പ്രശംസിച്ചിടുന്നു
എന്റെ മാനസം പ്രിയനിൽ ആനന്ദിക്കുന്നു

2. തന്നിൽ മാത്രം നോക്കിടുന്നോർ
ശോഭിതരായ്ത്തീരും
ആയവർ മുഖം തെല്ലും ലജ്ജിക്കയില്ല-
.....എന്റെ

3. യാഹ് നല്ലവൻ അതേ ആസ്വദിച്ചറിവിൻ
തന്നിലാശ്രയിച്ചീടുന്നോർ ഭാഗ്യമേറിയോർ-
......എന്റെ

4. നീതിമാന്മാരിൻ അപേക്ഷ കേട്ടിടുന്നീ ദൈവം
കഷ്ടതയിലുറ്റ സഖി ഉദ്ധരിക്കുന്നോൻ
......എന്റെ

5. മാനസം തകർന്നവർക്കു
രക്ഷ നൽകും ദൈവം
ദുഃഖിതർക്കാശ്വാസമേകാൻ കൂടെയുണ്ടെന്നും-
.....എന്റെ

6. നീതിമാന്മാരിൽ അനർത്ഥം ഏറി വന്നെന്നാലും
നീക്കുപോക്കു നൽകീടുന്നീ നിത്യനാം ദൈവം-
......എന്റെ

7. ലോകത്തിൻ പ്രഭുക്കളിൽ
ഞാനാശ്രയം വെയ്ക്കില്ല
എൻ ദൈവം എന്നാശ്രയം അതെത്രയുത്തമം-
......എന്റെ

# 46

1. ത്രിയേക ദൈവത്തിൻ മാഹാത്മ്യങ്ങൾ
ധ്യാനിച്ചു വാഴ്ത്തി വണങ്ങിടുവിൻ
സ്തുതിയും പുകഴ്ചയും യോഗ്യമാം നാമം
ആത്മാവിലാരാധിപ്പിൻ

പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ നീ
പതിനായിരങ്ങളിൽ അതി ശ്രേഷ്ഠൻ നീ
പരകോടികൾക്കെന്നും ആശ്വാസം നീ
പരമോന്നതാ നിന്നെ വാഴ്ത്തും ഞങ്ങൾ

2. അത്ഭുതമാർന്നതാം ഈ പ്രപഞ്ചം
നിൻ കരചാതുര്യം വർണ്ണിക്കുന്നു
മൺമയ മർത്യനിൽ ജീവശ്വാസം നൽകി
നിർമ്മിച്ചു നിൻ രൂപത്തിൽ...
....പരിശുദ്ധൻ

3. സൃഷ്ടികൾക്കെല്ലാം അധിപനാക്കി
മർത്യനു ധന്യമാം മാനം നൽകി
മഹിമയും തേജസ്സും അണിയിച്ചു പാലിക്കും
ആരാധ്യവന്ദിതൻ നീ...
....പരിശുദ്ധൻ

4. ആത്മാവിൻ ദീപവും ജ്ഞാനവും നീ
ആശ്രിതർക്കെന്നും മോക്ഷവും നീ
സത്യവും ജീവനും മാർഗ്ഗവും ആയവൻ
നിത്യനാം ദൈവവും നീ..
....പരിശുദ്ധൻ

# 47

ദയ ലഭിച്ചോർ നാം സ്തുതിച്ചിടുവോം
അതിനു യോഗ്യൻ ക്രിസ്തുവത്രെ
മാധുര്യരാഗമാം ഗീതങ്ങളാലെ
അവനെ നാം പുകഴ്ത്തീടാം

1. നിന്തിരുമേനിയറുക്കപ്പെട്ടു-നിൻ
രുധിരത്തിൻ വിലയാൽ വാങ്ങിയതാം
ഗോത്രങ്ങൾ ഭാഷകൾ വംശങ്ങൾ ജാതികൾ
സർവ്വവും ചേർത്തുകൊണ്ട് .....ദയ

2. പാപത്തിന്നധീനതയിൽ - നിന്നീ
അടിയാരെ നീ വിടുവിച്ചു
അത്ഭുതമാർന്നൊളിയിൽ പ്രിയനോടെ
രാജ്യത്തിലാക്കിയതാൽ- ......ദയ

3. വീഴുന്നു പ്രിയനെ വാഴ്ത്തീടുവാൻ
സിംഹാസനവാസികളും താൻ
ആയവനരുളിയ രക്ഷയിൻ മഹിമയ്ക്കായ്
കിരീടങ്ങൾ താഴെയിട്ട്-
.....ദയ

5. ദൈവകുഞ്ഞാടവൻ യോഗ്യനെന്നു
മോക്ഷത്തിൽ കേൾക്കുന്ന ശബ്ദമത്
സ്തുതിച്ചിടാം വെള്ളത്തിന്നിരച്ചിൽ പോൽ
ശബ്ദത്താൽ - പരിശുദ്ധയാം സഭയെ
.....ദയ

6. യേശു താൻ വേഗം വരുന്നതിനാൽ
മുഴുങ്കാൽ മടക്കി നമസ്കരിക്കാം
സ്നേഹിച്ച യേശുവെ കണ്ടിടുവോം നാം
ആനന്ദ നാളതിലെ
....ദയ

# 48

ദിനം ദിനം ദിനം നീ വാഴ്ത്തുക-
യേശുവിൻ പൈതലേ നീ
അനുദിനവും പാടി വാഴ്ത്തുക

1. കാൽവറി രക്തമേ-
യേശുവിൻ രക്തമേ
കാൽവറിയിൽ യേശുതാൻ
സ്വന്തരക്തം ചിന്തി നിൻ
പാപത്തെ ശാപത്തെ
നീക്കി തന്റെ രക്തത്താൽ-

.....ദിനം

2. രോഗം ശീലിച്ചവൻ
പാപം വഹിച്ചവൻ
കാൽവറിമലമുകൾ
കൈകാൽകൾ വിരിച്ചവൻ
രക്ഷിക്കും യേശുവിൻ
പാദത്തിൽ സമർപ്പിക്ക-

....ദിനം

3. എന്നേശു സന്നിധി
എനിക്കെത്രയാശ്വാസം
ക്ലേശമെല്ലാം മാറ്റീടും
രോഗമെല്ലാം നീക്കീടും
വിശ്വാസത്താൽ നിന്നെ
യേശുവിൽ സമർപ്പിക്ക-

......ദിനം

4. ഞാൻ നിത്യം ചാരീടും
എന്നേശു മാർവ്വതിൽ
നല്ലവൻ വല്ലഭൻ
എന്നേശു എത്ര നല്ലവൻ
എന്നേശു പൊന്നേശു
എനിക്കെത്ര നല്ലവൻ-

......ദിനം

5. ആത്മാവിൻ ജീവിതം
ആനന്ദ ജീവിതം
ആത്മാവാൽ നിറയുക
ആനന്ദനദിയിതു
പാനം ചെയ്തീടുക-
യേശു വേഗം വന്നീടും-

.....ദിനം

# 49

ദൈവത്തിൻ നാമത്തിൽ നാം
ചേർന്നിടും സമയങ്ങളിൽ
മോദമായ് ധ്യാനിച്ചിടാം-തന്റെ
വൻ കൃപകൾ ദിനവും

1. കുന്നുകളകന്നീടിലും-മഹാ
   പർവ്വതം മാറീടിലും
   തന്റെ ദയയെന്നും ശാശ്വതമെ-തൻ
   മക്കൾക്കാശ്രയമെ-
   
   ....ദൈവത്തിൻ

2. സീയോനിലവൻ നമുക്കായ്-അതി
   ശ്രേഷ്ഠമാം മൂലക്കല്ലായ്
   തന്നോടു ചേർന്നു നാമും തന്റെ
   ജീവകല്ലുകളായിടാം-
   
   ....ദൈവത്തിൻ

3. കർത്തൻ തൻ വരവിൽ നാളിൽ-തന്റെ
   കാന്തയാം നമ്മെ ചേർത്തിടും
   എന്റെ കണ്ണുനീരെല്ലാം തുടയ്ക്കും-തൻ
   മാർവ്വോടു ചേർത്തിടുമെ-
   
   ....ദൈവത്തിൻ

## 50

ദൈവത്തിനു സ്തോത്രം
ദൈവത്തിനു സ്തോത്രം
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

1. കാൽവറിമലയിൽ ക്രൂശിൽ മരിച്ചൊരു
   രക്ഷകനു സ്തോത്രം ഇന്നുമെന്നേക്കും
2. പാപഭാരത്തിൽ നിന്നെന്നെ രക്ഷിച്ചോരു
   ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
3. ആത്മശക്തിയാലെന്നുള്ളം നിറച്ചൊരു
   ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
4. രോഗശയ്യയിൽ എൻ കൂടെയിരിക്കുന്ന
   ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
5. ക്ഷാമകാലത്തെന്നെ ക്ഷേമമായ് പോറ്റുന്ന
   ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
6. ദൃഷ്ടി എന്റെമേൽ വച്ചിഷ്ടമായ് നോക്കുന്ന
   ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
7. ഓരോ നാളും എന്റെ ഭാരം ചുമക്കുന്ന
   ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
8. ശത്രുക്കൾ മുമ്പാകെ മേശയൊരുക്കുന്ന
   ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
9. വൻകൃപയിലെന്നെ ഇന്നയോളം കാത്ത
   ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
10. എല്ലാ രോഗങ്ങൾക്കും നല്ല വൈദ്യനായ-
    ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
11. കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന
    ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും
12. പെറ്റതള്ളയേക്കാൾ ഉറ്റു സ്നേഹിക്കുന്ന
    ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

## 51

ദൈവത്തിനു സ്തോത്രം ചെയ്തിടും
ഉപകാരങ്ങൾ ഓർത്തിടും
തൻ കൃപയിൽ എന്നും ചാരിടും
ജീവനുള്ള കാലമെല്ലാം

....ദൈവ

1. നാഥൻ നടത്തിയ വഴികൾ
ഞാനെന്നും ഓർത്തിടും
ദേവൻ ചെയ്ത നന്മകൾ
എന്നും പാടിടും

....ദൈവ

2. ജീവൻ നൽകിയ സ്നേഹം
എനിക്കെന്നും ആശ്രയം
പാപം പോക്കി തീർത്തതാൽ
എന്നും ആനന്ദം

....ദൈവ

3. കാന്തൻ കരുതിയ ദിനങ്ങൾ
എന്നുള്ളം ധ്യാനിക്കും
താതൻ തന്ന വാഗ്ദത്തം
എന്നും പാടിടും

....ദൈവ

# 52

1. ദൈവപിതാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു-സ്തുതിക്കുന്നു
ജീവനും എന്റെ സർവ്വസ്വവും-നിൻ
മുമ്പിലണച്ചു കുമ്പിടുന്നു

2. യേശുവേ നാഥാ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനും എന്റെ സർവ്വസ്വവും-നിൻ
മുമ്പിലണച്ചു കുമ്പിടുന്നു

3. പാവനാത്മാവെ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനും എന്റെ സർവ്വസ്വവും-നിൻ
മുമ്പിലണച്ചു കുമ്പിടുന്നു

# 53

ദൈവമേ നിനക്കു സ്തോത്രം പാടിടും
ഒരായിരം സ്തുതികൾ ഞാൻ കരേറ്റിടും
സന്താപകാലത്തും സന്തോഷകാലത്തും (2)
എപ്പോഴും എന്റെ നാവു നിന്നെ വാഴ്ത്തുമേ

1. നിന്നെ അറിഞ്ഞിടാതെ പോയ പാതയിൽ
നീയെന്നെ തേടി വന്ന
സ്നേഹമോർക്കുമ്പോൾ
എൻ നാവതെങ്ങനെ മിണ്ടാതിരുന്നിടും (2)
സ്തോത്രയാഗം എന്നും അർപ്പിച്ചീടും ഞാൻ

....ദൈവമേ

2. പാപച്ചെളിയിൽ നിന്ന് വീണ്ടെടുത്തെന്നെ
പാറയാം ക്രിസ്തനിൽ സ്ഥിരപ്പെടുത്തി നീ
എൻ നാവിൽ തന്നു നീ
നവ്യ സങ്കീർത്തനം (2)
സ്തോത്രയാഗമെന്നും അർപ്പിച്ചീടും ഞാൻ
....ദൈവമേ

3. എന്നെ അനുദിനം വഴിനടത്തണം
വീഴാതെ അന്നു നിന്നടുക്കലെത്തിടാൻ
ആലംബമായിടും ആത്മാവെ തന്നതാൽ (2)
സ്തോത്രയാഗമെന്നും അർപ്പിച്ചീടും ഞാൻ
....ദൈവമേ

4. എൻ കണ്ണുനീരെല്ലാം തുടച്ചീടുന്നു നീ
കൺമണിപോലെ നിത്യം കാത്തിടുന്നെന്നെ
വൻകൃപയോർക്കുമ്പോൾ
എന്നുള്ളം തുള്ളുന്നേ (2)
സ്തോത്രയാഗമെന്നുമർപ്പിച്ചീടും ഞാൻ
....ദൈവമേ

# 54

ദൈവസന്നിധൗ ഞാൻ സ്തോത്രം പാടിടും
ദൈവം നൽകിയ നന്മകൾക്കായ്
ദൈവം ഏകിതൻ സൂനുവേ പാപിയെനിക്കായ്
ഹല്ലേല്ലുയ്യാഗീതംപാടും ഞാൻ

പാടി സ്തുതിക്കും ഞാൻ പാടി സ്തുതിക്കും
സ്തോത്രഗീതം പാടി സ്തുതിക്കും

1. അന്ധകാരമെൻ അന്തരംഗത്തെ
ബന്ധനം ചെയ്തടിമയാക്കി
ബന്ധുരാഭനാം തൻ സ്വന്ത പുത്രനാൽ
ബന്ധനങ്ങളഴിച്ചുവല്ലോ

പാടി....

2. ശത്രുവാമെന്നെ പുത്രനാക്കുവാൻ
പുത്രനെ കുരിശിലേൽപ്പിച്ചു
പുത്രത്വം നൽകി ഹാ എത്ര സൗഭാഗ്യം
സ്തോത്രഗീതം പാടി സ്തുതിക്കും

പാടി....

3. വിളിച്ചു എന്നെ വെളിച്ചമാക്കി
വിളിച്ചവനായി ശോഭിപ്പാൻ
ഒളിവിതറും നൽതെളിവചനം
എളിയവനെങ്ങും ഘോഷിക്കും.

പാടി...

## 55

നന്ദിയാലെന്നുള്ളം തിങ്ങുകയാൽ
സ്തോത്രത്തിൻ പല്ലവി പാടിടും ഞാൻ
എണ്ണമില്ലാ തവനന്മകൾക്കായ്
എണ്ണിയെണ്ണി സ്തുതി പാടിടും ഞാൻ

ഹല്ലേലുയ്യാ പാടിടും ഞാൻ
യേശുവിന്റെ സന്നിധിയിൽ ജീവകാലം
ആരാധിക്കും ഉന്നതനെ
ആത്മാവിലും സത്യത്തിലും നിത്യകാലം

1. ആവശ്യഭാരങ്ങളേറിടുമ്പോൾ
ആർത്തനായുള്ളം കലങ്ങിടുമ്പോൾ
ആവൽ തീർത്താനന്ദമേകിയോൻ താൻ
ആശ്വാസദായകനേശു പരൻ
....ഹല്ലേലുയ്യാ

2. കർത്താവറിയാതെയില്ലായൊന്നെൻ
ജീവിതയാത്രയിൽ ചൊല്ലുവാനായ്
നീറിടും ശോധനവേളകളിൽ
നീക്കുപോക്കേകി പുലർത്തിടും താൻ
....ഹല്ലേലുയ്യാ

3. മരണപാശങ്ങളുയർന്ന നേരം
ശരണം തന്നരികിൽ തൻ ചിറകിൽ മീതെ
മൃത്യുവെന്നുയിർത്ത യേശുനാഥൻ
മാറാതെയെന്നുമെൻ ചാരേയുണ്ട്
....ഹല്ലേലുയ്യാ

# 56

നന്ദിയാലെന്നുള്ളം നിറയുന്നു നാഥാ
ഇന്നയോളമെന്നെ കരുതിയതാൽ
ദോഷിയാമെന്നെ നിൻ വൻ ദയയാൽ
കുറവെന്യേ കാത്തുവല്ലോ (2)

1. ജീവിതയാത്രയിലനുദിനവും
അതിശയമായെന്നെ നയിച്ചുവല്ലോ (2)
ഒരു നിമിഷവുമീ ധരണിയിലലയാൻ
അടിയനു നീ ഇടയേകിയില്ല (2)

(നന്ദിയാലെ....)

2. തിരുകൃപയിൽ തണലൊരുക്കിയെന്നെ
നിരന്തരമായ് നീ മറച്ചുവല്ലോ (2)
ആധികൾ വ്യാധികൾ ദുരിതങ്ങളകറ്റി
ക്ഷേമമോടെന്നും നീ പലർത്തിയല്ലോ (2)

(നന്ദിയാലെ)

# 57

1. നന്ദിയാലെന്നുള്ളം പൊങ്ങുന്നേ
വല്ലഭാ നിൻ സ്നേഹമോർക്കുമ്പോൾ
വർണ്ണിച്ചീടാൻ സാദ്ധ്യമല്ലത്
എൻ ജീവിതത്തിൽ ചെയ്ത ക്രിയകൾ

2. കൊടും പാപിയായിരുന്നെന്നെ
വൻ ചേറ്റിൽനിന്നും കയറ്റി
ക്രിസ്തുവാകും പാറമേൽ നിർത്തി
പുത്തൻ പാട്ടുമെന്റെ നാവിൽ തന്നതാൽ

3. വൻശോധന വേളയിൽ
തീച്ചൂളയിൻ നടുവിൽ
ചാരത്തണഞ്ഞു രക്ഷിച്ച
മമകാന്തനെ നിൻ സ്നേഹമോർക്കുമ്പോൾ

4. ഈ ലോകം തരാത്ത ശാന്തിയെൻ
ഹൃത്തെ നിറച്ചു സ്നേഹവാൻ
എന്നെന്നും കാത്തീടുന്നെന്നെ
നിത്യം കാന്തയായ് തൻ കൂടെ വാഴുവാൻ

# 58

നന്ദിയോടെ ഞാൻ സ്തുതി പാടിടും
എന്റെ യേശു നാഥാ
എനിക്കായ് നീ ചെയ്തോരോ നന്മയ്ക്കും
ഇന്നും നന്ദി ചൊല്ലുന്നു ഞാൻ

1. അർഹിക്കാത്ത നന്മകളും
എനിക്കേകിടും ദയാനിധിയേ
യാചിക്കാത്ത നന്മകൾ പോലുമീ
എനിക്കേകിയോനെ സ്തുതി ....നന്ദി

2. സത്യദൈവത്തിൻ ഏകപുത്രനാം
നിന്നെ വിശ്വസിക്കുന്നു ഞാൻ
വരും കാലമൊക്കെയും നിൻ
കൃപാവരങ്ങൾ ചൊരിയുകെന്നിൽ
....നന്ദി

## 59

1. നാമെല്ലാരും ഒന്നായ് കൂടുവോം
നാഥനെ കൊണ്ടാടിപ്പാടുവോം
ഭൂതലത്തിൽ നമ്മെ ക്ഷേമമോടെ കാത്ത
നായകനു സ്തോത്രം ആദരവായ്
പാടുവോം

ഹല്ലേലുയ്യാ! ഗീതം പാടുവോം
അല്ലലെല്ലാം മാറിപ്പോകുമേ
വല്ലഭൻ നമുക്ക് നല്ലവനായുണ്ട്
എല്ലാ ദാനങ്ങളും ചെയ്തരുളുമെന്നുണ്ട്
....ഹല്ലേലുയ്യാ!

2. വാദ്യഘോഷത്തോടെ ഏകമായ്
വാനവർ സ്തുതിക്കും നാഥന്റെ
വന്ദ്യതിരുപ്പാദം എല്ലാവരും തേടി
മന്ദതയകന്ന് ഇന്നുമെന്നും പാടുവോം
....ഹല്ലേലുയ്യാ!

3. ഏറും ഖേദമെത്രയെന്നാലും
എല്ലാറ്റേയും വിലക്കിയല്ലോ
ഏഴകളിൻ ഭാരം ഏതും ചുമക്കുന്ന
ഏക കർത്താവിനു സാദരം നാം
പാടുവോം
....ഹല്ലേലുയ്യാ!

4. എല്ലാവിധ ആവശ്യങ്ങളും
നല്ലതുപോൽ ചെയ്തു തരുന്ന
എല്ലാ മുട്ടും തീർത്ത നല്ല കർത്താവിനെ
എല്ലാവരും ചേർന്ന് ഹല്ലേലുയ്യാ!
പാടുവോം
....ഹല്ലേലുയ്യാ!

5. ശത്രുവിന്നഗ്നിയസ്ത്രങ്ങളാൽ
ശക്തിയറ്റു ക്ഷീണിച്ചിടുമ്പോൾ
ശത്രുവെ ജയിച്ച കർത്തൻ നമുക്കുണ്ട്
ശുദ്ധർ കൂട്ടം നാമും നിത്യം സ്തുതി പാടുവോം
....ഹല്ലേലുയ്യാ!

6. സർവ്വ ബഹുമാനം സ്തുതിയും
ഉർവ്വിനായകനു മഹത്വം
സർവ്വരും സ്തുതിക്കും സർവ്വവല്ലഭനു
അല്ലും പകലും നാം ഹല്ലേലുയ്യാ
പാടുവോം
....ഹല്ലേലുയ്യാ!

# 60

നിൻ ദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു

യേശുവെ-എൻ ദൈവമേ
നീ എന്നും മതിയായവൻ

1. യേശു എനിക്കു ചെയ്ത
നന്മകൾ ഓർത്തിടുമ്പോൾ
നന്ദികൊണ്ടെന്മനം പാടീടുമേ
സ്തോത്രഗാനത്തിൻ പല്ലവികൾ

.....യേശുവേ

2. ദൈവമെ നിന്റെ സ്നേഹം
എത്ര നാൾ തള്ളിനീക്കി
അന്നു ഞാൻ അന്യനായ് അനാഥനായ്
എന്നാൽ ഇന്നോ ഞാൻ ധന്യനായ്-

.....യേശുവേ

3. എൻ ജീവൻ പോയെന്നാലും
എനിക്കതിൽ ഭാരമില്ല
എന്റെ ആത്മാവിനു നിത്യജീവൻ
എന്നേശുതാൻ ഒരുക്കിയല്ലോ

....യേശുവേ

4. നിത്യത ഓർത്തിടുമ്പോൾ-എൻ
ഹൃത്തടം ആനന്ദിക്കും
സ്വർഗ്ഗീയസന്തോഷ ജീവിതം
വിശ്വാസക്കണ്ണാൽ ഞാൻ കണ്ടിടുന്നു-

.....യേശുവേ

# 61

നിലവിളിക്ക നിലവിളിക്ക
എഴുന്നേറ്റു നിലവിളിക്ക
രാക്കാലങ്ങളിൽ യാമാരംഭത്തിൽ
എഴുന്നേറ്റു നിലവിളിക്ക

1. പകർന്നിടുക മനമുരുകി
വെള്ളംപോലെ കർത്തൻസന്നിധി
വഴിത്തലെയ്ക്കൽ തളർന്നിരിക്കും
പൈതങ്ങൾക്കായ് നിലവിളിക്ക
....നില

2. ഉണർന്നീടുക സോദരരേ
കണ്ണുനീരിൻ മറുപടിക്കായ്
ഹന്നായിൻ ദൈവം ഹാഗാറിൻ ദൈവം
കണ്ണുനീരിൽ വെളിപ്പെടുമേ
......നില

3. കടന്നു വരാം കർത്തനരികിൽ
കരഞ്ഞിടാം മനം തകർന്ന്
തലമുറയെ അടിമയാക്കാൻ
ശത്രുശക്തി ഉയർത്തിടുമ്പോൾ
....നില

4. കരഞ്ഞിടുമ്പോൾ കനിവുള്ളവൻ
കരം തന്നു താങ്ങി നടത്തും
കരുതലോടെ കര വിരുതിൽ
കൺമണിപോൽ കാത്തുപാലിക്കും
....നില

# 62

നിസ്തുലനാം നിർമ്മലനാം
ക്രിസ്തുവിനെ സ്തുതിച്ചിടുവിൻ

1. അദൃശ്യനാം ദൈവത്തിൻ പ്രതിമയവൻ
ദൈവിക തേജസ്സിൻ മഹിമയവൻ
ആദിയവൻ അന്തമവൻ
അഖില ജഗത്തിനും ഹേതുവവൻ-
....നിസ്തുലനാം

2. വചനമായിരുന്നവൻ ജഡമെടുത്തീ
പാർത്തലത്തിൽ വന്നു പാർത്തതിനാൽ
നമുക്കു തന്റെ നിറവിൽ നിന്നും
കൃപമേൽ കൃപ ലഭിപ്പാനിടയായ്
....നിസ്തുലനാം

3. തൻ കൃപയിൻ മഹിമാധനത്തെ
നിത്യയുഗങ്ങളിൽ കാട്ടീടുവാൻ
മർത്യർ നമ്മെ അവനുയർത്തി
സ്വർഗ്ഗസ്ഥലങ്ങളിലങ്ങിരുത്തി-
....നിസ്തുലനാം

4. വിണ്ണിലും മണ്ണിലും ഉള്ളതെല്ലാം
പിന്നെയും ക്രിസ്തുവിലൊന്നാകും
പൂർണ്ണതയിൽ ദൈവികമാം
നിർണ്ണയങ്ങൾ നിറവേറ്റിടുമേ-
....നിസ്തുലനാം

# 63

1. നീ എന്റെ സങ്കേതവും നീയെന്റെ കോട്ടയും
നീയെന്റെ പ്രാണനാഥൻ നീയെൻ ദൈവം

ആരാധിക്കും ഞാൻ പൂർണ്ണ ഹൃദയമോടെ
തേടും നിൻ മുഖം ജീവകാലമെല്ലാം
സേവിച്ചിടും ഞാനെൻ സർവ്വവുമായ്
അടിയനിതാ അടിയനിതാ ദേവാ
അടിയനിതാ ദേവാ.......
അടിയനിതാ ദേവാ അടിയനിതാ ......

2. നീയെന്റെ രക്ഷകനും നീയെന്റെ വൈദ്യനും
നീയെന്റെ ആലംബവും നീയെൻ ദൈവം
.....ആരാധിക്കും

3. നീയെന്റെ പാലകനും
നീയെന്റെ ആശ്വാസവും
നീയെന്റെ മറവിടവും നീയെൻ ദൈവം
.....ആരാധിക്കും

## 64

നീങ്ങിപ്പോയ് എന്റെ ഭാരങ്ങൾ
മാറിപ്പോയ് എന്റെ ശാപങ്ങൾ (2)
സൗഖ്യമായ് എന്റെ രോഗങ്ങൾ
യേശുവിൻ നാമത്തിൽ

ഹല്ലേലുയ്യാ ഞാൻ പാടിടും
യേശുവിനെ ആരാധിക്കും
ഹല്ലേലുയ്യാ ഞാൻ വാഴ്ത്തിടും (2)
സർവ്വശക്തൻ ആയവനെ

യേശുവിൻ നാമം വിടുതലായ്
യേശുവിൻ നാമം രക്ഷയ്ക്കായ് (2)
യേശുവിൻ നാമം സൗഖ്യമായ്
യേശുവിൻ നാമത്തിൽ

ഹല്ലേലുയ്യാ ഞാൻ പാടിടും
യേശുവിനെ ആരാധിക്കും
ഹല്ലേലുയ്യാ ഞാൻ വാഴ്ത്തിടും (2)
സർവ്വശക്തൻ ആയവനെ

യേശുവിൻ രക്തം ശുദ്ധിയ്ക്കായ്
യേശുവിൻ രക്തം കഴുകലായ് (2)
യേശുവിൻ രക്തം സൗഖ്യമായ്
യേശുവിൻ രക്തത്താൽ

ഹല്ലേലുയ്യാ ഞാൻ പാടിടും
യേശുവിനെ ആരാധിക്കും (2)
ഹല്ലേലുയ്യാ ഞാൻ വാഴ്ത്തിടും
സർവ്വശക്തൻ ആയവനെ.

## 65

പരമ പിതാവിനു സ്തുതി പാടാം
അവനല്ലോ ജീവനെ നൽകിയവൻ
പാപങ്ങളൊക്കെയും ക്ഷമിച്ചിടുന്നു
രോഗങ്ങളാകവെ നീക്കിടുന്നു

1. അമ്മയെപ്പോൽ നമ്മേ ഓമനിച്ചു
അപകടവേളയിൽ പാലിച്ചവൻ
ആഹാരപാനീയമേകിയവൻ
നിത്യമാം ജീവനും നല്കീടുന്നു
....പരമ

2. ഇടയനെപ്പോൽ നമ്മേ തേടിവന്നു
പാപക്കുഴിയിൽ നിന്നേറ്റിയവൻ
സ്വന്തമാക്കി നമ്മെ തീർത്തിടുവാൻ
സ്വന്തരക്തം നമുക്കേകിയതാൽ
.....പരമ

3. കൂടുകളെ കൂടെകൂടിളക്കി
പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വഹിച്ചു നമ്മെ
നിലംപരിചായി നാം നശിച്ചിടാതെ
....പരമ

4. സ്തോത്രം ചെയ്യാം ഹൃദയംഗമായി
കുമ്പിടാം അവൻ മുമ്പിൽ ആദരവായ്
ഹല്ലേലുയ്യാ പാടാം മോദമോടെ
അവനല്ലോ നമ്മുടെ രക്ഷയിൻ പാറ
......പരമ

# 66

1. പരിശുദ്ധൻ മഹോന്നത ദേവൻ
പരമെങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ
വാഴ്ത്തി സ്തുതിക്കുന്ന
സ്വർല്ലോക നാഥനാം മശിഹാ
ഹാ......ഹാ......ഹാ......ഹാലേലുയ്യാ (4)
ഹാ......ഹാ......ഹാ......ഹാലേലുയ്യാ (4)

2. അവൻ അത്ഭുത മന്ത്രിയാം ദൈവം
നിത്യ താതനും വീരനാം ദൈവം
ഉന്നതദേവൻ നീതിയിൻ സൂര്യൻ
രാജാധി രാജനാം മശിഹാ

ഹാ......ഹാ......ഹാ......ഹാലേലുയ്യാ (4)
ഹാ......ഹാ......ഹാ......ഹാലേലുയ്യാ (4)

3. കോടാകോടി തൻദൂത സൈന്യവുമായ്
മേഘാരൂഢനായ് വരുന്നിതാ വിരവിൽ
തൻപ്രിയ സുതരെ തന്നോടു ചേർപ്പാൻ
വേഗം വരുന്നേശു മശിഹാ

ഹാ......ഹാ......ഹാ......ഹാലേലുയ്യാ (4)
ഹാ......ഹാ......ഹാ......ഹാലേലുയ്യാ (4)

# 67

പരിശുദ്ധപരനെ സ്തുതി നിനക്കു-സുര
ലോകം വിട്ടവനേ സ്തുതി നിനക്കു

തിരുമനസ്സാലി- ധരയിൽ വന്നോനെ
കരുണക്കടലേ - സ്തുതി നിനക്കു

1. പെരിയ ശത്രുവിനാൽ നരഗണമാകെ
   കരകണ്ടീടുവതി-ന്നറിയാതെ
   തിരിഞ്ഞു വഴിവെടിഞ്ഞുനടന്നു വലഞ്ഞീടുന്ന-
   തറിഞ്ഞുതൻ തിരുമനം കനിഞ്ഞോനെ

2. നീതിയിൻ സൂര്യാ! നിഖിലേശാ! നിൻ തൃ-
   പ്പാദമല്ലാതൊരു ഗതിയേതോ!
   ഭൂതലദുരിതങ്ങളഖിലവും ശിരസിൽ നീ-
   ചുമന്നൊഴിച്ചതിനെ ഞാൻ മറവേനോ?

3. ദാസരിൻ ബലമേ മനുവേലാ തന്നിൽ
   ചാരിടുന്നവരോടനുകൂലാ
   കോപത്തീയതിൽ വീണുമുഴുകാതെ എന്നെ
   കാവൽ ചെയ്തീടുക ദിനം തോറും...

4. പെരിയ ശത്രുവിനാൽ നരകാഗ്നിക്കിട
   വരുവതിന്നിടയായ് വന്നിടാതെ
   അരുമരക്ഷകനേ തിരുകൃപയാലെന്നെ
   പരിശുദ്ധനാക്കി നിൻ പദം ചേർക്ക...

# 68

1. പാടി പുകഴ്ത്തിടാം ദേവദേവനെ
പുതിയതാം കൃപകളോടെ
ഇന്നലെയും ഇന്നും എന്നും മാറാ
യേശുവെ നാം പാടി പുകഴ്ത്താം

യേശു എന്ന നാമമേ
എന്നാത്മാവിൻ ഗീതമേ
എൻപ്രീയ യേശുവേ ഞാനെന്നും
വാഴ്ത്തി പുകഴ്ത്തിടുമേ

2. ഘോര ഭയങ്കര കാറ്റും അലയും
കൊടിയതായ് വരും നേരത്തിൽ
കാക്കും കരങ്ങളാൽ ചേർത്ത്
മാർവ്വണച്ച സ്നേഹം
നിത്യം പാടും ഞാൻ

....യേശു

3. പെറ്റതള്ള കുഞ്ഞിനെ മറന്നാലും
ഞാൻ മറക്കാ എന്ന വാർത്തയാൽ
താഴ്ത്തി എന്നെ തൻ കരത്തിൽ വച്ചു
ജീവപാതെ എന്നും ഓടും ഞാൻ

....യേശു

4. ഭൂമിയെങ്ങും പോയി സാക്ഷി ചൊല്ലുവിൻ
എന്നുരച്ച കല്പനയതാൽ
ദേഹം ദേഹിയെല്ലാം ഒന്നായ് ചേർന്നു
പ്രിയനായ് വേലചെയ്യും ഞാൻ

....യേശു

5. യോർദ്ദാൻ സമമനശോധനയിലും
താണുവീണുപോകാതെ
ആർപ്പിൻ ജയധ്വനിയോടെ കാത്തു
പാലിക്കുന്ന സ്നേഹമാശ്ചര്യം

....യേശു

# 69

1. പാടും ഞാനേശുവിൻ അതുല്യ സ്നേഹത്തെ
പാരിൽ പരദേശിയായ് പാർക്കുന്ന വീട്ടിൽ
പാവനമാം ചട്ടമെന്റെ കീർത്തനങ്ങളത്രേ
നാൾതോറും അവകളെ ധ്യാനിക്കുന്നേ

യേശു എൻ പ്രിയൻ
ക്രിസ്തേശു എൻ പ്രിയൻ
യേശുവേപ്പോൽ വേറെ
പ്രിയനില്ലായെ (2)

2. പർവ്വതമാം സമം പ്രശ്നങ്ങളാലെ
നിർവ്വാഹമില്ലാതെ ഞാനലയുമ്പോൾ
നിർമ്മാണപദ്ധതി തന്നിലവനെന്നെ നടത്തി
കർമ്മയോഗി ആക്കുന്നെന്നെ അനുദിനവും
....യേശു

3. കണ്ണുനീർ വഴിത്താര ഞാൻ നടന്നാലും
എണ്ണപ്പെട്ടോരാരും കൂട്ടില്ലെന്നാലും
എന്തിനു എന്നുള്ളം വൃഥാ കലങ്ങുന്നു
അണുവും - എന്നെ സ്നേഹിക്കുന്ന
യേശു ബലഹീനനോ
....യേശു

4. മണ്ണാമെൻ കൂടാരം പൊളിഞ്ഞീടുമെന്നോ
എൻ പ്രീയൻ വരവും സമീപമായെന്നോ
ഏതിനും ഞാനൊരുങ്ങുന്നു
കൃപയാൽ നാൾതോറും
എനിക്കെന്റെ ഇമ്പവീട്ടിൽ പോയാൽ മതി
......യേശു

# 70

1. പാപത്തിൻ വൻ വിഷത്തെയൊഴിപ്പാൻ
സാത്താൻ തന്നുടെ ബല മഴിപ്പാൻ
രക്ഷകൻ ഇക്ഷിതിയിൽ വന്നാൻ-
യേശുവിന്നു മഹത്വം

യേശുവിന്നു മഹത്വം! മഹത്വം
യേശുവിന്നു മഹത്വം
കുരിശിലവൻ മരിച്ചെൻ പേർക്കായ്-
....യേശുവിന്നു മഹത്വം!

2. ആശയറ്റെൻ സ്ഥിതി താനറിഞ്ഞു
ഈശ കോപാഗ്നിയിൽ വീണെരിഞ്ഞു
വിശുദ്ധ നിണം വിയർപ്പായ് തിരിഞ്ഞു-
....യേശുവിന്നു മഹത്വം!

3. തൻ മുഖ പങ്കജ മതിലിടിച്ചു
മുൾമുടി തലയിൽ വെച്ചാഞ്ഞടിച്ചു
മുതുകിനെ ഉഴുതതുപോൽ തകർത്തു-
....യേശുവിന്നു മഹത്വം!

4. ക്രൂശിൽ കൈകാൽകളെ താൻ വിരിച്ചു
ക്രൂരന്മാർ ആണി കളതിൽ തറച്ചു
കൊടിയ വേദനയെനിക്കായ് സഹിച്ചു
....യേശുവിന്നു മഹത്വം!

5. ചൊരിഞ്ഞു തൻ തിരുനിണം എൻബലിയായ്
നുറുങ്ങിയെൻ പാപത്താലേശുവിൻ മെയ്
തകർന്നു തൻഹൃദയം എൻപേർക്കായ്-
....യേശുവിന്നു മഹത്വം!

6. യേശുവിൻ സ്നേഹ വിശേഷമതിൻ
ആശയം ഹരിച്ചാൽ എനിക്കതു തേൻ
ശാശ്വത ഭാഗ്യമെനിക്കതിനാൽ
....യേശുവിന്നു മഹത്വം!

7. ജീവനെ യേശുവിനർപ്പിച്ചെൻ
സർവ്വവുമവന്നായേൽപിച്ചേൻ
പാവനജീവിത മാകണമെൻ-
.....യേശുവിന്നു മഹത്വം!

8. മരണം നേരിടുമളവിൽ താൻ
ശരണം തന്നുടെ മാർവിൽ ഞാൻ
വിരവോടണയും കൃപയാലെ-
....യേശുവിന്നു മഹത്വം!

# 71

1. ഭൂവാസികളെ യഹോവയ്ക്കാർപ്പിടുവിൻ (2)
സന്തോഷത്തോടെ സ്തുതി പാടുവിൻ
സംഗീതത്തോടെ വന്നു കൂടുവിൻ

അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
അവൻ വല്ലഭനല്ലോ സ്തുതി എന്നുമുള്ളത് (2)

2. യഹോവതന്നെ ദൈവമെന്നറിവിൻ
അവൻ നമ്മെ മെനഞ്ഞുവല്ലോ (2)
അവൻ നമുക്കുള്ളവൻ നാം അവനുള്ളവർ
അവനെ വാഴ്ത്തീടുവീൻ

....അവൻ നല്ല

3. യഹോവ തന്നെ വിശുദ്ധനെന്നറിവിൻ
അവൻ നമ്മെ വിടുവിച്ചല്ലോ (2)
അവൻ നല്ല ഇടയൻ തന്റെ ആടുകൾ നാം
അവനെ സ്തുതിച്ചീടുവിൻ

.....അവൻ നല്ല

# 72

മനസ്സൊരുക്കുക നാം ഒരു പുതുക്കത്തിനായ്
കർത്തനേശു സാക്ഷികളായ്
ഒത്തു ചേർന്നീടാം ഒത്തു പാടിടാം
കർത്തനേശു മഹത്വത്തിനായ്

1. കണ്ണുനീരിൽ നാം ഒരുമിച്ചു വിതച്ചിടുകിൽ
ആർപ്പോടു കൊയ്തെടുക്കും
ആത്മ ശക്തിയാൽ അടരാടുമ്പോൾ
അവനാൽ നാം ജയമെടുക്കും

2. നീർത്തോടുകൾ തേടുന്ന മാൻപേട പോൽ
അതിദാഹത്തോടെ നമ്മൾ
ആത്മമാരിക്കായ് പ്രാർത്ഥിച്ചിടുമ്പോൾ
അവൻ നമ്മെ നിറച്ചിടുമേ

3. ദൈവസ്നേഹത്താൽ നാമൊത്തു
വളർന്നീടുകിൽ
ലോകരേശുവേ അറിയും
സഭ ഏകമായ് ഒരു ദേഹമായ്
പ്രഭ വീശണം ഇഹത്തിൽ

# 73

യഹോവ നിന്റെ കഷ്ടകാലത്തിൽ
നിനക്കു സഹായം നൽകിടട്ടെ
യാക്കോബിൻ ദൈവം തിരുക്കരത്താൽ
നിന്നെ അനുദിനം നടത്തിടട്ടെ

ആശ്രയിക്കാം തൻ ഭൂജബലത്തിൽ
ആരാധിക്കാം പരിശുദ്ധനെ
ആശ്വാസദായകൻ ആരിലും ഉന്നതൻ
ആരാധനയ്ക്കു യോഗ്യൻ താൻ

1. നിന്റെ പ്രാർത്ഥനയ്ക്കുത്തരം അരുളുമവൻ
സ്തോത്രയാഗങ്ങളിൽ പ്രസാദിച്ചീടും
നിന്റെ ക്ലേശമെല്ലാം നീങ്ങിടും
നിത്യസന്തോഷം നിനക്കേകിടും
... ആശ്രയി

2. നിന്റെ നിലവിളി കേട്ടവൻ വിടുതൽ നൽകും
പാപശാപങ്ങൾ രോഗങ്ങൾ നീക്കിടും താൻ
നിന്റെ അകൃത്യമെല്ലാം മോചിക്കും
സ്വർഗ്ഗ സൗഭാഗ്യം നിനക്കേകിടും
.....ആശ്രയി

# 74

1. യാക്കോബിൻ ദൈവമെന്നും നമുക്കുള്ളവൻ
നമ്മെ ജീവപര്യന്തം കാത്തിടുമേ
ഓരോ ദിവസവും കൃപ നൽകി നമ്മെ
ഇമ്മാനുവേലവൻ താൻ നടത്തീടുമേ

ഹാലേലുയ്യാ അവൻ ആത്മരക്ഷകൻ
ഹാലേലുയ്യാ അവൻ സൗഖ്യദായകൻ
ഹാലേലുയ്യാ ശുദ്ധാത്മദായകൻ
നമ്മെ നിത്യതയ്ക്കായ് ഒരുക്കീടുമേ

2. ആഴിയിൽ നാം കടന്നുപോയീടിലും-അതു
നമ്മെ കവിഞ്ഞിടാതെ കാത്തിടുമേ
തീയിൽ നാം ആകിലും ജ്വാല നമ്മെ തെല്ലും
ഏശാതിമ്മാനുവേൽ താൻ നടത്തീടുമേ-
.....ഹാലേലുയ്യാ

3. സാക്ഷാൽ രോഗങ്ങൾ
അവൻ വഹിച്ചതിനാൽ
എല്ലാ വേദനയും അവൻ ചുമന്നതിനാൽ
അടിപ്പിണരാൽ അവൻ സൗഖ്യമാക്കി നമ്മെ
ഇമ്മാനുവേലവൻ താൻ നടത്തീടുമേ-
......ഹാലേലുയ്യാ

4. സീയോൻ പ്രയാണികളെ
ആനന്ദിപ്പീൻ നമ്മൾ
ദുഃഖവും നെടുവീർപ്പും ഓടീടുമേ
നിത്യാനന്ദം നമ്മിൽ പകർന്നു നമ്മെ-ഇന്നും
ഇമ്മാനുവേലവൻ താൻ നടത്തീടുമേ-
.....ഹാലേലുയ്യാ

5. മാറാ മധുരമാക്കി തീർക്കുമവൻ-എന്നും
പാറയിൽ നിന്നു തരും നീരുറവ
മാറാത്ത വാഗ്ദത്തം ഏകിടുന്നോൻ-നിത്യം
മാറാതിരുന്നു നമ്മെ വഴിനടത്തും
.....ഹാലേലുയ്യാ

6. ജയശാലിയായവൻ വന്നിടുമേ എല്ലാ
പ്രതിഫലവുമവൻ തന്നീടുമേ
ആത്മാവിനാ-ലതിനായൊരുക്കി-നമ്മെ
ഇമ്മാനുവേലവൻ താൻ
നടത്തീടുമേ-
......ഹാലേലുയ്യാ

# 75

യാക്കോബിൻ ദൈവം എന്റെ ദൈവം
യിസഹാക്കിൻ ദൈവം എന്റെ ദൈവം (2)
ആരാധിപ്പാൻ ശക്തൻ സ്തുതിച്ചീടാൻ യോഗ്യൻ (2)
ഈ ദൈവത്തെ നമുക്കിന്ന് ആരാധിക്കാം
യാഹെന്ന ദൈവത്തെ ആരാധിച്ചിടാം.

നമുക്കാരാധിക്കാം നമുക്കാരാധിക്കാം
അവൻ വിളിച്ചാൽ കേൾക്കുന്ന ദൈവമല്ലോ
നമുക്കാരാധിക്കാം നമുക്കാരാധിക്കാം
അവൻ പാപങ്ങൾ പോക്കുന്ന ദൈവമല്ലോ (2)

1. ദൈവം നൽകിയ ദാനങ്ങളെ
ഓർത്ത് നിത്യം നമിച്ചിടാം
ദൈവം നടത്തിയ പാതകളെ
കണ്ടു മോദാൽ വാഴ്ത്തിടാം
നമ്മെ കരം പിടിച്ചനുദിനം നടത്തുന്ന വിധങ്ങളെ
സ്തുതിച്ച് നിത്യം ആരാധിക്കാം (2)
ഈ ലോകയാത്രയിൽ തളരാതെ മുന്നേറാൻ
യാഹെന്ന ദൈവത്തെ ആരാധിച്ചിടാം (2)
(നമുക്കാരാ....)

2. ശത്രുവിൻ കൈയ്യിൽ അകപ്പെടാതെ
കരുതിയ നാഥനെ നമിച്ചിടാം
രോഗപീഡയിൽ തളർന്നിടാതെ
താങ്ങിയ കർത്തനെ വാഴ്ത്തിടാം
നമ്മെ തിരുരക്തത്താലെന്നും കഴുകി തലോടുന്ന
കരങ്ങളെ ഓർത്തെന്നും സ്തുതിച്ചിടാം (2)
വീണ്ടും വരാമെന്ന വാഗ്ദത്തമേകിയ
യാഹെന്ന ദൈവത്തെ ആരാധിച്ചിടാം (2)
(നമുക്കാരാ....)

# 76

യേശു എൻ അഭയകേന്ദ്രം
മാറ്റമില്ലാ സ്നേഹിതൻ
സ്തോത്രം സ്തുതികൾക്കു യോഗ്യൻ
വാഴ്ത്തും നിന്നെ എന്നും ഞാൻ

1. വ്യാകുലങ്ങൾ നേരിട്ടാലും
ഭാരമുള്ളിൽ വന്നാലും
രോഗിയായി തീർന്നെന്നാലും
യേശുവിൽ ഞാൻ ചാരീടും-
.....യേശു

2. എന്നെ ശുദ്ധീകരിച്ചീടാൻ
ബാലശിക്ഷ നൽകിയാൽ
താതനു നന്ദികരേറ്റും
ഹല്ലേലുയ്യാ പാടും ഞാൻ
....യേശു

3. യേശു രാജനെന്നെ ചേർപ്പാൻ
മേഘാരൂഢനായ് വരും
ആകുലങ്ങളില്ലാ നാട്ടിൽ
ചേരും സ്വർഗ്ഗവീട്ടിൽ ഞാൻ-
....യേശു

# 77

1. യേശു നല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽപോലെ
സ്തുതിച്ചീടുക അവന്റെ നാമം (2)

ഹാലേലുയ്യാ, ഹാലേലുയ്യാ-2
മഹത്വവും ജ്ഞാനവും
സ്തോത്രവും ബഹുമാനം
ശക്തിയും ബലവുമെന്നേശുവിന്

2. ഞാൻ യഹോവയ്ക്കായ് കാത്തു കാത്തല്ലോ
അവൻ എങ്കലേക്കു ചാഞ്ഞു വന്നല്ലോ
നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേറ്റിൽ നിന്നെന്നെ കയറ്റി
....ഹാലേലുയ്യാ

3. എന്റെ കർത്താവേ എന്റെ യഹോവേ
നീയൊഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവരെനിക്കു ശ്രേഷ്ഠന്മാർതന്നെ
....ഹാലേലുയ്യാ

എന്റെ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എൻ കർത്താവിന് സ്തുതി തന്നെ
....ഹാലേലുയ്യാ

# 78

യേശുവിൻ നാമം എൻ യേശുവിൻ നാമം
എൻ ജീവിതത്തിലേകയാശ്രയമേ
ഞാനെന്നും സ്തുതിക്കും
ഞാനെന്നും വാഴ്ത്തും
യേശുവിൻ നാമം എനിക്കെത്രയാനന്ദം

1. പാപിയായിരുന്നെന്നെ രക്ഷിപ്പാനായ്
യേശു ക്രൂശിലേറി തന്റെ ജീവനർപ്പിച്ചു
യേശുവെത്ര നല്ലവൻ യേശുവെത്ര വല്ലഭൻ
പതിനായിരത്തിലതിശ്രേഷ്ഠനവൻ
....യേശുവിൻ

2. നല്ലിടയനായ യേശുനാഥൻ-
നിരന്തരമായ് എന്നെ വഴിനടത്തും
അവനെന്നെ ശാസിക്കും
അവനെന്നെ രക്ഷിക്കും തൻ
കൊടിക്കീഴിലെന്നെ
നിത്യം നടത്തുമവൻ
....യേശുവിൻ

3. സമാധാനമില്ലാതെ ഞാനലഞ്ഞു
യേശു സമാധാനമായ്
എന്റെ അരികിൽ വന്നു
അവനെന്നെ അണച്ചു അവനെന്നെ താങ്ങി തൻ
ഭുജബലത്താലെന്നെ നടത്തിടുന്നു
....യേശുവിൻ

# 79

യേശുവിൻ നാമം മധുരിമ നാമം
ഇണയില്ലാ നാമം ഇമ്പനാമം

1. പാപത്തിൻ ഭാരവും ശാപവും നീക്കും
പരമ സന്തോഷം ഏകിടും നാമം
...യേശു

2. പരിമള തൈലം പോൽ യേശുവിൻ നാമം
പാരെങ്ങും വാസനവീശിടും നാമം
....യേശു

3. വാനിലും ഭൂവിലും മേലായ നാമം
വാനവർ വാഴ്ത്തിടും യേശുവിൻ നാമം
....യേശു

4. വാഗ്ദത്തമഖിലവും നൽകിടും നാമം
ആശ്രിതർക്കാലംബദായകനാമം
...യേശു

5. മുഴങ്കാലുകൾ എല്ലാം മടങ്ങിടും നാമം
ഏവരും ഒരുപോൽ വണങ്ങിടും നാമം
....യേശു

6. എത്ര മഹാത്ഭുതം യേശുവിൻ നാമം
പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധ നാമം
...യേശു

## 80

1. യേശുവിൻ സാക്ഷികൾ നമ്മൾ
അവന്റെ വിശുദ്ധ ജനം നമ്മൾ
ഉയർത്തവനുടെ പരമ വിളിക്കു
യോഗ്യരാം ജനം നമ്മൾ

സ്തുതിക്കാം ഹല്ലേലുയ്യാ (2)
നമ്മുടെ രക്ഷയാം പാറയ്ക്കാർപ്പിടാം
സ്തുതിക്കാം ഹല്ലേലുയ്യാ

2. ലക്ഷ്യം തെളിവായ് മുമ്പിലുണ്ട്
മാർഗ്ഗവും ഒരിക്കലായ് അരുളീട്ടുണ്ട്
സുവിശേഷദീപം തോളിലേന്തി
ലോകത്തിൻ വിളക്കാകാം
....സ്തുതിക്കാം

3. ചെങ്കടൽ ഓളങ്ങൾ മുന്നിലുണ്ട്
വൻപട ഘോരമായി പിൻപിലുണ്ട്
ഇടവും വലവും നോക്കിടാതെ
മുന്നേറി ചെന്നീടാം
......സ്തുതിക്കാം

# 81

യേശുവിനെ ഞാൻ സ്തുതിച്ചിടട്ടെ
നന്ദിയോടെന്നും വാഴ്ത്തീടട്ടെ
എന്നുടെ പാപം ക്രൂശതിൽ തീർത്ത
പൊന്നു കർത്താവേ നിനക്കു സ്തോത്രം (2)

1. പൂർണ്ണഹൃദയത്തോടെ ഞാൻ നിന്നെ
   സ്തുതിക്കും (2)
   അത്ഭുതങ്ങളെയെല്ലാം ഞാനെന്നും
   വർണ്ണിക്കും
   നാവിന്മേൽ പുകഴ്ത്തും എന്നുമുല്ലസിക്കും
   യേശുവിൻ നാമം എന്നെന്നും
   കീർത്തിക്കും (2)
   ....യേശു

2. ഏതു പ്രശ്നം വന്നാലും യേശുമാത്രമാശ്രയം
   എന്നുമെന്നെ നടത്തും ജയത്തിലെത്തിക്കും
   ദുഷ്ടങ്കൽ നിന്നും നീ രക്ഷിച്ചു കാത്തിടും
   കഷ്ടകാലത്തു നീ അഭയസ്ഥാനം തന്നെ-(2)
   ....യേശു

3. സാധുവായ എന്നേയും യേശു മറക്കയില്ല (2)
   പ്രത്യാശയ്ക്കൊരിക്കലും ഭംഗം വരികില്ല
   ഞാനെന്റെ സർവ്വവും
   ക്രിസ്തുവിലർപ്പിക്കും
   മഹത്വം കരേറ്റും സ്തോത്രഗീതം പാടും (2)
   ....യേശു

# 82

യേശുവേ നിൻ പാദം കുമ്പിടുന്നേൻ (3)

1. നിസ്തുലസ്നേഹത്താലെ-
ക്രിസ്തുവേ എന്നേയും നീ
നിൻ മകനാക്കുവാൻ-തിന്മകൾ നീക്കുവാൻ
വിൺ മഹിമ വെടിഞ്ഞോ?
ഹല്ലേലുയ്യാ-ആമേൻ-ഹാ-
ഹല്ലേലുയ്യാ....

.....യേശു

2. സ്നേഹത്തിന്നാഴി തന്നിൽ-
മുങ്ങി ഞാനിന്നു മന്നിൽ
ആമയം-മാറിയും ആനന്ദമേറിയും
വാഴുന്നു ഭീതിയെന്യേ
ഹല്ലേലുയ്യാ-ആമേൻ-ഹാ-
ഹല്ലേലുയ്യാ....

......യേശു

3. എന്നുമീ ഞാനിനിയും-
നിന്നുടെ സ്വന്തമത്രെ
ഒന്നുമേ ശക്തമല്ലീ ബന്ധം മാറ്റുവാൻ
എന്തൊരു ഭാഗ്യമിത്
ഹല്ലേലുയ്യാ/ആമേൻ/ഹാ-
ഹല്ലേലുയ്യാ....

......യേശു

4. ഭൂതലം വെന്തുരുകും താരകങ്ങൾ മറയും
അന്നുമെന്നേശുവിൻ
അൻപിൻ കരങ്ങളിൽ
സാധു ഞാൻ വിശ്രമിക്കും
ഹല്ലേലുയ്യാ/ആമേൻ/ഹാ-
ഹല്ലേലുയ്യാ....

......യേശു

# 83

1. രക്തത്താൽ ജയം രക്തത്താൽ ജയം
രക്തത്താൽ ജയം യേശുവിൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
രക്തത്താൽ ജയം യേശുവിൻ

2. യേശു ജയിച്ചു യേശു ജയിച്ചു
യേശു ജയിച്ചു സാത്താനെ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
യേശു ജയിച്ചു സാത്താനെ

3. രക്തം ചൊരിഞ്ഞു രക്തം ചൊരിഞ്ഞു
രക്തം ചൊരിഞ്ഞു ക്രൂശിൻമേൽ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
രക്തം ചൊരിഞ്ഞു ക്രൂശിൻമേൽ

4. സാത്താൻ തോറ്റുപോയി സാത്താൻ തോറ്റുപോയി
സാത്താൻ തോറ്റുപോയി രക്തത്താൽ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
സാത്താൻ തോറ്റുപോയി രക്തത്താൽ

5. നാമും ജയിക്കും നാമും ജയിക്കും
നാമും ജയിക്കും രക്തത്താൽ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
നാമും ജയിക്കും രക്തത്താൽ

6. വീണ്ടെടുത്തോർ നാം വീണ്ടെടുത്തോർ നാം
വീണ്ടെടുത്തോർ നാം രക്തത്താൽ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
വീണ്ടെടുത്തോർ നാം രക്തത്താൽ

7. വാഴും സ്വർഗ്ഗേ നാം വാഴും സ്വർഗ്ഗേ നാം
വാഴും സ്വർഗ്ഗേ നാം രാജരാജനായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
വാഴും സ്വർഗ്ഗേ നാം രാജരാജനായ്

8. പാടും മോദമായ് പാടും മോദമായ്
പാടും മോദമായ് എന്നും നാം
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
പാടും മോദമായ് എന്നും നാം രക്തത്താൽ

# 84

വന്ദനം വന്ദനം ശ്രീയേശുനാഥന്
വന്ദനം ചെയ്തീടുന്നു
വന്ദനം വന്ദനം നന്ദിയോടടിയാർ
വന്ദനം ചെയ്തിടുന്നു-

....വന്ദനം

1. ഇന്നെയോളമെന്നെ നടത്തിയല്ലോ
മന്ന തന്നെന്നെ നീ പോറ്റിയല്ലോ
തന്നിടും സകലവും അന്ത്യം വരെ
നന്ദിയോടെ ഞാൻ പാടിടുമെ-

....വന്ദനം

2. നിന്നുടെ സന്നിധി മോഹനമേ
ഉന്നതമോദത്തിനുറവിടമേ-
വന്നിടും നേരം ഈ ഞങ്ങളെ
ദിവ്യ തേജസ്സാൽ നിറയ്ക്കണമേ-

....വന്ദനം

3. ജീവമൊഴി ശ്രവിച്ചടിയാർ
ജീവനെ സമൃദ്ധമായ് നേടിടുവാൻ
ജീവൻ വെടിഞ്ഞെന്നെ വീണ്ടവനേ
ജീവകാലമെല്ലാം അനുഗ്രഹിക്ക

....വന്ദനം

# 85

വന്ദനമേ യേശു രക്ഷകനെൻ നായകനെ
വന്ദനമേ......വന്ദനമേ
വന്ദനത്തിനെന്നും യോഗ്യനെ

1. നിന്നനുഗ്രഹങ്ങൾ എന്നിൽ നീ തന്നതാൽ
നിന്നുടെ വന്ദനം എന്നുമെൻ ഗാനമാം
....വന്ദന

2. പൊന്നുമഹേശനെ നിന്നുടെ കാരുണ്യം
സന്തതമോർത്തു ഞാൻ നന്ദിയാൽ പാടുമേ
....വന്ദന

3. കാൽവറി ദർശനം കാണുന്നെൻ മുമ്പിലായ്
അൻപിനാലുള്ളവും കണ്ണും നിറയുന്നേ
....വന്ദന

4. പാപവും ശാപവും രോഗവും നീങ്ങി ഞാൻ
നീതിമാനാകുവാൻ
ശാപമായ്ത്തീർന്നോനേ
....വന്ദന

5. ഭാരങ്ങൾ നീങ്ങി ഞാൻ ആനന്ദിച്ചീടുവാൻ
ഭാരങ്ങൾ തീർത്ത എൻ കാരുണ്യവാരിധേ
....വന്ദന

6. പരമാനന്ദപ്രദം പരിശുദ്ധ ജീവിതം
പരലോകതുല്യമെൻ വിശ്വാസ സേവനം
.....വന്ദന

7. ഇളകാത്ത രാജ്യമായ് സീയോനെൻ സ്വന്തമായ്
പരനോടുകൂടെ ഞാൻ നിത്യമായ് വാണീടാം
....വന്ദന

# 86

വരിക സുരാധിപ പരമപരാ! നിൻ
കരുണാസനം വഴിയായ് സഭയിൽ

ഒരുമനസ്സോടെ നിൻതിരുഭവനെ
പരിചോടടിയാർ വരുന്നതുകാൺ

1. ഭക്തിയോടടിയാർ
നിൻതൃപ്പാദത്തിൽ
പ്രാർത്ഥന ചെയ്തു വരം ലഭിപ്പാൻ
നിത്യവും നിൻ പരിശുദ്ധാത്മ
ശക്തി തന്നരുളാൻ ഭജിച്ചീടുമ്പോൾ -
....വരി

2. തിരുമനസ്സിനെക്കുറിച്ചൊരുമനസ്സായ്
ഇരുവരോ മൂവരോ വരുന്നിടത്തിൽ
കരുണയോടെ എഴുന്നരുളുമെന്ന്
തിരുവാചാ അരുളിയപരമസുതാ!
....വരി

3. വന്നടിയാരുടെ കന്മഷവും
തിന്മയശേഷവും ദുർമനസ്സും
ഒന്നോടശേഷവും നീക്കിടേണം
എന്നും മോക്ഷെ അടിയാർ നിൽപാൻ
....വരി

4. ദൂതരുടെ സ്തുതിയിൽ വസിക്കും
നീതി സ്വരൂപനാം യഹോവയ്ക്കും
ഭൂതലരക്ഷക മശിഹായ്ക്കും
പരിശുദ്ധാത്മാവിന്നും സ്തോത്രം
....വരി

# 87

വരുവിൻ നാം ആരാധിക്കാം
ഒരുമയിൽ ഒന്നായ് ഘോഷിക്കാം (2)
ശാശ്വതപാറയാം ദൈവമല്ലോ
തലമുറ തലമുറ സങ്കേതം
.....വരുവിൻ നാം

1. ക്ഷണികമാം ആയുസ്സു തീരുന്നു
മർത്ത്യൻ മണ്ണിൽ മറയുന്നു (2)
പൊടിയിൽ ചേരുന്നവരെല്ലാം
തിരികെ വരുവാനരുളീടും (2)
....വരുവിൻ നാം

2. പുനരുത്ഥാന ജീവനവൻ
നിത്യമാം ജീവന്നധിപനല്ലോ (2)
അനാദ്യനായവൻ വാഴുന്നു
തലമുറ തലമുറ സങ്കേതം (2)
....വരുവിൻ നാം

3. ആയുസ്സിൻ നാളുകളെണ്ണീടാം
ജ്ഞാനഹൃദയം പ്രാപിക്കാം (2)
വാഗ്ദത്തത്തിൽ വിശ്വസ്തൻ
തലമുറ തലമുറ സങ്കേതം (2)
....വരുവിൻ നാം

# 88

വാഴ്ത്തി സ്തുതിക്കുമെന്നും ഞാൻ
എന്റെ താഴ്ചയിൽ ഓർത്ത ഈശനെ

1. വർണ്ണിച്ചിടാനെനിക്കെന്റെ നാവു പോരായേ
എണ്ണിത്തീർത്തീടാമോ അവൻ ചെയ്തത്
ആയിരമായ് സ്തുതിച്ചീടുന്നേ
ആനന്ദ ഹസ്തങ്ങളെ ഉയർത്തി
....വാഴ്ത്തി

2. പാപശാപരോഗമായതെന്റെ ഭീതിയാൽ
നാശഗർത്തത്തിൽ പതിക്കും നേരത്തിൽ
സ്നേഹഹസ്തം നീട്ടിയെന്നെ
നിൻ തിരു രാജ്യത്തിലാക്കിയല്ലോ
....വാഴ്ത്തി

3. ചേറ്റിലല്ലയോ കിടന്നതോർത്തു നോക്കിയാൽ
നാറ്റമല്ലയോ വമിച്ചതെൻ ജീവിതം
മാറ്റിയല്ലോ എൻ ജീവിതത്തെ
മാറ്റമില്ലാത്ത നിന്റെ കൃപയാൽ
....വാഴ്ത്തി

4. പാപികളെത്തേടിവന്ന യേശു രക്ഷകൻ
പാപമില്ലാ ശുദ്ധർക്കായിതാ വരുന്നേ
വരവിൻ ദിനം അതി സമീപം
വരവിൻ പ്രത്യാശയാൽ നിറഞ്ഞിടാമേ
....വാഴ്ത്തി

5. അല്ലൽ തിങ്ങും ജീവിതത്തിൽ
ഞാൻ വസിച്ചപ്പോൾ
വല്ലഭാ നിൻ സ്നേഹമെന്നിൽ ഊറ്റിയല്ലോ
ജയഗീതം പാടീടുവാൻ
നിൻ ജയം നീ എനിക്കേകിയല്ലോ
....വാഴ്ത്തി

# 89

വാഴ്ത്തിടുക സ്തുതിച്ചാർത്തിടുക
അവന്റെ നാമം ഉയർത്തീടുക (2)

1. പച്ചപ്പുൽമേടുകളിൽ ദിനവും
പാലിപ്പതോർത്താൽ എങ്ങനെ നാം
പാലകനേശുവേ മറന്നിരിക്കും
തൻ ദയ ഒന്നായ് ഘോഷിച്ചിടാം
....വാഴ്ത്തി

2. ഈശാനമൂലൻ അടിച്ചുയർന്നു
പടകു തകർന്നെന്ന് തോന്നിയപ്പോൾ
ഞൊടിയിൽ ജയം തന്ന രക്ഷകന്റെ
പാലനം ഓർത്തു നാം സ്തുതിച്ചീടുക

....വാഴ്ത്തി

3. കഷ്ടത്തിൻ കോട്ടയിൽ അകപ്പെട്ടപ്പോൾ
അപ്പുറം കടന്നീടാൻ പഴുതില്ലാതെ
അകത്തും പുറത്തും പീഡനം വന്നപ്പോൾ
രക്ഷിച്ച നാഥനെ സ്തുതിച്ചീടുക
....വാഴ്ത്തി

4. ഇന്നെന്ന ഭാരത്താൽ ഞെരുങ്ങിയപ്പോൾ
ഒന്നും ഭയപ്പെടേണ്ടെന്നുരചെയ്തില്ലേ
കാക്കയാൽ ഭക്തനെ പോറ്റിയ നാഥന്റെ
സ്നേഹത്തെ ഓർത്ത് നാം സ്തുതിച്ചീടുക

....വാഴ്ത്തീ

# 90

1. വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു
വാഴ്ത്തിടുന്നു ഞാൻ-എൻ
രക്ഷകനെ നന്ദിയോടെ വാഴ്ത്തിടുന്നു ഞാൻ

2. മാട്ടിൻ തൊഴുത്തിൽ പിറന്ന മാന്യസുതനേ!
ഹീനവേഷമെടുത്ത നിന്നെ
വാഴ്ത്തിടുന്നു ഞാൻ

3. പാതകർക്കായ് നീതി വഴി ഓതിത്തന്നോനെ!
പാരിടത്തിൽ നിന്നെ ഓർത്തു
വാഴ്ത്തിടുന്നു ഞാൻ

4. കുരിശെടുത്തു മലമുകളിൽ
നടന്നുപോയോനേ!
തൃപ്പാദം രണ്ടും ചുംബിച്ചിപ്പോൾ
വാഴ്ത്തിടുന്നു ഞാൻ

5. കുരിശിലേറി മരിച്ചുയിർത്തു
സ്വർഗ്ഗേ പോയോനേ!
നിത്യം ജീവിക്കുന്നവനെ
വാഴ്ത്തിടുന്നു - ഞാൻ

6. ദൂതരുമായ് മേഘവാഹനേ വരുന്നോനെ!
വേഗം നിന്നെ കാൺമതിനായ്
കാത്തിടുന്നു-ഞാൻ

7. നിൻ വരവിൽ മുന്നണിയിൽ നിന്നിടുമേ ഞാൻ
വാഴ്ത്തി വാഴ്ത്തി നിന്നിടുമേ നിൻ
വരവിനായ്

8. എന്നുമേഘേ വന്നു കാണാം
രക്ഷകനേ! ഞാൻ
നോക്കി നോക്കി കാത്തിടുന്നേ നിൻ വരവിനെ

# 91

വാഴ്ത്തിടുന്നേശുനാമം
സ്തുതിച്ചിടുന്നേശു നാമം
സ്വർഗ്ഗമെനിക്കു മീതെ തുറന്നിടുമ്പോൾ
സ്തോത്രഗീതയാഗം ഞാൻ
അർപ്പിക്കുന്നേശുവിന്
ഹാ ദിവ്യദർശനം ഞാൻ കണ്ടിടുമ്പോൾ

1. പ്രതികൂല നടുവിൽ അനുദിനമരികിൽ
മനഃശാന്തിയരുളും പരമ രക്ഷകനെ-
വാഴ്ത്തും നിന്നെ പാടും (2) എന്റെ
ജീവിതകാലമെല്ലാം (2)
....വാഴ്ത്തി

2. അനുകൂലമായെനിക്കാരുമീ ഉലകിൽ
അടുത്തുമെന്നകലെയും യേശുവെ നീയെന്യെ
ചാരും നിന്റെ മാർവ്വിൽ (2) എന്റെ
ജീവിതകാലമെല്ലാം (2)
......വാഴ്ത്തി

3. മനുഷ്യരിലാശ്രയം ഒരിക്കലുംവെക്കുവാൻ
ഇടവരുത്തരുതെന്നാശ്രിത വത്സല
കാക്കെന്നെ നിന്റെ പാതയിൽ (2) എന്റെ
ജീവിതകാലമെല്ലാം (2)
....വാഴ്ത്തി

# 92

വാഴ്ത്തുക നീ മനമേ-എൻ പരനെ
വാഴ്ത്തുക നീ മനമേ!

1. വാഴ്ത്തുക തൻ ശുദ്ധനാമത്തെപേർത്തു
പാർത്ഥിവൻ തന്നുപകാരത്തെയോർത്തു-
....വാഴ്ത്തുക

2. നിന്നകൃത്യം പരനൊക്കെയും പോക്കി
തിണ്ണമായ് രോഗങ്ങൾ നീക്കിനന്നാക്കി-
....വാഴ്ത്തുക

3. നന്മയാൽ വായ്ക്കവൻ തൃപ്തിയെ തന്നു
നവ്യമാക്കുന്നു നിൻ യൗവ്വനമിന്നു-
..... വാഴ്ത്തുക

4. മക്കളിൽ കാരുണ്യം താതനെന്നോണം
ഭക്തരിൽ വാത്സല്യവാനവൻ നൂനം-
....വാഴ്ത്തുക

5. പുല്ലിനു തുല്യമീ ജീവിതം വയലിൽ
പൂവെന്ന പോലയ്യോ പോകുന്നതുലകിൽ-
....വാഴ്ത്തുക

6. തൻ നിയമങ്ങളെ കാത്തിടുന്നോർക്കും
തന്നുടെ ദാസർക്കും താൻ ദയ കാട്ടും-
....വാഴ്ത്തുക

7. നിത്യരാജാവിവനോർക്കുകിൽ സർവ്വ
സൃഷ്ടികളും സ്തുതിക്കുന്ന യഹോവ-
.....വാഴ്ത്തുക

# 93

ശ്രീയേശു നാമം അതിശയ നാമം
ഏഴയെനിക്കിമ്പ നാമം

1. പാപപരിഹാരം പാതകർക്കു നൽകാൻ
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജീവിതത്തിൻ
മാതൃകയെ കാട്ടിത്തന്ന
പാവനമാം പുണ്യനാമം
.....ശ്രീയേശു

2. എണ്ണമില്ലാ പാപം എന്നിൽനിന്നു നീക്കാൻ
എന്നിൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത്
എന്നേയ്ക്കുമായ് മായ്ച്ചു തന്ന
ഉന്നതന്റെ വന്ദ്യനാമം
.....ശ്രീയേശു

3. എല്ലാ നാമത്തിലും മേലായ നാമം
ഭക്തജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങീടും തിരുമുമ്പിൽ
വല്ലഭത്വം ഉള്ള നാമം
....ശ്രീയേശു

4. ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും
കുഷ്ഠരോഗികൾക്കുമെല്ലാം
വിടുതലും നൽകും നാമം
.....ശ്രീയേശു

5. വാനം ഭൂമി ഏവം പാതാളം ഒരുപോൽ
വാഴ്ത്തി വണങ്ങും നാമം
വാനിലും ഭൂവിലും ഉള്ള എല്ലാ അധികാരത്തേയും
ആയുധം വെപ്പിച്ച നാമം
.....ശ്രീയേശു

6. നീതിയോടെ രാജ്യഭാരമേല്പാൻ ഭൂവിൽ
വേഗം വരുന്ന നാമം
നാടുവാഴികളാം തന്റെ സിദ്ധരുമായ് ദാവീദിൻ
സിംഹാസനത്തിൽ വാഴും നാമം
.....ശ്രീയേശു

# 94

സർവ്വ നന്മകൾക്കും സർവ്വ ദാനങ്ങൾക്കും
ഉറവിടമാം എൻ യേശുവേ
നിന്നെ ഞാൻ സ്തുതിച്ചിടുന്നു
ദിനവും പരനെ നന്ദിയാൽ

1. ആഴിയാഴത്തിൽ ഞാൻ കിടന്നു
   കൂരിരുൾ എന്നെ മറ പിടിച്ചു
   താതൻ തിരുക്കരം തേടിയെത്തി
   തന്റെ മാർവ്വോടു ചേർത്തണച്ചു (2)
   ....സർവ്വ

2. കണ്ടില്ലെങ്ങുമൊരാശ്വാസവും
   നൊന്തു നീറുന്നെൻ മാനസവും
   സാന്ത്വനം തരും സ്നേഹതാതൻ
   സ്വന്തമാക്കിയെന്നെ കൃപയാൽ (2)
   ....സർവ്വ

3. പരിശുദ്ധാത്മാവാൽ നിറയ്ക്ക
   അനുദിനവും എന്നേ പരനെ
   തിരുവേലയെ തികച്ചീടുവാൻ
   നൽ വരങ്ങളെ നൽകീടുക (2)
   ....സർവ്വ

# 95

സർവ്വലോകവും സൃഷ്ടി ജാലവും
സർവ്വദാ വാഴ്ത്തും സ്നേഹരൂപനാം
സത്യദൈവത്തിൻ ഏക നിത്യപുത്രനാം
ക്രിസ്തുയേശുവെൻ രക്ഷാദായകൻ

ഞാൻ വിശ്വസിക്കുന്നു
ഞാൻ ആരാധിക്കുന്നു
ഞാൻ ആശ്രയിക്കുന്നു
എന്റെ രക്ഷിതാവിങ്കൽ

1. സമൃദ്ധമാം ജീവനെന്നിൽ പകർന്നീടുവാൻ
ഉയിർതന്നു വീണ്ടെടുത്തു തിരുസ്നേഹത്താൽ
എന്റെ പാപശാപമെല്ലാം താൻ വഹിച്ചതാൽ
തന്നടിപ്പിണരെനിക്കു സൗഖ്യദായകം
....ഞാൻ വിശ്വസി

2. യേശുവല്ലാതില്ലിഹത്തിൽ ആത്മരക്ഷകൻ
നീതിയിൻ കൃപാസനത്തിലേക മദ്ധ്യസ്ഥൻ
നിത്യ ജീവദായകനാം സത്യമാർഗ്ഗം താൻ
കുഞ്ഞാടുകൾക്ക് സ്നേഹമേകും
നല്ലിടയൻ താൻ
....ഞാൻ വിശ്വസി

3. ശാശ്വതമാം തൻ കൃപയിൽ ആനന്ദിക്കും ഞാൻ
രക്ഷയേകും ദിവ്യപാത പിൻതുടരും ഞാൻ
ജ്ഞാനമേകും തൻ വചനം
അനുസരിക്കും ഞാൻ
ശ്രേഷ്ഠമാം തൻ മാതൃകകൾ
അനുകരിക്കും ഞാൻ
....ഞാൻ വിശ്വസി

# 96

സീയോൻ യാത്രയതിൽ മനമെ
ഭയമൊന്നും വേണ്ടിനിയും

അബ്രഹാമിൻ ദൈവം യിസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവം എന്നും
കൂടെയുള്ളതാൽ

1. ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ
ഒരു ഭോഷനായ് തോന്നിയാലും
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ
എന്നും ശ്രേഷ്ഠനായ് മാറിടുമേ
....അബ്രഹാ

2. മനുഷ്യരിൽ ആശ്രയമോ
ഇനി വേണ്ട നിശ്ചയമായ്
ദൈവത്തിൽ ആശ്രയമോ
അത് ഒന്നാണെനിക്കഭയം
....അബ്രഹാ

3. ഒന്നിനെക്കുറിച്ചിനിയും
എനിക്കാകുല ചിന്തയില്ല
ജീവ മന്നാ തന്നവൻ
എന്നെ ക്ഷേമമമായ് പാലിക്കുന്നു
....അബ്രഹാ

# 97

സീയോനെ നീ ഉണർന്നെഴുന്നേൽക്കുക
ശാലേം രാജനിതാ വരുവാറായ്
ശീലഗുണമുള്ള സ്നേഹസ്വരൂപൻ
ആകാശ മേഘത്തിൽ എഴുന്നെള്ളിവരുമേ-

1. പകലുള്ള കാലങ്ങൾ അണഞ്ഞണഞ്ഞുപോയ്
കൂരിരുൾ നാളുകൾ അടുത്തടുത്തേ
ഝടുതിയായ് ജീവിതം പുതുക്കിനിന്നീടുകിൽ
മണവാളനോടു നാം മറുരൂപമാകും
....സീയോ

2. അന്ത്യസമയങ്ങൾ അടുത്തുപോയ് പ്രിയരെ!
സ്വന്തമെന്നേശുവെ സാക്ഷിക്കുവിൻ
അന്ധകാര പ്രഭു വെളിപ്പെടും മുമ്പേ
സന്തോഷ രാജ്യത്തിൽ ചേർന്നിടുമേ നാം
....സീയോ

3. തിരുസഭയെ നിൻ ദീപങ്ങളെന്നുമേ
ദിവ്യപ്രഭപോൽ ജ്വലിച്ചീടട്ടേ
മഹിതൻ തേജസ്സിൽ
എഴുന്നെള്ളി വരുമ്പോൾ
ഉടലോടു പ്രിയനെ എതിരേൽപ്പാൻ പോകാം
....സീയോ

# 98

സേനയിന്നധിപൻ ദേവനിലതിയായ്
ആശ്രയമെവനുണ്ടോ? ....ആയവൻ
ഏവരിലുമതിധന്യൻ
യാഹിൻ വാസമെന്തതികാമ്യം-ആ-ആ
വാഞ്ചിച്ചു മോഹിക്കുന്നെന്നുള്ളം
ഘോഷിക്കുന്നെൻ ഹൃദയം ജഡവും....

.....സേന

1. കുരികിൽ തനിക്കൊരു വീടും-മീവൽ
പറവ തൻ കുഞ്ഞുങ്ങൾക്കായ്-നല്ലൊരു
കൂടും കണ്ടെത്തിയല്ലോ
നിൻതിരുബലിപീഠം തന്നെ-ആ-ആ...
ധന്യർ നിന്നാലയത്തിൽ വസിപ്പോർ
നിത്യം സ്തുതിക്കുമവർ നിന്നെ.....
.....സേന

2. ബലം നിന്നിലുള്ളോർ ഭാഗ്യം നിറഞ്ഞോർ
നിശ്ചയമാണെന്നും താഴ്ച
ഭവിക്കുകയില്ലെന്നും
ഈ വിധമുള്ളോർ മനസ്സുകളിൽ- ആ-ആ....
നിർണ്ണയമുണ്ടു നിരന്തരമായ്
സീയോൻ നഗരിയിൻ പെരുവഴികൾ...
.....സേന

3. കണ്ണുനീർ താഴ്‌വരയതുവഴിയായവർ
യാനം ചെയ്യുമ്പോൾ ആയതു
മാറും ജലാശയമായി
മുൻമഴ അനുഗ്രഹപൂർണ്ണമതായ്-ആ-ആ...
പ്രാപിക്കും ബലം അവർ ബലത്തിന് മേൽ
ചെന്നെത്തുമേവരും സീയോനിൽ
....സേന

# 99

1. സ്തുതികൾക്കു യോഗ്യനാം യേശുവിനെ
ആരാധിക്കാം നന്ദിയോടെ (2)

ഹല്ലേലുയ്യാ പാടി വാഴ്ത്തിടാം
യേശു കർത്താവിനെ (2)

2. സ്നേഹ സ്വരൂപനാം യേശുവിനെ
ആരാധിക്കാം നന്ദിയോടെ (2)

3. രാജാധിരാജനാം യേശുവിനെ
ആരാധിക്കാം നന്ദിയോടെ (2)

4. നീതിയിൻ സൂര്യനാം യേശുവിനെ
ആരാധിക്കാം നന്ദിയോടെ (2)

# 100

1. സ്തുതി ചെയ്മനമേ! നിത്യവും നിൻ
ജീവനാഥനേശുവേ!
ഇതുപോൽ സ്വജീവൻ തന്നോരാത്മ
സ്നേഹിതൻ വേറാരിനി-
.....സ്തുതി

2. മരണാധികാരിയായിരുന്ന
ഘോരനാം പിശാചിനെ
മരണത്തിനാലെ നീക്കി മൃത്യു
ഭീതി തീർത്ത നാഥനെ-
....സ്തുതി

3. ബഹുമാന്യനാമാചാര്യനായി
വാനിലവൻ വാഴ്കയാൽ
ബലഹീനതയിൽ കൈവിടാതെ
ചേർത്തുകൊള്ളുമാകയാൽ-
....സ്തുതി

4. ദിനവും മനമെ! തൽസമയം
വൻകൃപകൾ പ്രാപിപ്പാൻ-
അതിധൈര്യമായ് കൃപാസനത്തിൻ
അന്തികത്തിൽ ചെന്നു നീ
....സ്തുതി

5. ബഹുദൂതരുച്ചനാദമോടെ
വാഴ്ത്തിടുന്ന നാഥനെ!
ബലവും ധനവും ജ്ഞാനമെല്ലാം
സ്വീകരിപ്പാൻ യോഗ്യനെ-
....സ്തുതി

# 101

സ്തുതി സ്തുതി എൻ മനമേ
സ്തുതികളിലുന്നതനേ-നാഥൻ
നാൾതോറുംചെയ്യുന്ന നന്മകളോർത്തു
പാടുക നീ എന്നും മനമേ.....(2)

1. അമ്മയെപ്പോലെ താതൻ
താലോലിച്ചണച്ചീടുന്നു
സമാധാനമായ് കിടന്നുറങ്ങാൻ
തന്റെ മാർവ്വിൽ ദിനം ദിനമായ് ...(2)
....സ്തുതി

2. കഷ്ടങ്ങളേറിടുമ്പോൾ
എനിക്കേറ്റമടുത്തതുണയായ്
ഘോരവൈരിയിൻ നടുവിലവൻ
മേശ നമുക്കൊരുക്കിയല്ലോ....(2)
....സ്തുതി

3. പാപത്താൽ വലഞ്ഞീടിലും
തീരാരോഗത്താലലഞ്ഞീടിലും
പിളർന്നീടുന്നൊരടിപ്പിണരാൽ
തന്നിടുന്നു രോഗസൗഖ്യം....(2)
....സ്തുതി

4. സഹായ ശൈലമവൻ
സങ്കേതവും കോട്ടയും താൻ
നടുങ്ങീടുകയില്ലതിനാൽ
തൻ കരുണ ബഹുലമഹോ......(2)
....സ്തുതി

# 102

സ്തുതിച്ചിടുന്നേ ഞങ്ങൾ സ്തുതിച്ചി
ടുന്നേ
സ്തോത്രം പാടി പുകഴ്ത്തീടുന്നേ
ഉയരങ്ങളിൽ ഉന്നതങ്ങളിൽ
അത്യുന്നതനെ നിനക്കു സ്തുതി

1. അത്ഭുതമായവൻ പേർ ചൊല്ലി വിളിച്ച
തൻ പ്രിയ ജനങ്ങളെ
സ്തുതിക്കാം സ്തുതിക്കാം സ്തോത്രം ചെയ്യാം
സ്തുതികൾ ജയത്തിൻ ധ്വനികളല്ലോ
....
സ്തുതി

2. ഈ ദിനം നമുക്കവൻ ദാനമായ് തന്നല്ലോ
നാമൊന്നായ് ഘോഷിച്ചിടാം
സൗഖ്യവും ബലവും ശാന്തിയും തന്ന്
നിത്യവും വഴി നടത്തുന്നതിനാൽ
....
സ്തുതി

3. കഷ്ടതകൾ മറന്നുല്ലസിച്ചീടും
കർത്താവിൻ കുഞ്ഞുങ്ങളെ
ദുഷ്ടന്റെ തന്ത്രം പോരാടി ജയിപ്പാൻ
കർത്താവിൽ അമിതബലം ധരിക്കാം

....സ്തുതി

4. വിവിധങ്ങളാം ദൈവകൃപയുടെ നൽ-
ഗൃഹ വിചാരകന്മാരെ
ശുശ്രൂഷിപ്പിൻ അന്യോന്യം നാം
കൃപാവരത്തിൻ ക്രിയകളിനാൽ
....സ്തുതി

5. നിശ്ചയമായ് നമ്മെ തേജസ്സിൽ ചേർപ്പാൻ
കർത്താവ് വേഗം വരും
നിത്യമനോഹര വാസത്തിനായ് നമു-
ക്കുണരാം ഉണർന്നു പ്രകാശിച്ചിടാം
....സ്തുതി

# 103

സ്തുതി ഗീതം പാടുക നാം
ഉയർത്തുക ജയനാമം

1. സ്തുതിക്കു യോഗ്യനവൻ
സർവ്വശക്തൻ യഹോവ അവൻ
നമ്മെ-സ്നേഹിച്ചു-നമ്മെ വീണ്ടെടുത്തു
സ്വന്തജനമായ് തീർത്തതിനാൽ
....സ്തുതി

2. രോഗിക്കു വൈദ്യനവൻ
സർവ്വശക്തൻ യഹോവ അവൻ
സൗഖ്യം നൽകിതാൻ ശക്തിയേകിടും
എന്നും ആശ്വാസം പകരുമവൻ
....സ്തുതി

3. സേനകളിൻ നായകൻ
സർവ്വശക്തൻ യഹോവ അവൻ
അവൻ മുമ്പിലും-അവൻ പിമ്പിലും
നമ്മെ ജയത്തോടെ നടത്തീടുമെ
.....സ്തുതി

4. രാജാധിരാജനവൻ
സർവ്വശക്തൻ യഹോവ അവൻ
സ്തുതി സ്തോത്രവും എല്ലാ പുകഴ്ചയും
അവനെന്നെന്നും-ആ-മെൻ-
....സ്തുതി

## 104

സ്തുതിപ്പിൻ സ്തുതിപ്പിൻ ദൈവജനമേ
സ്തുകളിന്മേൽ വസിക്കും പ്രിയനെ
അനുദിനമവൻ ചെയ്ത നന്മകൾ
അനല്പമേ മനം മറക്കുമോ-
....സ്തുതി

1. ഉണർന്നുഘോഷിപ്പിൻ സ്വന്തജനമേ
ഹൃദയം നന്ദിയാൽ നിറഞ്ഞു കവിയട്ടെ
പാപകൂപത്തിൽ കിടന്ന നാമിന്നു
പരന്റെ വാഗ്ദത്ത സുത രല്ലോ-
....സ്തുതി

2. വിളിച്ചവനുടെ ഗുണങ്ങൾ ഘോഷിപ്പാൻ
തിരഞ്ഞെടുത്തതാം വിശുദ്ധവംശമേ
ജയപ്രഭുവിന്റെ കൃപ ലഭിച്ചതാൽ
ജയത്തിൻ ഘോഷങ്ങൾ മുഴക്കിടാം-
....സ്തുതി

3. പരന്റെ സ്നേഹത്താൽ പരം പ്രകാശിക്കും
പരിശുദ്ധനുടെ പരമ സംഘമേ
കരങ്ങളിൽ നമ്മെ വഹിക്കുന്നോനവൻ
ഭാരങ്ങൾ ദിനം ചുമക്കുന്നു-
....സ്തുതി

4. കൃപയിന്നാത്മാവിൽ നിറയാം-നമ്മുടെ
ദുരിതങ്ങൾ ഹിമം പോലെയലിയട്ടെ
പരമ വിളിയുടെ വിരുതിനായ് നമ്മെ
വിളിച്ചവനെന്നും നടത്തിടും-
....സ്തുതി

5. വ്യതഗണങ്ങളെ ചേർക്കുവാനായ് നീ
വരുന്ന കാലമിങ്ങടുത്തു പോയതാൽ
അതിനായ് ഞങ്ങളെയൊരുക്ക വേഗമായ്
ആമെൻ കർത്താവെ നീ വരണമേ-
....സ്തുതി

# 105

സ്തുതിപ്പിൻ സ്തുതിപ്പിൻ സ്തുതിപ്പിൻ
യഹോവയെ സ്തുതിപ്പിൻ
വരുവിൻ വണങ്ങിൻ വന്ദിപ്പിൻ
ആരാധിച്ചാർത്തീടുവിൻ
സ്തുതിമംഗളം ജയമംഗളം യേശു മഹേശന്
ആരാധന ആരാധന ദേവാധിദേവന്

1. യാഹെന്ന ദൈവമെന്നടിയനായുള്ളതാൽ
   യാതൊരു കുറവുമില്ല (2)
   പച്ചയായ് പുൽപുറങ്ങളിൽ മെച്ചമായി
   കിടത്തുന്നെന്നെ
   സ്വസ്ഥമാം ജലത്തിനരികിൽ
   സ്വസ്ഥതയും നൽകീടുന്നവൻ
   ....സ്തുതിപ്പിൻ

2. കൂരിരുൾ താഴ്വരയതിൽ നടന്നാലും
   യാതൊരു ഭയവുമില്ല (2)
   എന്നുമെന്നും എന്നോടു കൂടെ
   എന്നിടയൻ വസിച്ചിടുന്നു
   തൻവടിയും കോലുമത് എന്നുമെന്നിൽ
   നൽകുന്നാശ്വാസം
   .....സ്തുതിപ്പിൻ

3. എന്നുള്ളം തണുപ്പിക്കും അനുദിനം നയിക്കും
   നീതിയിൻ പാതകളിൽ (2)
   ശത്രുവിൻ മുമ്പാകെ എനിക്കായ്
   മൃഷ്ടഭോജ്യം ഒരുക്കുന്നവൻ
   എണ്ണകൊണ്ടെൻ ശിരസഖിലം
   അഭിഷേകം ചെയ്തിടുന്നവൻ
   ....സ്തുതിപ്പിൻ

4. നന്മയും കരുണയും അനുദിനമെന്നെ
   ആയുസ്സിൽ അനുഗമിക്കും (2)
   ദീർഘകാലം വസിച്ചീടും ഞാൻ
   യഹോവയിൻ ആലയത്തിൽ
   എന്നുമെന്നും ആരാധിച്ചീടും ഹല്ലേലുയ്യാ
   ഗീതം പാടിടും
   ....സ്തുതിപ്പിൻ

# 106

സ്തുതിപ്പിൻ! സ്തുതിപ്പിൻ! യേശുദേവനെ
-ഹല്ലെലുയ്യാ പാടി
സ്തുതിപ്പിൻ! സ്തുതിപ്പിൻ! യേശുദേവനെ
സ്തുതിപ്പിൻ ലോകത്തിൻ-പാപത്തെ
നീക്കുവാൻ
അധിപനായ് വന്ന-ദൈവകുഞ്ഞാടിനെ
....സ്തുതി

1. കരുണ നിറഞ്ഞ കണ്ണുള്ളോനവൻ-
തൻ ജനത്തിൻ കരച്ചിൽ
കരളലിഞ്ഞു കേൾക്കും കാതുള്ളോൻ-
ലോക പാപച്ചുമടിനെ
ശിരസ്സുകൊണ്ടു ചുമന്നൊഴിപ്പതിനു
കുരിശെടുത്തു ഗോൽ-
ഗോഥാവിൽ പോയോനെ
....സ്തുതി

2. വഴിയും സത്യവും ജീവനുമിവനെ-
അവനരികിൽ വരുവിൻ
വഴിയുമാശ്വാസ-മേകുമേ അവൻ-
പാപച്ചുമടൊഴിച്ചവൻ
മഴയും മഞ്ഞും പെയ്യുമ്പോലുള്ളിൽ കൃപ
പൊഴിയുമേ മേഘത്തൂണിൽ നിന്നു പാടി
....സ്തുതി

3. മന്നവമന്നനാകുന്ന മശിഹായെ-
മഹാസേനയിൻ കർത്തനെ
മണ്ണും വിണ്ണും പടച്ചവനെ മനുവേല-
മനുനന്ദനെ പര
നന്ദനനെ മേരി-നന്ദനെ രാജ-
നന്ദനെ നിങ്ങൾ-നന്ദിയോടു പാടി .
....സ്തുതി

4. ഹല്ലേലുയ്യാ പാടി സ്തുതിപ്പിൻ
യേശുവേ യേശുനാമത്തിനുജയം
അല്ലലെല്ലാമവനകലെക്കളയുമേ-
യേശു രാജാവിന്നോശന്ന!
നല്ലവനാമേശു!- നാഥൻ വരും സർവ്വ
വല്ലഭാ! യേശുവേ! വേഗം വരേണമേ
....സ്തുതി

## 107

സ്തോത്രമോടിന്നിതാ അണഞ്ഞിടുന്നു
നിൻകൃപാ ദാനങ്ങൾ പകർന്നീടണെ
നന്ദിയല്ലാതൊന്നും നൽകീടുവാൻ
എൻ ജീവിതത്തിൽ ഇല്ല യേശുനാഥാ (2)

(സ്തോത്ര)

1. കാരുണ്യം തൂകുന്ന നിൻ കണ്ണുകൾ
വാത്സല്യമേകുന്ന നിൻ മൊഴികൾ (2)
എൻ ജീവിതത്തിൽ ശാന്തി ഏകീടുവാൻ
കാരുണ്യവാരിധേ കനിയേണമേ (2)

(സ്തോത്ര)

2. സ്നേഹം നിറഞ്ഞ നിൻ സാമീപ്യവും
ആശ്വാസമേകുന്ന സാന്നിദ്ധ്യവും (2)
എൻ ജീവിതത്തിൽ പുണ്യം ആയിടുവാൻ
സ്നേഹനാഥാ മനസ്സലിയണമേ (2)

(സ്തോത്ര)

3. ക്രൂശിൽ സഹിച്ച നിൻ യാതനയും
എൻ പേർക്കായ് ഏറ്റതാം വേദനയും (2)
എൻ പ്രാണപ്രിയാ നന്ദിയോടോർക്കുമ്പോൾ
സ്തോത്രമല്ലാതെന്തു നൽകിടും ഞാൻ (2)

(സ്തോത്ര)

# 108

സ്തോത്രഗീതം പാടുക നീ മനമേ!
കർത്തൻ ജയം നല്കിടും നിശ്ചയമേ

1. താഴ്ചയിൽ നമ്മെ ഓർത്തവന്
വീഴ്ചയെന്നിയെ കാത്തവന്
കാഴ്ചയാലല്ല വിശ്വാസത്താലെ
വാഴ്ചയേകി നിത്യം ചേർത്തവന്

....സ്തോത്ര

2. ശത്രുവിൻ തല തകർത്തവന്
മാത്രയിൽ ജയം തന്നവന്
ശത്രുമുമ്പാകെ മേശയൊരുക്കും
മിത്രനാമേശുവെ സ്തുതി മനമെ!
.....സ്തോത്ര

3. ഒന്നിലും പതറീടരുതെ
കണ്ണീരിൻ വഴിപോയിടിലും
മന്നരിൽ മന്നവൻ നിന്നോടുകൂടെ
എന്നുമവൻ നിന്നെ വഴി നടത്തും
....സ്തോത്ര

4. പാറയിൽ നിന്നും തേൻ പൊഴിയും
ജീവനീരിൽ നിന്നും നീ കുടിക്കും
മരുഭൂപ്രയാണം കഴിയുംവരെയും
മറയ്ക്കുമവൻ നിന്നെ ചിറകടിയിൽ
.....സ്തോത്ര

5. ആശിച്ചദേശം കാണുകയായ്
ക്ലേശമഖിലവും തീരുകയായ്
യേശു മണാളൻ ചേർത്തിടും വേഗം
ശോഭിത മണവാട്ടിയായി നിന്നെ
....സ്തോത്ര

# 109

സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തിടുമേ
ദേവാധിദേവനെ രാജാധിരാജാവെ
വാഴ്ത്തി വണങ്ങീടുമേ

1. അത്ഭുത നിത്യസ്നേഹം എന്നിൽ
സന്തതം തന്നീടും ദൈവസ്നേഹം
ഇന്നും മാറാത്ത ദിവ്യസ്നേഹം
എന്നിൽ വസിക്കും സ്നേഹം-
....സ്തോത്ര

2. ജ്യോതിയായി കാണും സ്നേഹം -ഉള്ളിൽ
ജീവൻ തന്നു എന്നെ വീണ്ട സ്നേഹം
ത്യാഗം സഹിച്ച ക്രൂശിൻ സ്നേഹം
ദിവ്യമധുര സ്നേഹം
......സ്തോത്ര

3. മായാലോകത്തിൻ മോഹം-തേടി
ശാപമേറ്റ എന്നെ വീണ്ട സ്നേഹം
എന്നെ നേടിയ ദിവ്യസ്നേഹം
എന്നിൽ പെരുകും സ്നേഹം-
.....സ്തോത്ര

4. ജീവനേകിയ സ്നേഹം-സർവ്വ
ലോകത്തിൻ ശാപത്തെ നീക്കും സ്നേഹം
ജീവശക്തിയാം ക്രൂശിൻ സ്നേഹം
ഉള്ളം കവരും സ്നേഹം-
.....സ്തോത്ര

5. വാക്കു മാറാത്ത സ്നേഹം-തിരു
വാഗ്ദത്തം തന്നെന്നെ നിർത്തും സ്നേഹം
സർവ്വ വല്ലഭനാം എൻ നാഥാ
സ്തോത്രം സ്തുതി നിനക്കേ-
......സ്തോത്ര

## 110

സ്തോത്രത്തിൻ ഗാനങ്ങൾ
പാടിടും ഞാനെന്നും
എൻ പ്രിയ നാഥനാമേശുവിന്
തിന്മകൾ ഓർക്കാതെ
നന്മകൾ നല്കിയോൻ
യാഗമായ് തീർന്നെന്നെ വീണ്ടെടുത്തു (2)

.....സ്തോത്ര

1. ആരുമില്ലാതെ ഞാൻ ഏകനായീടുമ്പോൾ
ആശ്വാസം കാണും നിൻ സാന്നിധ്യത്തിൽ (2)
ആശ്രയിക്കും നിത്യം ആ തിരുപാദത്തിൽ
ആനന്ദിക്കും എന്നും ആ മുഖശോഭയിൽ(2)
.....സ്തോത്ര

2. രോഗക്കിടക്കയിൽ കൂടെയിരുന്നിടും
കർത്താവിൻ സാമീപ്യം ആശ്വസമേ (2)
പാപഭാരം പേറി താളടിയാകുമ്പോൾ
പൊൻകരം തന്നെന്നെ താങ്ങി നടത്തിടും (2)
.....സ്തോത്ര

3. ആത്മഫലങ്ങളാൽ ശക്തീകരിക്കെന്നും
വിശ്വാസധീരനായ് വേല ചെയ്‌വാൻ (2)
ദോഷൈക ശക്തികൾരൂക്ഷമായീടുമ്പോൾ
ദൈവിക ശക്തിയാൽ ജീവൻ പകർന്നിടു (2)
.....സ്തോത്ര

# 111

സ്തോത്ര ഗാനങ്ങൾ പാടി പുകഴ്ത്തിടുമെ
എല്ലാ നാളിലും എൻ ജീവിതത്തിൽ

1. നിന്റെ ദയ എൻ പ്രാണനെ കാത്തു കൊണ്ടതാൽ
എന്റെ അധരം നിന്നെ കീർത്തിക്കുമേ
എന്റെ ജീവകാലമെല്ലാം പുതുഗാനത്താൽ
അതുല്യനാമത്തെ സ്തുതിച്ചിടുമെ
......സ്തോ

2. നിന്റെ നാമമല്ലോ എന്നും എന്റെ ആശ്രയം
നിന്നിൽ മാത്രം ഞാനെന്നും ആനന്ദിക്കും
നിന്നിലല്ലോ നിത്യ ജീവഉറവ
ജീവവഴിയും നീ മാത്രമല്ലോ-
......സ്തോ

3. നിന്റെ വലങ്കൈ എന്നെ താങ്ങി നടത്തും
എന്റെ കാലുകൾ തെല്ലും ഇടറിടാതെ
എന്റെ ഗമനത്തെ നീ സുസ്ഥിരമാക്കൂ
നിന്റെ വഴിയിൽ ഞാൻ നടക്കുവാനായ്-
.....സ്തോ

# 112

സ്തോത്രം ദേവാ, സ്തോത്രം നാഥാ
സ്തോത്രമിന്നുമെന്നുമെ സ്തോത്രം ദേവാ

1. കരുതിടുന്നു കരുണാമയൻ
കരകാണാകടലിതിൽ കണ്മണിപോൽ
ഒരുനാളിലും പിരിയാതവൻ
അരികെയുണ്ടാശ്വാസദായകനായ്
....സ്തോത്രം

2. നശ്വരമാകുമീലോകമതിൽ
ആശവച്ചീയേഴ ഓടരുതേ
ഈശാ നിൻ പൊൻമുഖം മാത്രമെന്നിൽ
ആശാകിരണം ചൊരിഞ്ഞീടണേ
....സ്തോത്രം

3. പരിഹാസങ്ങൾ പീഡനങ്ങൾ
നിൻമക്കൾക്കേറെയുണ്ടീയുലകിൽ
കെൽപേകുമേശുവെ, നിൻ നിന്ദയെൻ
വർദ്ധനമായെണ്ണി സ്വീകരിപ്പാൻ
.....സ്തോത്രം

# 113

സ്തോത്രം യേശുവേ! സ്തോത്രം
യേശുവേ! നിന്നെ-
മാത്രം നന്ദിയോടെ
എന്നും വാഴ്ത്തിപ്പാടും ഞാൻ

1. ദാസനാമെന്റെ നാശമകറ്റാൻ
   നരവേ-ഷമായവതരിച്ച ദൈവജാതനെ-
   ....സ്തോത്രം

2. പാപത്തിന്നുടെ ശാപശിക്ഷയാം-ദൈവ-
   കോപത്തീയിൽ വെന്തെരിഞ്ഞ
   ജീവനാഥനേ!-
   ....സ്തോത്രം

3. ശത്രുവാമെന്നെ നിൻ
   പുത്രനാക്കുവാൻ എന്നിൽ
   ചേർത്ത നിൻ കൃപയ്ക്കനന്തം
   സ്തോത്രം യേശുവേ!-
   ....സ്തോത്രം

4. ആർത്തികൾ തീർത്ത
   കരുണാസമുദ്രമേ! നിന്നെ
   സ്തോത്രം ചെയ്വാനെന്നെ
   എന്നും പാത്രനാക്കുക
   ....സ്തോത്രം

5. ജീവനാഥനേ! ദേവനന്ദനാ! നിന്റെ
   ജീവനെന്നിൽ തന്നതിനായ്
   സ്തോത്രം യേശുവേ!-
   ....സ്തോത്രം

6. നാശലോകത്തിൽ ദാസനാമെന്നെ സൽപ്ര-
   കാശമായ് നടത്തിടേണം യേശുനാഥനേ-
   ....സ്തോത്രം

# 114

1. ഹാ! മനോഹരം യാഹേ നിന്റെ ആലയം
   എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
   ദൈവമേ എന്നുള്ളം നിറയുന്നേ
   ഹല്ലേലുയ്യാ പാടും ഞാൻ

   **ദൈവം നല്ലവൻ എല്ലാവർക്കും വല്ലഭൻ**
   തൻമക്കൾക്കെന്നും പരിചയായ് (2)
   നൻമയൊന്നും മുടക്കുകയില്ല
   നേരായ് നടപ്പവർക്ക്

2. ഒരു സങ്കേതം നിന്റെ യാഗപീഠങ്ങൾ
   മീവൽ പക്ഷിയ്ക്കും ചെറുകുരികിലിനും
   രാവിലെ നിൻ നന്മകളെ ഓർത്ത്
   പാടി സ്തുതിച്ചിടുന്നു

   ....ദൈവം

3. ഞങ്ങൾ പാർത്തിടും നിത്യം നിന്റെ ആലയെ
   ഞങ്ങൾ ശക്തരാം എന്നും നിന്റെ ശക്തിയാൽ
   കണ്ണുനീരും കഴുമരമെല്ലാം
   മാറ്റും അനുഗ്രഹമായ്......

   .....ദൈവം

## ക്രിസ്തുവിങ്കലേക്കുള്ള ക്ഷണം

# 115

ഇത് സുപ്രസാദകാലം
ഇന്നല്ലോ രക്ഷയിൻ സുദിനം
ദൈവവിളയെ ത്യജിക്കരുതേ
ദൈവകൃപയെ അഗണ്യമാക്കുരുതേ

സമർപ്പിക്ക നിന്നെ പൂർണ്ണമായ്
ദൈവസന്നിധിയിൽ വിനയമോടെ (2)
....ഇത് സുപ്ര

1. ഇഹലോക ജീവിതം മായയെന്നറിക
നിഴൽ പോൽ മാഞ്ഞിടുമേ
പരലോകവാസത്തിൽ നിത്യ സന്തോഷം
പ്രാപിക്കാം പരൻ കൃപയാൽ
....ഇത് സുപ്ര

2. വെടിയുവാൻ പാപങ്ങൾ അകൃത്യങ്ങളഖിലം
വെടിയുവാൻ ലോകസ്നേഹം
തിരുനിണത്താൽ നാഥൻ ശുദ്ധമാക്കിടും
നൽകീടും പുതു നന്മകൾ
....ഇത് സുപ്ര

3. നിനയാത്ത നേരത്തിൽ യേശു വന്നീടുമേ
ന്യായാധിപാലകനായ്
തിരുഹിതം ചെയ്തെന്നും വിശുദ്ധിയിൽ വസിപ്പിൻ
തിരുരാജ്യേ ചേർത്തിടുമേ
....ഇത് സുപ്ര

# 116

1. ഇന്നു നീ ഒരിക്കൽകൂടി
ദൈവവിളി കേട്ടല്ലോ...
രക്ഷിതാവു സ്നേഹത്തോടെ
കാത്തിരിക്കുന്നുണ്ടല്ലോ....

ഇന്നു തന്നെ.... യേശു നിന്നെ
രക്ഷിപ്പാനായ് കാക്കുന്നു.....
ഭയം വേണ്ട ശങ്കിക്കേണ്ട
വാ.... അവങ്കൽ നീ ഇന്ന് ....

2. എത്രനാൾ വൃഥാവായ് ഓടി
മനുഷ്യാ നിൻ ജീവിതം
ലോകത്തിന്റെ ഇമ്പം തേടി
കഴിച്ചു നീ ഈവിധം....
.....ഇന്നുതന്നെ

3. കൈക്കൊള്ളാതെ തള്ളുമെന്ന്
ഒട്ടും വേണ്ട സംശയം
രക്ഷിതാവ് നിന്നെയിന്ന്....
സ്വന്തമാക്കിത്തീർത്തിടും .....
......ഇന്നുതന്നെ

# 117

ഓടിവാ കൃപയാം നദിയരികിൽ
നിന്റെ മലിനത നീക്കാൻപാപി
ഓടിവാ കൃപയാം നദിയരികിൽ

1. തേടി നിന്നെ കാണ്മാനേറ്റം
വാടിവഴന്നവനുള്ളം
ഓടിവന്നു പാടുകളങ്ങേറ്റു കുരിശിൽ
നേടി നിന്റെ രക്ഷ യേശു
മോടിയോടുയിർത്തു
പിതാവോടിരുന്നു മദ്ധ്യസ്ഥനായ്
കേണപേക്ഷിക്കുന്നു വേഗം-

.....ഓടി

2. അശുദ്ധികളൊഴിച്ചു നിൻ
അകൃത്യങ്ങളകറ്റിടാൻ
വിശുദ്ധിയിന്നുറവയെത്തുറന്ന മാർവ്വിൽ
കുളിച്ചു നീയനുദിനം
വെളുപ്പിച്ചങ്കിയെപ്പിന്നെ
കുടിച്ചീടിൽ തടിച്ചു-
നീ വിശുദ്ധനായ് വളർന്നിടും-

.....ഓടി

3. പരിശുദ്ധാത്മാവു നിന്റെ
മരണാവസ്ഥയെ കണ്ടു
കരളലിഞ്ഞരികിൽ വന്നെടുത്തു നിന്നെ
തിരുജീവൻ ഊതി നിന്നിൽ
മറുരൂപമാക്കി നിന്നെ
തിരുസ്നാനം നൽകിയവൻ
പരിശുദ്ധനായ് നടത്തും-

.....ഓടി

4. സത്യമാം തിരുവചനം
ശുദ്ധിവരുത്തിടും നിന്നെ
ശുദ്ധിയിൻ വഴിയതിൽ നടത്തും വചനം
നിത്യം നിന്റെ പാദങ്ങൾക്കു
സത്യവെളിച്ചം തന്നിട്ടു
ശുദ്ധതയിൻശുദ്ധസ്ഥലത്ത്
എത്തുവോളം തുണച്ചിടും-

.....ഓടി

# 118

ജീവിത യാത്രക്കാരാ - കാലടികൾ എങ്ങോട്ട്
നാശത്തിൻ പാതയോ - ജീവന്റെ മാർഗ്ഗമോ
ലക്ഷ്യം നിൻ മുമ്പിലെന്ത്?

1. അൻപിൻ രൂപി യേശുനാഥൻ -
നിന്നെ വിളിക്കുന്നില്ലേ
പോകല്ലേ നീ അന്ധനായി -
ലോക സൗഭാഗ്യം തേടി
പൊന്നിൻ ചിറകു നിനക്കു മീതെ -
കർത്തൻ വിരിച്ചതു കാണുന്നില്ലേ
സൂര്യനിൻ താപമോ ഘോരമാം മാരിയോ
നിന്നെ അലട്ടായെൻ പൊൻമകനെ-
......ജീവിത

2. വൈഷമ്യമാം - മേടുകളിൽ -
എങ്ങനെ നീ കടക്കും
എങ്ങനെ നീ യോർദ്ദാനിന്റെ
അക്കരെ ചെന്നു ചേരും
നിൻ തോണിയിൽ കർത്തനേശു ഉണ്ടോ?
നിൻ നാവിൽ പ്രാർത്ഥനാ ഗാനമുണ്ടോ?
പുത്തൻ ഗാനാലാപം പാടി സ്തുതിക്കുവാൻ
ഹൃത്തിടെ സ്വർഗ്ഗീയ ശാന്തിയുണ്ടോ?
....ജീവിത

3. വിശ്വാസത്തിൽ തോണിതന്നിൽ
പോകുന്ന യാത്രക്കാരാ
പാറക്കെട്ടിൽ തട്ടാതെ നീ
അക്കരെ ചെന്നീടുമോ?
ഓളങ്ങൾ ഏറുന്ന സാഗരത്തിൽ
ജീവിതതോണി അലഞ്ഞീടുമ്പോൾ
ആരുണ്ട് കൈത്താങ്ങായ്,
ആരു സഹായിക്കും
കപ്പിത്താൻ യേശുവല്ലാതെ നിന്നെ?-
....ജീവിത

## 119

തിരുനാമകീർത്തനം പാടുവാൻ
അല്ലെങ്കിൽ നാവെനിക്കെന്തിനു നാഥാ
അപദാനം എപ്പോഴും ആലപിച്ചില്ലെങ്കിൽ
അധരങ്ങൾ എന്തിനു നാഥാ
ഈ ജീവിതം എന്തിനു നാഥാ (2)

1. പുലരിയിൽ ഭൂപാളം പാടിയുണർത്തുന്ന
   കിളികളോടൊന്നു ചേർന്നാർത്തു പാടാം (2)
   പുഴയുടെ സംഗീതം ചിറകേറ്റിയെത്തുന്ന
   കുളിർകാറ്റിൽ അലിഞ്ഞു ഞാൻ പാടാം (2)
   തിരുനാമ....

2. അകലെ ആകാശത്തു വിരിയുന്ന താര തൻ
   മിഴികളിൽ നോക്കി ഞാൻ ഉയർന്നു പാടാം (2)
   വാനമേഘങ്ങളിൽ ഒടുവിൽ നീയെത്തുമ്പോൾ
   മാലാഖമാരൊത്തു പാടാം (2)
   തിരുനാമ.....

# 120

1. മാറിടാത്ത യേശുനാഥൻ
മാറ്റും നിന്റെ വേദന
പാപത്താലും രോഗത്താലും
കലങ്ങിടേണ്ട കടന്നു വാ

കടന്നു വാ കടന്നു വാ
യേശു നിന്നെ വിളിക്കുന്നു (2)

2. ലോകബന്ധം കൈവെടിയും
ദ്രോഹിച്ചു നിന്നെ പുറന്തള്ളും
പാവനൻ താൻ സ്നേഹത്തോടെ
അരികിലുണ്ട്-കടന്നു വാ-
......കടന്നു വാ

3. ലോകത്തിൻ ഭാരം ചുമക്കും
യേശുവിങ്കൽ നീ കടന്നു വാ
തളർന്ന നിന്റെ അന്തരാത്മ-
ക്ലേശം നീക്കും-കടന്നുവാ
.....കടന്നു വാ

# 121

1. മുട്ടി മുട്ടി വാതിലിൽ വന്നു നിൽപതാർ
   മകനെയെന്നോതിയെന്നേശുപരൻ
   നിന്നെ വീണ്ട പ്രിയ സ്നേഹിതൻ താൻ
   പിന്നെയെന്തു മടി നീ തുറപ്പാൻ
   സ്നേഹഭോജ്യമവനും
   നീയുമൊത്തു ഭുജിപ്പാൻ
   സ്നേഹിതനെപ്പോലവൻ കെഞ്ചിടുന്നു
   ....മുട്ടി
2. സൂര്യോദയനേരം മുതലന്തിയോളം
   സോദരരെ ഈ വിളി കേൾപ്പതില്ലേ
   സ്ഥാനമാനമഹിമാധികളാൽ
   ഹീനമായ്ക്കരുതിടായ്കിതു നീ
   മാറ്റിമാറ്റി വയ്ക്കല്ലേ കാലമിനീം നീട്ടല്ലേ
   മൃത്യുവന്നണഞ്ഞിടുവതാരറീവൂ-
   ....മുട്ടി
3. എന്നുമെങ്ങും കേൾക്കുമീ രക്ഷാസന്ദേശം
   നിന്നുപോമെന്നോർക്കണമീക്ഷണം നീ
   ഘോരഘോര ദുരിതാകുലമാം
   ഭീതിയാം ദിനമതാഗതമാം
   കുന്നുമലതന്നോടന്നിരന്നാൽ രക്ഷ
   തന്നിടുവതില്ലിന്നു തൻ വിളികേൾ-
   ....മുട്ടി

# 122

യേശു വിളിക്കുന്നു യേശു വിളിക്കുന്നു
സ്നേഹമോടെ തൻ കരങ്ങൾ നീട്ടി
യേശു വിളിക്കുന്നു

1. ആകുല വേളകളിൽ ആശ്വാസം
നൽകിടും താൻ
എന്നറിഞ്ഞു നീയും യേശുവേ നോക്കിയാൽ
എണ്ണമില്ലാ നന്മ നൽകിടും താൻ
....യേശു

2. കണ്ണീരെല്ലാം തുടയ്ക്കും കണ്മണി
പോലെ കാക്കും
കാർമേഘം പോലെ കഷ്ടങ്ങൾ വന്നാലും
കനിവോടെ നിന്നെ കാത്തിടും താൻ
.....യേശു

3. മനഃക്ലേശം നേരിടുമ്പോൾ ബലം
നിനക്കു നൽകും
അവൻ നിൻ വെളിച്ചവും രക്ഷയുമാകയാൽ
താമസമെന്യേ നീ വന്നീടുക
.....യേശു

# 123

1. രക്ഷിതാവിനെ കാൺക പാപി
നിന്റെ പേർക്കല്ലയോ ക്രൂശിന്മേൽ തൂങ്ങുന്നു

2. കാൽവറി മലമേൽ നോക്കു നീ
കാൽകരം ചേർന്നിതാ
ആണിമേൽ തൂങ്ങുന്നു

3. ധ്യാനപീഠമതിൽ കയറി
ഉള്ളിലെ കണ്ണുകൾ കൊണ്ടു നീ കാണുക

4. പാപത്തിൽ ജിവിക്കുന്നവനേ
നിന്റെ പേർക്കല്ലയോ തൂങ്ങുന്നീ രക്ഷകൻ

5. തള്ളുക നിന്റെ പാപമെല്ലാം
കള്ളമേതും നിനയ്ക്കേണ്ട നിന്നുള്ളിൽ നീ

6. ഉള്ളം നീ മുഴുവൻ തുറന്നു
തള്ളയാം യേശുവിൻ കയ്യിലേൽപ്പിക്ക നീ

# 124

ലോകത്തിൻ മോഹങ്ങളാൽ
വിരഞ്ഞോടിടുമെൻ പ്രിയരെ
നാശത്തിൻ കൂപമതിൽ വീഴാതേശു
വിളിക്കുന്നിതാ

1. അദ്ധ്വാനിക്കുന്നവരെ ഇന്നു
ഭാരം ചുമക്കുന്നോരെ
ആശ്വാസമേകുമവൻ നിന്റെ ആനന്ദ
ദായകൻ താൻ
സ്നേഹമായ് നിന്നെ വിളിക്കുന്നിതാ-
യേശു വിളിക്കുന്നിതാ-

2. ആശയറ്റേവരുമെ, നിരാശ്രയരായവരെ
ആശ്രയമേകുമവൻ നിന്റെ
ആനന്ദദായകൻ താൻ
സ്നേഹമായ് നിന്നെ വിളിക്കുന്നിതാ -
യേശു വിളിക്കുന്നിതാ-

3. തത്കാല മോദത്തിനായ്-
സുഖഭോഗങ്ങൾ തേടുവോരേ
നിത്യസന്തോഷത്തിനായ്-
രക്ഷാദായകൻ ചാരേ വരൂ
സ്നേഹമായ് നിന്നെ വിളിക്കുന്നിതാ-
യേശു വിളിക്കുന്നിതാ-

4. രോഗത്തിൻ കാഠിന്യത്താൽ ഏറ്റം
ഭാരപ്പെടുന്നോരെ
രോഗിക്കു വൈദ്യനവൻ പിന്നെ
പാപിക്കു രക്ഷയും താൻ
സ്നേഹമായ് നിന്നെ
വിളിക്കുന്നിതാ-യേശു വിളിക്കുന്നിതാ

# 125

വരുവീൻ ഈ നല്ല സമയം വൃഥാവാക്കാതെ
നിന്നെ യേശു വിളിച്ചീടുന്നു

1. വാഴ്‌വിൻ നാളെല്ലാം വീൺനാളായ്
ഭാരത്തോടെ നീ കഴിക്കുകയോ
വന്നുടൻ പാദം തേടീടുകിൽ
വിണ്ണതിൽ നിന്നെ ചേർത്തിടുമേ
....വരുവീൻ ഈ

2. കെട്ടിയ വീടും നിലം പൊരുളും
കണ്ടിടും ഉറ്റോർ ഉടയവരും
കുടുവിട്ടുനിൻ ജീവൻ പോയാൽ
കൂടെ വരാതെ വേർപെടുമേ-
....വരുവീൻ ഈ

3. ഉലകം മായ അഴകു സമം
അതു നമ്പാതെ മയക്കും നിന്നെ
മരണം ഒരു നാൾ വന്നിടുമേ
മറക്കാതെ നിൻ രക്ഷകനെ
....വരുവീൻ ഈ

4. വാനത്തിൻ കീഴെ ഭൂമി മീതെ
വാനവനേശു നാമമെന്യേ
രക്ഷിപ്പാൻ മാർഗ്ഗം വേറെയില്ല
രക്ഷകൻ യേശു താൻ വഴിയേ
....വരുവീൻ ഈ

5. തീരാത്ത പാപം വ്യാധിയേയും
മാറാത്ത എല്ലാ ബലഹീനവും
ഘോര കുരിശിൽ ചുമന്നു നിന്നെ
സൗഖ്യമാക്കി തൻ അടിപ്പിണരാൽ
....വരുവീൻ ഈ

6. സത്യവചനം കേട്ടു നീ വാ-
നിത്യജീവൻ നിനക്കേകിടുമേ
നിൻ പേരും ജീവപുസ്തകത്തിൽ
ഉൺമയായ് ഇന്നു എഴുതീടുമേ
....വരുവീൻ ഈ

# 126

വരുവീൻ യേശുവിന്നരികിൽ എത്ര നല്ലവൻ
താൻ രുചിച്ചറിവിൻ
വരുവിൻ കൃപകൾ പൊഴിയും
കുരിശിന്നരികിൽ...

1. കൃപമേൽ കൃപയാർന്നിടുവാൻ
   നമ്മൾ പരമ പാദം ചേർന്നിടുവീൻ
   ധരയിൽ നടന്ന തൻ ചരണം
   നിങ്ങക്കുളും ശാശ്വത ശരണം
   രാവും പകലും മുൻപിൽ
   നിൽപവൻ തുണയായ്

....വരുവീൻ

2. പരിശോധനകൾ വരികിൽ
   മനം പതറാതാശ്രയിച്ചീടുകിൽ
   ബലഹീനതയിൽ കവിയും
   കൃപമതിയെന്നാശ്രയിച്ചീടുകിൽ
   വരുവിൻ വിനകൾ തീരും
   സകലവും ശുഭമായ്

.....വരുവീൻ

3. സ്നേഹിതരേവരും വെടിഞ്ഞാൽ
   അതു യേശുവിനോടു നീ പറഞ്ഞാൽ
   സ്നേഹിതരില്ലാ കുരിശിൽ
   പെട്ട പാടുകളെഴും തൻ കരത്താൽ
   നന്നായ് നടത്തും വീട്ടിൽ ചേരുംവരെയും

.....വരുവീൻ

4. ഒരുനാൾ നശ്വരലോകം
   വിട്ടുപിരിയും നാമതിവേഗം
   അങ്ങേ കരയിൽനിന്നും
   നാം നേടിയതെന്തെന്നറിയും
   ലോകം വെറുത്തോർ വില നാം അന്നാളറിയും

.....വരുവീൻ

# 127

1. ശുദ്ധിക്കായ് നീ യേശു സമീപേ പോയോ
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ
പൂർണ്ണാശ്രയം ഈ നിമിഷം തൻകൃപ
തന്നിൽവച്ചോ ശുദ്ധിയായോ നീ?

കുളിച്ചോ കുഞ്ഞാട്ടിൻ ആത്മശുദ്ധി
നൽകും രക്തത്തിൽ
ഹിമംപോൽ നിഷ്കളങ്കമോ നിൻ അങ്കി
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ!

2. അനുദിനം രക്ഷകൻ പക്ഷത്തോ നീ
ശുദ്ധിയായ് നടന്നീടുന്നതു
ക്രൂശേറിയ കർത്തനിൽ നിനക്കുണ്ടോ
വിശ്രമം നാഴികതോറുമേ
....കുളിച്ചോ

3. കർത്തൻ വരവിൽ നിൻ അങ്കി ശുദ്ധമോ
ഏറ്റവും വെൺമയായ് കാണുമോ
സ്വർപ്പുരത്തിൽ വാസം ചെയ്തീടാൻ യോഗ്യ-
പാത്രമായ് തീരുമോ അന്നാളിൽ-
....കുളിച്ചോ

4. പാപക്കറ ഏറ്റ അങ്കി നീ നീക്കി
കുഞ്ഞാട്ടിൻ രക്തത്തിൽ കുളിക്ക
ജീവനീർ ഒഴുകുന്നു അശുദ്ധർക്കായ്
കുളിച്ചു ശുദ്ധിയായീടുക-
.....കുളിച്ചോ

# പരിശുദ്ധാത്മാവ്

## 128

അഭിഷേകം അഭിഷേകം
പരിശുദ്ധാത്മാവിന്റെ അഭിഷേകം (2)
അന്ത്യകാലത്ത് സർവ്വ ജഡത്തിന്മേലും
പരിശുദ്ധാത്മാവിന്റെ അഭിഷേകം (2)
അഭിഷേകം........

1. അഭിഷേകത്തിന്റെ ശക്തിയാൽ
എല്ലാ നുകവും തകർന്നുപോകും
വചനത്തിന്റെ ശക്തിയാൽ
എല്ലാ കെട്ടുകളും അഴിഞ്ഞുമാറും
അന്ധകാര ബന്ധനങ്ങൾ ഒഴിഞ്ഞുപോകും
അഭിഷേകത്തിന്റെ ശക്തി വെളിപ്പെടുമ്പോൾ (2)
അഭിഷേകം......

2. കൊടിയ കാറ്റടിക്കുംപോലെ
ആത്മ പകർച്ചയിൽ ശക്തിപെരുക്കും
അഗ്നിജ്വാല പടരുംപോലെ
പുതുഭാഷകളാൽ സ്തുതിക്കും

അടയാളം കാണുന്നല്ലോ അത്ഭുതങ്ങളും
അന്ത്യകാലത്തിന്റെ ഓരോ ലക്ഷണങ്ങളും (2)
അഭിഷേകം....

3. ചലിക്കുന്ന പ്രാണികൾപോൽ
ശക്തി ലഭിക്കും ജീവൻ പ്രാപിക്കും
ജ്വലിക്കുന്ന തീപ്പന്തംപോൽ
കത്തിപ്പടരും അഭിഷേകത്താൽ
ചാവാറായ ശേഷിപ്പുകൾ എഴുന്നേൽക്കും
പുതുജീവനാൽ കുതിച്ചാർത്തു പാടും(2)

## 129

1. ആശിസ്സാം മാരിയുണ്ടാകും
ആനന്ദവാഗ്ദത്തമേ
മേൽനിന്നു രക്ഷകൻ നൽകും
ആശ്വാസകാലങ്ങളെ
ആശിസ്സാംമാരി
ആശിഷം പെയ്യണമേ
കൃപകൾ വീഴുന്നു ചാറി
വന്മഴ താ! ദൈവമേ!

2. ആശിസ്സാം മാരിയുണ്ടാകും
വീണ്ടും നൽ ഉണർവുണ്ടാം
കുന്നു പള്ളങ്ങളിന്മേലും
വന്മഴയിൻ സ്വരം കേൾ
....ആശി

3. ആശിസ്സാം മാരിയുണ്ടാകും
ഹാ! കർത്താ! ഞങ്ങൾക്കും താ
ഇപ്പോൾ നിൻ വാഗ്ദത്തമോർത്തും
നൽവരം തന്നീടുക
....ആശി

4. ആശിസ്സാം മാരിയുണ്ടാകും
എത്ര നന്നിന്നു പെയ്കിൽ
പുത്രന്റെ പേരിൽ തന്നാലും
ദൈവമേ! ഇന്നേരത്തിൽ
....ആശി

# 130

1. ഉണർവിൻ കാറ്റേ ഉണർവിൻ കാറ്റേ
വീശുക ഈ സഭമേൽ
ലോകത്തിൽ ജീവൻ പ്രാപ്യ
മതാകാൻ വീണ്ടും നീ വീശണമേ
നിൻ ജനം നിന്നിൽ ആനന്ദിച്ചീടാൻ
വീണ്ടും നിൻ ജീവനെ നൽകേണമേ (2)
....ഉണർവിൻ

2. മാളികയിൽ തവ ദാസരിലഗ്നി
നാവ് പിളർന്നതുപോൽ
ആത്മവരത്താൽ വൻക്രിയ ചെയ്‌വാൻ
പ്രാപ്തമായ് തീർന്നതുപോൽ
നിൻ വചനത്താൽ ആയിരങ്ങൾ വൻ
ശക്തിയോടിന്നുണർന്നീടണമെ
....ഉണർവിൻ

3. താഴ്‌വര തന്നിൽ അസ്ഥിഗണങ്ങൾ
പാഴായ് കിടന്നതുപോൽ
ആത്മവരൾച്ചയേറ്റിഹമേവം
ജീവനില്ലേ പരനേ
അസ്ഥികളാർക്കാൻ പുഷ്ടി ലഭിക്കാൻ
സ്വർഗ്ഗീയ കാറ്റേ നീ വീശണമേ..
....ഉണർവിൻ

# 131

1

എന്നുള്ളിലെന്നും വസിച്ചീടുവാൻ-സ്വർഗ്ഗ
മണ്ഡപം വിട്ടിറങ്ങി-വന്ന
ഉന്നതനാം തങ്കപ്രാവേ! നീവന്നെന്നിൽ
എന്നുമധിവസിക്ക.

2

തങ്കച്ചിറകടി എത്രനാൾ കേട്ടിട്ടും
ശങ്ക കൂടാതെ നിന്നെ -തള്ളി
സങ്കേതം ഞാൻ കൊടുത്തന്യർക്കെന്നോർത്തിതാ
സങ്കടപ്പെട്ടീടുന്നു.

3

കർത്തനേ! എത്ര അനുഗ്രഹങ്ങളയ്യോ!
നഷ്ടമാക്കി ഈ വിധം ഇന്നും
കഷ്ടത തന്നിൽ വലയുന്നു ഞാനിതാ
തട്ടിയുണർത്തണമേ!

4

ശൂന്യവും പാഴുമായ്തള്ളിയതാമീ നിൻ
മന്ദിരം തന്നിലിന്നു ദേവാ!
വന്നുപാർത്തു ശുദ്ധിചെയ്തു നിൻവീട്ടിന്റെ
നിന്ദയകറ്റേണമേ!

5

ജീവിതമിന്നും ശരിയായിട്ടില്ലയ്യോ
ജീവിപ്പിക്കും കർത്തനേ വന്നു
ജീവനും ശക്തിയും സ്നേഹവും തന്നെന്നെ
ജീവിപ്പിച്ചീടണമേ

6

ശക്തിയിൻ സിംഹാസനമതിലേറി
വസിക്കുന്ന യേശുരാജൻ എന്നിൽ
ശക്തിയോടെ വന്നുവാണിടും-നേരത്തിൽ
ശക്തനായ് ജീവിക്കും ഞാൻ

7

എന്നലങ്കാരവസ്ത്രം ധരിച്ചീടും ഞാൻ
ഇന്നു മുതൽ ദൈവമേ- മേലാൽ
എന്നിലശുദ്ധനും ചേലയില്ലാത്തോനും
ചേർന്നു വരികയില്ല.

8

ഈ വിധത്തിൽ
പരിപാലിക്കപ്പെട്ടിടാൻ
ദൈവാത്മാവേ! വന്നെന്നിൽ-എന്നും
ആവസിച്ചു തവ തേജസ്സാലെന്നുടെ
ജീവൻ പ്രശോഭിപ്പിക്കാ

# 132

എൻ പ്രിയനെ യേശുവെ രക്ഷകാ (2)
നിൻ കരം എൻ മേൽ വെയ്ക്ക
ശുദ്ധി ചെയ്കെന്നെ

ഓ...... കർത്താവേ നിൻ..... അഗ്നി എന്നിൽ കത്തട്ടെ
ഓ...... കർത്താവേ നിൻ..... അഗ്നി എന്നിൽ കത്തട്ടെ

അശുദ്ധിയെല്ലാം ചാരമാകട്ടെ
ഞാൻ തിളങ്ങുന്ന മുത്താകട്ടെ (2)

1. എൻ ഹൃദയം ചിന്തകൾ ഇഷ്ടങ്ങൾ
   വെണ്മയായ് തീരട്ടെ എന്റേതാമെല്ലാം..
   ഓ....... കർത്താവേ

2. എൻ കരങ്ങൾ പാദങ്ങൾ പാതകൾ
   വെണ്മയായ് തീരട്ടെ എന്റേതാമെല്ലാം..
   ഓ....... കർത്താവേ

3. എൻ കണ്ണുകൾ കാതുകൾ ബന്ധങ്ങൾ
   വെണ്മയായ് തീരട്ടെ എന്റേതാമെല്ലാം..
   ഓ....... കർത്താവേ

# 133

കർത്താവേ വന്നെന്നിൽ
ആത്മാവേ തന്നെന്നിൽ
ആവസിക്കെന്നുള്ളിൽ എന്നാളും
ജീവനും ശക്തിയും ജ്ഞാനവും തന്നെന്നെ
ആത്മാവിൻ ഫലത്താൽ നിറയ്ക്ക...

1. തീ കത്തിക്ക എന്നിൽ തീ കത്തിക്ക
അഗ്നിയായ് എരിഞ്ഞുയരാൻ പരിശുദ്ധാത്മാവേ...
പാപങ്ങൾ ശാപങ്ങൾ ദോഷങ്ങൾ നീങ്ങിയെൻ
ആത്മം-ദേഹം-ദേഹി ശുദ്ധമായ് (2)
നിന്റെ ആലയമായ് വസിപ്പാൻ

(കർത്താവേ)

2. വീശണമേ എന്നിൽ വീശണമേ...
കാറ്റായ് വീശണമേ...പരിശുദ്ധാത്മാവേ...
ജീവന്റെ പാതയിൽ സ്നേഹത്തിൻ പ്രഭയായ
നന്മയിൻ സൗരഭ്യം തൂകുവാൻ (2)
തൃക്കരങ്ങളാൽ നയിക്കണമേ

(കർത്താവേ)

3. പകരണമേ എന്നിൽ പകരണമേ
ഗിലെയാദിൻ തൈലം..... പരിശുദ്ധാത്മാവേ...
സൗഖ്യമായ് ശാന്തിയായ് സഹനമായ് സാക്ഷ്യമായ്
സാനന്ദം നിൻ സ്തുതി പാടുവാൻ (2)
നിൻ മഹത്വത്തിൽ നിറഞ്ഞീടുവാൻ

(കർത്താവേ)

4. പെയ്യണമേ എന്നിൽ പെയ്യണമേ
മഴയായ് പെയ്യണമേ.... പരിശുദ്ധാത്മാവേ...
എരിയും മരുവിൽ കനിവിൻ കരമായ്
ദാഹത്തിൻ ജലമായ് ഒഴുകാൻ.... (2)
ആത്മമാരിയാൽ നിറയ്ക്കണമേ....

(കർത്താവേ)

# 134

കൊടിയ കാറ്റടിക്കേണമേ-ആത്മ
മന്ദമാരുതനെ ദാസർ മദ്ധ്യത്തിൽ
കൊടിയ കാറ്റടിക്കേണമേ

1. വാഗ്ദത്തം യൂദർക്കും മാ(
വാക്കു പാലിപ്പവർക്കേകും ദയാലുവും
ഓമന പേർ ചൊല്ലി ചാരത്തണയ്ക്കും
ദൂരസ്ഥർക്കും നൽകും നിന്നാത്മ ദാനം
....കൊടിയ

. വടുതികാറ്റേ നല്ല തെന്നിക്കാറ്റേ പ്രിയൻതോ
തോട്ടത്തിൽ നിൽക്കുന്ന നടുതലകളിന്ന്
നൽ സുഗന്ധം വീശും നേരംവരെയും
ഊതുക നിൻ പ്രിയമക്കൾ മേലിന്ന്

3. ഏറ്റം ബലമുള്ള വൻമരമാകിലും
ഊറ്റം പെരുങ്കാറ്റും അടിക്കണമേ ഇപ്പോൾ
ഇലകളും ചില്ലിക്കൊമ്പഖിലവും കാറ്റടിച്ച്
ആടിയുലച്ചു കുലുങ്ങിയുലയ്ക്കുവാൻ
.....കൊടിയ

4. നാലുപാടും ചുറ്റി അടിക്കണമേ ഇപ്പോൾ
ഉന്നതഭാവങ്ങൾ നിലം പരിചാകാൻ
ശക്തിയോടടിക്കുക ദൈവത്തിൻ കാറ്റേ
ഊതുക നിൻ പ്രിയ മക്കൾ മേലിന്ന്
.....കൊടിയ

# 135

തീ കത്തിക്ക എന്നിൽ തീ കത്തിക്ക
സ്വർഗ്ഗീയ രാജാവേ തീ കത്തിക്ക

1. ഭൂതലത്തിൻ അന്ധകാരം നീക്കാൻ
സ്വർഗീയമാമഗ്നി കത്തിച്ചോനേ
......തീ

2. പണ്ടൊരു കാലത്തിൽ മോശകണ്ട
മുൾ പടർപ്പിനുള്ളിൽ കത്തിയൊരു
.....തീ

3. മഹത്വത്തിൻ തീ എന്നിൽ കത്തിക്കണെ
മനസ്സിന്നശുദ്ധിയെ നീക്കിടുവാൻ
......തീ

4. പെന്തക്കോസ്തിൻ നാളിലഗ്നി നാവാൽ
ചന്തമോടങ്ങു പകർന്നപോലെ
....തീ

5. എന്നെയും എനിക്കുള്ള സകലത്തെയും
യാഗമായി അർപ്പണം ചെയ്യുന്നു ഞാൻ
......തീ

# 136

പരിശുദ്ധാത്മാവേ ശക്തി പകർന്നീടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീ അറിയുന്നു (2)

1. ആദ്യനൂറ്റാണ്ടിലെ അനുഭവംപോൽ
അതിശയം ലോകത്തിൽ നടന്നീടുവാൻ
ആദിയിലെന്നപോലാത്മാവേ
അമിതബലം തരണേ

.....പരിശു

2. ലോകത്തിൻ മോഹം വിട്ടോടിടുവാൻ
സാത്താന്യ ശക്തിയെ ജയിച്ചീടുവാൻ
ധീരതയോടു തൻവേല ചെയ്യാൻ
അഭിഷേകം ചെയ്തിടണേ

....പരിശു

3. കൃപകളും വരങ്ങളും ജ്വലിച്ചീടുവാൻ
ഞങ്ങൾ വചനത്തിൽ വേരൂന്നി
വളർന്നീടുവാൻ
പിൻമഴയെ വീണ്ടും അയയ്ക്കണമേ
നിൻ ജനം ഉണർന്നീടുവാൻ

.....പരിശു

# 137

പരിശുദ്ധാത്മാവിൻ ശക്തിയാലെ ഇന്ന്
നിറയ്ക്കണെ നാഥാ ശക്തരായി തീരാൻ

ആത്മ സന്തോഷം കൊണ്ട് നിറയ്ക്കണെ
പ്രിയനെ
ആത്മ ചൈതന്യം എന്നിൽ പകരുക പരനേ
ജയത്തോടെ ജീവിതം ധരയിൽ
ഞാൻ ചെയ്‌വാൻ
...പരിശുദ്ധാ

1. തിരു കൃപയല്ലോ ശരണമതെന്റെ
വൻ കടങ്ങളകറ്റാൻ കഴിവുള്ള പരനേ
....ആത്മ

2. മായയാം ഈ ലോകം തരും സുഖമെല്ലാം
മറന്നു ഞാൻ ഓടുവാൻ തിരുരാജ്യേ ചേരാൻ
....ആത്മ

3. കുശവന്റെ കൈയിൽ കളിമണ്ണു പോലെന്നെ
പണിയുക പരനേ തിരുഹിതം പോലെ
....ആത്മ

4. വേദവചനങ്ങളെ തരിക നീ എനിക്ക്
വേദസത്യങ്ങളെ കാൺമാൻ കൺകൾ
ഇന്നു തുറക്ക
....ആത്മ

5. രോഗങ്ങൾ കൂടിടുന്നേ പാപങ്ങൾ പെരുകുന്നെ
തിരുക്കരം നീട്ടിയെന്നെ സൗഖ്യമാക്കുകയിന്ന്
....ആത്മ

# 138

പാവനാത്മാവേ എഴുന്നള്ളീടണമേ (2)
കാത്തിരിക്കും വിശുദ്ധരിൻ നടുവിൽ
തവശക്തി മാരിപോൽ നിറയ്ക്കണമേ (2)
സൽഫല-ദായകരാക്കണമേ
....പാവനാത്മാവേ

1. മാരിപോൽ പെയ്തിറങ്ങണമേ
ഹൃത്തടങ്ങളിലേക്കൊഴുക്കണമേ (2)
മരുഭൂവാം ഈ ഹൃദയങ്ങളെ നീ
വിളനിലമായി മാറ്റണമേ (2)
....പാവനാത്മാവേ

2. അഗ്നിയായ് ജ്വലിച്ചിറങ്ങണമേ
അധരങ്ങളെ നീ തഴുകണമേ (2)
സ്തോത്രത്തിൻ ധ്വനി നാവിൽ നിന്നും
നിരന്തരമായ് ഉയർത്തണമേ (2)
....പാവനാത്മാവേ

3. ശിഷ്യരിൽ പകർന്ന ദാനങ്ങൾ
വീണ്ടുമീ ജനത്തിനു നൽകണമേ (2)
ആത്മാവിൻ ഫലം പകരുവോരായ്
ദാസരെ നീ അയയ്ക്കണമേ (2)
....പാവനാത്മാവേ

# 139

1. പുത്തൻ അഭിഷേകം കർത്തൻ ഏകിടുന്നു
ശക്തിയോടെ തൻ സേവ ചെയ്‌വാൻ
രക്തത്താൽ കഴുകും രക്തത്താൽ ജയിക്കും
ശക്തിയോടെ തൻ സേവ ചെയ്‌വാൻ

കൃപ വ്യാപരിക്കട്ടെ കൃപ വ്യാപരിക്കട്ടെ
ബലമേറ്റെടുക്കട്ടെ ബലമേറ്റെടുക്കട്ടെ (2)

2. കണ്ണുനീരിൻ താഴ്‌വര കടന്നീടുമ്പോൾ
മുൻ മഴയാലനുഗ്രഹമയച്ചിടുന്നു (2)
മേൽക്കുമേൽ ബലം തന്നു നടത്തിടുന്നു
തോൽവിയില്ലാതവൻ നടത്തിടുന്നു (2)

......പുത്തൻ അഭിഷേകം

3. നരിയാണിയോളമല്ല മുട്ടോളമല്ല
അരയോളമല്ല ഈ ആത്മാവിൻ നദി (2)
നീന്തീട്ടല്ലാതെ കടന്നിടാത്ത
അഭിഷേകത്തിൻ നദി അയച്ചിടുന്നു (2)

.....പുത്തൻ അഭിഷേകം

## 140

പെന്തക്കോസ്തിൻ നാളിൽ മുൻമഴ പെയ്യിച്ച
പരമ പിതാവേ പിൻമഴ നൽക
പിൻമഴ പെയ്യേണം മാലിന്യം മാറേണം
നിൻ ജനമുണർന്നു വേല ചെയ്തീടാൻ

1. മുട്ടോ-ളമല്ല അരയോളം പോരാ
വലിയൊരു ജീവ നദിയൊഴുകാൻ
നീന്തീട്ടല്ലാതെ കടപ്പാൻ വയ്യാത്ത
നീരുറവ ഇന്ന് തുറക്ക നാഥാ
.....പെന്ത

2. ചലിക്കുന്ന എല്ലാ പ്രാണികളും ഇന്ന്
ചലനമുണ്ടാക്കി ജീവൻ പ്രാപിപ്പാൻ
ചൈതന്യം നൽകേണം നവജീവൻ വേണം
നിത്യതയിലെത്തി ആശ്വസിച്ചീടാൻ
.....പെന്ത

3. സൈന്യത്താലെ...യല്ല ശക്തിയാലെ...യല്ല
ദൈവത്തിന്റെ ആത്മ ശക്തിയാലത്രേ
ആർത്തു പാടി സ്തുതിക്കാം ഹല്ലേലുയ്യാപാടാം
ആണിക്കല്ലു കയറ്റാം ദൈവസഭ പണിയാം
......പെന്ത

# 141

ശുദ്ധാത്മാവേ അണയൂ
നിറയുകീ ദാസരിൽ ദിനവും
വിശ്വാസഭവനത്തിൽ വസിപ്പാൻ
ചൊരിയൂ തവകൃപ ദിനവും

1. സ്നേഹത്തിൻ പാതയിൽ മുന്നേറുവാനായ്
തിരുശക്തി പകരൂ ദിനവും
സുവിശേഷത്തിൻ നവജ്യോതി
തെളിക്കുവാൻ വരം തരൂ ദിനവും

(ശുദ്ധാ....)

2. ഭാരം പ്രയാസങ്ങൾ മാഞ്ഞിടുവാനായി
കനിവിൻ കരം തരൂ ദിനവും
ഉള്ളം നുറുങ്ങിയോരാശ്രിതരെ
ചിറകതിൽ മറയ്ക്കൂ ദിനവും

(ശുദ്ധാ...)

3. മനസ്സിൻ മാലിന്യം നീങ്ങിടുവാനായ്
വചനമാം ജലം തരൂ ദിനവും
പാപാന്ധകാരമീ നേത്രങ്ങളിൽ
നേർവഴി തെളിക്കൂ ദിനവും

(ശുദ്ധാ...)

## 142

ശുദ്ധാത്മാവേ വന്നെന്നുള്ളിൽ വാസം ചെയ്യണേ
സത്യാത്മാവേ നിത്യതയിലെത്തുവോളവും

ജീവനൂതുക..... ജീവദായകാ
ജീവനാളമായ് എരിഞ്ഞു തീരുവാൻ

1. പാപം നീതി ന്യായവിധി
ബോധമേകിടാൻ-ഈ
ശാപഭൂവിൽ പെന്തെക്കോസ്തിൽ
വന്നൊരാവിയെ

....ജീവ

2. അംബരത്തിൽ നിന്നിറങ്ങി അഗ്നിനാവുകൾ
അൻപോടമർന്നെല്ലാരിലും ശക്തിനാമ്പുകൾ

....ജീവ

3. രണ്ടോ മൂന്നോ പേരെവിടെ എന്റെ നാമത്തിൽ
ഉണ്ടവിടെയുണ്ട് ഞാനെന്നേകി വാഗ്ദത്തം

....ജീവ

4. കല്ലായുള്ള ഹൃദയങ്ങളുരുക്കീടണേ
ഹല്ലേലുയ്യാ ഗീതം പാടാനൊരുക്കീടണേ...

....ജീവ

## വചനം, സുവിശേഷം

# 143

ഉണർവ്വിൻ വരം ലഭിപ്പാൻ
ഞങ്ങൾ വരുന്നു തിരുസവിധേ
നാഥാ.... നിന്റെ വൻകൃപകൾ
ഞങ്ങൾക്കരുളൂ അനുഗ്രഹിക്കൂ

1. ദേശമെല്ലാം ഉണർന്നീടുവാൻ
യേശുവിനെ ഉയർത്തീടുവാൻ
ആശിഷമാരി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ
.....ഉണർവ്വിൻ

2. തിരുവചനം ഘോഷിക്കുവാൻ
തിരുനന്മകൾ സാക്ഷിക്കുവാൻ
ഉണർവ്വിൻ ശക്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ.
.....ഉണർവ്വിൻ

3. തിരുനാമം പാടിടുവാൻ
തിരുവചനം ധ്യാനിക്കുവാൻ
ശാശ്വത ശാന്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ
.....ഉണർവ്വിൻ

## 144

കരുണരസരാശേ കർത്താവേ
കരളലിയേണം പ്രഭോ (2)
യേശുമഹേശാ ശാശ്വതനാഥാ
ആശിഷമാരി നൽകേണം ദേവാ (2)
....കരുണാ

1. തിരുമൊഴിയാലീ ജഗമഖിലം നീ
രചിച്ച ദേവാ പരമേശാ
തിരുസവിധേ സ്തുതിഗാനം പാടും
അടിയങ്ങളെ നീ അനുഗ്രഹിക്ക
....കരുണാ

2. തിരുവചനം ഇന്നാഴമായ് നൽകി
ഉള്ളങ്ങളെ നീ ഉണർത്തണമേ
ആയിരമായിരം പാപികൾ മനമിന്ന്
ഒരുക്കണമേ അങ്ങെ സ്വീകരിപ്പാൻ–
....കരുണാ

# 145

ജയിക്കുമേ സുവിശേഷം ലോകം ജയിക്കുമേ!
പേയുടെ ശക്തികൾ നശിക്കുമേ!
സകലലോകരും യേശുവിൻ നാമത്തിൽ
വണങ്ങുമേ തല കുനിക്കുമേ
അതു ബഹു സന്തോഷമേ!

1. കൂടുവിൻ-സഭകളെ! വന്നുപാടുവിൻ
യേശുവിൻ കീർത്തി കൊണ്ടാടുവിൻ
സുവിശേഷം ചൊല്ലാൻ ഓടുവിൻ
നിദ്ര വിട്ടുണർന്നീ...ടുവിൻ-മനം
ഒത്തെല്ലാരും നിന്നീടുവിൻ വേഗം
....ജയി

2. ഇടിക്കണം പേയിൻ കോട്ട
നാം ഇടിക്കണം
ജാതിഭേദങ്ങൾ മുടിക്കണം
സ്നേഹത്തിൻ കൊടി പിടിക്കണം
യേശുരാജന്റെ സുവിശേഷക്കൊടി
ഘോഷത്തോടുയർത്തി-ടെണം വേഗം-
....ജയി

3. മരിച്ചുതാൻ നമുക്കു മോക്ഷത്തെ
വരുത്തി താൻ-വെളിച്ച മാർഗ്ഗത്തിൽ
ഇരുത്തി താൻ-എളിയ കൂട്ടരെ
ഉയർത്തി താൻ-യേശു നാഥന്റെ
രക്ഷയിൻ കൊടി
ഘോഷത്തോടുയർത്തിടെണം നമ്മൾ
....ജയി

4. ചെലവിടീൻ സുഖം ബലത്തെയും
ചെലവിടീൻ ബുദ്ധിജ്ഞാനത്തേയും
ചെലവിടീൻ-വസ്തു സമ്പത്തുകൾ
ചെലവിടീൻ-യേശുരാജന്റെ
മഹിമയിൻ കൊടി
ഏവരും ഉയർത്തി-ടേണം നമ്മൾ.
.....ജയി

5. യോഗ്യമേ-ഇതു നമു-
ക്കതി ഭാഗ്യമേ
രക്ഷിതാവിന്റെ വാക്യമേ
സ്വർഗ്ഗലോകരോടൈക്യമേ
യേശു രാജ്യ പ്രസിദ്ധിക്കായി നാം
ഏവരും പ്രയത്നിച്ചീടേണമേ
.....ജയി

# 146

തിരുവചനം മനനം ചെയ്തീടുകിൽ
അമിതാനന്ദമനുഭവിക്കാം
പരകോടി നവരത്നഖനിയതിലും
വിലതീരാത്ത തിരുവചനം
....തിരുവചനം

1. നാഥന്റെ തിരുമൊഴി കേൾക്കാം-അതിൽ
ജീവന്റെ പുതുവഴി കാണാം
ജീവിതതരു തഴച്ചനുദിനം വളരാൻ
വചനത്തിൻ ആഴത്തിൽ വേരുറയ്ക്കാം-
....തിരുവചനം

2. അരിതൻ നിരകളോടെതിർക്കാൻ ഇതു
ഇരുവായ്ത്തലയുള്ള വാളാം
നശിക്കുന്ന ജനത്തിന് ഭോഷത്വമിവിടെ
വിശ്വസിക്കുന്നവർക്കെന്നും പുതുജീവൻ
....തിരുവചനം

3. ഇരുളിൻ പ്രവൃത്തികളകലും ഇതു
കരളിൽ മധുരിമ പകരും
തളരുമാത്മാവിനു പുനരുയിരേകും
കളങ്കങ്ങൾ കഴുകുവാൻ തുണയേകും
....തിരുവചനം

4. വചനം ഒഴികിടുമവിടെ പുതു-
ചലനം ഏതിലും നൂനം
വഴി കുഴഞ്ഞുഴലുന്ന പഥികർക്കു പാരിൽ
കനകദീപമായ് പ്രഭയേകും
....തിരുവചനം

## 147

ദൈവം വാതിൽ തുറന്നാൽ
അടയ്ക്കുവാനാരാലും സാദ്ധ്യമല്ല
ദൈവം വാതിൽ അടച്ചാൽ
തുറക്കുവാൻ സാദ്ധ്യമല്ല.
തിരുവചനം സത്യവചനം
മാറ്റമില്ലാത്ത വചനം (2)

1. തീച്ചൂള നടുവിൽ ഇറങ്ങിയ ദൈവം
തീക്കനൽ പൂമെത്തയാക്കി
നാലാമനായി നടന്നുകൂടെ
പ്രതികൂലമെല്ലാം അനുകൂലമാക്കാൻ

(തിരുവചനം)

2. സിംഹത്തിൻ കുഴിയിൽ ഇറങ്ങിയ ദൈവം
സിംഹത്തിൻ വായെ അടച്ച ദൈവം
ദാനിയേലിൻ കൂടെ കാവലായ് ദൈവം
പ്രതികൂലമെല്ലാം അനുകൂലമാക്കാൻ

(തിരുവചനം)

3. ചെങ്കടൽ മദ്ധ്യേ ഇറങ്ങിയ ദൈവം
കടലിനെ ഭാഗിച്ച ദൈവം
പുതിയൊരു പാത ഒരുക്കി നാഥൻ
പ്രതികൂലമെല്ലാം അനുകൂലമാക്കാൻ

(തിരുവചനം)

# 148

നിൻ തിരുവചനം നമ്മിൽ കൃപയേകിടും
തെന്നൽപോൽ തഴുകി ഉള്ളിൽ കറ കഴുകി
രൂപാന്തരം നൽകും മനുജനു പുതുജനനം
രക്ഷയേകും വചനം

1. പാത പ്രകാശമാക്കും വചനം
പ്രത്യാശയാലുള്ളം നിറച്ചീടും
ജീവൻ പകരും വചനം
നിർമ്മലമാമീ വചനം
അനുദിനം കുളിർ പെയ്തീടുന്ന
സാന്ത്വന വചനം

....നിൻ തിരു

2. സ്വർഗ്ഗീയ സാന്നിദ്ധ്യമാം വചനം
ദേഹിദേഹാദികൾക്കൗഷധവും
പാപം പോക്കും വചനം
സൗഖ്യം നൽകും വചനം
അനുദിനം മനസ്സിൽ വളർന്ന്
ഫലം തരും വചനം...

....നിൻ തിരു

# 149

മധുരം മധുരം മനോഹരം നൽ
തേനിലും മധുരം തിരുവചനം

1. മേൽത്തരമാം പൊൻ അതിനോടതുല്യം
തങ്കവും അതിനൊടു സമമല്ല-
....മധുരം

2. പാതയിൽ ശോഭിത ദീപമതായി
കൂരിരുൾ ആകെ അകറ്റീടും-
.....മധുരം

3. അരിയോടു പൊരുതാൻ അരികിൽ മരുവും
ശരിയാം ഉടവാൾ അതു നൂനം
....മധുരം

4. രിപുവാം പാമ്പിൻ ദംശനമേറ്റു-
മരിച്ചോർക്കെല്ലാ-മുയിരേകും
....മധുരം

5. വഴിയറിയാതെ ഉഴലും മർത്യനു
തെളിവായ് മാർഗ്ഗം വെളിവാക്കും
....മധുരം

6. ആത്മവിശപ്പാൽ വലയുന്നോർക്ക്
ഭക്ഷണമാകും മന്നയിത്
.....മധുരം

7. അദ്ധ്വാനിക്കും മനുജർക്കഖിലം
ആശ്വാസത്തിന്നുറവിടമാം
....മധുരം

# 150

മാനസമോദകമാധുര്യ വചനം
ധ്യാനിക്കുമ്പോൾ കൃപയേകുപരാ
ഓരോ ഹൃദന്തത്തിന്നാവശ്യമതുപോൽ
നീരൊഴുക്കേകിടുക (2) നീരൊഴു.......

1. പാപാന്ധകാരം ദൂരിതമാക്കും
വേദപ്രമാണങ്ങളെ
മോദമോടുൾക്കൊണ്ടേവരുമുണരാൻ
നിൻ സ്വരം കേൾപ്പിക്കുക-നിൻ സ്വരം (2)
....മാനസ
2. ലാസറിൻ ജീവൻ ഏകിയ നാദം
ദാസരിൻ കാതുകളിൽ
ഓതുക നീ നിൻ ജീവന്റെ വചനം
ഈ മൃത രാർത്തിടുവാൻ-ഈ മൃതരാർത്തി (2)
....മാനസ

3. പിൻ തിരിഞ്ഞോടി താളടിയായി
നിൻ കൃപ കൈവെടിഞ്ഞോർ
താപമനസ്സാലാവലായ് വരുവാൻ
നിൻ സ്വരം കേൾപ്പിക്കുക-നിൻ സ്വരം (2)
....മാനസ
4. നിൻ ജനം നിന്നിൽ സുസ്ഥിരമാവാൻ
പിന്മഴയേകണമേ
കന്മഷഹീനാ നിൻ മൊഴിയേവം
നിന്മധുരാമൃതമേ-നിന്മധുരാമൃതമേ (2)
....മാനസ

# 151

യഹോവ ദൈവമാം വിശുദ്ധജാതി നാം
അവനവകാശമാം ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ-

1. ആപത്തിൽ നമ്മുടെ ദിവ്യ സങ്കേതവും
ബലവും ദൈവം ഒരുവനത്രേ
ആകയാൽ പാരിടം ആകെയിളകിലും
നാമിനി ഭയപ്പെടുകയില്ല-
.....യഹോവ

2. അവനീതലത്തിൽ അപമാനം നമു-
ക്കവകാശമെന്നോർത്തിടേണം
അവനായ് കഷ്ടത ഏല്ക്കുകിൽ തേജസ്സിൽ
അനന്തയുഗം വാണിടും നാം-
.....യഹോവ

3. നിര നിര നിരയായ് അണിനിരന്നീടുവിൻ
കുരിശിൻ പടയാളികളെ
ജയ ജയ ജയ കാഹളം ഊതിടുവിൻ
ജയവീരനാം യേശുവിന്ന്-
.....യഹോവ

# 152

1. യേശുവിൻ തിരുപ്പാദത്തിൽ
ഇരുന്നു കേൾക്ക നാം
തന്റെ വിശുദ്ധ വാക്യത്തിൽ
നമ്മുടെ ജീവനാം
യേശുവിൻ സുവിശേഷം
ദിവ്യമാം ഉപദേശം

കേൾക്കുക നാം കാക്കുക നാം
ജീവന്റെ വാക്യങ്ങൾ (2)

2. ദൈവവചനം ജീവനും
ശക്തിയും ആകയാൽ
ആത്മരക്ഷയുണ്ടേവനും
ഉള്ളത്തിൽ കൈക്കൊണ്ടാൽ

ആത്മമരണം മാറും
നീതിയിലവൻ വാഴും- .....കേൾ

3. അന്ധനു കാഴ്ച നൽകുവാൻ
വചനം മാർഗ്ഗമാം
സത്യത്തിൽ അതു കാക്കുവാൻ
സ്വർഗ്ഗത്തിൻ ദാനമാം

ഒഴിയുവാൻ നിത്യനാശം
കാലിന്നൊരു പ്രകാശം .....കേൾ

4. സത്യദൈവത്തിൻ ഭക്തന്മാർ
വചനം കാക്കയാൽ
സൽപ്രവൃത്തിക്കു ശക്തന്മാർ
ആകുന്നു നാൾക്കുനാൾ

ദൈവമുഖപ്രസാദം
നിത്യം അവർക്കാഹ്ലാദം .....കേൾ

5. ലോകവും അവസാനിക്കും
വാനവും ഇല്ലാതാം
ദൈവവാക്കുപ്രമാണിക്കും
ഭക്തനോ നിത്യനാം

വാട്ടം മാലിന്യം നാശം
ഇല്ലാത്തോരവകാശം ....കേൾ

# 153

വചനഘോഷണം മധുരഘോഷണം
കാതുകൾക്ക് ഇമ്പമുള്ളതാം.... (2)
വിരുതുപ്രാപിക്കാം ഒരുമയോടെ നാം
യേശുവിന്റെ പ്രജകളായ് മുന്നേറിടാം.... (2)

1. എത്രയെത്ര കാലമായ് വചനം കേട്ടിട്ടും
എത്രയെത്ര കാതം ദൂരെ മാറി നിന്നിട്ടും (2)
സത്യവചനം കേട്ടിടാൻ ബധിരനായിട്ടും
യേശു നിന്നെ സ്നേഹമോടെ വിളിക്കുന്നിതാ...(2)
....വചന

2. എത്രയെത്ര സംഭവങ്ങൾ നേരിൽ കണ്ടിട്ടും
എത്രയെത്ര ശോധനകൾ നേർക്കു വന്നിട്ടും (2)
മാറ്റമില്ലാതന്ധനായ് ലോകെ പാർത്തിട്ടും
യേശു നിന്നെ സ്നേഹമോടെ
വിളിക്കുന്നിതാ (2)
.....വചന

3. എത്രയെത്ര ബന്ധുക്കൾ നഷ്ടമായിട്ടും
എത്രയെത്ര സ്വപ്നങ്ങൾ
തകർന്നു പോയിട്ടും (2)
ക്രൂശിലേക്കു പോയിടാൻ വിമുഖനായിട്ടും
യേശു നിന്നെ സ്നേഹമോടെ
വിളിക്കുന്നിതാ (2)
....വചന

# 154

വീണ്ടെടുക്കപ്പെട്ട കൂട്ടമേ വേഗമുണർന്നു
രക്ഷകന്റെ വേല ചെയ്യുവിൻ
അന്ത്യകാലം വന്നടുത്തേ
പെന്തക്കോസ്തിൻ ജ്വാലയാലെ
ചന്തമോടെ വേല ചെയ്താൽ
സ്വന്തനാട്ടിൽ പോയിടാമേ

1. അബ്രഹാം യിസ്സഹാക്ക് യാക്കോബ് എന്നീ
വിശുദ്ധർ എത്ര നാളായ് പാർത്തലം വിട്ടു
കാത്തു കാത്തു നിന്നിടുന്ന
സോദരാ നീ ഓർത്തിടുക
പൂർത്തിയായ് നിൻ വേല തീർത്തു
പാർത്തലം വെടിഞ്ഞു പോകാം
......വീണ്ടെ

2. ഉന്നത വിളിക്കു യോഗ്യരേ വിളിച്ചവന്റെ
സന്നിധിയിൽ നിന്നു മാറല്ലെ
മന്നിടത്തിൽ നിന്നെ ഓർത്തു
ഉന്നതം വെടിഞ്ഞു വന്ന
നന്ദനന്റെ വന്ദ്യപാദം
എന്നും ഒന്നായ് വന്ദിച്ചീടാം
.....വീണ്ടെ

3. ഈ ലോകരാജ്യം അസ്തമിക്കാറായ്
മേലോകരാജ്യം വേഗമിതാ ആഗമിക്കാറായ്
പാപമില്ലാ പരിശുദ്ധൻ
പാരിടത്തിൽ വന്നു തന്റെ
പാവനമായ് ജീവിക്കുന്ന
പാവനരെ ചേർത്തീടുമേ
.....വീണ്ടെ

4. ഇനി അല്പകാലം മാത്രമേയുള്ളു നാം
എത്രവേഗം കൃത്യമായി വേല ചെയ്തിടാം
എത്രനാൾ ലഭിച്ചീടുമോ
അത്രനാളും രക്ഷകന്റെ
പുത്രത്വത്തിൻ ആത്മാവാലെ
ശക്തിയായ് തൻ വേല തീർക്കാം
......വീണ്ടെ

# 155

സത്യത്തിന്റെ പാതയിൽ
സ്നേഹത്തിൻ കൊടിയുമായ്
സാക്ഷികൾ സമൂഹമേ...മുന്നേറിടാം

1. ഏകനാഥനേശുവിൻ ജേതാക്കളെ
ഏകാത്മാവിൽ ബലം ധരിക്കുവിൻ
ശുദ്ധരാകുവിൻ ശക്തരാകുവിൻ
ഘോരനായ ശത്രുവോടു പോരാടുവാൻ
....സത്യ

2. ആത്മാവിൻ സർവ്വായുധങ്ങൾ
നാം ധരിക്കേണം
വിശ്വാസമാം പരിചയേന്തണം
അരയ്ക്കു സത്യവും നീതി കവചവും
രക്ഷയിൻ ശിരസ്ത്രവുമണിഞ്ഞൊരുങ്ങണം
....സത്യ

3. തിന്മകൾ നമുക്ക് നേരിടേണ്ടതുണ്ട് നാം
നന്മകളാൽ ജയം വരിക്കേണം
പാപത്തോടു നാം പോരാടണം
പ്രാണത്യാഗത്തോളമെതിർത്തു നിൽക്കണം
....സത്യ

4. ശത്രുവോടെതിർക്കുവാൻ ജയം നേടുവാൻ
ആത്മാവിൻ ശക്തി സംഭരിക്കുവാൻ
ഉപവസിക്കണം - പ്രാർത്ഥിക്കണം
ഇടവിടാതെ സ്തോത്രത്തിൽ ജാഗരിക്കണം

....സത്യ

# അനുതാപം, പ്രതിഷ്ഠ

## 156

അനുതാപമുതിരും മിഴിനീരോടെ
നിൻതിരു സവിധേ ഞാൻ വരുന്നു (2)
കരുണാമയനേ കനിവേകണമേ
കാൽവറി ദർശനം ഏകീടണേ (2)
....അനുതാപ

1. ഇരുളേറുമീ വഴിയാത്രയതിൽ
തെളിദീപമായ് മുന്നിൽ നീ വരണേ (2)
പഥികന് പാഥേയമായി നീ മാറുമ്പോൾ
പാദാന്തികം മാത്രം എൻ ശരണം (2)
....അനുതാപ

2 ഹൃദയം നുറുങ്ങുവോർക്കരികിലെത്തും
മനം തകർന്നോർക്കെന്നും ജീവനും നീ (2)
കരുതലിൻ ചിറകുമായ് കാവലിൻ കരവുമായ്
പരിപാവനാത്മാവേ നിറയണമേ (2)
....അനുതാപ

3. അഴലേറുമീ മരുയാത്രയതിൽ
നിഴലായ് നീയെന്നെ ചേർത്തിടണേ (2)
തെളിനീരുറവയായ് ഒഴുകി നീ എന്നിൽ
തരളിതമായെന്നെ നടത്തീടണേ (2)
....അനുതാപ

# 157

അനുതാപ ഹൃദയം തിരുമുമ്പിൽ നാഥാ
കരുണാർദ്ര മിഴികൾ തുറക്കേണമേ...
നോക്കേണമേ നിൻ മൊഴി പകരേണമേ
ജീവൻ കനിഞ്ഞേകിയണയ്ക്കേണമേ

1. മരുഭൂമിയിൽ തെളിനീരുറവയുമായി
എരിതീയിലോ കരുതൽ ചിറകുമതായി (2)
എന്നിട്ടും നിന്നെ തള്ളിക്കളഞ്ഞവർ
സ്വന്തം വഴി തേടിയോർ
ഞങ്ങൾ സ്വന്തം വഴിതേടിയോർ
.....അനുതാപ
2. വഴിയാത്രയിൽ സഖിയായ് കൂടെ നടന്നു
കൂടാരവാസിയായ് കൂട്ടിനിരുന്നു (2)
എന്നിട്ടും നിന്നെ തള്ളിക്കളഞ്ഞവർ
സ്വന്തം വഴി തേടിയോർ
ഞങ്ങൾ സ്വന്തം വഴിതേടിയോർ
.....അനുതാപ
3. ഇരുളിന്റെ താഴ്വരയിൽ വഴികാട്ടിയായ്
കദനങ്ങളിൽ ഒളി വിതറുന്ന സൂര്യനായ് (2)
എന്നിട്ടും നിന്നെ തള്ളിക്കളഞ്ഞവർ
സ്വന്തം വഴിതേടിയോർ
ഞങ്ങൾ സ്വന്തം വഴിതേടിയോർ
.....അനുതാപ

# 158

അളവില്ലാദാനങ്ങൾ നൽകുന്നോനേ
അടിയങ്ങൾ തൃപ്പാദെ വന്നീടുന്നു
അരുളേണമേ അനുഗ്രഹങ്ങൾ
ആശ്വാസദായകനേ-

1. വിശ്വസ്തരായി ഞങ്ങൾ
സുവിശേഷഘോഷണത്തിൽ
ശക്തിയോടെന്നും നിന്നിടുവാൻ
നിൻ കൃപ നൽകേണമേ
....അളവില്ലാ

2. അകൃത്യങ്ങൾ ഏറിടുമ്പോൾ
നീതിയിൻ ദീപങ്ങളായ്
ശുദ്ധരായെന്നും നിന്നിടുവാൻ
നിൻ കൃപ നൽകേണമേ
....അളവില്ലാ

3. ആത്മാവിൽ ജ്വലിച്ചു ഞങ്ങൾ
ഉത്സാഹമുള്ളവരായ്
നിർവ്യാജസ്നേഹം കാത്തിടുവാൻ
നിൻ കൃപ നൽകേണമേ
....അളവില്ലാ

# 159

ഇരുളേറുമീ വഴിയിൽ
കനിവോടെ നീ വരണേ
ഒരു ദീപമായ് തെളിയണമേ
അഴലേറുമീ മരുവിൽ
അലിവോടെ നീ വരണെ
ഒരു മാരി പെയ്തീടണമെ

1. വഴിതെറ്റിയോരാടുകളാം ഞങ്ങൾ നാഥാ-
പിഴ ചെയ്തതോർക്കരുതേ നീ (2)
അനുതാപ ഹൃദയത്തോടെ ഇതാ ഞങ്ങൾ
തിരുമുമ്പിലഭയം തരണേ (2)
....ഇരുളേറുമീ

2. കുരിശിൻ വഴിയറിയാതലയും ഞങ്ങൾ
പിഴ ചെയ്തതോർക്കരുതേ നീ (2)
കദനം നിറയും മനമോടെ ഇതാ ഞങ്ങൾ
തിരുമുമ്പിലഭയം തരണേ (2)
....ഇരുളേറുമീ

3. തിരു സ്നേഹം പകരാതലയും ഞങ്ങൾ
പിഴചെയ്തതോർക്കരുതേ നീ (2)
പിടയും ഇടനെഞ്ചകമോടെ ഇതാ ഞങ്ങൾ
തിരുമുമ്പിലഭയം തരണേ (2)
....ഇരുളേറുമീ

## 160

ഉരുകിയൊഴുകും മഞ്ഞുമലപോൽ
ഉരുകണേയെൻ ഹൃദയവും
അഖില പാപവുമലിഞ്ഞു പോയ് നിൻ
അരികിലായ് മരുവീടുവാൻ

1. തരുവതെന്തു തിരുക്കരങ്ങളിൽ
തകർന്നുടഞ്ഞൊരു ജീവിതം
തിരുക്കരത്താൽ തഴുകി എന്നെ
പുതുക്കണേ തവശക്തിയാൽ
....ഉരുകി

2. ആത്മമാരി ചൊരിഞ്ഞു ദിനവും
ആദ്യസ്നേഹമുണർത്തണേ
ആദിസഭയിൽ പകർന്നപോലെ
ആത്മ നിറവിന്നേകണേ
....ഉരുകി

3. ഒരു ദിനം തവ സന്നിധേ ഞാൻ
അണയുമായതു നിർണ്ണയം
തിരുമുത്തിൻ തേജസ്സിൽ ഞാൻ
മറഞ്ഞിടും അതു നിശ്ചയം
....ഉരുകി

# 161

എനിക്കല്ല ഞാൻ ക്രിസ്തുവിനത്രെ
അവന്നായിതാ സമർപ്പിക്കുന്നേ
അവൻ നടത്തിപ്പും കാവൽകൊണ്ടോരോ
നിമിഷവും നടത്തുന്നെന്നെ വഴിയെ

1. എല്ലാ പാപങ്ങളുമകറ്റി
നീച പാപിയെന്നെ രക്ഷിച്ച
തിരുരക്തത്തിൻ ശക്തിയാൽ
തീർത്തിടും വെണ്മയായ്
സ്വർഭാഗ്യേ ചേരുവോളം-
.....എനിക്കല്ല

2. ഈയെൻ കൈകളെ സമർപ്പിക്കുന്നേ
സേവയ്ക്കായി എൻ ജീവനെയും
കാൽകളോടട്ടെ നിൻ പാദെ ചേരട്ടെ
എൻ ചിന്ത തിരു രാജ്യ വ്യാപ്തിക്കായ്-
.....എനിക്കല്ല

# 162

1. എന്നേശുവല്ലാതില്ലെനിക്കൊരാശ്രയം ഭൂവിൽ
നിൻ മാർവ്വിൽ അല്ലാതില്ലെനിക്കു വിശ്രമം വേറെ
ഈ പാരിലും പരത്തിലും
നിസ്തുല്യൻ എൻ പ്രിയൻ

എൻ രക്ഷകാ എൻ ദൈവമേ
നീ അല്ലാതില്ലാരും
എന്നേശു മാത്രം മതിയെനിക്കേതു നേരത്തും

2. വൻഭാരങ്ങൾ പ്രയാസങ്ങൾ
നേരിടും നേരത്തും
ാൻ കാണുന്ന
സ്നേഹസഖിയായ്
ഈ ലോകസഖികളെല്ലാരും മാറിപ്പോയാലും
.....എൻ രക്ഷ

3. എൻ ക്ഷീണിത രോഗത്തിലും
നീ മാത്രമെൻവൈദ്യൻ
മറ്റാരേയും ഞാൻ കാണുന്നില്ലെൻ
രോഗശാന്തിക്കായ്
നിൻ മാർവ്വിടം എന്നാശ്രയം
എൻ യേശു കർത്താവേ
.....എൻ രക്ഷ

# 163

എന്നേശുവേ നീയാശ്രയം
എന്നാളും മന്നിലീ സാധുവിന്
എല്ലാരും പാരിൽ കൈവിട്ടാലും
എന്നെ കരുതുന്ന കർത്താവു നീ (2)

1. ആകുലനേരത്തെൻ ചാരത്തണഞ്ഞു
ഏകുന്നു സാന്ത്വനം നീയെനിക്ക്
ആകയാലില്ല തെല്ലും ഭയം
പകലും രാവും നീ അഭയം

....എന്നേശു

2. ചിന്തി നീ ചെന്നിണം ക്രൂശിലതാലെൻ
ബന്ധനം നീക്കി നിൻ സ്വന്തമാക്കി
എന്തോരു ഭാഗ്യം നിത്യബന്ധം
സന്തതം പാടും സന്തോഷമായ് -

....എന്നേശു

3. തുമ്പങ്ങളേറുമെൻ മാനസം തന്നിൽ
ഇമ്പം പകരുന്നു നിൻ മൊഴികൾ
എൻ മനം നിന്നിലാനന്ദിക്കും
നിൻ മാറിൽ ചാരിയാശ്വസിക്കും -

....എന്നേശു

# 164

1. എൻ കൺകൾ തുറക്ക
   നിൻ മുഖം കാണ്മാൻ
   എൻ കരങ്ങൾ നീട്ടി
   നിന്നെ തൊടുവാൻ

2. എൻ കാതുകൾ തുറക്ക
   നിൻ സ്വരം കേൾപ്പാൻ
   എൻ കൺകൾ തുറക്ക
   നിൻ മുഖം കാണ്മാൻ

# 165

1. എൻ ദൈവമേ! നടത്തുകെന്നെ നീ, എന്നേരവും
പാരിന്നിരുൾ അതുടെ സർഗ്ഗേ ഞാൻ ചേരും വരെ
നിൻ തൃക്കൈകളാൽ ഈ ഭൂയാത്രയിൽ
സർവ്വദാ എന്നെ താങ്ങിടേണമേ!.

2 നിൻ കല്പനകൾ നിമിഷംപ്രതി ലംഘിച്ചു ഞാൻ
ശുദ്ധാവിയെ സദാ എൻ ദോഷത്താൽ ദുഃഖിപ്പിച്ചേൻ
നീതിയിൽ എന്നെ നിൻ മുമ്പിൽനിന്നു
ഛേദിക്കാതെ നിൻകൃപ നൽകുക!

3. എന്നാത്മ ദേഹി ദേഹം സമസ്തം ഏൽപിക്കുന്നേൻ
നിൻ കൈകളിൽ ക്ഷണംപ്രതി എന്നെ ഇന്നു മുതൽ
വേദവാക്യമാം പാതയിൽകൂടെ
വിശുദ്ധാത്മാവു നടത്തേണമേ!

4. ഞാൻ മണ്ണാകുന്നു എന്നോർക്കുന്നോനെ ഒന്നിനാലും
ഈ പാപിയെ ഉപേക്ഷിച്ചീടാതെ അൻപോടു നീ
സർവ്വ ശക്തിയുള്ള നിൻ സ്നേഹത്താൽ
സ്വർഗ്ഗത്തിലേക്കെന്നെ ആകർഷിക്ക!

## 166

എൻ യേശുവേ എന്റെ നാഥാ
എല്ലാം നീയറിയും
ഇന്നീ പാപി ഞാൻ നാഥാ നിൻ
സന്നിധൗ വരുന്നു താഴ്മയായി

1. സന്നിധൗ വരുന്നു താഴ്മയായി
മുൻ നടന്നെനിക്കു നേർവഴി കാട്ടും
എല്ലാം കൃപയാൽ നൽകും നാഥാ-നിൻ
സന്നിധൗ വരുന്നു താഴ്മയായി...

....സന്നിധൗ

2. എൻ സ്വാർത്ഥതകളെല്ലാം
ഉപേക്ഷിച്ചീടും
നിൻ ഹിതം മതി നാഥാ നിൻ
സന്നിധൗ വരുന്നു താഴ്മയായി-

....സന്നിധൗ

3. ഉന്നതഭാവം എല്ലാം
നന്ദികേടതാൽ
വന്ദനീയനേ, നാഥാ നിൻ
സന്നിധൗ വരുന്നു താഴ്മയായി-

....സന്നിധൗ

## 167

കർത്താവെ നിൻ പാദത്തിൽ
ഞാനിതാ വന്നീടുന്നു
എന്നെ ഞാൻ സമ്പൂർണ്ണമായ്
നിൻ കൈയിൽ തന്നീടുന്നു

1. എല്ലാം ഞാൻ ഏകിടുന്നു
മാനസ്സം, ദേഹി, ദേഹം
നിൻഹിതം ചെയ്തിടുവാൻ
എന്നെ സമർപ്പിക്കുന്നു
.....കർത്താ

2. പോകട്ടെ നിനക്കായ് ഞാൻ
പാടു സഹിച്ചീടുവാൻ
ഓടട്ടെ നാടെങ്ങും ഞാൻ
നിൻ നാമം ഘോഷിക്കുവാൻ
....കർത്താ

3. ഹല്ലേലുയ്യാ മഹത്വം!
സ്തോത്രമെൻ രക്ഷകന്
ഹല്ലേലുയ്യാ കീർത്തനം
പാടും ഞാൻ കർത്താവിന്
....കർത്താ

# 168

ഞങ്ങളണയുന്നു കുരിശിൽ
അഭയമരുളണമേ
നിന്റെ പാണികളാൽ തൊടുവാൻ
കരുണ തോന്നണമേ

1. ദുഃഖസാഗരമാർത്തലച്ചീ-
തോണിയുലയുമ്പോൾ
തപ്തഹൃദയതടങ്ങളിൽ
തിരികെട്ടുപോകുമ്പോൾ (2)
നൽ ദയാപരനേ നയിക്കണ-
മിന്നു നിൻ വഴിയേ....(2)

(ഞങ്ങൾ)

2. നിത്യപാപച്ചുമടുമായ് മരു-
യാത്ര തുടരുമ്പോൾ
അർത്ഥമറിയാതഗ്നിയിൽ ചിറ-
കറ്റു വീഴുമ്പോൾ (2)
നൽ ദയാപരമേ നയിക്കണ-
മിന്നു നിൻ വഴിയേ... (2)

(ഞങ്ങൾ)

3. ആരുമില്ലാതന്യരായ് ഇരു-
ളാകെ മൂടുമ്പോൾ
ലക്ഷ്യമില്ലാതേകരായ്
വഴിമാഞ്ഞു പോകുമ്പോൾ (2)
നൽ ദയാപരനേ നയിക്കണ-
മിന്നു നിൻ വഴിയേ...(2)

(ഞങ്ങൾ)

## 169

1. ഞാൻ പാപിയായിരുന്നെന്നേശു
എന്നെത്തേടി വന്നല്ലോ
എന്നുടെ പാപം വഹിച്ചവൻ
കുരിശിൽ തന്നുയിർ തന്നല്ലോ

എന്തത്ഭുതം ദൈവസ്നേഹത്തിൻ
ആഴം അറിവാനെളുതല്ല
സങ്കടത്തിൽ താങ്ങി നടത്തും
തൻ കൃപ ചെറുതല്ല

2. രക്താംബരം പോൽ കടുഞ്ചുവപ്പാ-
യിരുന്നെന്നുടെ പാപങ്ങൾ
കർത്താവതു ഹിമസമമായ് മാറ്റി
തൻ പ്രിയ മകനാക്കി-

......എന്ത

3. കാർമേഘമുയരാമെന്നാൽ
കർത്തൻ തള്ളുകയില്ലെന്നെ
കാണും ഞാനതിൻ നടുവിൽ
കൃപയെഴും തൻമഴവില്ലൊന്ന്-

.....എന്ത

4. സീയോൻ ഗിരിയിലൊരിക്കലിനി
ഞാൻ നിൽക്കും സാനന്ദം
കാണും പ്രിയനെ സ്തുതിയിൻ
പല്ലവി പാടും ഞാനെന്നും-

.....എന്ത

5. അത്യുന്നതൻ തൻമറവിൽ വാസം
ചെയ്തിടും ഞാനിന്ന്
അത്യാദരം ഞാൻ പാടുമെന്നഭയവും
കോട്ടയുമവനെന്ന്-

......എന്ത

# 170

ഞാനും എനിക്കുള്ള സർവ്വസ്വവും
ദൈവത്തിൻ ദാനമെന്നോർത്തീടും ഞാൻ
ഞാനും കുടുംബവും സേവിച്ചീടും
യാഹെന്ന ദൈവത്തെ ഇന്നുമെന്നും...

1. എൻ ഗേഹം ദൈവത്തിൻ വാസസ്ഥലം
   ആരാധിച്ചിടുമാ ധന്യനാമം..
   അർപ്പിച്ചിടും എൻ സമസ്തവും
   സ്തോത്രത്തിൻ യാഗങ്ങളാൽ

   ....ഞാനും
2. സന്തോഷ സന്താപ വേളകളിൽ
   ഒന്നായണയും തൻ സന്നിധിയിൽ
   സ്നേഹിച്ചിടും ക്ഷമിച്ചിടും
   കരുതീടും തമ്മിൽ തമ്മിൽ

   ....ഞാനും
2. നാഥൻ എനിക്കേകും ദാനമെല്ലാം
   സ്നേഹത്തിൽ ഏവർക്കും പങ്കുവെയ്ക്കും
   ദുഃഖിതർക്കും പീഡിതർക്കും...
   ആവോളം നന്മ ചെയ്യും....

   ....ഞാനും

4. എന്നിൽ നിയുക്തമാം ദൈവയിഷ്ടം
   ആരാഞ്ഞറിഞ്ഞു ഞാൻ ജീവിച്ചിടും
   സത്യ-ധർമ്മ-നീതി-മാർഗ്ഗം
   നിത്യവും പിന്തുടരും

   ....ഞാനും

## 171

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതംപോൽ നടത്തണമേ
കുശവൻ കയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയണമേ

1. നിൻ വചനം ധ്യാനിക്കുമ്പോൾ
എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്വരയിൽ
ദീപമതായ് നിൻ മൊഴികൾ
....തിരുക്കര

2. ആഴിയതിൻ ഓളങ്ങളാൽ
അലഞ്ഞീടുമ്പോൾ എൻ പടകിൽ
എന്റെ പ്രിയൻ യേശുവുണ്ട്
ചേർന്നിടുമേ ഭവനമതിൽ
....തിരുക്കര

3. അവൻ നമുക്കായ് ജീവൻ നല്കി
ഒരുക്കിയല്ലോ വലിയ രക്ഷ
ദീപ്തികളാൽ കാണുന്നു ഞാൻ
സ്വർഗ്ഗകനാൻ ദേശമതിൽ
.....തിരുക്കര

## 172

ദൈവമേ ത്രിയേകനേ
നിൻ സവിധേ ഞാൻ വരുന്നു...

1. അപ്പൻ തൻ മക്കളിൽ കാരുണ്യംപോൽ
ഇപ്പാപിയാമെന്നെ ദർശിക്കണേ
പുത്രൻ മൂലം നിൻ സവിധേ
എത്തണമെ എന്റെ യാചനകൾ
....ദൈവമേ

2. സ്വർഗ്ഗത്തിലെ ദിവ്യാനുഗ്രഹത്താൽ
നിത്യം നിറയ്ക്കാമെന്നോതിയോനെ
സത്യവഴി യേശുവെ നീ
നിത്യതയിലേക്കു വാതിലും നീ–
....ദൈവമേ

3. ജല്പനം ചെയ്യുവാനല്ല ഞങ്ങൾ
ഹൃദ്യമായ് നിന്നിൽ ലയിച്ചിടുവാൻ
ഏകാത്മാവാൽ ഏകമായ് നിൻ
സാന്നിദ്ധ്യം തേടി വരുന്നു ഞങ്ങൾ–
....ദൈവമേ

4. രോഗിക്കു സൗഖ്യപ്രദായകൻ നീ
പാപിക്കു രക്ഷയും നീതിയും നീ
ആത്മാവിനാൽ അത്യന്തമായ്
ശക്തീകരിച്ചു നയിപ്പതും നീ–
....ദൈവമേ

## 173

പരിശുദ്ധനാം പരമ താതാ
തിരുസവിധേ ഞാൻ വരുന്നു
എന്റെ ലംഘനങ്ങൾ ക്ഷമിക്കണമെ
എന്റെ പാപങ്ങൾ മോചിക്കണെ

1. നിൻ മകനെന്നു വിളിപ്പാൻ യോഗ്യനല്ലേ
ഒരു ദാസനെപ്പോൽ സ്വീകരിക്കണെ
പാരിൽ ഞാൻ ചെയ്ത പാപമെല്ലാം
പരമേശാ ക്ഷമിക്കണമെ-
.....പരിശുദ്ധനാം

2. നിന്റെ അനുഗ്രഹഭവനമതിൽ നിന്നും
നന്നേ ദൂരവെ ഞാൻ ജീവിച്ചുപോയ്
ഒന്നുമില്ലാതെ വരുന്നിതാ ഞാൻ
എന്നേശുവേ സ്വീകരിക്കണെ-
.....പരിശുദ്ധനാം

3. അങ്ങേ പിരിഞ്ഞു ഞാൻ
ജീവിച്ചനാൾകളെല്ലാം
ഒട്ടും ശാന്തിയില്ലാതെ വലഞ്ഞലഞ്ഞു
ഇന്നു നിൻ പാദം തേടി വരുന്നു
എന്നേശുവേ സ്വീകരിക്കണെ-
.....പരിശുദ്ധനാം

## 174

യേശുവേ രക്ഷാദായകാ
നിന്റെ സന്നിധേ വരുന്നു
എന്റെ പാപ ഭാരവുമായ്
വല്ലഭായേകൂ രക്ഷയെ

1. ഉന്നതി വെടിഞ്ഞവനെ
മന്നിൽ താണുവന്നവനെ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ
ജീവനെ തന്നത്

.....യേശുവേ

2. പാപം ചെയ്തിടാത്തവനെ
പരിക്ഷീണനായവനെ-
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ
ദാഹിച്ചു കേണത്

.....യേശുവേ

3. ശാപ രോഗമേറ്റവനെ
പാപമായിത്തീർന്നവനെ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ
പാടുകളേറ്റത്

....യേശുവേ

4. എന്റെ രോഗം നീ വഹിച്ചു
എന്റെ ശാപം നീക്കി മുറ്റും
നിനക്കായിട്ടെന്നെന്നും
ഞാനിനി ജീവിക്കും നിശ്ചയം

.....യേശുവേ

## 175

വിനയമുള്ളൊരു ഹൃദയമെന്നിൽ
മെനഞ്ഞിടേണമേ ദൈവമേ
അനുദിനം തവ ഭാവമെന്നിൽ
വിളങ്ങിടാൻ കൃപയേകിടു

ദിനം ദിനം ഞാൻ ദൈവമേ
മറന്നുപോയ് നിൻ ദാനങ്ങൾ
സ്വാശ്രയത്തിൽ നിഗളിയായ്
സ്നേഹവാനേ ക്ഷമിക്കണേ- .

....വിനയ

1. നിഗളമെൻ നയനങ്ങൾ മൂടി
ഇരുളിലാക്കിയെൻ ജീവിതം
കോപമെൻ അധരങ്ങൾ മൂടി
പരുഷമാക്കിയെൻ മൊഴികളെ-

....ദിനം ദിനം

2. അന്യരിൽ ഞാൻ നന്മ കാണാൻ
തുറന്ന മനസ്സെനിക്കേകുക
എന്നിലെ ഇല്ലായ്മ കാണാൻ
ആത്മ ദർശനം ഏകുക-

.....ദിനം ദിനം

3. താഴ്മയും സൗമ്യതയുമെന്നിൽ
അനുദിനം വളർന്നീടുവാൻ
താവകത്മാവെന്റെയുള്ളിൽ
വാണിടേണം നിത്യമായ്-

....ദിനം ദിനം

## 176

സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ

1. എന്റെ ബുദ്ധിയും എന്റെ ശക്തിയും
നീയെനിക്കു തന്നതൊക്കെയും
....സർവ്വവും

2. എന്റെ രോഗവും എന്റെ സൗഖ്യവും
നീയെനിക്കു തന്നതൊക്കെയും
....സർവ്വവും

3. എന്റെ കീർത്തിയും എൻ പുകഴ്ചയും
നീയെനിക്കു തന്നതൊക്കെയും
....സർവ്വവും

4. എന്റെ ശബ്ദവും എൻ ധ്വനികളും
നീയെനിക്കു തന്നതൊക്കെയും
....സർവ്വവും

6. എന്റെ ആയുസ്സും എന്റെ ഭാവിയും
നീയെനിക്കു തരുന്നതൊക്കെയും
....സർവ്വവും

# വിശ്വാസം

## 177

1. അത്യുന്നതനാം ദൈവത്തിൻ മറവിൽ
സർവ്വശക്തൻ നിഴലിൽ കീഴിൽ
കോട്ടയായവൻ സങ്കേതമായവൻ
തൻ സന്നിധിയിൽ വസിക്കുന്നു ഞാൻ

ഞാനാശ്രയിക്കും പാറ എൻ
രക്ഷയിൽ വെളിച്ചം
ഞാനാരെ പേടിക്കും കർത്തനെന്റെ അഭയം
ഇടയശ്രേഷ്ഠൻ ക്രിസ്തു വീര്യഭുജം ഉള്ളോൻ
കൈപിടിച്ചു നയിക്കുന്നെന്നെ

2. പാപമൃത്യു ശാപഘോരപീഢയാൽ
മനമുരുകും മർത്യസ്നേഹിതാ
അദ്ധ്വാനിക്കുന്നോർ ഭാരം വഹിപ്പോർ
യേശുവിന്റെ പാദേ ചേരുക
.....ഞാനാശ്ര

3. യുദ്ധം ക്ഷാമരോഗ വിപ്ലവാദികൾ
ഭൂലോകത്തെ നടുക്കിടുന്നു
വില്ലൊടിക്കുവാൻ വ്യാധി നീക്കുവാൻ
ജയം വരിച്ചേശു വരുന്നു
.....ഞാനാശ്ര

4. രക്ഷനേടുവാൻ മോക്ഷം പ്രാപിപ്പാൻ
സത്യമാർഗ്ഗമന്വേഷിപ്പോനെ
സത്യവഴിയും വാതിലുമായ
യേശുനാഥൻ പാദം ചുംബിക്കാം
.....ഞാനാശ്ര

# 178

അനുദിനമെന്നെ പുലർത്തുന്ന ദൈവം
അനവധി നന്മകൾ നൽകിടുന്നു
അനന്തമാം തിരുകൃപ മതിയെ
അനുഗ്രഹ ജീവിതം നയിച്ചിടുവാൻ

1. അവനിയിലെ അനർത്ഥങ്ങളാൽ
അലയുവാനവനെന്നെ കൈവിടില്ല
അകമെ താനരൂപിയായുള്ളതിനാൽ
ആകുലമില്ലെനിക്കാധിയില്ല-
......അനുദിന

2. ജീവിതമാം എൻ പടകിൽ
വൻ തിരമാല വന്നാഞ്ഞടിച്ചാൽ
അമരത്തെൻ അഭയമായ് നാഥനുണ്ടേ-
അമരും വൻ കാറ്റും തിരമാലയും-
.....അനുദിന

3. ബലഹീനമാം എൻ ശരീരം
ഈ മണ്ണിൽ മണ്ണായി തീരുമെന്നാൽ
തരും പുതുദേഹം തൻ ദേഹസമം
തേജസ്സെഴുന്നോരു വിൺ ശരീരം
....അനുദിന

## 179

അൻപിൻ ദൈവമെന്നെ
നടത്തുന്ന വഴികൾ അത്ഭുതമേ
അവൻ കൃപകളെന്നിൽ
ചൊരിയുന്നതോ അനല്പമേ (2)

1. അഖില ചരാചര രചയിതാവാം
അഖിലജഗത്തിനും ഉടയവൻ താൻ
അവനെന്റെ താതനായ് തീർന്നതിനാൽ
ചൊരിയുന്നതോ-അനല്പമേ (2)

2. അടിയനറിയാവുന്നതിലുപരി
അറിയുന്നവനെന്റെ ആവശ്യങ്ങൾ
ആവശ്യനേരത്ത് അവൻ തുണയായ്
അതിശയമായെന്നെ പുലർത്തിടുന്നു (2)

3. അണഞ്ഞിടും ഒടുവിൽ ഞാനവനരികിൽ
അകതാരിലാകെയെന്നാശയത്
അവിടെയാണെന്നുടെ സ്വന്തഗൃഹം
അനവരതം അതിൽ അധിവസിക്കും (2)

## 180

അബ്രഹാമിൻ ദൈവം
യിസ്സഹാക്കിൻ ദൈവം
യാക്കോബിൻ ദൈവം
എന്റെയും ദൈവം

1. തലമുറ തലമുറ വഴി നടത്തി
പലമുറ തിരുകൃപ രുചിച്ചറിഞ്ഞു
ഇതുവരെ അതിശയമായ് പുലർത്തി
ഇനിയും അവനെന്നും മതിയായവൻ
....അബ്രഹാമിൻ

2. വിശ്വാസത്തിൻ ശോധനയേറിടുമ്പോൾ
വാഗ്ദത്ത വചനത്താൽ വഴി നടത്തി
മോറിയ മലയിലെ അത്ഭുതം പോൽ
ഇന്നും കരുതുന്നോൻ എന്റെ ദൈവം
....അബ്രഹാമിൻ

3. യാക്കോബിൻ പ്രാർത്ഥന കേട്ടവൻ താൻ
യാബോക്കിൽ അനുഗ്രഹം അരുളിയവൻ
തിരുമുഖം നോക്കിയോർ ശോഭിക്കുവാൻ
അനുഗ്രഹ ഭണ്ഡാരം തുറക്കുന്നവൻ
....അബ്രഹാമിൻ

4. കുഴഞ്ഞതാം മുഴങ്കാൽ നിവർത്തുന്നവൻ
കുനിഞ്ഞതാം ശിരസ്സിനെ ഉയർത്തുന്നവൻ
ചതഞ്ഞതാം ഓടയെ ഒടിക്കാത്തവൻ
പുകയുന്ന തിരിയെ കെടുത്താത്തവൻ
....അബ്രഹാമിൻ

## 181

1. അസാദ്ധ്യമായ് എനിക്കൊന്നുമില്ല
എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം (2)
ബുദ്ധിക്കതീതമാം അത്യത്ഭുതങ്ങളാൽ
എന്റെ ദൈവം എന്നെ നടത്തുന്നു (2)

സാദ്ധ്യമെ എല്ലാം സാദ്ധ്യമെ എൻ
യേശു എൻ കൂടെയുള്ളതാൻ (2)

2. ഭാരം പ്രയാസങ്ങൾ വന്നീടിലും
തെല്ലും കുലുങ്ങുകയില്ല ഇനി (2)
ബുദ്ധിക്കതീതമാം ദിവ്യ സമാധാനം
എന്റെ ഉള്ളത്തിലവൻ നിറയ്ക്കുന്നു (2)
....സാദ്ധ്യമെ

3. സാത്താന്യ ശക്തികളെ ജയിക്കും ഞാൻ
വചനത്തിൻ ശക്തിയാൽ ജയിക്കും ഞാൻ (2)
ബുദ്ധിക്കതീതമാം ശക്തി എന്നിൽ നിറ-
ച്ചെന്നെ ജയാളിയായ് നടത്തുന്നു (2)
....സാദ്ധ്യമെ

# 182

ആഴിയിൽ അലകൾ പോൽ
ആകാശ മഴകൾ പോൽ
അളവന്യേ കൃപ പകർന്നു തരും
അനുദിനം തിരുകൃപ തുടർന്നു വരും

1. മരുഭൂവിൽ പുതുമന്ന കനിഞ്ഞു തരും
മാറായിൻ ഉറവയെ മധുരമാക്കും
കലവറയില്ലാത്ത സ്നേഹം ചൊരിഞ്ഞെന്നെ
ദിനം ദിനം ഈ ഭൂവിൽ വഴി നടത്തും

2. അതുല്യമാം നിൻ ദയ പിന്തുടരും
കർത്താ നിൻ കാരുണ്യം അനന്തമല്ലോ
മനുഷ്യനിലാശ്രയം ഒരുനാളും വേണ്ടിനി
യഹോവയാണെൻ ബലം എൻ ശരണം

# 183

ഇടയൻ നല്ലിടയൻ
യഹോവ നല്ലിടയൻ
ആടിനെ തേടുന്ന ആടലകറ്റുന്ന
യാഹെനിക്കിടയനല്ലോ

1. കൂടു വെടിഞ്ഞതാം ആടിനെ തേടി-വൻ
പാടുകളേറ്റവനാം
നേടിയെടുത്തു തൻ വീടുവരെ-തോളി-
ലേറ്റി നടപ്പവനാം-

....ഇടയൻ

2. പച്ചപ്പുൽപുറങ്ങളിൽ കിടത്തുന്നവൻ-സ്വച്ഛ
ജലനിധി കാട്ടുന്നവൻ
മരണത്തിൻ കൂരിരുൾ താഴ്വരയതിലും തൻ
ശരണമങ്ങേകുന്നവൻ-

....ഇടയൻ

# 184

1. ഇന്നയോളം എന്നെ നടത്തി
ഇന്നയോളം എന്നെ പുലർത്തി
എന്റെ യേശു എത്ര നല്ലവൻ
അവനെന്നെന്നും മതിയായവൻ

2. എന്റെ പാപഭാരമെല്ലാം
തന്റെ ചുമലിൽ ഏറ്റു കൊണ്ട്
എനിക്കായ് കുരിശിൽ മരിച്ചു
എന്റെ യേശു എത്ര നല്ലവൻ

3. എന്റെ ആവശ്യങ്ങൾ അറിഞ്ഞ്
ആകാശത്തിൻ കിളിവാതിൽ തുറന്ന്
എല്ലാം സമൃദ്ധിയായ് നൽകീടുന്ന
എന്റെ യേശു നല്ലയിടയൻ

4. മനോഭാരത്താൽ അലഞ്ഞ്
മനോവേദനയാൽ നിറഞ്ഞ്
മനമുരുകി ഞാൻ കരഞ്ഞീടുമ്പോൾ
എന്റെ യേശു എത്ര നല്ലവൻ

5. രോഗശയ്യയിലെനിക്കു വൈദ്യൻ
ശോകവേളയിൽ ആശ്വാസകൻ
കൊടും വെയിലതിൽ തണലുമവൻ
എന്റെ യേശു എത്ര നല്ലവൻ

6. ഒരു നാളും കൈവിടില്ല
ഒരു നാളും ഉപേക്ഷിക്കില്ല
ഒരു നാളും മറക്കുകില്ല
എന്റെ യേശു എത്ര വിശ്വസ്തൻ

7. എന്റെ യേശു വന്നിടുമ്പോൾ
തിരുമാർവ്വോടണഞ്ഞിടും ഞാൻ
പോയപോൽ താൻ വേഗം വരും
എന്റെ യേശു എത്ര നല്ലവൻ

## 185

ഇന്നു കണ്ട മിസ്രയിമ്യനെ കാണുകയില്ല
ഇന്നു വന്ന കഷ്ടം ഇനി വരികയില്ല
ബാധ നിന്റെ കൂടാരത്തിനടുക്കയില്ല
നിന്റെ കാലുകൾ ഇടറുകില്ല (2)

1. ചെങ്കടൽ പിളർന്നു വഴി തുറക്കും
യോർദ്ദാൻ രണ്ടായി പിരിഞ്ഞുമാറും (2)
യെരിഹോ നിന്റെ മുമ്പിൽ ഇടിഞ്ഞു വീഴും
യേശുവിന്റെ നാമത്തിൽ നീ
ആർത്തിടുമ്പോൾ (2) .....ഇന്നു കണ്ട

2. രോഗങ്ങൾ നിന്നെ ക്ഷീണിപ്പിക്കില്ല
ശാപങ്ങൾ നിന്നെ തളർത്തുകില്ല (2)
ആഭിചാരം യാക്കോബിനു ഫലിക്കുകില്ല
ലക്ഷണങ്ങൾ യിസ്രായേലിനേൽക്കുകില്ല (2)
.....ഇന്നു കണ്ട

## 186

ഇന്നോളം എന്നെ നടത്തിയ നാഥാ
തിരുകൃപ എന്നും എനിക്കു മതി (2)
കണ്ണു കണ്ടിട്ടില്ലാത്ത, ചെവി കേട്ടിട്ടില്ലാത്ത
മനുഷ്യഹൃദയങ്ങൾക്കതീതമായ
വഴികളിൽ നടത്തുന്ന നാഥാ
തിരുകൃപ മാത്രം എനിക്കു മതി -നൽ
.....ഇന്നോളം

1. പ്രതികൂല കാറ്റുകൾ ഉയർന്നിടുമ്പോൾ
ജീവിത നൗക ഉലഞ്ഞിടാതെ (2)
അചഞ്ചല വിശ്വാസം നൽകീടണേ നിൻ
കൃപയിൽ കരുണയാൽ കാത്തിടണേ (2)
.....ഇന്നോളം

2. നയനമോഹങ്ങൾ ത്യജിച്ചിടുവാൻ
വചനത്തിൽ വേരൂന്നി വളർന്നീടുവാൻ (2)
വേദപ്രമാണത്തെ നൽകീടണേ നിൻ
കൃപയിൽ കരുണയാൽ കാത്തിടണേ (2)
.....ഇന്നോളം

## 187

ഈ ലോക ജീവിതത്തിൽ
വൻ ശോധന നേരിടുമ്പോൾ
കരയുകയില്ലിനി തളരുകയില്ലിനി
ജയാളിയാണല്ലോ ഞാൻ ജയാളിയാണല്ലോ

1. രോഗത്തിനെന്മേൽ കാര്യമില്ല
ശാപത്തിനെന്മേൽ ജയവുമില്ല
ക്രൂശിലെന്നേശു ഇതെല്ലാം വഹിച്ചതാൽ
ജയാളിയാണല്ലോ ഞാൻ ജയാളിയാണല്ലോ
.....ഈ ലോക

2. എൻ മേലോ ഇനിയെൻ ഭവനത്തിലോ
സാത്താന്യ തന്ത്രങ്ങൾ വിജയിക്കില്ല
ക്രൂശിലെന്നേശു ജയാളിയായതാൽ
ജയാളിയാണല്ലോ ഞാൻ
ജയാളിയാണല്ലോ
.....ഈ ലോക

## 188

എക്കാലത്തിലും ക്രിസ്തു മാറുകില്ല
എക്കാരണത്താലുമെന്നെ കൈവിടില്ല (2)

1. ആരെ ഞാൻ വിശ്വസിക്കുന്നുവെന്ന-
തറിയുന്നവനെന്നന്ത്യം വരെ (2)
എന്നുപനിധിയെ സൂക്ഷിച്ചിടുവാൻ
തന്നുടെ കരങ്ങൾ കഴിവുള്ളതാം-
.....എക്കാല

2. ഇന്നലെ ഇന്നുമെന്നേക്കുമവൻ
അനന്യൻ തൻ കൃപ തീരുകില്ല (2)
മന്നിൽ മന്നവൻ വിണ്ണിലുള്ളവൻ
വന്നിടുമിനിയും മന്നവനായ്-
.....എക്കാല

3. കളങ്കമെന്നിയേ ഞാനൊരിക്കൽ
പളുങ്കുനദിയിൻ കരെയിരുന്നു (2)
പാടി സ്തുതിക്കും പരമനാമം
കോടി കോടി യുഗങ്ങളെല്ലാം-
.....എക്കാല

## 189

എനിക്കായ് കരുതാമെന്നുരച്ചവനെ
എനിക്കൊട്ടും ഭയമില്ല നിനച്ചീടുമ്പോൾ
എനിക്കായ് കരുതുവാൻ
ഇഹത്തിലില്ലെ ഒന്നും
ചുമത്തുന്നെൻ ഭാരമെല്ലാം നിന്റെ ചുമലിൽ

1. കാക്കകളെ നോക്കിടുവിൻ വിത്യ്ക്കുന്നില്ല
കൊയ്തുകളപ്പുരയൊന്നും നിറയ്ക്കുന്നില്ല
വയലിലെ താമരകൾ വളരുന്നല്ലോ എന്നും
വാനിലെ പറവകൾ പുലരുന്നല്ലോ
.....എനി

2. ഭക്ഷണമില്ലാതെ വാടി കുഴഞ്ഞിടുമ്പോൾ
ഭക്ഷണമായ് കാകൻ എന്റെ അരികിൽ വരും
അപ്പവും ഇറച്ചി ഇവ കരത്തിൽ തരും
ജീവ ഉറവയിൻ തോടെനിക്കു
ദാഹം തീർത്തിടും
....എനി

3. ക്ഷാമമേറ്റു സാരാഫത്തിൽ സഹിച്ചീടിലും
മരിക്കുവാനൊരുക്കമായ് ഇരുന്നീടിലും
കലത്തിലെ മാവു ലേശം കുറയുകില്ല-എന്റെ
കലശത്തിൽ എണ്ണ കവിഞ്ഞൊഴുകിടുമേ
.....എനി

4. ശത്രുഭീതി കേട്ടു തെല്ലും നടുങ്ങീടിലും
ചൂരച്ചെടി തണലതിൽ ഉറങ്ങീടിലും
വന്നുണർത്തി തരും ദൂതർ കനലടകൾ തിന്നു
തൃപ്തനാക്കി നടത്തീടും ദിനം ദിനമായ്
.....എനി

## 190

എനിക്കായ് തുറന്നോരുറവ
നാഥൻ കാൽവറിയിൽ കുരിശിൽ
എന്റെ പാപവും രോഗവും നീക്കാൻ
എന്നെന്നുമൊഴുകുമൊരുറവ

ഓടിവാ... പ്രിയനേശുവിൽ
നിൻ ദാഹമെല്ലാം നീക്കുമവൻ
നിൻ ജീവനെ പുതുക്കും നദിയിൽ

1. ഹാഗാറിൻ രോദനത്താലെ
മരുഭൂമിയിൽ മാറുതുറന്നു
സൂതനേകിടുവാനായൊഴുകി
നവചേതനയന്നവനേകി

....ഓടിവാ

2. കൈപ്പേറും നീരിനെ മരുവിൽ
ഒരു മധുര ജലാശയമാക്കി
തിരുജനത്തിൻ ശാശ്വതമായോ-
രുണർവ്വിന്നുടെ കാരണമാക്കി

....ഓടിവാ

3. അറുനൂറായിരമായോർ
ബഹുസഞ്ചയജനമന്നാളിൽ
തീക്കല്ലിൻ പാറയിൽ നിന്നും
കുടിച്ചീശനെ മോദാൽ വാഴ്ത്തി

....ഓടിവാ

4. ആത്മാവിൻ നിറവുള്ളിൽ പകരും
ജീവജലത്തിൻ അരുവികളൊഴുകും
എന്നിൽ വിശ്വസിച്ചേവരും വരുവിൻ
ഉരച്ചേശുവിൻ മൊഴികളതാലെ

....ഓടിവാ

## 191

എന്നുമെൻ ആശ്രയവും
കോട്ടയും യേശുതന്നെ
എന്നിൽ കണികപോലും
ഭീരുത്വം തീണ്ടുകില്ല (2)

1. ശോധന വന്നെന്നാലും
ബാധകൾ ഏറിയാലും
ഉറ്റവർ അകന്നെന്നാലും
പാരിൽ ഞാൻ ഭയപ്പെടില്ലാ
....എന്നുമെൻ

2. ക്ഷോണിയിൽ ക്ഷീണിതനായ്
മാനസം തേങ്ങിടുമ്പോൾ
മാറത്തു ചേർത്തണയ്ക്കും
ദുഃഖങ്ങൾ തീരുമപ്പോൾ
....എന്നുമെൻ

3. സമ്പന്നനാകവേണ്ട
വമ്പൊന്നും കൂടെ വേണ്ടാ
യേശുവെൻ കൂടെയുണ്ട്
അതുമതിയാനന്ദമാം
....എന്നുമെൻ

4. കാലങ്ങൾ പോയി മാറും
നാളുകൾ തീർന്നു മാറും
കാഹളം കേട്ടുമാറും
ഭക്തർ തൻകൂട്ടമന്നാൾ
....എന്നുമെൻ

# 192

എന്നെ കരുതുവാൻ കാക്കുവാൻ
പാലിപ്പാനേശു എന്നും മതിയായവൻ

1. മർത്യരാരിലും ഞാൻ സഹായം
തെല്ലും തേടുകില്ല നിശ്ചയം
ജീവനാഥനെന്നാവശ്യങ്ങളറിഞ്ഞു
ജീവനാളെല്ലാം നടത്തിടുമേ
.....എന്നെ

2. എന്റെ ഭാരങ്ങൾ തൻ ചുമലിൽ
വെച്ചു ഞാനെന്നും വിശ്രമിക്കും
ദുഃഖവേളയിലും പുതുഗീതങ്ങൾ ഞാൻ
പാടിയാനന്ദിച്ചാശ്വസിക്കും
.....എന്നെ

3. ഒരു സൈന്യമെനിക്കെതിരെ
വരുമെന്നാലും ഞാൻ ഭ്രമിക്കാ
തിരുചിറകുകളാലവൻ മറയ്ക്കുമതാൽ
ഒരു ദോഷവും എനിക്കു വരാ .....എന്നെ

4. വിണ്ണിൽ വാസസ്ഥലം ഒരുക്കി
വരും പ്രാണപ്രിയൻ വിരവിൽ
അന്നു ഞാനവൻ മാറിൽ മറഞ്ഞീടുമേ
കണ്ണീർ പൂർണ്ണമായ് തോർന്നീടുമേ
......എന്നെ

## 193

എന്നെ ശക്തനാക്കീടുന്നവൻ മൂലം
ഞാൻ എല്ലാറ്റിനും മതിയായോൻ
എന്റെ ബലഹീനതയിൽ തന്റെ
ബലമണിയിക്കുന്നവൻ യേശു മാത്രമല്ലോ

1. തന്റെ കൈകളിൽ കളിമണ്ണായ്
ഇരിക്കുമ്പോൾ പോലും
ഞാൻ തിരുഹിതം വെടിഞ്ഞുപോയി
കൃപയാൽ കൃപയാലവൻ
കരങ്ങളിലണച്ചെന്നെ
അഴകേകി മെനഞ്ഞിടുന്നു-

.....എന്നെ

2. ഈ ലോകത്തിൽ തിരകളിൽ
കരകാണാതുഴലുമ്പോൾ
കരം തരുമവൻ കരുതും
അഴലേറിടും മരുവിലും
നാഥനെ സ്തുതിച്ചിടാൻ
ബലമേകി നടത്തിടുന്നു-

.....എന്നെ

3. കരം കുഴയുമ്പോൾ
പാദങ്ങൾ തളരുമ്പോളാഴത്തിൽ
മറയുവാൻ തുടങ്ങിടുമ്പോൾ
എന്റെ പാറയാം യേശു തൻകരങ്ങളാലെന്നെ
വിടുവിച്ചു നടത്തിടുന്നു-

....എന്നെ

# 194

എൻ പ്രിയനേശു കൂടെയുണ്ട്
വലങ്കരത്താൽ താങ്ങിനടത്തുമവൻ
കൈവിടാതവനെന്നെ അനുദിനവും
തണലേകി തുണയേകി നടത്തിടുമേ

1. ഭീതിവേണ്ടാ തെല്ലും ഭയന്നിടേണ്ടാ
   നീതിയിൽ സൂര്യനായ് കൃപ ചൊരിയും
   സാന്ത്വനമേകിടും തൻ വചനം
   സന്തതം തൻ ശക്തി പകർന്നു തരും

2. മരുവിൻ പ്രയാസങ്ങൾ ഏറിടുമ്പോൾ
   കരുതുന്ന രക്ഷകൻ ചാരെയുണ്ട്
   ആശീർവദിച്ചിടും അനുദിനവും
   ആരിലും ശ്രേഷ്ഠമായ് ആത്മനാഥൻ

3. പാരിലെനിക്കിനി ഭീതിയില്ല
   ഭാരങ്ങളൊന്നുമേ തളർത്തുകില്ല
   കാരുണ്യവാൻ എന്റെ കൂടെയുണ്ട്
   കാലിടറാതവൻ കാത്തിടുന്നു

## 195

എൻ പ്രിയ യേശുവേ എന്നാളും നീ മതി
ജീവിത യാത്രയതിൽ നാഥനായ് നീ മതി

1. ഓളങ്ങളേറുമ്പോൾ തോണിയുലയുമ്പോൾ
കര കാണാതലയുമ്പോൾ
ഭയമോടെ തുഴയുമ്പോൾ
വിശ്വാസത്തോണിയിൽ അമരത്തു നീ മതി
കാരുണ്യവാരിധേ ചാരത്തും നീ മതി
....എൻ പ്രിയ

2. സ്നേഹത്തിൻ താങ്ങുകൾ
നൊമ്പരമേകുമ്പോൾ
മോഹത്തിൻ പാശങ്ങൾ ബന്ധനമാകുമ്പോൾ
സാന്ത്വനം നീ മതി എൻ ജീവദായകാ
ആശ്രിത വത്സലാ ആശ്വാസം നീ മതി
....എൻ പ്രിയ

3. ആശകൾ തകരുമ്പോൾ
ക്ലേശങ്ങൾ പെരുകുമ്പോൾ
എന്തു ചെയ്യേണമെന്നറിയാതെ ഉഴലുമ്പോൾ
പ്രത്യാശയേകിടും വചനം നീ നൽകുക
ധൈര്യമതേകിടും ആത്മാവെ നൽകുക
....എൻ പ്രിയ

## 196

എൻ പ്രിയാ  നിൻ പൊൻകരം
എന്നെ താങ്ങി നടത്തിടുന്നതാൽ
എൻ ജീവിത ഭാരങ്ങളാൽ
കേഴണമോ ഈ ഭൂവിൽ

1. എൻ വേദന മാറിടുമേ
എൻ രോഗങ്ങൾ നീങ്ങിടുമേ
അങ്ങേ മാർവ്വിൽ ചാരിടുമ്പോൾ
ഞാനെന്തു ഭാഗ്യവാനായ് (2)

....എൻ

2. ഉറ്റവർ കൈവിടും സ്നേഹിതർ മാറിടും
പെറ്റമ്മയും തള്ളിടുമേ
മാറ്റമില്ലാ വിശ്വസ്തനെ
നിന്റേതല്ലോ എന്നും ഞാൻ (2)

....എൻ

3. ജീവിത സാഗരെ ഭാരങ്ങളാൽ
എൻ തോണി വലഞ്ഞീടുമ്പോൾ
അമരക്കാരനായ് നിൻ സാന്നിദ്ധ്യം
എന്നെന്നും മതിയെനിക്ക് (2)

.....എൻ

## 197

എന്റെ ദൈവത്താൽ എല്ലാം സാദ്ധ്യം
എന്റെ ദൈവത്താൽ എല്ലാം സാദ്ധ്യം
ആഴിമേൽ നടന്നു അഗ്നിയിലിറങ്ങി
ആകാശം തുറന്ന സർവ്വശക്തൻ

എല്ലാം എല്ലാം സാദ്ധ്യം (4)
രോഗമോ ദുഃഖമോ കഷ്ടമോ നഷ്ടമോ
വിടുതൽ നൽകിടും നാഥൻ (2)

1. ഹന്ന കരഞ്ഞതു കേട്ടു ശമുവേൽ
ബാലനെ നൽകി
ദാനിയേലിന്റെ ദൈവം സിംഹക്കൂട്ടിലിറങ്ങി
പ്രാർത്ഥിച്ചീടാം കണ്ണുനീരോടെ
ഒന്നും അസാദ്ധ്യമല്ല (2)

.....എല്ലാം

2. കുരുടൻ നിലവിളിച്ചപ്പോൾ യേശുനാഥൻ നിന്നു
ലാസറുയിർത്ത നാട്ടിൽ
ജയത്തിൻ ഘോഷം കേട്ടു
പ്രാർത്ഥിച്ചീടാം കണ്ണുനീരോടെ
ഒന്നും അസാദ്ധ്യമല്ല (2)

.....എല്ലാം

3. ഉള്ളം നൊന്തു കരഞ്ഞാൽ
മനസ്സലി ഞ്ഞിടും നാഥൻ
കാൽവറിയിലെ രക്തം പാപമോചനമേകും
പ്രാർത്ഥിച്ചീടാം കണ്ണുനീരോടെ
ഒന്നും അസാദ്ധ്യമല്ല (2)

.....എല്ലാം

# 198

എന്റെ ദൈവം അറിയാതെ
എനിക്കൊന്നും ഭവിക്കയില്ല
ദോഷങ്ങളാലെന്നെ പരീക്ഷിക്കില്ല
നന്മയ്ക്കായെല്ലാം നൽകിടുന്നു

1. കഷ്ടതകൾ പെരുകീടുമ്പോൾ
എനിക്കാശ്വാസം അധികം തരും
മനസ്സലിവുള്ളവനെൻ മനുവേലൻ
മനം തകർന്ന എന്നെ സൗഖ്യമാക്കി
....എന്റെ

2. വിശ്വാസത്തിൻ പരിശോധന
വിലയേറീടും കർതൃസവിധേ
വിജയം നൽകീടുമെന്റെ ജീവനാഥൻ
വിലകൊടുത്തു എന്നെ വാങ്ങിയതാൽ
....എന്റെ

3. മാനവർക്കു നേരിടാത്തൊരു
പരിശോധന തരികില്ലവൻ
പരീക്ഷവരുമെന്നാലും നീക്കുപോക്കും
നൽകും നാഥനെന്റെ നല്ലിടയൻ
....എന്റെ

# 199

എന്റെ ദൈവം എന്നെ പോറ്റുന്നു
എന്നെ കാക്കുന്നു തന്റെ ചിറകടിയിൽ
അനർത്ഥങ്ങളിൽ ഞെരുക്കങ്ങളിൽ
അതിശയമായ് എന്നെ പുലർത്തിടുന്നു

1. ഇടയനെപ്പോലെ കരുതീടുന്നു
അമ്മയെപ്പോലെ വളർത്തിടുന്നു
ഓരോ ദിവസമതും ഓരോ നിമിഷമതും
അവനെനിക്കായ് കരുതിടുന്നു.
....എന്റെ

2. കഴുകൻ തൻ കുഞ്ഞിനെ കാക്കുംപോലെ
കോഴി തൻ കുഞ്ഞിനെ നോക്കുംപോലെ
ആ ചിറകടിയിൽ ആ മറവിടത്തിൽ
അവനെന്നെ സൂക്ഷിക്കുന്നു-
.....എന്റെ

## 200

1. എന്റെ ദൈവം മഹത്വത്തിൽ
ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണിതന്നിൽ
ക്ലേശിപ്പാൻ-ഏതും
കാര്യമില്ലെന്നെന്റെ ഉള്ളം ചൊല്ലുന്നു

2. വൈഷമ്യമുള്ളേതുകുന്നും ഞാൻ
കരേറി നടകൊൾവാൻ
രക്ഷകനെൻ കാലുകൾക്കു
വേഗമായ്-തീർന്നെൻ
പാതയിൽ ഞാൻ മാനിനെപ്പോലോടിടും(2)

3. ആരുമെനിക്കില്ലെന്നോ ഞാൻ
ഏകനായി തീർന്നുവെന്നോ
മാനസത്തിലാധിപൂണ്ടു ഖേദിപ്പാൻ-സാധു
അന്ധനായി തീർന്നിടല്ലേ ദൈവമേ! (2)

4. എന്റെ നിത്യ സ്നേഹിതൻമാർ
ദൈവദൂതസംഘമത്രേ
ഇപ്പോളവർ ദൈവമുമ്പിൽ
സേവയാം-എന്നെ
കാവൽചെയ്തു ശുശ്രൂഷിപ്പാൻ വന്നിടും (2)

5. ദുഃഖിതനായോടിപ്പോയ് ഞാൻ
മരുഭൂവിൽ കിടന്നാലും
എന്നെയോർത്ത് ദൈവദൂതർ വന്നീടും, ഏറ്റം
സ്നേഹചൂടോടപ്പവുമായ് വന്നിടും (2)

6. നാളെയെക്കൊണ്ടേൻമനസ്സിൽ
ലവലേശം ഭാരമില്ല
ഓരോനാളും ദൈവമെന്നെ പോറ്റുന്നു-തന്റെ
കൈകളിൽ ഞാൻ ദിനംതോറും ചാരുന്നു (2)

7. കാക്കകളെ വിചാരിപ്പീൻ
വിതയില്ല കൊയ്ത്തുമില്ല
ദൈവം അവയ്ക്കായി വേണ്ടതേകുന്നു-ലില്ലി
പുഷ്പങ്ങൾക്കുമവൻ ശോഭ നൽകുന്നു (2)

8. പത്മോസ് ദ്വീപിൽ ഏകനായ്
ഞാൻ വസിച്ചാലും ഭയമില്ല
സ്വർഗ്ഗം തുറന്നെന്റെ പ്രിയൻ വന്നിടും-മഹാ
ദർശനത്താൽ വിവശനായ്ത്തീരും ഞാൻ (2)

## 201

എന്റെ ദൈവം സ്വർഗ്ഗ സിംഹാസനം തന്നിൽ
എന്നിൽ കനിഞ്ഞെന്നെ ഓർത്തീടുന്നു!

1. മാതാപിതാക്കളും വീടും ധനങ്ങളും
വസ്തുസുഖങ്ങളും കർത്താവത്രെ
പൈതൽ പ്രായം മുതല്ക്കിന്നേവരെയെന്നെ
പോറ്റി പുലർത്തിയ ദൈവം മതി

2. ആരും സഹായമില്ലെല്ലാവരും പാരിൽ
കണ്ടും കാണാതെയും പോകുന്നവർ
എന്നാലെനിക്കൊരു സഹായകൻ വാനിൽ
ഉണ്ടെന്നറിഞ്ഞതിലുല്ലാസമേ

3. നല്ലോരു താതൻ പിതാവില്ലാത്തോർക്കവൻ
പെറ്റമ്മയെക്കവിഞ്ഞാർദ്രവാനും
വിധവയ്ക്കു നാഥനും സാധുവിന്നപ്പവും
എല്ലാർക്കുമെല്ലാമെൻ കർത്താവത്രെ!

4. കരയുന്ന കാക്കയ്ക്കും
വയലിലെറോസയ്ക്കും
ഭക്ഷ്യവും ഭംഗിയും നൽകുന്നവൻ
കാട്ടിലെ മൃഗങ്ങളാറ്റിലെ മത്സ്യങ്ങ
ളെല്ലാം സർവേശനെ നോക്കീടുന്നു!

5. കോടാകോടി ഗോളമെല്ലാം പടച്ച-
വനെല്ലാറ്റിനും വേണ്ടതെല്ലാം നല്കി
സൃഷ്ടികൾക്കൊക്കെയുമാനന്ദദായകൻ
ദുഷ്ടന്മാർക്കേറ്റവും ഭീതികരൻ!

6. കല്യാണശാലയിലെന്നെ വിളിച്ചെന്റെ
സന്താപമൊക്കെയും തീർത്തീടും നാൾ
ശീഘ്രം വരുന്നെന്റെ കാന്തൻ വരുന്നെന്നി
ലുല്ലാസമായ് ബഹുകാലം വാഴാൻ.

## 202

എന്റെ ദൈവമോ എന്റെ ബുദ്ധിമുട്ടെല്ലാം
തന്റെ മഹത്വത്തിന്റെ ധനത്തിനാലെ
തീർത്തുതന്നീടും
നാളെയെക്കൊണ്ടെൻ മനസ്സിൽ ഭാരമേറുന്ന ഏതു-
നേരമെല്ലാം തൻ വചനം ധൈര്യം തന്നീടും

1. ലോകത്തിന്റെ താങ്ങുകൾ നീങ്ങിപ്പോകുമ്പോൾ
സ്വർഗ്ഗത്തിന്റെ താതനെന്റെ കൂടെ വന്നീടും
പ്രാപ്തി തന്നിടും തൃപ്തി തന്നീടും
പച്ചയായ പുൽപ്പുറം ഒരുക്കിതന്നീടും

....എന്റെ ദൈവ

2. നേടിയ നന്മകൾ ഏറെയല്ലയോ
നഷ്ടമായതൊന്നും ഏതും സാരമില്ലല്ലോ
ഞാനുറയ്ക്കുന്നു വിശ്വാസമേറിടുന്നു
എന്നെ പോറ്റിടുവാനേശു ശക്തനായവൻ

....എന്റെ ദൈവ

3. ആരിൽ ഞാൻ വിശ്വാസമർപ്പിച്ചീടുന്നുവോ
അവനെൻ ഉപനിധി കാത്തുകൊള്ളുമെന്നറിയുന്നു
ഭാവിയെ ഓർത്തു വിചാരമേറിടാൻ
കാര്യമില്ലെന്നെൻ മനസ്സിൽ ധൈര്യമേറുന്നു

....എന്റെ ദൈവ

## 203

1. എന്റെ യേശു എനിക്കു നല്ലവൻ
അവനെന്നെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ
വൻ പ്രയാസങ്ങളിൽ
മനമേ അവൻ മതിയായവൻ

2. കാൽവറി മലമേൽ കയറി
മുൾമുടി ശിരസ്സിൽ വഹിച്ചു – എന്റെ
വേദന സർവ്വവും നീക്കിയെന്നിൽ
പുതുജീവൻ പകർന്നതിനാൽ
....എന്റെ

3. അവനാദ്യനും അന്ത്യനുമേ
ദിവ്യസ്നേഹത്തിനുറവിടമേ
പതിനായിരത്തിൽ അതിശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ
......എന്റെ

4. മരുഭൂയാത്ര അതികഠിനം
പ്രതികൂലങ്ങൾ അനുനിമിഷം
പകൽ മേഘ സ്തംഭം
രാത്രി അഗ്നിത്തൂണാൽ
എന്നെ അനുദിനം വഴിനടത്തും
....എന്റെ

5. എന്റെ ക്ലേശമെല്ലാം നീങ്ങിപ്പോം
കണ്ണുനീരെല്ലാം തുടച്ചീടുമേ
അവൻ രാജാവായ് വാനിൽ
വെളിപ്പെടുമ്പോൾ
ഞാൻ അവനിടം പറന്നുയരും
.....എന്റെ

## 204

എന്റെ യേശു വാക്കു മാറാത്തോൻ (2)
ഈ മൺമാറും വിൺ മാറും
മർത്യരെല്ലാം വാക്കു മാറും
എന്റെ യേശു വാക്കു മാറാത്തോൻ (2)

1. പെറ്റതള്ള മാറിപ്പോയാലും
ഇറ്റു സ്നേഹം തന്നില്ലെങ്കിലും (2)
അറ്റുപോകയില്ല യേശുവിന്റെ സ്നേഹം
എന്റെ യേശു വാക്കു മാറാത്തോൻ (2)
....എന്റെ യേശു

2. ഉള്ളം കൈയ്യിലെന്നെ വരച്ചു
ഉള്ളിൽ ദിവ്യ ശാന്തി പകർന്നു (2)
തന്റെ തൂവൽകൊണ്ട് എന്നെ മറയ്ക്കുന്ന
എന്റെ യേശു വാക്കു മാറാത്തോൻ (2)
....എന്റെ യേശു

3. ഒലിവുമല ഒരുങ്ങിക്കഴിഞ്ഞു
പ്രാണപ്രിയൻ പാദമേൽക്കുവാൻ (2)
കണ്ണുനീരു തോരും നാൾ അടുത്തു സ്തോത്രം
എന്റെ യേശു വാക്കു മാറാത്തോൻ (2)
....എന്റെ യേശു

# 205

എന്റെ സമ്പത്തെന്നു ചൊല്ലുവാൻ–
വേറെയില്ലൊന്നും
യേശു മാത്രം സമ്പത്താകുന്നു
ചാവിനെ വെന്നുയിർത്തവൻ
വാനലോകമതിൽച്ചെന്നു
സാധുവെന്നെ ഓർത്തു
നിത്യം താതനോടു യാചിക്കുന്നു
.....എന്റെ

1. ക്രൂശിൽ മരിച്ചീശനെൻപേർക്കായ്–
വീണ്ടെടുത്തെന്നെ
സ്വർഗ്ഗകനാൻ നാട്ടിലാക്കുവാൻ
പാപം നീങ്ങി ശാപം മാറി
മൃത്യുവിന്മേൽ ജയമേകി
വേഗം വരാമെന്നുരച്ചിട്ടാമയം
തീർത്താശ നൽകി–
....എന്റെ

2. തന്റെ പേർക്കായി സർവ്വസമ്പത്തും
യാഗമായ് വെച്ചിട്ടെന്നെന്നേക്കും
തന്നിൽ പ്രേമമായി
തന്റെ വേല ചെയ്തുകൊണ്ടും
തന്റെ ക്രൂശു ചുമന്നിട്ടും
പ്രാണപ്രിയൻ സേവയിൽ എൻ
ആയുസ്സെല്ലാം കഴിച്ചീടും–
....എന്റെ

3. നല്ല ദാസൻ എന്നു ചൊല്ലുന്നാൾ–
തന്റെ മുമ്പാകെ ലജ്ജിതനായ്
തീർന്നുപോകാതെ
നന്ദിയോടെൻ പ്രിയൻമുമ്പിൽ
പ്രേമക്കണ്ണീർ ചൊരിഞ്ഞീടാൻ
ഭാഗ്യമേറും മഹോത്സവ വാഴ്ചക്കാലം
വരുന്നല്ലോ–
.....എന്റെ

4. കുഞ്ഞാടാകും എന്റെ പ്രിയന്റെ
സീയോൻപുരിയിൽ
ചെന്നുചേരാൻ ഭാഗ്യമുണ്ടെങ്കിൽ
ലോകമെന്നെ ത്യജിച്ചാലും
ദേഹമെല്ലാം ക്ഷയിച്ചാലും
ക്ലേശമെന്നിൽ ലേശമില്ലാതീശനെ
ഞാൻ പിൻതുടരും–
.....എന്റെ

5. എന്റെ ദേശം ഇദ്ധരയല്ല അന്യനായ് സാധു
ഹാമിൻദേശം വിട്ടുപോകുന്നു
മേലിലെറുശലേമെന്നെ
ചേർത്തുകൊൾവാനൊരുങ്ങിത്തൻ
ശോഭയേറും വാതിലുകളെ–
നിക്കായിട്ടുയർത്തുന്നു–
.....എന്റെ

6. എന്റെ രാജാവെഴുന്നള്ളുമ്പോൾ–
തന്റെ മുമ്പാകെ
ശോഭയേറും രാജ്ഞിയായിത്തൻ
മാർവ്വിലെന്നെ ചേർത്തീടും തൻ
പൊന്നു മാർവ്വിൽ മുത്തിടും ഞാൻ
ഹാ! എനിക്കീ മഹാഭാഗ്യം
ദൈവമേ നീ ഒരുക്കിയേ–
.....എന്റെ

## 206

എന്റെ സഹായവും
എന്റെ സങ്കേതവും
നീ മാത്രമാണേശുവേ
എന്റെ ജീവന്റെ ബലം നീ
ജീവന്റെ പൊരുൾ നീ
ജീവപ്രത്യാശയും നീ (2)

1. നീ വിശുദ്ധിയിൽ വെളിപ്പെടും ദൈവമല്ലോ
നിത്യം വിശുദ്ധരിൻ സ്തുതികളിൽ
വസിപ്പോനല്ലോ (2)
വിശുദ്ധിയിൽ നിൻ ഹിതമാചരിക്കാൻ
എന്നെ ആത്മാവിൽ നിറച്ചിടുക (2)
....എന്റെ

2. ഞാൻ വിളിച്ചാൽ എനിക്കുത്തരമരുളീടും
കാത്തിരുന്നാൽ പുതുശക്തി പകർന്നു തരും (2)
കഴുകനെപ്പോൽ ചിറകടിച്ചുയരും
സ്വർഗ്ഗ സന്തോഷമെനിക്കു തരും (2)
....എന്റെ

3. ഈ മരുവിൽ തിരുമുഖം നോക്കിടും ഞാൻ
അനുദിനം നിൻ വചനത്തിൽ രസിച്ചിടും ഞാൻ (2)
തിരുക്കരം പിടിച്ചെന്നും നടന്നിടുമെ
നീയെൻ കണ്ണീരു തുടച്ചിടുമെ (2)
....എന്റെ

## 207

എന്റെ സൃഷ്ടാവാം ദൈവമെന്നും
കൂടെയുള്ളതാൽ
ഞാൻ ഒന്നിനെയും ഭയപ്പെടില്ല
വചനത്തിൻ വിളനിലമായിടുവാൻ
ഞാൻ ഹൃദയത്തെ ഒരുക്കീടുന്നു (2)

തകരുകില്ല ഞാൻ തളരുകില്ല
ഒരിക്കലും പതറുകില്ല (2)
പ്രാണൻതന്നു വീണ്ടെടുത്ത കർത്താവുണ്ട്
പ്രാണനാഥനേശുവുണ്ട് (2) എന്റെ ...

1. ഞാൻ നാവുവരണ്ടു ഭാരപ്പെട്ടാൽ
കെരീത്ത് തോട്ടിലെ ജലം ലഭിക്കും
അന്ധത എന്നെ കവർന്നു വന്നാൽ
ശീലോഹാം കുളത്തിലെ ജലം ലഭിക്കും
....തകരുകില്ല

2. കാട്ടത്തിമേൽ ഞാനൊളിച്ചെന്നാലും
അവൻ എന്നെ പേർ ചൊല്ലി വിളിച്ചീടുമേ
രാപാർക്കാൻ രാജാവായ് കൂടെവരും
എനിക്കതു മാറ്റവും രക്ഷയുമേ
....തകരുകില്ല

## 208

1. എല്ലാ ഭാരവും എൻ യഹോവയിൽ
വച്ചു ഞാനെന്നും ആശ്വസിക്കും
ലോകമാം മരുഭൂവിൽക്കൂടി
യാത്ര ചെയ്യും ഞാൻ അന്ത്യംവരെ

ഒരിക്കലും തളർന്നുപോകുവാൻ
ഒരിക്കലും വീണു പോകുവാൻ
എന്റെ യേശു അനുവദിക്കയില്ല
എന്നെ പുലർത്തിടുമെ എന്നെ
നടത്തിടുമെ
സ്വർഗ്ഗവീട്ടിൽ എത്തിക്കുമേ-

2. മരുഭൂയാത്രയിൽ തളർന്നാലും
എൻ കാന്തൻ തളരുകയില്ല
പാറയെ പിളർന്നു വെള്ളവും
വാനിൽ നിന്നു മന്നായും നൽകീടും-
....ഒരിക്കലും

3. മരണമാകും യോർദ്ദാൻ നദിയെ
കണ്ടു ഞാൻ ലേശം ഭയപ്പെടില്ല
യോർദ്ദാനിൽ മുങ്ങിപ്പോകാതെന്നെ
എത്തിക്കും പ്രിയൻ സ്വർഗ്ഗവീട്ടിൽ
....ഒരിക്കലും

## 209

എല്ലാം നന്മയ്ക്കായ് എന്റെ നന്മയ്ക്കായ്
എന്റെ ദൈവം നൽകീടുന്നതെല്ലാം നന്മയ്ക്കായ്

സ്വർഗ്ഗത്തിൽ നിന്നെൻ ചാരെ വന്നവൻ
പ്രാണൻ തന്നെന്നെ വീണ്ടെടുത്തവൻ (2)
ദോഷമായിട്ടൊന്നുമെന്റെ താതൻ ചെയ്കില്ല
....എല്ലാം

1. പ്രതീക്ഷകൾ പലതും തകർന്നീടുമ്പോൾ
പ്രതികൂലമനവധി ഉയർന്നീടുമ്പോൾ
സഹനത്തിൻ കയ്പുനീർ കുടിച്ചെന്നാലും
മാറായെ മാധുര്യമാക്കിടും താൻ
....സ്വർഗ്ഗത്തിൽ

2. ഉലകച്ചൂടേറ്റു ഞാൻ വാടിപ്പോകാതെ
ഉയിർതന്നോരുടയവൻ തണലേകിടും
തലയിലെ മുടിയൊന്നു കൊഴിഞ്ഞെന്നാലും
നിർണ്ണയം അറിയുന്നോൻ എന്റെ ദൈവം
....സ്വർഗ്ഗത്തിൽ

3. ക്രൂശിനുശേഷമൊരുയിർപ്പുള്ളതാൽ
അനന്തരം മഹത്വത്തിൻ കിരീടമുണ്ട്
മൺകൂടാരം തകർന്നുടഞ്ഞെന്നാലും
കൃപയിന്നത്യന്ത നിക്ഷേപമുണ്ട്
....സ്വർഗ്ഗത്തിൽ

## 210

എല്ലാം നന്മയ്ക്കായ് നൽകും നല്ല നാഥനേ
നീയെന്നഭയം എന്നും രക്ഷാസങ്കേതം
നീയില്ലെങ്കിലെന്റെ ജീവിതം ശൂന്യം
നീയുണ്ടെങ്കിലെന്റെ ജീവിതം ധന്യം

1. എങ്ങനെയിന്ന് ഇനി നാളെയെന്താകും
എന്താണിങ്ങനെ എനിക്കെന്തുകൊണ്ടിത്
നിനവുകളെല്ലാം മുന്നമേയവൻ
അറിഞ്ഞവനുള്ളിൽ ധൈര്യമതേകി
വഴി നടത്തി എത്ര അതിശയമായ്
നന്ദിയുണ്ടെന്നും നാഥാ നിൻ കൃപമതി

(എല്ലാം)

2. മുന്നിൽ ചെങ്കടൽ പിന്നിൽ ഫറവോൻ സൈന്യം
എല്ലാം തകർന്നു ഇനി ജീവിതം വേണ്ട
വിചാരങ്ങളെല്ലാം മുന്നമേയവൻ
അറിഞ്ഞവനുള്ളിൽ ആശകളേകി
വഴി നടത്തി എത്ര അതിശയമായ്
നന്ദിയുണ്ടെന്നും നാഥാ നിൻ കൃപമതി

(എല്ലാം)

3. രോഗം മാറില്ല ലോകം വിധിയെഴുതി
ശോകം നിറഞ്ഞു മനം ഭീതിയിലായി
ആകുലങ്ങളെല്ലാം മുന്നമേയവൻ
അറിഞ്ഞവനെന്നിൽ വിടുതൽ നൽകി
വഴിനടത്തി എത്ര അതിശയമായ്
നന്ദിയുണ്ടെന്നും നാഥാ നിൻകൃപ മതി

(എല്ലാം)

# 211

എല്ലാം നന്മയ്ക്കായി
സ്വർഗ്ഗതാതൻ ചെയ്തിടുന്നു
നിർണ്ണയമാം വിളികേട്ടവർക്കും
ദൈവത്തിൻ സ്നേഹം അറിഞ്ഞവർക്കും
.....എല്ലാം

1. ഭാരങ്ങളും പ്രയാസങ്ങളും
രോഗങ്ങളും എല്ലാ ദുഃഖങ്ങളും
എന്റെ താതൻ തന്നിടുമ്പോൾ
എന്നെ അവൻ സ്നേഹിക്കുന്നു-
.....എല്ലാം

2. പ്രതികൂലങ്ങൾ ഏറെയെന്നാൽ
അനുകൂലമായ് യേശു ഉണ്ട്
പതറുകില്ല തളരുകില്ല
സ്വർഗ്ഗ സീയോനിൽ എത്തിടും ഞാൻ
.....എല്ലാം

3. കഷ്ടതയോ, സങ്കടമോ
പട്ടിണിയോ പരിഹാസങ്ങളോ
യേശുവിൻ സ്നേഹത്തിൽ നിന്നകറ്റാൻ
ഇവയിലൊന്നിനും സാദ്ധ്യമല്ല
.....എല്ലാം

## 212

1. കണ്ണീരോടെ പ്രാർത്ഥിച്ചാൽ
പ്രതിഫലം ലഭിച്ചിടും നിശ്ചയമായ്
അനുതാപമോടെ യാചിച്ചാൽ
നന്മകൾ അനുദിനം നിശ്ചയമായ്

വരുന്നു ഞാൻ തിരുസവിധേ
നിറയ്ക്കണമേ എന്നിൽ നിന്റെ ഹിതം
തരുന്നു ഞാൻ എന്നെ മുറ്റും
വളർത്തണേ എന്നിൽ നിന്റെ ഭാവം

2. അസാദ്ധ്യമെന്നെണ്ണും ലോകരെല്ലാം
വഴികളൊന്നൊന്നായ് അടഞ്ഞീടിലും
അസാദ്ധ്യമായവ സാദ്ധ്യമാക്കും
പ്രാർത്ഥനയല്ലോ എൻ അഭയം .....വരുന്നു

3. സ്വന്തമായെന്നിലോ കണ്ണീർ മാത്രം
കഠിനമാം വ്യഥകളെൻ കൂട്ടാളി
ഹൃദയഭാരത്താൽ ഞാൻ നീറിടുമ്പോൾ
പ്രാർത്ഥനയല്ലോ എൻ ആശ്വാസം
.....വരുന്നു

## 213

കണ്ണുനീർ എന്നു മാറുമോ
വേദനകൾ എന്നു തീരുമോ (2)
കഷ്ടപ്പാടിൻ കാലങ്ങളിൽ
രക്ഷിപ്പാനായ് നീ വരണേ (2)

1. ഇഹത്തിൽ ഒന്നും ഇല്ലായെ
നേടിയതെല്ലാം മിഥ്യയെ (2)
പരദേശിയാണു ഉലകിൽ
ഇവിടെന്നും അന്യനല്ലോ (2)

2. പരനെ വിശ്രമനാട്ടിൽ ഞാൻ
എത്തുവാൻ വെമ്പൽ കൊള്ളുന്നേ (2)
ലേശം താമസം വെയ്ക്കല്ലെ
നിൽപ്പാൻ ശക്തി തെല്ലും ഇല്ലയെ (2)

## 214

കണ്ണുനീരിനെ തുരുത്തിയിൽ കരുതി
പ്രതിഫലം നൽകാൻ മതിയായവൻ
അമർത്തിക്കുലുക്കി കവിയുന്ന അളവ്
നമുക്കായ് കരുതുന്നു മറന്നീടല്ലേ

1. ഹാഗറിന്റെ കണ്ണീർ തുരുത്തിയിൽ കരുതി
   മരുഭൂമിയിൽ നീരുറവ തുറന്നു തന്നു
   ദാഹം തീർത്ത പരിശുദ്ധ ദേവൻ
   അനുഗ്രഹത്താൽ അഭിഷിക്തയാക്കി
   ....കണ്ണുനീരിനെ

2. ഹന്നയുടെ കണ്ണീർ തുരുത്തിയിൽകരുതി
   ശമുവേൽ ബാലനെ ദാനം നൽകി
   നിന്ദകൾതീർത്ത പരിശുദ്ധ ദേവൻ
   അനുഗ്രഹത്താൽ അഭിഷിക്തയാക്കി
   ....കണ്ണുനീരിനെ

3. വിധവയിൽ കണ്ണീർ തുരുത്തിയിൽ കരുതി
   ക്ഷാമകാലത്ത് ആഹാരം ദാനം നൽകി
   ക്ഷേമമായ് തീർത്ത പരിശുദ്ധദേവൻ
   അനുഗ്രഹത്താൽ അഭിഷിക്തയാക്കി
   ....കണ്ണുനീരിനെ

## 215

കർത്താവറിയാതെ
എനിക്കൊന്നും ഭവിക്കയില്ല-എന്റെ
കർത്താവറിയാതെ
എനിക്കൊന്നും ഭവിക്കയില്ല

എന്മനം തകർന്നീടുമ്പോൾ
സാന്ത്വന വചനമേകി
നൽസഖിയായ് ചാരെയുള്ള
....കർത്താവ

1. കൂരിരുളിൻ താഴ്‌വരയിലേകനായാലും
കാട്ടുചെന്നായ് കൂട്ടമെന്നെ എതിർത്തെന്നാലും
ദാനിയേലിൻ ദൈവമിന്നും
ജീവിക്കുന്ന എന്റെ ദൈവം
ആകയാൽ ഞാൻ ഭയപ്പെടില്ല
....എൻ മനം

2. ഒരിക്കലും കൈവിടില്ലെന്നരുളിയവൻ
ഓരോനാളും കൂടെയുണ്ടെന്നോതിയവൻ
കഷ്ടനഷ്ട ശോധനയിൽ രോഗദുഃഖവേളകളിൽ
പുതുബലം പകരുന്നവൻ
.....എൻ മനം

3. ഉള്ളതുപോലെന്റെയുള്ളം അറിയുന്നവൻ
ഊനമെന്യേ പ്രതിദിനം നടത്തുന്നവൻ
ഉറ്റവർ ഉപേക്ഷിച്ചാലും ഉന്നതനെൻ നല്ലിടയൻ
ഉർവ്വിയിലെൻ ശരണമവൻ
....എൻ മനം

# 216

1. കർത്താവിൽ സന്തോഷം അവനെൻ ബലം
പാരിതിൽ പാർക്കും നാൾ അവനെൻ ബലം
അവനെന്റെ സങ്കേതം വിശ്രമം നാൾതോറും
അവനെന്റെ സർവ്വവുമേ (2)

2. പലനാൾ കരുതി ഞാൻ ഏകനെന്ന്
അന്നാളിൽ അവൻ എന്നോടു ചൊല്ലി
ലോകാന്ത്യത്തോളവും കൂടെയിരിക്കുന്നോൻ
നിന്നോടുകൂടെയുണ്ട് (2)

3. ബലഹീനനെന്നു ഞാൻ കരുതിയ നാൾ
അന്നാളിലവനെന്നോടു ചൊല്ലി
ശക്തനാക്കുന്നവൻ ബലം പകരുന്നോൻ
നിന്നോടു കൂടെയുണ്ട് (2)

4. നിന്ദിതനെന്നു ഞാൻ കരുതിയ നാൾ
അന്നാളിലവനെന്നോടു ചൊല്ലി
ക്ഷീണിച്ചുപോകേണ്ട നിന്നെ മാനിക്കുന്നോൻ
നിന്നോടു കൂടെയുണ്ട് (2)

5. അസാദ്ധ്യമെന്ന് ഞാൻ കരുതിയ നാൾ
അന്നാളിൽ അവനെന്നോടു ചൊല്ലി
മനുഷ്യരാൽ അസാദ്ധ്യം
സാദ്ധ്യമാക്കുന്നവൻ
നിന്നോടുകൂടെയുണ്ട് (2)

## 217

കർത്താവെന്റെ ബലവും സംഗീതവും
എന്നാത്മരക്ഷയുമവനല്ലോ
ഉല്ലാസ ഘോഷങ്ങളുണ്ട്
ജയ സന്തോഷ ഗീതങ്ങളുണ്ട്
നീതിയുള്ളവർ വാഴുന്ന വീട്ടിൽ

1. മനുഷ്യരിലാശ്രയം വെയ്ക്കുകില്ലാ ഞാൻ
യഹോവയിലാശ്രയിക്കും
പ്രഭുക്കളിലാശ്രയം വയ്ക്കുകില്ലാ ഞാൻ
യഹോവയിലാശ്രയിക്കും
അവൻ ദയയുള്ളവൻ -
ദീർഘക്ഷമയുള്ളവൻ
കൃപമേൽ കൃപ പകരുന്നവൻ
....കർത്താ

2. യേശു എൻ ചാരെ ഉള്ളതിനാൽ-ഞാൻ
ഏതിലും ഭയപ്പെടില്ല
വൈരികളെന്നെ വളയുകിലും-ഞാൻ
അണുവിട പതറുകില്ലാ
ഞാൻ വിളിച്ചീടുമ്പോൾ അവൻ വിടുവിക്കുന്നു
വലങ്കരമതിൽ കരുതീടുന്നു-
....കർത്താ

3. സകലസത്യത്തിലും വഴിനടത്താൻ-സ്വർഗ്ഗ
കാര്യസ്ഥനെനിക്കുള്ളതാൽ
മരുവിലെൻ വേല തികച്ചിടുവാൻ-ആത്മ
ബലമവനരുളിടുന്നു
താതനെനിക്കഭയം സുതനെനിക്കഭയം
വിശുദ്ധാത്മനുമെനിക്കഭയം.
....കർത്താ

## 218

കലങ്ങേണ്ടാ മനമേ നീ തളർന്നിടാതെ
എന്തിനീ വിഷാദം എൻ മനമേ
പ്രത്യാശ നൽകിടും യേശുവത്രെ
നിൻ രക്ഷയും കോട്ടയും ആലംബവും

ഹല്ലേലുയ്യാ പാടുക നാം
രാജരാജൻ മഹത്വപ്രഭു
തന്നെ തെരഞ്ഞവർ ആമോദരായ്
തൻ ശക്തിയെ കണ്ടിടുന്നു

1. നിൻ ജിവിത ഭാരവുമായ്
സ്വർഗ്ഗപിതാവിൻ തിരുസവിധേ
അണഞ്ഞിടുകിൽ പൂർണ്ണമായ്
താങ്ങിടും താൻ നിശ്ചയം

....കല

2. നിൻ ജീവിത പാതയതിൽ
ജ്യോതിസ്സായ് വിളങ്ങിടും
നുകർന്നീടും തൻ സ്നേഹത്തെ
സഫലമാകും നിൻ ജീവിതം

.....കല

## 219

കഷ്ടനഷ്ടശോധനകൾ വന്നുപോകിലും
ആധിവ്യാധിപീഡകൾ വന്നുചേരിലും
ഇല്ലെനിക്കു ദുഃഖമൊന്നുമീ യാത്രയിൽ
എന്റെ കർത്തനെന്നുമെൻ കൂടെയുള്ളതാൽ (2)

1. തേടി വന്നിടും എന്റെ സ്നേഹിതൻ
രോഗശയ്യയിൽ ഞാൻ ഏകനാകിലും
തീർത്തിടുമെന്റെ വ്യാധികളെല്ലാം
സ്നേഹമോടെന്നും സൗഖ്യദായകൻ (2)
(കഷ്ട...)

2. ചാരെ നിന്നിടും എന്റെ രക്ഷകൻ
സിംഹക്കൂടതിൽ ഞാൻ പെട്ടുപോകിലും
പോക്കീടുമെന്റെ ആധികളെല്ലാം
ദിവ്യവചനത്തിൻ ശക്തിയാലെന്നും(2)
(കഷ്ട...)

3. കൈവിടില്ലെന്നെ എന്റെ നായകൻ
കാലിടറി ഞാൻ വീണുപോകിലും
കാത്തിടുമെന്നെ എന്റെ പാലകൻ
കൈക്കുഞ്ഞുപോൽ തൻ മാറിടമതിൽ (2)
(കഷ്ട...)

## 220

1. കൊടുങ്കാറ്റടിച്ചു അലയുയരും
വൻ സാഗരത്തിൻ അലകളിൻമേൽ
വരും ജീവിതത്തിൻ പടകിലവൻ
തരും ശാന്തി തന്ന വചനങ്ങളാൽ

ആഹാ ഇമ്പം ഇമ്പം ഇമ്പം
ഇനി എന്നും ഇമ്പമേ
എൻ ജീവിതത്തിൻ നൗകയിൽ
താൻ വന്ന നാൾ മുതൽ

2. പോക നിങ്ങൾ മറുകരയിൽ
എന്ന് മോദമായ് അരുളിയവൻ
മറന്നീടുമോ തൻ ശിഷ്യഗണത്തെ
സ്വന്ത ജനനിയും മറന്നീടിലും-
.......ആഹാ

3. വെറും വാക്കുകൊണ്ടു സകലത്തേയും
നറും ശോഭയേകി മെനഞ്ഞവൻ താൻ
ചുടുചോര ചൊരിഞ്ഞല്ലോ രക്ഷിച്ചു
തിരു ദേഹമായി നമ്മെ സൃഷ്ടിച്ചു-
.....ആഹാ

4. വരും വേഗമെന്ന് അരുളിയവൻ
വരും മേഘമതിൽ അടുത്തൊരുനാൾ
തരും ശോഭയേറും കിരീടങ്ങളെ
തിരുസേവ നന്നായ് തികച്ചവർക്കായ്-
......ആഹാ

# 221

1. കൃപയേറും കർത്താവിലെൻ വിശ്വാസം
അതിനാൽ ഹൃദിയെന്തു നല്ലാശ്വാസം
ദുരിതങ്ങൾ നിറയുമീ ഭൂവാസം
കൃപയാൽ മനോഹരമായ്

കൃപകൃപയൊന്നെന്നാശ്രയമായ്
കൃപകൃപയൊന്നെന്നാനന്ദമായ്
വൈരികൾ വന്നാലും എതിരുയർന്നാലും
കൃപമതിയെന്നാളും

2. ബലഹീനതയിൽ നല്ല ബലമേകും
മരുഭൂമിയിലാനന്ദത്തണലാകും
ഇരുൾ പാതയിലനുദിനമൊളി നൽകും
കൃപയൊന്നെന്നാശ്രയമായ്

.....കൃപ

3. എന്റെ താഴ്ചയിലവനെന്നെ ഓർത്തല്ലോ
ഘോരവൈരിയിൻ ബലമവൻതകർത്തല്ലോ
തന്റെ കൈകളിലവനെന്നെ ചേർത്തല്ലോ
സ്തോത്രഗീതം പാടിടും ഞാൻ

....കൃപ

4. പ്രതികൂലങ്ങളനവധി വന്നാലും
അനുകൂലമെനിക്കവനെന്നാളും
തവ ജീവനെത്തന്നവനിനിമേലും
കൃപയാൽ നടത്തുമെന്നെ.

.....കൃപ

# 222

1. ചങ്കിലെ ചോരകൊണ്ടു
അവനെന്നെയും വീണ്ടെടുത്തു
ചങ്കോടണച്ചവനേ നിന്നിൽ ഞാൻ ചാരിടുന്നു

2. നാടെങ്ങും നന്മ ചെയ്‌വാൻ
ചുറ്റി നടന്നവനെ
കണ്ണിൽ ദയവില്ലാതെ
ദുഷ്ടരടിച്ചുവല്ലോ

3. ക്ഷീണിച്ചു ക്രൂശിൽ നിന്നു
ദാഹിച്ചു വെള്ളം കേണു
കണ്ണിൽ ദയവില്ലാതെ
കയ്പു കാടി കൊടുത്തു

4. ഈ വിധം നന്മ ചെയ്ത
എന്റെ കാരുണ്യ രക്ഷകനെ
തങ്കമേ! നിന്നെ കാൺമാൻ
വാഞ്ഛയാൽ കാത്തിടുന്നു

5. കാൽവറിയിൽ ചിന്തിയ
രക്തത്തിൻ ഫലമായി
സാധുവായ എനിക്ക്
ദാനമായ് രക്ഷ നൽകി

## 223

ജീവന്റെ ഉറവിടം ക്രിസ്തുവത്രേ
നാവിനാലവനെ നാം ഘോഷിക്കാം
അവനത്രെ എൻ പാപഹരൻ
തൻ ജീവനാലെന്നെയും വീണ്ടെടുത്തു

1. താഴ്ചയിലെനിക്കവൻ തണലേകി
താങ്ങി എന്നെ വീഴ്ചയിൽ വഴി നടത്തി
തുടച്ചെന്റെ കണ്ണുനീർ പൊൻകരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗ
സന്തോഷത്താൽ (2)

....ജീവന്റെ

2. കരകാണാതാഴിയിൽ വലയുവോരെ
കരുണയെ കാംക്ഷിക്കും മൃതപ്രായരെ
വരികവൻ ചാരത്തു ബന്ധിതരെ
തരുമവൻ കൃപ മനഃശാന്തിയതും (2)

....ജീവന്റെ

3. നമുക്കു മുൻ ചൊന്നതാം വിശുദ്ധന്മാരാൽ
അലംകൃതമായ തിരുവചനം
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതിസന്തോഷത്താൽ (2)

......ജീവന്റെ

## 224

ഞാൻ പാടിടും എന്നേശുവേ
എൻ ജീവകാലമെല്ലാം
എന്നാത്മാവും എൻ ദേഹിയും
നിത്യകാലം വാഴ്ത്തിടുമേ

1. മരുഭൂപ്രയാണത്തിൽ എന്നെ തെല്ലും
മനമിളകാതെ നയിപ്പാൻ
ഉടയോൻ നീ ചാരത്തില്ലേ
എന്നും കരുതിടുവാൻ

2. ഇരുളിൻ മറകൾ തകർക്കാൻ തെല്ലും
ഇടറിടാതെന്നും ഗമിപ്പാൻ
മാറാത്ത തൻ സാന്നിദ്ധ്യത്താൽ
എന്നെ കരുതിടുന്നു.

3. കലുഷിതമായൊരീ ഭൂവിൽ തെല്ലും
കലങ്ങിടാതെന്നും വസിപ്പാൻ
പ്രാണപ്രിയൻ ഇന്നുമെന്നും
എന്നെ കരുതിടുമേ

## 225

ഞാൻ പാടും യേശുവേ നിനക്കായെന്നും
സ്തോത്രത്തോടെ എന്നും
പുകഴ്ത്തിടും ഞാൻ
എൻ വിശ്വാസം യേശുവിൽ മാത്രം
എന്റെ രക്ഷിതാവവൻ തന്നെ-

1. ചെങ്കടൽ പോൽ ശത്രുചുറ്റും
ആർത്തിരമ്പിയാൽ
ധൈര്യഹീനനായിടാതെ യേശുവിൽ മാത്രം
കൈപിടിച്ചു നടന്നീടിൽ തമ്പുരാൻ എന്നും
ശത്രുവിൻ മേൽ ജയം നേടാൻ കൃപയേകുമെ
.....ഞാൻ

2. എന്നെ വീണ്ടെടുത്തു എന്നും ജീവിക്കുന്നവൻ
അവനെന്റെ പരിചയും കോട്ടയുംതന്നെ
അല്പവിശ്വാസം വെടിഞ്ഞു ശക്തരായിടാൻ
വചനമാം പാൽ കുടിച്ചു വളർന്നീടേണം-
.....ഞാൻ

3. സാത്താനെന്നെ കീഴ്പ്പെടുത്താൻ
പോർ വിളിക്കുമ്പോൾ
തകർത്തീടും ഞാനവന്റെ കോട്ടകളെല്ലാം
ബലവാനായ് കൂട്ടിനെന്റെ നാഥനാമേശു
ശക്തനാക്കാനെല്ലാനാളും
മതിയായവൻ-
.....ഞാൻ

# 226

1. തന്നീടുക നിൻ കൃപാവരങ്ങൾ
പോരാട്ടത്തിൽ ഞാൻ തളർന്നിടാതെ
ശത്രു തന്നുടെ തീയമ്പുകളെ
തൊടുത്തീടുന്നു തകർത്തീടുവാൻ....
.......തന്നീടു

2. ഭാരം പ്രയാസം ഏറും നേരത്തും
ദുഃഖിതനായ് ഞാൻ തീരും നേരത്തും
മനം അറിയും അരുമനാഥൻ
അരികിലുണ്ട് തളരുകില്ല....
.....തന്നീടു

3. ഈശാനമൂലൻ അടിച്ചീടുമ്പോൾ
ആശാവിഹീനൻ ഞാനായിടുമ്പോൾ
ഞാനാകുന്നവൻ ഞാനാകുന്നെന്ന്
ഇമ്പമാം ശബ്ദം പിമ്പിൽ കേട്ടിടും...
.....തന്നീടു

4. ജീവകിരീടം തൻകയ്യിലുള്ളോൻ
ജീവപുസ്തകം തുറന്നീടുമേ
ജീവിതശുദ്ധി പാലിച്ചവൻ തൻ
ചാരത്തണഞ്ഞു മോദിച്ചീടുമേ
....തന്നീടു

5. തമ്മിൽ തമ്മിൽ കണ്ടാനന്ദിക്കും നാൾ
നമ്മൾ കണ്ണുനീർ തുടച്ചീടും നാൾ
എന്നു കാണുമോ എന്നു സാദ്ധ്യമോ
അന്നു തീരുമെൻ പാരിൻ ദുരിതം
.......തന്നീടു

## 227

തുണയെനിക്കേശുവാം
കുറവിനിയില്ലതാൽ
അനുദിനം തൻ നിഴലിൻ
മറവിൽ വസിച്ചീടും ഞാൻ

1. അവനെന്റെ സങ്കേതവും
അവലംബവും കോട്ടയും
അവനിയിലാകുലത്തിൽ
അവൻ മതിയാശ്രയിപ്പാൻ

......തുണ

2. പകയന്റെ കണികളിലും
പകരുന്ന വ്യാധിയിലും
പകലിലും രാവിലും താൻ
പകർന്നിടും കൃപ മഴപോൽ

......തുണ

3. ശരണമവൻ തരും തൻ
ചിറകുകളിൻ കീഴിൽ
പരിചയും പലകയുമാം
പരമനിപ്പാരിടത്തിൽ

......തുണ

4. വലമിടമായിരങ്ങൾ
വലിയവർ വീണാലും
വലയമായ് നിന്നെന്നെ
വല്ലഭൻ കാത്തിടുമേ

......തുണ

5. ആകുലവേളകളിൽ
ആപത്തു നാളുകളിൽ
ആഗതനാമരികിൽ
ആശ്വസിപ്പിച്ചീടുവാൻ

......തുണ

# 228

ദൈവകൃപയിൻ തണലിലും
തിരുനിവാസത്തിൻ മറവിലും (2)
ശാശ്വതഭുജത്തിൻകീഴിലും
വഹിച്ചിടും ഉന്നതനാം ദൈവമേ

1. നിത്യതേജസ്സിനായ് വിളിക്കപ്പെട്ടോരെ
വിശ്വാസസ്ഥിരതരായ് നിന്നിടുവിൻ (2)
ഉത്സാഹത്തിൽ മടുപ്പില്ലാതെയും
ആത്മാവിൽ എരിവോടെ ആയിരിപ്പിൻ

......ദൈവകൃപ

2. എന്നും അവൻ നിങ്ങൾക്കായ് കരുതുന്നതാൽ
ദൈവത്തിൻ പാദപീഠേ താണിരിപ്പിൻ
പ്രതിയോഗിയാം സാത്താൻ ശക്തനാകയാൽ
നിർമ്മദരായ് നാമോ ഉണർന്നിരിപ്പിൻ

.....ദൈവകൃപ

3. ഭൂവിൽ പരീക്ഷകൾ അനുദിനം വന്നീടുമ്പോൾ
നിരന്തരം അവനെ നാം ധ്യാനിച്ചീടാം (2)
കഷ്ടതയിൽ തളരാതെ നിൽപ്പാൻ
പ്രാർത്ഥനയാൽ എന്നും ജാഗരിച്ചിടാം

.....ദൈവകൃപ

## 229

1. നല്ല പോരാട്ടം പോരാടി ഓട്ടം ഓടിടാം
വല്ലഭന്റെ നല്ല പാത പിൻതുടർന്നിടാം

ഭാരം പാപം തള്ളി ലക്ഷ്യം നോക്കി
നേരെ മുന്നോട്ടോടി ഓട്ടം തികയ്ക്കാം

2. ഓട്ടക്കളത്തിലോടുന്നോരനേകരെങ്കിലും
വിരുതുപ്രാപിക്കുന്നോനേകൻ മാത്രമല്ലയോ

.....ഭാരം

3. പിന്നിലുള്ളതൊക്കെയും മറന്നുപോയിടാം
മുന്നിലുള്ള ലാക്കിലേക്കു നേരെ ഓടിടാം
.....ഭാരം

4. ആശ ഇച്ഛയൊക്കവേ അടക്കി ഓടുകിൽ
ആശവച്ച പന്തയപ്പൊരുൾ ലഭിച്ചിടും
....ഭാരം

5. ഏതു നേരത്തും പിശാചിടർച്ച ചെയ്തിടും
ഭീതിവേണ്ട ദൂതരുണ്ടു കാത്തുകൊള്ളുവാൻ
....ഭാരം

6. അങ്ങുമിങ്ങും നോക്കിയാൽ നീ
മുന്നിൽ പോയിടാ
ഭംഗമില്ലാതോടിയാൽ കിരീടം പ്രാപിക്കാം
.....ഭാരം

7. ആദിഭക്തരോട്ടം ഓടി വിശ്രമിച്ചിടും
നാട്ടിൽ ചേർന്നു പാട്ടു പാടി ആനന്ദിച്ചിടാം
.....ഭാരം

## 230

നല്ലൊരു ദേശം എത്ര സുന്ദരദേശം
യേശു ഒരുക്കും ഒരു ശാശ്വതഭവനം

അവിടെ നാം പാർക്കും നിത്യമായ വാസം
അവിടെ നാം കേൾക്കും ഹല്ലേലുയ്യാഗീതം

അന്നു നമ്മൾ പാടും സന്തോഷത്തിൻ ഗീതം
അന്നു നമ്മൾ കാണും സ്വർഗ്ഗീയ സൗഭാഗ്യം

കഷ്ടതയുമില്ല, കണ്ണുനീരുമില്ല
രോഗമവിടില്ല, ദുഃഖമവിടില്ല.....
ശാപമവിടില്ല, ക്ഷാമമവിടില്ല
കരച്ചിലുമില്ല പല്ലുകടിയില്ല....

## 231

നിന്നാലസാദ്ധ്യമില്ലൊന്നും
നിസ്തുലനാമെന്നേശു നാഥാ
നിന്നിൽ ചാരുന്നു ഞാനെന്നും
എന്നാത്മ പ്രീയനെ

1. ഉളവായ് നിൻ വചനത്താലീ ലോകം
ഉരുവായ് മാനവർ നിൻ കരത്താൽ
ഉയിരേകി ഉൺമയിൽ പാലിക്കും
ഉന്നത ദൈവം നീ

.....നിന്നാല

2. ഉള്ളം തകർന്നു കേഴുമ്പോൾ
വിശ്വാസ കൺകൾ ഉയർത്തുമ്പോൾ
വൻ ഗിരി തുല്യമെൻ സന്താപങ്ങൾ
മഞ്ഞുപോൽ മായ്ച്ചീടും നീ

.....നിന്നാല

3. നിൻ കൃപയെത്രയോ മാധുര്യം
രുചിച്ചറിയും ഞാൻ നാൾതോറും
ആശിച്ചീടുന്നതിലത്യധികം
നന്മകൾ നൽകുന്നോൻ നീ

.....നിന്നാല

# 232

1. നിന്റെ വേല, എന്റെ ആഹാരം
നിന്റെ സേവ, എന്റെ ജീവിതം
നിന്റെ പാത, എന്റെ അനുകരണം
നിന്റെ വചനം, എന്റെ പ്രത്യാശ

2. പഴിദുഷികൾ ചൊല്ലി കേൾക്കുമ്പോൾ
പാദം ഇടറും എന്നു തോന്നുമ്പോൾ
പാതയാകെ ഇരുളാകുമ്പോൾ
പാരിൽ നിൻ വചനം എന്റെ ആശ്വാസം
.....നിന്റെ വേല

3. കൺമണിപോൽ എന്നെ സൂക്ഷിക്കും
കരളലിഞ്ഞ് കരം നൽകിടും
കഷ്ടകാലം ഇഷ്ടമാക്കിടും
ക്രൂശ് വഹിപ്പാൻ കൃപയേകീടും
.....നിന്റെ വേല

4. രോഗബാധിതനായ് ഞാൻ തീർന്നാലും
ലോകം വെറുത്ത് നിന്നെ പിൻചെല്ലും
ശോധനകൾ ക്രൂരമാകുമ്പോൾ
രക്തവളപ്പിൽ ഞാൻ ജീവിക്കും
....നിന്റെ വേല

## 233

നീയല്ലോ ഞങ്ങൾക്കുള്ള
ദിവ്യസമ്പത്തേശുവേ
നീയല്ലാതില്ല ഭൂവിൽ ആഗ്രഹിപ്പാനാരുമേ

1. നീയല്ലോ ഞങ്ങൾക്കായി
മന്നിടത്തിൽ വന്നതും
നീചരാം ഞങ്ങളുടെ
പാപമെല്ലാമേറ്റതും
.....നീയല്ലോ

2. കാൽവറി മലമുകളേറി
നീ ഞങ്ങൾക്കായ്
കാൽകരം ചേർന്നു തൂങ്ങി
മരിച്ചുയിരേകിയ-
.....നീയല്ലോ

3. അന്നന്നു ഞങ്ങൾക്കുള്ളതെല്ലാം
തന്നുപോറ്റുന്നോൻ
ഇന്നുമെന്നും കൂടെയുണ്ടെന്നുള്ള
വാക്കു തന്നവൻ-
.....നീയല്ലോ

4. ശത്രുവിന്നഗ്നിയസ്ത്രം
ശക്തിയോടെതിർക്കുന്ന
മാത്രയിൽ ജയം തന്നു
കാത്തുസൂക്ഷിച്ചീടുന്ന
....നീയല്ലോ

5. ജനകനുടെ വലമമർന്നു
നീ ഞങ്ങൾക്കായ്
ദിനംപ്രതി പക്ഷവാദം
ചെയ്തു ജീവിച്ചീടുന്ന-
.....നീയല്ലോ

6. ലോകത്തിൽ ഞങ്ങൾക്കുള്ളതെല്ലാം
നഷ്ടമാകിലും
ലോകക്കാർ നിത്യം ദുഷിച്ചീടിലും
പൊന്നേശുവേ-
.....നീയല്ലോ

7. നിത്യജീവമൊഴികൾ
നിന്നിലുണ്ടു പരനേ
നിന്നെ വിട്ടിട്ടടിയങ്ങൾ
എങ്ങുപോയി വസിക്കും-
.....നീയല്ലോ

## 234

പരമോന്നതൻ എന്റെ യേശുപരൻ
എനിക്കെല്ലാമെൻ അധിപനവൻ (2)
എന്നോടെന്നെന്നും എന്നാളും
കൂടെയിരിക്കും എന്റെ കാരുണ്യരൂപനവൻ (2)

ആആ...ആനന്ദമേ.. ആആ...ആനന്ദമേ
എന്നോടെന്നെന്നും എന്നാളും കൂടെയി
രിക്കും എന്റെ
കാരുണ്യരൂപനവൻ (2)

1. പാപത്തിൻ കൂരിരുൾ മാറ്റുന്ന ദൈവം
അനവധി നന്മകൾ ചൊരിയുമവൻ (2)
അഭിഷേകത്തിൻ തൈലം പൂശി
നിരന്തരം നമ്മെ പുതുക്കുമവൻ (2)

ആ...ആനന്ദമേ..

2. ജീവിതപാതയിൽ വലഞ്ഞിടും നേരം
കരകാണാതറിയാതലഞ്ഞിടുമ്പോൾ (2)
കരംപിടിച്ചെന്നെ താങ്ങിനടത്തും
പുതുജീവപാതയിൽ നടത്തുമവൻ (2)

ആ....ആനന്ദമേ..

# 235

1. പാരിച്ച ദുഃഖത്താൽ പോരാട്ടം ആകിലും
നേരോടെ ജീവിച്ചു ആറുതൽപെടും ഞാൻ

തീരും എൻ ദുഃഖം വിലാപവും
ചേരും ഞാൻ സ്വർഗ്ഗേ വേഗം - ഹല്ലേലുയ്യാ!

2. കഷ്ടതയാകിലും നഷ്ടങ്ങൾ വന്നാലും
ഇഷ്ടന്മാർ വിട്ടീടിലും തുഷ്ടിയായ് ജീവിക്കും
.....തീരും

3. കൂട്ടുകുടുംബക്കാർ തിട്ടമായ് വിട്ടിടും
കൂട്ടുസഹോദരർ ഭ്രഷ്ടരായ് തള്ളിടും
....തീരും

4. എന്തു മനോഹരം ഹന്ത ചിന്തിക്കുകിൽ
സന്തോഷദേശമേ! നിന്നിൽ
ഞാൻ ചേർന്നിടും
....തീരും

5. ദൂരത്തായ് കാണുന്ന സോദര കൂട്ടത്തെ
യോർദ്ദാനിന്നക്കരെ സ്വാഗതസംഘത്തെ
....തീരും

6. ബോട്ടിൽ ഞാൻ കയറീടും
പാട്ടോടെ യാത്രയ്ക്കായ്
കോട്ടമില്ലാതുള്ള വീട്ടിൽ ഞാൻ എത്തിടും
....തീരും

7. രാജമുടി ചൂടി രാജാധിരാജനെ
ആലിംഗനം ചെയ്യും നാളിലെന്താനന്ദം
.....തീരും

## 236

പുരാതനനായ ദൈവം നമ്മുടെ സങ്കേതം
കീഴെ ശാശ്വത ഭുജങ്ങളുണ്ട്

1. പച്ചയാം മേച്ചിൽപുറങ്ങളതിൽ
സ്വച്ഛമാം ജലനദിക്കരികിലൂടെ (2)
ക്ഷേമമായ് നടത്തി പാലിച്ചിടും
യഹോവ നമ്മുടെ നല്ലിടയൻ

.....പുരാതന

2. ആധികൾ വ്യാധികൾ പെരുകിടിലും
ശോധനവേളകൾ ഏറിടിലും
അതിജീവിപ്പാൻ ദിവ്യകൃപ നൽകിടും
യഹോവ നമ്മെ കരുതുന്നവൻ

.....പുരാതന

3. ഹൃദയത്തിൻ ആഴങ്ങൾ അറിയുന്നവൻ
മനം തകർന്നവരിൽ കനിയുന്നവൻ
കരുണയിൻ ദൈവം ജീവിപ്പതാൽ
കലങ്ങുന്നതെന്തിനു നീ മനമേ

.....പുരാതന

# 237

പ്രകാശിതരായ് ഞങ്ങൾ നിന്മുഖദർശനത്തിൽ
നാഥാ നിന്നരികിൽ ഞങ്ങൾ ലജ്ജിതരാകില്ല

1. നിന്മുഖകാന്തി കണ്ടു ജീവിത പാതകളെ
ശോഭിതമാക്കിടുവാൻ നീ കനിവേകിയാലും
ഇടറാതെ നിൻ ഹിതങ്ങൾ
അറിഞ്ഞു നടന്നിടുവാൻ
ഇടയനായ് നീ നയിക്ക നിരന്തരമീ വഴിയിൽ
.... പ്രകാശിതരായ്

2. അരികത്തു വന്നിടുന്നോർക്കഭയം നീ തന്നിടുന്നു
അഴലേറും വേളകളിൽ ആശ്വാസം പകർന്നിടുന്നു
അടിതെറ്റി വീഴും നേരം താങ്ങി നടത്തിടുന്നു
അടിയാർക്കു നിൻ സവിധം അനുഗ്രഹദായകമേ
.... പ്രകാശിതരായ്

3. തമസ്സിന്റെ താഴ്വരയിൽ ഭയന്നിടാനേതുമില്ല
തവ കൃപയെന്നുമെന്നും ചാരത്തു കാവലുണ്ട്
തരിക നിൻ നൽവരങ്ങൾ തിരുകൃപയാസ്വദിച്ച്
ചിരകാലം നിന്നരികിൽ അണഞ്ഞു വസിച്ചിടുവാൻ
.... പ്രകാശിതരായ്

## 238

ഭയപ്പെടേണ്ട ഇനി ഭയപ്പെടേണ്ട
ഇമ്മാനുവേൽ നിന്റെ കൂടെയുണ്ട്
എണ്ണമില്ലാതുള്ള നന്മകൾ ഓർത്താൽ
വർണ്ണിപ്പാൻ ആയിരം നാവുകൾ പോരാ

1. സിംഹങ്ങൾ നടുവിൽ തള്ളപ്പെട്ടാലും
ഭയപ്പെടേണ്ടിനിയും
തീച്ചൂള നിന്നെ മൂടിയെന്നാലും
ഭയപ്പെടേണ്ടിനിയും
കണ്മണിപോൽ നിന്നെ കാക്കുന്ന ദൈവം
തന്നുള്ളം കയ്യിൽ വഹിച്ചിടുമെന്നും
......ഭയപ്പെടേണ്ട

2. കൂട്ടിനായ് ആരും കൂടില്ലെന്നാലും
ഭയപ്പെടേണ്ടിനിയും
കൂടെ സഹിപ്പാൻ ആരുമില്ലെന്നാലും
ഭയപ്പെടേണ്ടിനിയും
തന്നുള്ളം കയ്യിൽ വരച്ചവൻ നിന്റെ
കൂടെ നടക്കും കൂടെ വസിക്കും.
.....ഭയപ്പെടേണ്ട

## 239

മതിയായവൻ യേശു മതിയായവൻ
ജീവിതയാത്രയിൽ മതിയായവൻ (2)

1. പാപത്തിൻ ശമ്പളം മരണമെന്ന
ശാപത്തിൽ കഴിയുവോരെ
അവനാണു ജീവൻ ജീവന്റെ അപ്പം
ജീവൻ തരാനവൻ മതിയായവൻ (2)
...മതി

2. ഇരുളിൽ വഴിതെറ്റി വീഴുവോരെ
മരുഭൂമിയാത്രക്കാരേ
അവനാണു ദീപം നല്ലൊരു പാത
ജയമായ് നടത്തുവാൻ മതിയായവൻ (2)
....മതി

3. പല വാതിൽ തേടി വലഞ്ഞവരെ
ഫലമെന്യേ ഓടുവോരേ
അവനാണു വാതിൽ നല്ല ഇടയൻ
അരികിലണയ്ക്കുവാൻ മതിയായവൻ- (2)
....മതി

4. രോഗത്തിൻ ഭാരത്താൽ തളർന്നവരേ
ആശ നശിച്ചവരെ
അവനാണു വൈദ്യൻ സുഗന്ധതൈലം
സൗഖ്യം തരാനവൻ മതിയായവൻ-(2)
....മതി

## 240

മറവിടമായെനിക്കേശുവുണ്ട്
മറച്ചിടും അവനെന്നെ ചിറകടിയിൽ
മറന്നിടാതിവിടെന്നെ കരുതീടുവാൻ
മാറാതെയവനെന്റെ അരികിലുണ്ട്

1. അനുദിനവും അനുഗമിപ്പാൻ
അവൻ നല്ല മാതൃകയാകുന്നെനിക്ക്
ആനന്ദജീവിത വഴിയിലിന്ന്
അനുഗ്രഹമായെന്നെ നടത്തിടുന്നു-
.....മറവിട

2. പലവിധമാം എതിരുകളെൻ
പാതയിലടിക്കടി ഉയർന്നിടുമ്പോൾ
പാലിക്കും പരിചോടെ പരമനെന്നെ
പതറാതെ നില്ക്കുവാൻ ബലം തരുന്നു

....മറവിട

3. വിളിച്ച ദൈവം വിശ്വസ്തനല്ലോ
വഴിയിൽ വലഞ്ഞു ഞാനലയാനിട
വരികയില്ലവനെന്നെ പിരികയില്ല
വലതുകൈ പിടിച്ചെന്നെ നടത്തീടുന്നു
....മറവിട

4. ഇതാവേഗം ഞാൻ വാനവിരവിൽ
ഇനിയും വരുമെന്നരുളിച്ചെയ്ത
ഈ നല്ല നാഥനെ കാണുവാനായ്
ഇരവും പകലുമെന്യേ വസിച്ചീടുന്നു
....മറവിട

# 241

യഹോവയെ കാത്തിരിക്കും ഞാൻ
ശക്തിയെ പുതുക്കും കഴുകനെപ്പോലെ
ചിറകടിച്ചുയർന്നീടും

ഭയന്നിടാതെ മടിച്ചിടാതെ
തളർന്നിടാതെ ഓടിടും
ഈ യാത്രയിൽ ഞാൻ ക്ഷീണമെന്യെ
അനുദിനം ഗമിച്ചിടും

1. നദികളിൽ കൂടി ഞാൻ കടന്നാലും
അവ എന്റെ മീതെ കവിയുകയില്ല
തീയിൽ കൂടി ഞാൻ കടന്നു പോയാലും
അഗ്നിജ്വാലയാൽ ഞാൻ ദഹിക്കയില്ല

എന്റെ ദൈവം എന്റെ രക്ഷകൻ
അവനെന്നും കൂടെയുണ്ടല്ലോ
....ഭയന്നിടാതെ

2. ശത്രുവിൻ തീയമ്പു പാഞ്ഞു വന്നാലും
അവയൊന്നും എന്നെ സ്പർശിക്കയില്ല
പരിഹാസക്കാറ്റ് അങ്ങാഞ്ഞടിച്ചാലും
ശക്തി തന്നു നാഥൻ നടത്തുമല്ലോ

എന്റെ ദൈവം എന്റെ രക്ഷകൻ
അവനെന്നും കൂടെയുണ്ടല്ലോ
....ഭയന്നിടാതെ

## 242

യാഹ് നല്ലയിടയൻ
എന്നുമെന്റെ പാലകൻ
ഇല്ലെനിക്കു ഖേദമൊന്നുമേ (2)

1. പച്ചയായ പുൽപ്പുറങ്ങളിൽ
സ്വച്ഛമാം നദിക്കരികിലും
ക്ഷേമമായി പോറ്റുന്നെന്നെയും
സ്നേഹമോടെന്നേശു നായകൻ
....യാഹ്

2. കൂരിരുളിൻ താഴ്‌വരയതിൽ
ഏകനായ് സഞ്ചരിക്കിലും
ആധിയെന്യെ പാർത്തിടുന്നതും
ആത്മനാഥൻ കൂടെയുള്ളതാൽ
........യാഹ്

3. ശത്രുവിന്റെ പാളയത്തിലും
മൃഷ്ടഭോജ്യമേകിടുന്നവൻ
നന്മയും കരുണയൊക്കെയും
നിത്യമെന്നെ പിൻതുടർന്നിടും
.....യാഹ്

4. കഷ്ടനഷ്ട ശോധനകളിൽ
പൊൻമുഖം ഞാൻ നേരിൽ കണ്ടിടും
ശാശ്വത ഭുജങ്ങളിൻ മീതെ
നിർഭയനായ് ഞാൻ വസിച്ചിടും
.....യാഹ്

## 243

1 യേശു എന്റെ അടിസ്ഥാനം
ആശ്രയമവനിലത്രെ
അവനെന്നെ വഴി നടത്തും
അലയാതെ മരുഭൂമിയിൽ

1. എന്റെ ദേശം ഇവിടെയല്ല
ഈ ലോകം ശാശ്വതമല്ല
എനിക്കായിട്ടേശു നായകൻ
ഒരുക്കുന്നുണ്ടൊരു ഭവനം.....
......യേശു

2. എന്റെ പ്രിയൻ അതിസുന്ദരൻ
പതിനായിരങ്ങളിൽ ശ്രേഷ്ഠൻ
ലാസറിനെ ഉയർപ്പിച്ചവൻ
പാപികളെ വീണ്ടെടുത്തവൻ.....
.....യേശു

3. കാത്തിരിക്കും വിശുദ്ധരെല്ലാം
കഴുകനെപ്പോലെ ഗമിക്കും
മദ്ധ്യാകാശ മണിയറയിൽ
കാന്തനുമായ് വേളിചെയ്യുവാൻ....
.....യേശു

4. എന്റെ പ്രിയൻ വാനിൽ വരാറായ്
കാഹളങ്ങൾ മുഴങ്ങീടാറായ്
സോദരരേ ഉണർന്നീടുവിൻ
ഉയർത്തിടാം ജയക്കൊടികൾ...
....യേശു

## 244

യേശു നല്ലവൻ എനിക്കു യേശു നല്ലവൻ
നല്ല രക്ഷകൻ തൻ നാമം
വാഴ്ത്തിപ്പാടും ഞാൻ
യേശു നല്ലവൻ എനിക്കു യേശു നല്ലവൻ
യേശു-നല്ലവൻ

1. ചെങ്കടൽ പിളർന്നു താൻവഴി നടത്തിടും
അടിമയിൻ നുകം തകർത്തു വീണ്ടെടുത്തവൻ
ചിറകുകൾ വിടർത്തി മറവിൽ കാത്തിടുന്നവൻ
യേശു- നല്ലവൻ

....യേശു നല്ലവൻ

2. ക്ഷാമകാലത്തെന്നെ ക്ഷേമമോടെ കാത്തിടും
പച്ചപ്പുൽത്തകിടിയിൽ കിടത്തിടുന്നവൻ
വേണ്ടതെല്ലാം നിത്യമേകി പോറ്റിടുന്നവൻ
യേശു-നല്ലവൻ

.....യേശു നല്ലവൻ

3. കോട്ടകൾ തകർത്തീടാൻ
ബലത്തെ നൽകിടും
നീട്ടിയ ഭുജത്താലെന്നെ താൻ നടത്തിടും
വീട്ടിലെത്തുവോളം പൊൻമുഖത്തെ നോക്കിടാം
യേശു -നല്ലവൻ

....യേശു നല്ലവൻ

## 245

യേശു നായകാ പാപ ശാപ നാശകാ
വീണ്ടെടുത്ത നിൻ ജനത്തിനാത്മ ദായകാ

1. കണ്ടു ഞാനീ ദൈവസ്നേഹ-
മീശൻ ക്രൂശിൻമേൽ
പണ്ടു ഞാനറിഞ്ഞതില്ലെ-
ന്നോർത്തു നീറുന്നേ
ഉണ്ടെനിക്കു നാടു മേലിലെന്ന-
തോർക്കുമ്പോൾ
വേണ്ടെനിക്കീ മിസ്രയീമിൻനിക്ഷേപങ്ങളെ
....യേശു

2. നിൻ വരവിൻ ലക്ഷ്യങ്ങളുമെങ്ങും കാണുന്നേ
ജാതി ജാതിയോട് പോരിന്നായുധങ്ങളാൽ
വ്യാധിമൂലം ഖേദിക്കുന്നീ മാനവരെല്ലാം
ക്ഷാമവും ഭൂകമ്പവുമവിടവിടെയായ്
.....യേശു

3. അന്ത്യകാല സംഭവങ്ങളാലെ ഭൂവനം
മാരകായുധങ്ങളാലെ ലോകരാഷ്ട്രങ്ങൾ
സായുധ സമരത്തിനായ് കളമൊരുക്കുന്നേ
കാന്തനെ നിൻ വരവിനെന്തു താമസിക്കുന്നു
....യേശു

4. വെള്ളി പൊന്നുമല്ലയെന്നെ വീണ്ടെടുത്തത്
നിസ്തുല നിണം കരുണയാൽ കഴുകയാൽ
വസ്തുതകൾ വർണ്ണ്യമല്ല എന്റെ നാവിനാൽ
കർത്തൻ ക്രൂശിൽ നിർവ്വഹിച്ച
ദൈവ നിർണ്ണയം
....യേശു

5. കണ്ണു കണ്ടിട്ടില്ല വിണ്ണിൻ ഭാവി രൂപങ്ങൾ
കേൾപ്പതില്ല സ്വർഗ്ഗസീയോൻ
ഇമ്പ നാദങ്ങൾ
ഒന്നു ഞാനറിയുന്നേ തൻ
വാസമോർക്കുമ്പോൾ
മന്നിടം മറന്നു ഗാനമന്നു പാടുമേ
....യേശു

## 246

യേശുവിൻ പാതെ നാം പോയിടാം
എഴുന്നേറ്റിടാം പോയിടാം
ക്രിസ്തു സഭയെ പണിയുവാനായ്
യാത്ര തുടരാം പോയിടാം
എഴുന്നേറ്റിടാം പോയിടാം (4)

1. പ്രതിഫലമൊന്നും നോക്കേണ്ട നീ
പ്രതികൂലമെല്ലാം അതിജീവിക്ക
കല്ലും മുള്ളും പാതയിലെല്ലാം
തടസ്സമായ് നിന്നീടാം

എഴുന്നേറ്റിടാം നാം പോയിടാം
ക്രിസ്തുസഭയെ പണിയുവാനായ്
കല്ലും മുള്ളും പാതയിലെല്ലാം
തടസ്സമായ് നിന്നീടാം
എഴുന്നേറ്റിടാം പോയീടാം (4)

2. ലോകം നിന്നെ വെറുത്തീടാം
നഷ്ടം നിന്നെ ഞെരുക്കീടാം
ലാഭമായ് കരുതിയതെല്ലാം
നഷ്ടമായ് തീർന്നീടാം

എഴുന്നേറ്റിടാം നാം പോയീടാം
ക്രിസ്തു സഭയെ പണിയുവാനായ്
ലാഭമായ് കരുതിയതെല്ലാം
നഷ്ടമായ് തീർന്നീടാം
എഴുന്നേറ്റിടാം പോയീടാം (4)

3. ആത്മനിറവിന്നായ് ഒരുങ്ങീടാം
ആത്മബലം ദൈവം തരുമല്ലോ
സകലരേയും ശിഷ്യഗണത്തിൽ
ചേർത്തിടാനായ് വേല ചെയ്യാം

എഴുന്നേറ്റിടാം നാം പോയീടാം
ക്രിസ്തു സഭയെ പണിയുവാനായ്
സകലരെയും ശിഷ്യഗണത്തിൽ
ചേർത്തിടാനായ് വേല ചെയ്യാം
എഴുന്നേറ്റിടാം പോയിടാം (4)
(യേശുവിൻ പാതെ)

# 247

1. ലോകമാം ഗംഭീര വാരിധിയിൽ
വിശ്വാസക്കപ്പലിൽ ഓടിയിട്ട്
നിത്യവീടൊന്നുണ്ടവിടെയെത്തി
കർത്തനോടുകൂടെ വിശ്രമിപ്പാൻ

    യാത്ര ചെയ്യും ഞാൻ ക്രൂശെ നോക്കി
    യുദ്ധം ചെയ്യും ഞാൻ യേശുവിന്നായ്
    ജീവൻ വച്ചീടും രക്ഷകനായ്
    അന്ത്യശ്വാസം വരെയും

2. കാലം കഴിയുന്നു നാൾകൾ പോയി
കർത്താവിൻ വരവു സമീപമായ്
മഹത്വനാമത്തെ കീർത്തിപ്പാനായ്
ശക്തീകരിക്ക നിൻ ആത്മാവിനാൽ

......യാത്ര

3. പൂർവ്വപിതാക്കളാം അപ്പോസ്തോലർ
ദൂരവെ ദർശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണി ലാഭം
അന്യരെന്നെണ്ണീയീ ലോകമതിൽ

.....യാത്ര

4. ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹി ദുഃഖത്താൽ ക്ഷയിച്ചെന്നാലും
എല്ലാം പ്രതികൂലമായെന്നാലും

.....യാത്ര

5. ജീവനെന്നേശുവിൽ അർപ്പിച്ചിട്ട്
അക്കരെ നാട്ടിൽ ഞാനെത്തിടുമ്പോൾ
ശുദ്ധ പളുങ്കിൻ കടൽത്തീരത്തിൽ
യേശുവിൻ പൊൻമുഖം മുത്തിടും ഞാൻ

......യാത്ര

# 248

ലോകത്തിലേകയാശ്രയം എൻ യേശു മാത്രം
ശോകങ്ങളേറി വന്നാലും
വേണ്ടാ ഈ ലോകയിമ്പം
പ്രിയനെ! നീ മതി
എന്നും വാഴ്ത്തി പാടും ഞാൻ......

1. ഉറ്റവരായിരുന്നവർ ദ്വേഷിച്ചാലും
മാറ്റമില്ലാത്ത സ്നേഹിതൻ
ക്ലേശം നിറഞ്ഞ ലോകയാത്രയിൽ താങ്ങിടും
വിൺ ശക്തിയാലെ നിത്യവും
......ലോക

2. തേടിയതല്ല ഞാൻ നിന്നെ ക്രൂശിൻ സ്നേഹം
നേടി ഈ പാപിയാമെന്നെ
ഓടുന്നു ലാക്കിലേക്കു പാടുകൾ ഏറ്റു ഞാൻ
മാറുവാനാവതില്ലിനി....
......ലോക

3. മാറായുണ്ടീ മരുവതിൽ-സാരമില്ല
മാറായിൻ നാഥനാമേശു
മാറാത്ത വാക്കു തന്നോൻ മാറുമോ ആയവൻ
മാറാ മധുരമാക്കീടും....
......ലോക

4. വിശ്വാസക്കപ്പൽ താഴുമോ? ഈയുലകിൽ
ഈശാനമൂലനേറുന്നെ
ആശ്വാസമേകുവാൻ നീ വേഗമായ് വന്നാലും
വിശ്വാസ നായകാ! പ്രിയ!.....
......ലോക

5. വിൺശക്തി കാഴ്ച ശബ്ദങ്ങൾ
ഏറെ വേണം
വിശ്വാസപ്പോരിൽ നിൽക്കുവാൻ
പത്മോസിലെത്രനാൾ
ഞാനേകനായ് പാർക്കണം
വിശ്വാസ ത്യാഗമില്ലാതെ .....(2)
.....ലോക

## 249

വിശ്വാസ ജീവിത പടകിൽ ഞാൻ
സീയോൻ നഗരിയിൽ പോകുന്നു ഞാൻ
വിശ്വാസനായകനേശുവെ നോക്കി
വിശ്രമ ദേശത്തു പോകുന്നു ഞാൻ

1. അലകൾ പടകിൽ അടിച്ചെന്നാൽ
   അല്ലലൊരൽപവും ഇല്ലെനിക്ക്
   ആഴിയും ഊഴിയും നിർമ്മിച്ച നാഥൻ
   അഭയമായെന്നരികിലുണ്ട്-
   ....വിശ്വാസ

2. നാനാ പരീക്ഷകൾ വേദനകൾ
   നന്നായെനിക്കിന്നുണ്ടായീടിലും
   നാഥനെ ഉള്ളത്തിൽ ധ്യാനിച്ചു എന്റെ
   ക്ഷീണം മറന്നങ്ങു പോകുന്നു ഞാൻ-
   ....വിശ്വാസ

3. മരണ നിഴലിൻ താഴ്‌വരയിൽ
   ശരണമായെനിക്കേശുവുണ്ട്
   കരളലിഞ്ഞു എൻ കൈകൾ പിടിച്ചു
   താങ്ങി നടത്തും എൻ അന്ത്യംവരെ
   ....വിശ്വാസ

4. വിണ്ണിലെൻ വീട്ടിൽ ഞാൻ ചെന്നു ചേരും
   കണ്ണുനീരൊക്കെയും അന്നു തീരും
   എണ്ണിയാൽ തീരാത്ത വൻ കൃപകൾ
   വർണ്ണിച്ചു പാദത്തിൽ വീണിടും ഞാൻ-
   ....വിശ്വാസ

## 250

വിശ്വാസത്താലെന്നും മുന്നേറും ഞാൻ
വിശ്വാസത്തിൽ എല്ലാം ചെയ്തീടും ഞാൻ
യേശുവിൻ രക്തത്താൽ ജയമുള്ളതാൽ
സംഹാരകൻ എന്നെ കടന്നുപോകും (2)

(വിശ്വാസ....)

1. കെരീത്ത് തോട്ടിലെ വെള്ളം വറ്റിയാലും
   കാക്കയിൻ വരവതു നിന്നീടിലും (2)
   ഏലിയാവെ പോറ്റിയ ജീവന്റെ ദൈവം (2)
   എന്നെയും പോറ്റുവാൻ മതിയായവൻ

(വിശ്വാസ...)

2. എരിയും തീച്ചൂളയ്ക്കുള്ളിൽ വീണിടിലും
   വിശ്വാസ ശോധന ഏറിയാലും (2)
   അഗ്നിയിൻ നാളത്തിൽ വെന്തുപോയിടാതെ (2)
   സർവ്വശക്തൻ ദൈവം പരിപാലിക്കും

(വിശ്വാസ....)

3. ചെങ്കടലിൽ തൻ ജനത്തെ നടത്തിയോൻ
   മാറയെ മാധുര്യമാക്കിയവൻ (2)
   വിശ്വാസയാത്രയിൽ കൂടെയിരുന്നെന്നെ (2)
   അത്ഭുതമായെന്നും വഴിനടത്തും.

(വിശ്വാസ....)

# 251

1. വിശ്വാസിയെ നീ ഭയപ്പെടേണ്ട
വിശ്വാസ നായകൻ കൂടെയുണ്ട്
വിശുദ്ധിയിലെന്നും കാത്തീടുവാൻ
വിശ്വസ്ത സാക്ഷിയായ് നിർത്തീടുവാൻ

വാക്കു തന്നവൻ മാറുകില്ല
വാഗ്ദത്തം ചെയ്തവൻ കൂടെയുണ്ട്
അനുഗ്രഹമായ് അത്ഭുതമായ്
അന്ത്യം വരെയെന്നെ നടത്തിടുവാൻ

2. വാഗ്ദത്തങ്ങൾ തന്നെന്നെ പോറ്റീടുവാൻ
അബ്രഹാമിൻ ദൈവം വിശ്വസ്തനല്ലോ
സമ്പൂർണ്ണമായ് അനുസരിച്ചാൽ
വാഗ്ദത്തം നിശ്ചയം പ്രാപിച്ചിടാം
....വാക്കു തന്നവൻ

3. മരുഭൂയാത്രയിൽ കാത്തീടുവാൻ
യാക്കോബിൻ ദൈവം മാറാത്തവൻ
വിശ്വാസത്തോടെ പ്രാർത്ഥിച്ചീടിൽ
അനുഗ്രഹം നിശ്ചയം പ്രാപിച്ചിടാം
....വാക്കു തന്നവൻ

4. ഉറ്റവർ സ്നേഹിതർ കൈവിട്ടാലും
യോസേഫിൻ ദൈവം മാനിച്ചിടും
പ്രത്യാശയോടെ കാത്തിരുന്നാൽ
ദർശനം നിശ്ചയം സാധ്യമാകും
....വാക്കു തന്നവൻ

# 252

സങ്കേതമേ നിന്റെ അടിമ ഞാനേ
ഘോഷിക്കുമേ മനം സന്തോഷത്താൽ
കർത്താവേ നീ ചെയ്ത നന്മകളെ
നിത്യം നിത്യം ഞാൻ ധ്യാനിക്കുമേ

1. അളവില്ലാ സ്നേഹത്താൽ ചേർപ്പവനെ
   എണ്ണമില്ലാ നന്മകൾ നൽകുന്നവനെ
   ശോഭിതമാണാളാ മഹിമപ്രതാപ
   സ്നേഹത്താൽ നിൻ പാദം ചേർന്നീടുമേ-
   ആ....സങ്കേ

2. എന്നെ ഉപദേശിച്ചു നടത്തുന്നോനെ
   ദൃഷ്ടിവച്ചു ആലോചന നൽകുന്നവനെ
   പോകേണ്ട വഴി എന്നെ കാണിക്കുന്നവനെ
   ആശ്രയിക്കുന്നോനെ കൃപ ചുറ്റിക്കൊള്ളുമേ
   ആ....സങ്കേ

3. കരം പിടിച്ചു നടത്തും കർത്തൻ നീയല്ലോ
   യാചിച്ച എന്നെ സൗഖ്യമാക്കിയല്ലോ
   കുഴിയിൽ വീഴാതെന്നെ സൂക്ഷിച്ചവനെ
   കണ്ണുനീരെ സന്തോഷമായ് മാറ്റിയല്ലോ
   ആ....സങ്കേ

4. പാപങ്ങളെ ഓർക്കാതെ ചേർത്തുവല്ലോ
   ശാപങ്ങളെ നീക്കി ശുദ്ധമാക്കിയല്ലോ
   രക്ഷയുടെ സന്തോഷം തിരികെ തന്നല്ലോ
   ഉണർവ്വിന്നാവിയാലെന്നെ താങ്ങിയല്ലോ..

   ആ....സങ്കേ

## 253

1. സർവ്വസൃഷ്ടികളുമൊന്നായ് പുകഴ്ത്തീടുന്ന
സ്രഷ്ടാവിനെ സ്തുതിക്കും ഞാൻ
ഈ ക്ഷോണി തലത്തിൽ ജീവിക്കുന്ന നാളെല്ലാം
ഘോഷിച്ചിടും പൊന്നു നാഥനെ

യേശു മാറാത്തവൻ-യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ! എത്ര നല്ലവൻ
ഇന്നുമെന്നും കൂടെയുള്ളവൻ

2. തന്റെ കരുണ എത്രയോ അതിവിശിഷ്ടം
തൻ സ്നേഹമാശ്ചര്യമേ
എൻ ലംഘനങ്ങളും എൻ അകൃത്യങ്ങളുമെല്ലാം
അകറ്റിയെ തന്റെ സ്നേഹത്താൽ
......യേശു

3. രോഗശയ്യയിലെനിക്കു സഹായകനും
രാക്കാല ഗീതവുമവൻ
നല്ല വൈദ്യനും ദിവ്യ ഔഷധവുമെൻ
ആത്മസഖിയുമവൻ തന്നെ
.....യേശു

4. സീയോനിൽ വാണിടുവാനായ്
വിളിച്ചു തന്റെ
ശ്രേഷ്ഠോപദേശവും തന്നു
ഹാ എന്തൊരത്ഭുതം ഈ വൻ
കൃപയെ ഓർക്കുമ്പോൾ
നന്ദികൊണ്ടെന്നുള്ളം തുള്ളുന്നേ
....യേശു

5. തേജസ്സിൽ വാസം ചെയ്യുന്ന വിശുദ്ധരൊത്തു
അവകാശം ഞാനും പ്രാപിപ്പാൻ
ദിവ്യ ആത്മാവാൽ
ശുദ്ധീകരിച്ചെന്നെയുംതൻ
സന്നിധിയിൽ നിറുത്തീടുമേ
....യേശു

## 254

1. സ്നേഹത്തിൻ ഇടയനാം യേശുവേ
വഴിയും സത്യവും നീ മാത്രമേ
നിത്യമാം ജീവനും ദൈവപുത്രാ!
നീയല്ലാതാരുമില്ല

യേശു! നാഥാ! ഞങ്ങൾക്കു
നീയല്ലാതാരുമില്ല
യേശു! നാഥാ! നീയല്ലാതാരുമില്ല!

2. പാപികൾക്കായ് വലഞ്ഞലഞ്ഞതും
ആടുകൾക്കായ് ജീവൻ വെടിഞ്ഞതും
പാടുകൾപെട്ടതും ആർ നായകാ!
നീയല്ലാതാരുമില്ല ...യേശു

3. നീക്കിടുവാൻ എല്ലാ പാപത്തേയും
പോക്കിടുവാൻ സർവ്വശാപത്തേയും
കോപാഗ്നിയും കെടുത്തീടാൻ കർത്താ
നീയല്ലാതാരുമില്ല- ....യേശു

4. അറിവാൻ സ്വർഗ്ഗ പിതാവിനേയും
പ്രാപിപ്പാൻ വിശുദ്ധാത്മാവിനേയും
വേറൊരു വഴിയുമില്ല നാഥാ!
നീയല്ലാതാരുമില്ല- ...യേശു

5. സഹിപ്പാൻ എൻ ബുദ്ധിഹീനതയും
വഹിപ്പാൻ എൻ മഹാക്ഷീണതയും
ലാളിപ്പാൻ പാലിപ്പാൻ ദൈവപുത്രാ
നീയല്ലാതാരുമില്ല- ....യേശു

6. സത്യവിശ്വാസത്തെ കാത്തീടുവാൻ
നിത്യം നിൻ കീർത്തിയെ പാടിടുവാൻ
ഭൃത്യന്മാരിൽ കൃപ തന്നീടുവാൻ
നീയല്ലാതാരുമില്ല- ....യേശു

7. ദൈവമഹത്വത്തിൽ താൻ വരുമ്പോൾ
ജീവകിരീടത്തെ താൻ തരുമ്പോൾ
അപ്പോഴും ഞങ്ങൾപാടീടും നാഥാ
നീയല്ലാതാരുമില്ല- ....യേശു

## ദൈവസ്നേഹം

## 255

അതിരുകളില്ലാത്ത സ്നേഹം
ദൈവസ്നേഹം നിത്യസ്നേഹം
അളവുകളില്ലാത്ത സ്നേഹം
ദൈവസ്നേഹം നിത്യസ്നേഹം

ഏതൊരവസ്ഥയിലും
യാതൊരു വ്യവസ്ഥകളും
ഇല്ലാതെ സ്നേഹിക്കും താതനു നന്ദി

(അതിരു)

ദൈവത്തെ ഞാൻ മറന്നാലും ആ
സ്നേഹത്തിൽ നിന്നകന്നാലും (2)
അനുകമ്പാദ്രമാം ഹൃദയമെപ്പോഴും
എനിക്കായ് തുടിച്ചിടുന്നു - എന്നെ
ഓമനയായ് കരുതുന്നു.

(അതിരു)

അമ്മയെന്നെ മറന്നാലും ഈ
ലോകമെന്നെ വെറുത്താലും (2)
അജഗണങ്ങളെ കാത്തിടുന്നവൻ
എനിക്കായ് തിരഞ്ഞിടുന്നു - എന്നെ
ഓമനയായ് കരുതുന്നു.

(അതിരു)

## 256

അന്യോന്യം സ്നേഹിക്കുവിൻ -നിങ്ങൾ
അന്യോന്യം സ്നേഹിക്കുവിൻ (2)
സ്നേഹിച്ചു ജീവൻ തന്നവൻ ക്രിസ്തു
സ്നേഹമായ് ഓതുന്നിതാ (2)

അന്യർ തൻ ദുഃഖത്തിൽ പങ്കുചേർന്നിടേണം
ആർദ്രത കാട്ടിടേണം (2)
ഉള്ളതിൻ പങ്കു നാം അഗതികൾക്കായ്
അറിഞ്ഞു നൽകേണം മടിച്ചിടാതെ (2)

....അന്യോ

ദൈവത്തിൻ നൽസ്നേഹം
ഉള്ളിലുള്ളോരാരും
ആരോടും കോപിക്കില്ല (2)
എല്ലാം സഹിക്കുവാൻ ക്ഷമിച്ചിടുവാൻ
ശ്രീയേശു നമ്മളോടോതിയല്ലോ (2)

....അന്യോ

അയൽക്കാരെ നമ്മൾ
സ്നേഹിക്കാതെങ്ങനെ
ദൈവത്തെ സ്നേഹിച്ചീടും (2)
ക്രിസ്തുവിൻ താഴ്മ നാം ധരിച്ചിടേണം
എളിയവരെ നാം മാനിക്കണം (2)

....അന്യോ

## 257

ആരെ ഞാൻ വിശ്വസിക്കുന്നുവോ
അവനെന്റെ ഉപനിധിയാം
അന്ത്യത്തോളം പുലർത്തീടുവാൻ
അവൻ ശക്തനാണെന്നറിയുന്നു ഞാൻ

ഹാലേലുയ്യാ ഹാലേലുയ്യാ
അവനെന്റെ ഉപനിധിയാം
അന്ത്യത്തോളം പുലർത്തീടുവാൻ
അവൻ ശക്തനാണെന്നറിയുന്നു ഞാൻ

1. ശ്ലീഹന്മാരെ ശക്തരാക്കിയ
ദൈവസ്നേഹം നിത്യസ്നേഹം
ദോഷിയെന്നെ വിളിച്ച സ്നേഹം
കാൽവറിയിൽ വിളങ്ങും സ്നേഹം
....ഹാലേലുയ്യാ

2. വാഗ്ദത്തങ്ങൾ അരുളിയവൻ
വാക്കുമാറാ സ്നേഹമവൻ
ആകുലങ്ങൾ അകറ്റിയവൻ
എൻ ഭാരമെല്ലാം ചുമന്നവൻ താൻ
....ഹാലേലുയ്യാ

3. വീഴ്ചകളിൽ എൻ താഴ്ചകളിൽ
കൈവിടാത്ത നൽസഖി താൻ
അക്കരെ ഞാൻ എത്തുവോളം
എൻ പടകിൻ അമരക്കാരൻ...
....ഹാലേലുയ്യാ

## 258

1. ഇത്രത്തോളം എന്നെ കൊണ്ടുവന്നീടുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളു
ഇത്ര നന്മകൾ ഞങ്ങൾ അനുഭവിപ്പാൻ
എന്തുള്ളു യോഗ്യത നിൻ മുമ്പിൽ (2)

2. ഇത്രത്തോളം എന്നെ ആഴമായ്
സ്നേഹിപ്പാൻ
ഞാനും എൻ കുടുംബവും എന്തുള്ളു
ഇത്ര ശ്രേഷ്ഠമായതെല്ലാം തന്നീടുവാൻ
എന്തുള്ളു യോഗ്യത നിൻ മുമ്പിൽ (2)

3. ഇത്രത്തോളം എന്റെ ഭാവിയെ കരുതാൻ
ഞാനും എൻ കുടുംബവും എന്തുള്ളു
ഇത്രത്തോളമെന്നെ അത്ഭുതമാക്കുവാൻ
എന്തുള്ളു യോഗ്യത നിൻ മുമ്പിൽ (2)

## 259

ഇത്രമാത്രം സ്നേഹം ചൊരിഞ്ഞിടുവാൻ
എന്നിലെന്തു നന്മ കണ്ടു നാഥാ
വീണ്ടും വീണ്ടും എൻ ഹൃദയത്തിൽ
നാഥാ നിന്നെ ഞാൻ ക്രൂശിച്ചിട്ടും-

1. ശത്രുവിനെ സ്നേഹിപ്പാൻ നീ കൽപ്പിച്ചിട്ടും
   മിത്രത്തെപ്പോലും ഞാൻ സ്നേഹിച്ചില്ല
   എന്നെ മാത്രം സ്നേഹിച്ചു ഞാൻ
   സ്വാർത്ഥനായി
   നിരന്തരം നിന്നെ ഞാൻ സേവിച്ചിടും-
   ....ഇത്ര

2. പാപത്തെ സ്നേഹിപ്പാൻ ഞാൻ പോയിട്ടും
   പാപിയെന്നെത്തേടി നീ വന്നല്ലോ
   സോദരരെ ദ്വേഷിച്ചു ഞാൻ ദോഷിയായി
   നിൻ വചനം ഞാൻ ലംഘിച്ചിട്ടും
   ....ഇത്ര

3. മൽപ്രിയനെ ഇനിയെന്നും ഞാൻ
   സ്നേഹിച്ചിടും
   തവജീവൻ തന്നെന്നെ രക്ഷിച്ചതാൽ
   അന്യരെയും സ്നേഹിച്ചു ഞാൻ താഴ്മയായി
   തിരുഹിതം പോൽ ഞാൻ ജീവിച്ചിടും
   ....ഇത്ര

## 260

1. ഇത്ര നൽ രക്ഷകാ യേശുവേ
   ഇത്രമാം സ്നേഹം നീ തന്നതാൽ
   എന്തു ഞാൻ നൽകിടും തുല്യമായ്
   ഈ ഏഴയെ നിൻ മുൻപിൽ യാഗമായ്

2. രോഗങ്ങൾ ദുഃഖങ്ങൾ പീഡകളെല്ലാം
   ഈ ജീവിതേ വന്നിടും വേളയിൽ
   ദൂതന്മാർ കാവലായ് വന്നപ്പോൾ
   കണ്ടു ഞാൻ ക്രൂശിലെ സ്നേഹമേ
   ....ഇത്ര നൽ

3. ഈ ലോകത്തിൻ നിന്ദകൾ ഏറി വന്നാലും
   മാറല്ലേ മാറായിൻ നാഥനെ
   എന്നു നീ വന്നിടും മേഘത്തിൽ
   അന്നു ഞാൻ ധന്യനായ് തീർന്നിടും
   ....ഇത്ര നൽ

## 261

എത്ര എത്ര നന്മകൾ ചൊരിഞ്ഞ നാഥനെ
മാത്രതോറും നഷ്ടമാക്കി പാപിയായി ഞാൻ
ഇത്രയേറെ നൽവരങ്ങൾ നൽകി എന്നെ നീ
മിത്രമായി സ്നേഹിപ്പാൻ ഞാൻ ഏതുമില്ലായേ

1. നഷ്ടപ്പെട്ടൊരാടുതുല്യമാണു ഞാൻ
   തേടിവന്നു ചേർപ്പാൻ കരുണ കാട്ടണേ
   കാണാതെ പോയ ദ്രഹ്മയൊന്നു ഞാൻ
   തേടി വന്നു വീണ്ടെടുത്തു
   മാർവ്വിൽ ചേർക്കണേ

   .....എത്ര എത്ര

2. വേർപിരിഞ്ഞു പോയ പുത്രനാണു ഞാൻ
   സ്നേഹമേറുമപ്പനേ നീ ചേർക്കണേ
   മാറാത്ത ക്രൂശിൻ സ്നേഹം ഏകണേ
   സ്വന്തപുത്രനാക്കി വീണ്ടും വീട്ടിൽ ചേർക്കണേ

   .....എത്ര എത്ര

3. ഏതുമില്ലാ ഹീനപാത്രമാണു ഞാൻ
   തന്നിടുന്നു പൂർണ്ണമായ് നിൻകൈകളിൽ
   എടുത്തുടച്ചു വാർത്തിടണമേ
   താതനിഷ്ടം ചെയ്തിടുവാൻ പ്രാപ്തനാക്കണേ

   .....എത്ര എത്ര

## 262

എന്റെ നാവു നവ്യഗാനം പാടും
എന്റെ ഹൃത്ത് നൂതന രാഗം പാടും
കർത്താവേ നീ എന്നെ സ്നേഹിച്ചു
പ്രാണനാഥാ നീ എന്നെ വീണ്ടെടുത്തു
എന്റെ നാവു നവ്യഗാനം പാടും

1. ലോകാന്ധകാരത്തൂടെ ഞാനലഞ്ഞു
തിരിഞ്ഞു (2)
മോഹങ്ങളെന്നിൽ അശാന്തി ഏകി
ക്രൂശിൻ ദയയിൽ ഞാനഭയം കണ്ടു
നിന്റെ ദയ അഗോചരം-
നിൻ കാരുണ്യം അഗാധമേ-
....എന്റെ

2. പാപാന്ധകാരത്തൂടെ ഞാനലഞ്ഞു തളർന്നു (2)
പാശങ്ങളാൽ ഞാൻ ബന്ധിതനായി
ക്രൂശിൻ നന്മയിൽ ഞാനാശ്രയം കണ്ടു
നിന്റെ ദയ അഗോചരം-
നിൻ കാരുണ്യം അഗാധമേ -
....എന്റെ

3. എൻ ജീവിതാന്ത്യത്തോളം നിന്നിൽ
നിലനിൽക്കും
ദുഃഖിക്കുന്നവനെന്നും ആശ്വാസം ഏകും
ഉയിർപ്പിൻ ശക്തിയിൽ ഞാൻ ജീവിക്കും
നിന്റെ ദയ അഗോചരം-
നിൻ കാരുണ്യം അഗാധമേ
....എന്റെ

# 263

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ- അതു
ചിന്തയിലടങ്ങാ-സിന്ധു സമാനമായ്
സന്തതം കാണുന്നു ഞാൻ

1. ദൈവമേ! നിൻ മഹാസ്നേഹമതിൻവിധം
ആർക്കു ചിന്തിച്ചറിയാം-എനി
ക്കാവതില്ലേയതിൻ-ആഴമളന്നിടാൻ
എത്ര ബഹുലമത്-

.....എന്തതി

2. ആയിരമായിരം നാവുകളാലതു
വർണ്ണിപ്പതിനെളുതോ-പതി
നായിരത്തിങ്കലൊരംശം ചൊല്ലീടുവാൻ
പാരിലസാദ്ധ്യമഹോ-

.....എന്തതി

3. മോദമെഴും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന-ഏക
ജാതനാമേശുവെ പാതകർക്കായ് തന്ന
സ്നേഹമതിശയമേ-

.....എന്തതി

4. പാപത്താൽ നിന്നെ ഞാൻ
കോപിപ്പിച്ചുള്ളോരു
കാലത്തിലും ദയവായ്-
സ്നേഹവാപിയെ നീ എന്നെ
സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു-

......എന്തതി

5. ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ-എന്നെ
കേവലം സ്നേഹിച്ചു-പാലിച്ചിടും തവ
സ്നേഹമതുല്യമഹോ-

.....എന്തതി

# 264

1. എല്ലാ സ്നേഹത്തിനും ഏറ്റം യോഗ്യനാമെൻ
   നല്ല ദൈവമേ നന്മസ്വരൂപാ
   എല്ലാ  സൃഷ്ടികളെക്കാളുമുപരിയായി
   നിന്നെ സ്നേഹിച്ചിടുന്നിതാ ഞാൻ

2. എന്റെ സ്രഷ്ടാവാം രക്ഷനാഥനെ ഞാൻ
   മുഴുവാത്മാവും ഹൃദയവുമായ്
   മുഴു മനമോടെയും സർവ്വശക്തിയോടും
   സദാ സ്നേഹിച്ചീടും മഹിയിൽ

4. വല്ല പാപത്താലെ നിന്നെ ദ്രോഹിച്ചിടാൻ
   വല്ലഭാ, അനുവദിക്കരുതേ
   നിന്നോടെളിയൊരേറ്റം ചെയ്യുന്നതിനു മുമ്പേ
   നഷ്ടമാക്കിടാ അഖിലവും ഞാൻ.

## 265

ഒരുമൺചെരാതായ് ഞാൻ വരുന്നു
ലോകത്തിൻ വെളിച്ചമാകാൻ
തീനാളമായ് നീ വരണേ എന്നിൽ
വെളിച്ചമായ് ജ്വലിച്ചീടണേ

നാഥാ നീ വരണേ എന്നിൽ
പിരിയാതെ വസിച്ചീടണേ

1. ഇരുളേറും രാവുകളിൽ–എന്റെ
ഇടറുന്ന വീഥികളിൽ
വഴിവിളക്കായ് നിൻവചനം തരൂ
അരൂപിയായ് അരികിൽ വരൂ...
....നാഥാ നീ

2. കണ്ണീരിൻ കാലങ്ങളിൽ – എന്റെ
നീറുന്ന നോവുകളിൽ
കാരുണ്യമേ നിൻകൃപ പകരൂ
കാവലായ് കൂടെ വരൂ....
....നാഥാ നീ

## 266

കനിവേറും സ്നേഹപിതാവേ
നിന്തിരു സന്നിധി തേടിവരുന്നു
അനുതാപമുതിരുന്ന ഹൃദയവുമായി
അകതാരിലപരാധ ബോധവുമായി
കനിവേറും .....

1. സ്വന്തസുഖം മാത്രം കാംക്ഷിച്ചു ഞാൻ
സ്വാർത്ഥത തൻ ഇരുൾ കാട്ടിലൊളിച്ചു
സോദരനാം അയൽക്കാരന്റെ ദുഃഖം
പങ്കിടാൻ പാടേ മറന്നുപോയി
എങ്കിലും നാഥാ നിൻ സ്നേഹത്തെ
യോർത്തിതാ
അനുതാപപൂർവ്വം ഞാൻ വരുന്നു
കനിവേറും ....

2. അവിടുത്തെ ഹിതമെന്തെന്നറിയാതെ ഞാൻ
അകലെയായ് നിന്നിൽ നിന്നന്യനായി
നിൻ മഹാത്യാഗത്തെ ഓർക്കാതെ ഞാൻ
നിന്ദ്യമാം വഴികളിൽ ജിവിച്ചുപോയ്
എങ്കിലും നാഥാ നിൻ സ്നേഹത്തെ
യോർത്തിതാ
അനുതാപപൂർവ്വം ഞാൻ വരുന്നു
കനിവേറും....

3. അന്യനായ് ഞാൻ ചെയ്ത പാപങ്ങളെല്ലാം
നിൻ ശിരസ്സിൽ ഘോരമുള്ളുകളായ്
നിൻ നിണം ചിന്താൻ കാരണമായി
നിൻ കരൾ നോവും പാപങ്ങളാൽ
എങ്കിലും നാഥാ നിൻ സ്നേഹത്തെ
യോർത്തിതാ
അനുതാപപൂർവ്വം ഞാൻ വരുന്നു
കനിവേറും....

## 267

1. കണ്ണുനീർ മാറി വേദനകൾ എന്നു മാറുമോ?
നിന്ദകൾ മാറി നല്ല ദിനം എന്നു കാണുമോ?

2. ഭാരം പ്രയാസം ഏറിടുമ്പോൾ–
നിൻ പൊൻമുഖം
തേടി സഹായം നേടുമേ ഞാൻ–
പൊന്നു നാഥനേ–

....കണ്ണു

3. ശാശ്വതമാം എൻ പാർപ്പിടമോ–
അല്ലീ ഭൂമിയിൽ
ഭൂതലെ ഞാനൊരു അന്യനല്ലോ
യാത്ര ചെയ്യുമേ

....കണ്ണു

4. പൊൻകരം നീട്ടി താങ്ങണമേ
യേശുനായകാ
നിൻ തിരുമാർവ്വിൽ ചായുവോളം–
ഈ നിൻ ദാസനെ

....കണ്ണു

# 268

കാൽവറിയിൽ കാണും സ്നേഹമത്ഭുതം
വർണ്ണ്യമല്ലഹോ അതെന്റെ നാവിനാൽ (2)

1. പാപത്തിൽനിന്നെന്നെ വീണ്ടെടുത്ത സ്നേഹമേ
പാവന നിണം ചൊരിഞ്ഞ ക്രൂശിൻ സ്നേഹമേ
എൻമനം കവർന്നു നീ അതുല്യ സ്നേഹമേ
മാറ്റമില്ലാ ദിവ്യസ്നേഹമെത്രയത്ഭുതം (2)

കാൽവറി

2. മൃത്യുവിന്റെ ബന്ധനം തകർത്ത സ്നേഹമേ
ശത്രുവിന്റെ ശക്തിയെ ജയിച്ച സ്നേഹമേ
മർത്യരിൽ മരണഭീതി നീക്കും സ്നേഹമേ
മാറ്റമില്ലാ ദിവ്യ സ്നേഹമെത്രയത്ഭുതം (2)

കാൽവറി

3. നീങ്ങിപോകും പർവ്വതങ്ങൾ കുന്നുകളിവ
കാണുമീ പ്രപഞ്ചവും ധനം മഹിമയും
മർത്യസ്നേഹം മാറിടും ക്ഷണത്തിലെങ്കിലും
മാറ്റമില്ലാ ദിവ്യസ്നേഹമെത്രയത്ഭുതം (2)

കാൽവറി

4. കഷ്ടതയോ പട്ടിണി ഉപദ്രവങ്ങളോ
നഗ്നതയോ ആപത്തോ വൻപീഢനങ്ങളോ
ക്രിസ്തുവിൻ സ്നേഹത്തിൽനിന്നും വേർപിരിക്കുമോ
മാറ്റമില്ല ദിവ്യസ്നേഹമെത്രയത്ഭുതം (2)
കാൽവറി

5. വാനമേഘേ സ്വർപ്പുരേ കരേറിപ്പോയവൻ
ഇന്നുമെന്നും കൂടെയുള്ള നല്ല സ്നേഹിതൻ
എന്നെ വേഗം ആനയിക്കും സ്വർഗ്ഗഗേഹത്തിൽ
മാറ്റമില്ല ദിവ്യസ്നേഹമെത്രയത്ഭുതം (2)
കാൽവറി

# 269

ദൈവസ്നേഹം പോലെ വേറെ
സ്നേഹമില്ലഹോ!

1. അബ്ബാ താതാ! എന്നു ഞങ്ങൾ
   വിളിച്ചീടുവാൻ
   അംബര വാസിയാം ദൈവം (2)
   പുത്രത്വം തന്നു - (2)

.....ദൈവ

2. ജീവാഹാര പാനീയമാം
   പ്രാണ നായകൻ
   ജീവനറ്റ പാപികൾക്കു (2)
   ജീവനെത്തന്നു- (2)

.....ദൈവ

3. നല്ലിടയനാകുന്നെന്നു
   വല്ലഭൻ ചൊല്ലി
   ചെല്ലും ആടുകൾ തൻ പിൻപേ (2)
   അല്ലൽ നീങ്ങിടാൻ- (2)

....ദൈവ

4. സത്യ മുന്തിരി വള്ളിയാം
   പുത്രനാം ദൈവം
   ചെത്തി ശുദ്ധമാക്കും ഫലം (2)
   അധികം കായ്പാൻ- (2)

....ദൈവ

5. ആത്മാവാൽ ദൈവത്തിൻ സ്നേഹം
   പകർന്നു നമ്മിൽ
   നമ്മെതാൻ സ്നേഹിച്ചപോലെ
   നമ്മൾ സ്നേഹിപ്പാൻ - (2)

....ദൈവ

## 270

ദൈവസ്നേഹം വർണ്ണിച്ചിടാൻ
വാക്കുകൾ പോരാ
നന്ദി ചൊല്ലിതീർക്കുവാനീ.....
ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ
രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും മതിവരുമോ?
......ദൈവ

1. സ്വന്തമായൊന്നുമില്ല
സർവ്വവും നിൻ ദാനം
സ്വസ്ഥമായുറങ്ങീടാൻ
സമ്പത്തിൽ മയങ്ങാതെ
മന്നിൽ സൗഭാഗ്യം നേടാനായാലും
ആത്മം നഷ്ടമായാൽ ഫലമെവിടെ?
.....ദൈവ

2. സ്വപ്നങ്ങൾ പൊലിഞ്ഞാലും
ദുഃഖത്താൽ വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും
ശത്രുക്കൾ നിരന്നാലും
രക്ഷാകവചം നീ മാറാതെന്നാളും
അരജൻ മുൻപിൽ പോയാൽ ഭയമെവിടെ?
....ദൈവ

# 271

1. നിത്യസ്നേഹത്താൽ എന്നെ സ്നേഹിച്ചു (2)
അമ്മയേകിടും സ്നേഹത്തേക്കാൾ
ലോകം നൽകിടും സ്നേഹത്തേക്കാൾ
അങ്ങേ വിട്ടെങ്ങും പോകയില്ല ഞാൻ (2)
അങ്ങിൽ ചേർന്നെന്നും ജീവിക്കും ഞാൻ
സത്യസാക്ഷിയായ് ജീവിക്കും ഞാൻ

2. നിത്യരക്ഷയാൽ എന്നെ രക്ഷിച്ചു (2)
ഏക രക്ഷകൻ യേശുവിനാൽ
ലോക രക്ഷകൻ യേശുവിനാൽ
നിൻഹിതം ചെയ്യുവൻ
അങ്ങെ പോലാകാൻ (2)
എന്നെ നൽകുന്നു പൂർണ്ണമായ്
മോദമോടിതാ പൂർണ്ണമായ്

3. നിത്യനാടതിൽ എന്നെ ചേർക്കുവാൻ
മേഘത്തേരതിൽ വന്നീടുമേ
യേശുരാജനായ് വന്നിടുമേ
ആരാധിച്ചിടും കുമ്പിട്ടിടും ഞാൻ (2)
സ്വർഗ്ഗനാടതിൽ യേശുവിനെ
സത്യദൈവമാം യേശുവിനെ

## 272

പാപിക്കു മറവിടം യേശുരക്ഷകൻ
പാരിതിൽ വന്നു ജീവൻ തന്നവൻ
പരമോന്നതൻ കുരിശോളവും
തന്നെ താഴ്ത്തിയെന്നെയോർത്തവൻ

1. ഉലകത്തിൻ പാപത്തെ നീക്കുവാൻ
ഉടലെടുത്തൂഴിയിൽ വന്നവൻ
ഉയിർ തന്നവൻ മൂന്നാം ദിനം
ഉയിർത്തെഴുന്നു വാനിൽ ചെന്നവൻ
....പാപിക്കു

2. എന്നുമുള്ളവൻ സർവ്വ വല്ലഭൻ
മണ്ണുംവിണ്ണുമെല്ലാമുണ്ടാക്കിയോൻ
ഉന്നതാധിപൻ ഹീനപാപിയാ-
മെന്നെത്തേടി വന്നതത്ഭുതം
....പാപിക്കു

3. പാപഭാരം പേറി വലഞ്ഞിനി
ശാപത്തീയിൽ വീണെരിയാതെ നാം
കൃപയേറിടും ക്രിസ്തേശുവിൻ
കുരിശിൽ വിശ്രാമം നേടിടാം
....പാപിക്കു

## 273

പൊന്നേശു തമ്പുരാൻ നല്ലോരു രക്ഷകൻ
എന്നെ സ്നേഹിച്ചു തൻ ജീവൻ വച്ചു

1. സ്വർഗ്ഗ സിംഹാസനം താതന്റെ മാർവ്വതും
ദൂതൻമാർ സേവയും വിട്ടെൻ പേർക്കായ്
ദാസനെപ്പോലവൻ ജീവിച്ചു പാപിയെൻ
ശാപം ശിരസ്സതിലേറ്റിടുവാൻ

2. തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ
കൊള്ളക്കാരൻപോലെ ക്രൂശിൽ തൂങ്ങി
ഉള്ളമുരുകുന്നെൻ ചങ്കു തകരുന്നെൻ
കണ്ണു നിറയുന്നെൻ രക്ഷകനേ

3. എന്തൊരു സ്നേഹമീ സാധുവേ ഓർത്തു നീ
സന്താപ സാഗരം തന്നിൽ വീണു
എന്നേ വിളിച്ചുനീ എന്നെ എടുത്തു നി-
ന്നോമനപ്പൈതലായ് തീർക്കണമേ

4. പാപം പെരുകിയ സ്ഥാനത്തുകൃപയും
ഏറ്റം പെരുകിയതാശ്ചര്യമേ!
പാപിയിൽ പ്രധാനിയായിരുന്ന ഞാനും
സ്നേഹത്തിൻപുത്രന്റെ രാജ്യത്തിലായ്

5. ഭൂലോകമായയിൽ മോഹം പതിച്ചെന്റെ
കാലം ഞാൻ പാഴിൽ കളഞ്ഞീടായ്‌വാൻ
സ്വർലോക രാജ്യത്തിൽ തങ്കക്കിരീടത്തി-
ലുല്ലാസമേകണേ പൊന്നേശുവേ

6. പാപം ചെയ്യാതെന്നെ കാവൽ ചെയ്തീടുവാൻ
സർവ്വേശാ തൃക്കൈയിലേല്പിക്കുന്നു
രാപ്പകൽ നീയെന്നെ വീഴ്ചയിൽ നിന്നെന്റെ
സ്വപ്നത്തിലുംകൂടെ കാക്കേണമേ.

7. കർത്താവുവേഗത്തിൽ മേഘങ്ങളിൽ കോടി
ദൂതന്മാരാർപ്പുമായ് വന്നീടുമ്പോൾ
എന്നിൽ കനിഞ്ഞെന്നെ മാറോടണച്ചെന്റെ
സങ്കടം തീർക്കണം രക്ഷകനേ

## 274

മറവിടത്തിൽ എന്നെ മറയ്ക്കണേ നാഥാ
മരുവിൽ മറവിടം നീ മാത്രം
മനുകുലത്തിൽ എന്റെ മാനവരെല്ലാം
മറന്നപ്പോൾ നീ കരുതിയല്ലോ

എന്റെ കണ്ണീർ തുടച്ചവനെ
എന്നെ മാർവ്വോടു ചേർത്തവനേ
നന്ദിയോടെ ഞാൻ പാടിടുമേ
മന്നിൽ ഞാൻ ഉള്ള നാളുകൾ (2)

(മറവിടത്തിൽ)

ഞാൻ ഭാരത്താൽ വലഞ്ഞപ്പോൾ
എന്നെ ചാരത്തായ് അണഞ്ഞവനേ
രോഗത്തിലെന്നെ താങ്ങിയോനേ
വിടുതൽ പകർന്നവനേ (2)

(മറവിടത്തിൽ)

ആത്മശക്തിയയയ്ക്കേണമേ
കൃപദാനങ്ങൾ നൽകേണമേ
പിൻമാരിയെ നീ ഊറ്റണമേ
സഭയെ ഉണർത്തണമേ (2)

(മറവിടത്തിൽ)

## 275

യേശു എന്നിൽ തിരുസ്നേഹം പകർന്നു തന്നു
യേശു എന്നിൽ ജ്ഞാനപ്രകാശം തന്നു
യേശു എന്നെ നയിപ്പാൻ മുൻപേ നടന്നു
യേശുവിനെ ഞാനെന്നും അനുഗമിക്കും

1. സ്നേഹമാം നിന്നെ കാണാൻ കൺകളില്ലാതെ
ഞാനന്ധനായി ജീവിച്ചു പോയ് ഇത്ര നാളിലും
നിൻ പ്രകാശം തന്നു എന്നിൽ കാഴ്ചയെ നൽകി
പുതിയൊരു ജീവിതം എനിക്കു നൽകി
....യേശു

2. ജ്ഞാനമാം നിന്നെ അറിയാൻ
ഉള്ളൊരുക്കാതെ
മൂഢനായി ജീവിച്ചു ഞാനിത്ര നാളിലും
നിൻ വചനത്താൽ എന്റെ ഉള്ളു തുറന്നു
നല്ല ബുദ്ധി നിറച്ചു ഞാൻ പുതുസൃഷ്ടിയായ്
...യേശു

3. ഇടയനാം നിൻ കാലടികൾ പിൻതുടരാതെ
കൂട്ടം തെറ്റിയലഞ്ഞോടി ക്ഷീണിതനായ് ഞാൻ
നീ തേടി വന്നില്ലായിരുന്നുവെങ്കിലിന്നു ഞാൻ
പാത തെറ്റി പാപകൂപേ വീണുപോയേനേ
....യേശു

# പ്രാർത്ഥന

## 276

1. അനുഗ്രഹത്തിന്നധിപതിയെ!
അനന്തകൃപാ പെരും നദിയേ!
അനുദിനം നിൻ പദം ഗതിയേ!
അടിയന്നു നിൻ കൃപ മതിയേ!

2. വൻ വിനകൾ വന്നീടുകിൽ
വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീയെന്നഭയം
വന്നീടുമോ പിന്നെ ഭയം

3. തന്നുയിരെ പാപികൾക്കായ്
തന്നവനാം നീയിനിയും
തള്ളീടുമോ ഏഴയെന്നെ?
തീരുമോ നിൻ സ്നേഹമെന്നിൽ

4. തിരുക്കരങ്ങൾ തരുന്ന നല്ല ശിക്ഷയിൽ
ഞാൻ പതറുകില്ല
മക്കളെങ്കിൽ ശാസനകൾ
സ്നേഹത്തിൻ പ്രകാശനങ്ങൾ

5. പാരിടമാം പാഴ്മണലിൽ പാർത്തിടും
ഞാൻ നിൻ തണലിൽ
മരണദിനം വരുമളവിൽ
മറഞ്ഞിടും നിൻ മാറിടത്തിൽ

# 277

ആപത്തു വേളകളിൽ, ആനന്ദവേളകളിൽ
അകലാത്ത എൻ യേശുവേ
അങ്ങയുടെ പാദം കുമ്പിടുന്നു ഞാൻ... (2)

1. കുശവന്റെ കയ്യിൽ കളിമണ്ണുപോൽ
തന്നിടുന്നു എന്നെ തൃക്കരങ്ങളിൽ
മെനഞ്ഞീടണമെ, വാർത്തെടുക്കണേ
ദിവ്യഹിതംപോലെ ഏഴയാം എന്നെ....
.....ആപത്തു

2. എനിക്കായ് മുറിവേറ്റ തൃക്കരങ്ങൾ
എൻ ശിരസ്സിൽ വെച്ചാശീർവ്വദിക്കണേ
അങ്ങയുടെ ആത്മാവിനാൽ ഏഴയെ
അഭിഷേകം ചെയ്തനുഗ്രഹിക്കണേ...
.....ആപത്തു

3. കഷ്ടതയുടെ കയ്പുനീരിൻ പാത്രവും
അങ്ങ് എൻ കരങ്ങളിൽ കുടിപ്പാൻ തന്നാൽ
ചോദ്യം ചെയ്യാതെ വാങ്ങി പാനം ചെയ്യുവാൻ
തിരുകൃപ എന്നിൽ പകരണമേ.......
.....ആപത്തു

4. എന്റെ ഹിതംപോലെ നടത്തരുതേ
തിരുഹിതംപോലെ നയിക്കണമേ
ജീവിതപാതയിൽ പതറിടാതെ
സ്വർഗ്ഗ ഭവനത്തിലെത്തുവോളവും.....
.....ആപത്തു

## 278

ഇന്നയോളം നടത്തിയല്ലോ
നന്ദിയോടെ ഞങ്ങൾ വരുന്നു
നീ നൽകിയ ദാനങ്ങൾ എണ്ണുവാൻ കഴിയില്ല
നന്ദിയോടെ ഓർക്കും ഞങ്ങൾ എന്നും

ഞങ്ങൾ പാടും അന്ത്യത്തോളം
സ്തോത്രഗീതം ഒരുമയോടെ

1. ഭാരങ്ങൾ ഏറിയപ്പോൾ
തിരുക്കരത്താൽ താങ്ങിയല്ലോ
അന്നവസ്ത്രാദികൾ സർവ്വവും നൽകി
കൃപയുടെ മറവിൽ വഹിച്ചുവല്ലോ

2. ജീവിത വീഥികളിൽ
ഇടറാതെ നടത്തിയല്ലോ
നൽവഴി കാട്ടി നല്ല ഇടയനായ്
മനസലിവിൽ നീ പുലർത്തിയല്ലോ

# 279

1. ഇന്നു  പകൽ മുഴുവൻ
കരുണയോടെന്നെ സൂക്ഷിച്ചവനേ
നന്ദിയോടെ തിരുനാമത്തിന്നു സദാ
വന്ദനം ചെയ്തിടുന്നേൻ

2. അന്നവസ്ത്രാദികളും
സുഖം ബലമെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം
പോറ്റിടുന്ന ഉന്നതൻ നീ പരനേ!

3. മന്നിടം തന്നിലിന്നും
പലജനം ഖിന്നരായ് മേവിടുമ്പോൾ
നിന്നടിയാനു സുഖം
തന്ന കൃപ വന്ദനീയം പരനേ!

4. തെറ്റുകുറ്റങ്ങളെന്നിൽ
വന്നതളവറ്റ നിന്റെ കൃപയാൽ
മുറ്റും ക്ഷമിക്കണമേ
അടിയനെ ഉറ്റു സ്നേഹിപ്പവനേ!

5. എൻ കരുണേശനുടെ
ബലമെഴും തങ്കനാമമെനിക്കു
സങ്കേതപട്ടണമാം
അതിലഹം ശങ്കയെന്യേ വസിക്കും

6. വല്ലഭൻ നീയുറങ്ങാതെ
നിന്നെന്നെ നല്ലപോൽ കാത്തിടുമ്പോൾ
ഇല്ലരിപുഗണങ്ങൾ-
ക്കധികാരമല്ലൽ പെടുത്തിടുവാൻ

7. ശാന്തതയോടു കർത്താ
തിരുമുമ്പിൽ ചന്തമായിന്നുറങ്ങി
സന്തോഷമോടുണരേണം ഞാൻ
തിരുകാന്തികണ്ടുല്ലസിപ്പാൻ

# 280

ഉയർത്തിടും ഞാൻ എന്റെ കൺകൾ
തുണയരുളും വൻഗിരിയിൽ
എൻസഹായം വാനം ഭൂമി
അഖിലം വാഴും യഹോവയിൽ

....ഉയർത്തി

1. ഇസ്രായേലിൻ കാവൽക്കാരൻ
നിദ്ര ഭാരം തൂങ്ങുന്നില്ല
യഹോവ എൻ പാലകൻ താൻ!
ഇല്ലെനിക്കു ഖേദമൊട്ടും-

....ഉയർത്തി

2. ശത്രു ഭീതി നീക്കി എന്നെ
മാത്രതോറും കാത്തീടുന്നു
നീതിയിൻ സൽ പാതകളിൽ
നിത്യവും നടത്തീടുന്നു.

....ഉയർത്തി

3. ശോഭയേറും സ്വർപ്പുരിയിൻ
തീരമതിൽ ചേർന്നിടുന്നു
ശോഭിതപുരത്തിൻ വാതിൽ
എൻമുൻപിൽ ഞാൻ കണ്ടിടുന്നു

....ഉയർത്തി

4. വാനസേന ഗാനം പാടി
വാണിടുന്ന സ്വർഗ്ഗ സീയോൻ
ധ്യാനിച്ചീടും നേരമെന്റെ
മാനസം മോദിച്ചീടുന്നു

......ഉയർത്തി

5. ഹല്ലേലുയ്യാ ഹല്ലേലുയ്യാ
ചേർന്നീടും ഞാൻ ഭാഗ്യദേശേ
ഹല്ലേലുയ്യാ പാടി സർവ്വ
കാലവും ഞാൻ വാണിടുവാൻ

.....ഉയർത്തി

## 281

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നീടേണമേ പ്രിയനേ
തിരുനാമമുയർന്നീടട്ടെ
എല്ലാം അങ്ങേ മഹത്വത്തിനായ്

1. സ്നേഹത്തിലൂടെയെല്ലാം കാണുവാൻ-ദൈവ
സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ
എന്നിൽ നിൻ സ്വഭാവം പകരണമേ-ദിവ്യ
തേജസ്സാലെന്നെ നിറയ്ക്കണമേ
.....എല്ലാം

2. ആത്മാവിൻ ശക്തിയോടെ ജീവിപ്പാൻ -ആത്മ
നൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
ആത്മനായകാ നിരന്തരമായെന്നി
ലാത്മദാനങ്ങൾ പകരേണമേ
.....എല്ലാം

3. നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ
ഭൂവിൽ ഞങ്ങൾക്കല്ല വാനവനെ
അങ്ങേ വാഴ്‌വിനായ് മാത്രം തീരണമേ
.....എല്ലാം

4. വക്രത നിറഞ്ഞ പാപ ലോകത്തിൽ
നീ വിളിച്ചു വേർതിരിച്ച നിൻജനം
നിന്റെ പൊന്നു നാമ മഹത്വത്തിനായ്
ദിനം ശോഭിപ്പാൻ കൃപ നൽകണമേ
....എല്ലാം

# 282

ഒരു മനസ്സോടെ നമ്മൾ
തിരു സന്നിധാനമതിൽ
ചേരുന്ന നേരമെല്ലാം
വരും നാഥൻ വാഗ്ദത്തം പോൽ

1. വ്രണിതഹൃദയങ്ങളെ
ചെവി ചായ്ച്ചു കേൾക്കുമവൻ
ഏകിടും സാന്ത്വനങ്ങൾ
ആശ്വാസദായകൻ താൻ

.....ഒരു

2. കരയുന്ന കണ്ണുകളെ
കനിവോടെ കാണുമവൻ
കരം നീട്ടി തുടച്ചീടുമേ
കൃപയേറും നാഥനവൻ

....ഒരു

3. പാപത്താൽ ബന്ധിതരെ
മോചനമേകുമവൻ
കാൽവറി രുധിരമതാൽ
മറുവില ഏകിയോൻ താൻ

......ഒരു

4. രോഗത്താൽ ക്ഷീണിതരേ
രോഗോപശാന്തിയവൻ
ഗിലയാദിൻ തൈലംപോൽ
സൗഖ്യപ്രദായകൻ താൻ

....ഒരു

5. അർപ്പിത മാനസരെ
ആധികളകറ്റുമവൻ
അനുഗ്രഹ നാളുകളെ
അധികമായ് ഏകുമവൻ

....ഒരു

## 283

കരുണാദയ സാഗരമേ
പ്രിയനാഥൻ യേശുവേ
വരുന്നിതാ നിൻ സവിധേ
നിൻ മക്കൾ താഴ്മയായ്

നിറയ്ക്കണേ നിൻ സ്നേഹം
നാഥാ നിൻ ദാസരിൽ
നൽകണേ നൽവരം
നാഥാ നിൻ മക്കളിൽ (കരുണാദയ)

1. കൂരിരുളിൻ താഴ്വരയിൽ
ഏകനായി തീർന്നുവോ
കാത്തുപാലിച്ചീടും എന്നെ
തൻ കരങ്ങളാൽ (2)
ശരണാർത്ഥിയായ് തിരുസന്നിധേ
അണയുന്നിതാ, അഭയം നീ ഏകീടണമേ
(കരുണാദയ)

2. ഇന്നയോളം തുണച്ചവൻ
എന്നുമെന്നും തുണയ്ക്കുന്നോൻ
വന്ദിക്കുന്നു നിൻ പാദത്തിൽ
നന്ദിയോടെ ഞാൻ (2)
ജീവനാളെല്ലാം സ്തോത്രയാഗത്താൽ
സ്തുതിച്ചീടുമേ അരികിൽ നീ എന്നും ഇല്ലയോ
(കരുണാദയ)

## 284

1. ജീവനുള്ള ദേവനേ വരൂ
ജീവവാക്യം ഓതുവാൻ വരൂ
പാപത്തെ വെറുത്തു ജീവിപ്പാൻ
പാപബോധം ഞങ്ങളിൽ തരൂ

യേശുവേ നീ വലിയവൻ,
യേശുവേ നീ പരിശുദ്ധൻ,
യേശുവേ നീ നല്ലവൻ,
യേശുവേ നീ വല്ലഭൻ - പാപത്തെ

2. മാനസം കനിഞ്ഞിടുവാനായ്
ഗാനമാല്യം ഏകിടുവാനായ്
ആവസിക്ക എന്റെ ദേഹിയിൽ
നീ വസിക്ക എന്റെ ജീവനിൽ
....യേശുവേ

3. വാഗ്ദത്തങ്ങൾ ചെയ്ത കർത്തനേ
വാക്കുമാറാ ഉണ്മയുള്ളോനെ
വാഗ്ദത്തങ്ങൾക്കായി വരുന്നേ
വല്ലഭാത്മാ മാരി നൽകണേ
....യേശുവേ

4. ന്യായവിധിനാൾ വരുന്നിതാ
പ്രിയൻ വരാൻ കാലമായല്ലോ
ലോകത്തിൽ നശിച്ചുപോകുന്ന
ലോകരെ നീ രക്ഷിച്ചീടണേ
....യേശുവേ

## 285

1. നല്ല ദേവനെ! ഞങ്ങൾ എല്ലാവരേയും
നല്ലതാക്കി നിൻ ഇഷ്ടത്തെ ചൊല്ലീടേണമേ

2. പച്ചമേച്ചിലിൽ ഞങ്ങൾ മേഞ്ഞിടുവാനായ്
മെച്ചമായാഹാരത്തെ നീ നല്കീടേണമേ

3. അന്ധകാരമാം ഈ ലോകയാത്രയിൽ
ബന്ധുവായിരുന്നു വഴി കാട്ടീടേണമേ

4. ഇമ്പമേറിയ നിൻ അൻപുള്ള സ്വരം
മുമ്പേ നടന്നു സദാ കേൾപ്പിക്കേണമേ

5. വേദവാക്യങ്ങൾഞങ്ങൾക്കാദായമാവാൻ
വേദനാഥനേ! നിന്റെ ജ്ഞാനം നൽകുകേ

6. സന്തോഷം സദാ ഞങ്ങൾ
ചിന്തയിൽ വാഴാൻ
സന്തോഷത്തെ ഞങ്ങൾക്കിന്നു
ദാനം ചെയ്യുകെ

7. താതനാത്മനും പ്രിയ നിത്യപുത്രനും
സാദരം സ്തുതിസ്തോത്രം എന്നും
ചൊല്ലുന്നേൻ–ആമേൻ.

## 286

നല്ലവനേ നൽവഴി കാട്ടി
എന്നെ വഴി നടത്തൂ (2)
ഘോരവൈരിയെൻ പിന്നിൽ
ചെങ്കടൽ മുന്നിൽ
എന്നെ വഴി നടത്തൂ (2)

....നല്ലവനേ

1. മരുഭൂമിയിൽ അജഗണം പോൽ
തൻ ജനത്തെ നടത്തിയോനെ-
ആഴിയതിൽ വീഥിയൊരുക്കി
മറുകരയണച്ചവനെ-
കണ്ണീർ താഴ്വരയിൽ ഇരുൾ വീഥികളിൽ നീ
എന്നെ വഴി നടത്തൂ (2)

.....നല്ലവനേ

2. ആപത്തിലും രോഗത്തിലും
എനിക്കഭയം നീ മാത്രമെ
കാലുകളെ വീഴ്ചയിൽനിന്നും
രക്ഷിക്കുന്നതും നീയെ
എന്റെ പ്രാണനെ മരണത്തിൽ
വീണ്ടെടുത്തോനെ
കണ്ണുനീർ തുടപ്പോനേ- (2)

......നല്ലവനേ

3. സ്നേഹമില്ലാത്തിടങ്ങളിൽ സ്നേഹം
പകരാൻ മനസ്സു തരൂ
നിന്ദിതരെ പീഡിതരെ പരിപാലിക്കാൻ
കൃപയരുളൂ
നിന്റെ കാലടിയിൽ പദമൂന്നിനടക്കാൻ
എന്നെയനുവദിക്കൂ (2)

.....നല്ലവനേ

4. ഞാനൊരുവൻ വഴിയെന്നരുളിയ
രാജപുരോഹിതനെ
കാൽവറിയിൽ സ്വർഗ്ഗകവാടം
എനിക്കായ് തുറന്നവനേ
നിന്നെപ്പോലെയായ് തീരാൻ
നിന്നിൽ വന്നണയാൻ
എന്നെ അനുവദിക്കൂ (2)

.....നല്ലവനേ

## 287

നിത്യമാം പ്രകാശമെ നയിക്കുകെന്നെ നീ
ചുറ്റിലും ഇരുൾ പരന്നിടുന്ന വേളയിൽ
അന്ധകാര പൂർണ്ണമായ രാത്രിയാണു പോൽ
എൻ ഗൃഹത്തിൽ നിന്നുമേറെ ദൂരയാണു ഞാൻ

നീ നയിക്കുക-നീ നയിക്കുക- സാദരം വിഭോ
നിൻ പ്രകാശധാര തൂകി നീ നയിക്കുക

2. ഞാൻ കടന്നുപോന്ന കാലമോർക്കിലെങ്കിലോ
ഞാൻ മതിയെനിക്കു തന്നെയെന്ന ചിന്തയാൽ
എന്റെ മാർഗ്ഗമെന്റെയിഷ്ടമെന്ന പോലെയായ്
നിന്റെ രക്ഷണീയ പാത നേടിടാതെ ഞാൻ
....നീ നയിക്കു

3. ഭാസുരാഭ ചേർന്നിടുന്ന പൊന്നുഷസ്സിനായ്
ഭീതിലേശമേശിടാത്ത നാളെ നോക്കി ഞാൻ
എന്നിൽ മാത്രമാശവച്ചു ഞാൻ കടന്നുപോയ്
നിൻ മനസ്സിലോർത്തിടാതെ നീ നയിക്കണേ-
....നീ നയിക്കു

4. മുൾപ്പടർപ്പിലൂടെയുംജലപ്പരപ്പിലും
നിർജ്ജനം മഹീതലം കടക്കുവോളവും
ഇത്രനാൾവരെയനുഗ്രഹിച്ച നിൻകരം
നിശ്ചയം നയിക്കുമെന്നെയോന്നുമോർപ്പു ഞാൻ
....നീ നയിക്കു

5. രാത്രിതന്നിരുൾമറഞ്ഞു പൊൻപ്രഭാതമായ്
വാനവർ പൊഴിച്ചീടുന്ന മന്ദഹാസവും
ഏറെയേറെ ഞാൻ കൊതിച്ചു കാത്തിരുന്നൊരാ-
നല്ലനാളു സ്വാഗതം ഉതിർത്തിടുന്നിതാ

....നീ നയിക്കു

## 288

നിന്നെപ്പിരിഞ്ഞൊന്നും ചെയ്യ്‌വാൻ കഴിയില്ല
നിസ്തുലനാമേശുവേ
നിന്നെ മറന്നൊന്നും ചെയ്യാൻ കഴിയില്ല
നിർമ്മലനാം ദൈവമേ

കൃപയിൻ ഉറവേ ചൊരിയൂ
അറിവിൻ വരങ്ങൾ ചൊരിയൂ

1. ഓരോ ദിവസവും നിൻ കൃപയിൽ
ഓരോ നിമിഷവും നിൻ നിറവിൽ
സ്നേഹം പകരുവാൻ ഗാനങ്ങൾ പാടുവാൻ
നിൻവേല തികച്ചിടുവാൻ
....കൃപയിൻ

2. നിൻ സാന്നിദ്ധ്യം സദാനേരത്തിലും
സാത്താനെ സമ്പൂർണ്ണമായ് ജയിക്കാൻ
പാപം വെറുക്കുവാൻ മോഹം വെടിയുവാൻ
ത്യാഗം സഹിച്ചീടുവാൻ-
.....കൃപയിൻ

3. എല്ലാ നേരവും നിൻ ശക്തിയിൽ
നന്മ പ്രവൃത്തികൾ ചെയ്തിടുവാൻ
നിൻ ദാസനാകുവാൻ ക്രൂശു ചുമക്കുവാൻ
നിൻ സാക്ഷ്യം വഹിച്ചിടുവാൻ -
....കൃപയിൻ

# 289

നിന്റെ ഹിതം പോലെയെന്നെ
നിത്യം നടത്തീടേണമേ
എന്റെ ഹിതം പോലെ അല്ലേ
എൻ പിതാവേ എൻ യഹോവേ

1. ഇമ്പമുള്ള ജീവിതവും
ഏറെ ധനം മാനങ്ങളും
തുമ്പമറ്റ സൗഖ്യങ്ങളും
ചോദിക്കുന്നില്ലേ അടിയാൻ

....നിന്റെ

2. നേരുനിരപ്പാം വഴിയോ
നീണ്ട നടയോ കുറുതോ
പാരം കരഞ്ഞോടുന്നതോ
പാരിതിലും ഭാഗ്യങ്ങളോ

.....നിന്റെ

3. അന്ധകാരം ഭീതികളോ
അപ്പനേ പ്രകാശങ്ങളോ
എന്തു നീ കൽപിച്ചീടുന്നോ
എല്ലാം എനിക്കാശീർവാദം

....നിന്റെ

4. ഏതു ഗുണമെന്നറിവാൻ
ഇല്ല ജ്ഞാനമെന്നിൽ നാഥാ
നിൻ തിരുനാമം നിമിത്തം
നീതിമാർഗ്ഗത്തിൽ തിരിച്ചു

.....നിന്റെ

5. അഗ്നിമേഘത്തൂണുകളാൽ
അടിയാനെ എന്നും നടത്തി
അനുദിനം കൂടെ ഇരുന്നു
അപ്പനേ കടാക്ഷിക്കുകേ

.....നിന്റെ

## 290

1. നിർമ്മലമായോരു ഹൃദയമെന്നിൽ
നിർമ്മിച്ചരുളുക നാഥാ
നേരായൊരു നൽ മാനസവും
തീർത്തരുൾകെന്നിൽ ദേവാ

2. തവ തിരു സന്നിധി തന്നിൽ നിന്നും
തള്ളിക്കളയരുതെന്നെ നീ
പരിപാവനനെ എന്നിൽ നിന്നും
തിരികയെടുക്കരുതെൻ പരനെ
.....നിർമ്മലമായൊരു

3. രക്ഷിതമാം പരമാനന്ദം നീ
വീണ്ടും നൽകണമെൻ നാഥാ
കന്മഷമില്ലാതൊരു മനമെന്നിൽ
ചിന്മയരൂപ തന്നിടുക
......നിർമ്മലമായൊരു

## 291

നീ തരിക കൃപ മാരിപോലെ
നിന്നാത്മാവിനാൽ നിറയാൻ

1. അത്ഭുതങ്ങൾ-അടയാളങ്ങൾ
നല്ല വീര്യപ്രവർത്തികൾ കണ്ടിടട്ടെ-

.....നീ

2. കേട്ടിടട്ടെ-കേട്ടിടട്ടെ
ഏതു ചെകിടരിൻ കാതുകൾ കേട്ടിടട്ടെ
.....നീ

3. നടന്നീടട്ടെ-നടന്നീടട്ടെ
നിന്റെ നാമത്തിൽ മുടന്തന്മാർ നടന്നിടട്ടെ-
....നീ

4. പോയിടട്ടെ-പോയിടട്ടെ
നിന്റെ നാമത്തിൽ ഭൂതങ്ങൾ പോയിടട്ടെ
.....നീ

5. കണ്ടിടാറായ്-കണ്ടിടാറായ്
എന്റെ കാന്തനെ കാണുവാൻ കാലമായി
.....നീ

6. ഒരുങ്ങി നില്ക്ക തിരുസഭയെ
നിന്റെ മണവാളൻ വേഗത്തിൽ വന്നിടാറായ്
.....നീ

## 292

നീതിമാന്റെ പ്രാർത്ഥനകൾ
ദൈവം കേൾക്കുന്നു
പനപോലെ അവൻ തഴച്ചു വളർന്നു വന്നിടും

1. എന്റെ നാമത്തിങ്കൽ യാചിച്ചീടിൽ നിങ്ങൾ-
ക്കുത്തരം അരുളും ഞാൻ
അറിഞ്ഞിടാത്തതാം അത്ഭുതകാര്യങ്ങൾ
വെളിപ്പെടുത്തിടും ഞാൻ-
......നീതി

2. ഇതുവരെ നിങ്ങൾ കർത്തൻ തൻ
നാമത്തിൽ ഒന്നുമേ യാചിച്ചില്ല-
നിറഞ്ഞുകവിയും സന്തോഷം യാചിപ്പീൻ
അനുഭവിച്ചുകൊൾവിൻ-
.....നീതി

3. കർത്താവിനുവേണ്ടി കാത്തിരിക്കുന്നവൻ
പുതുശക്തി പ്രാപിക്കും-
കഴുകന്മാരെപ്പോൽ ചിറകടിച്ചവർ
പറന്നു ഗമിച്ചിടും
....നീതി

4. യാചിക്കുന്നതിലും നിനയ്ക്കുന്നതിലും
എത്രയോ അധികമായ്-
ബലത്തിൻ ക്രിയകൾ ചെയ്യും രക്ഷകന്
സ്തോത്രം നിത്യമായ്-
....നീതി

## 293

പരപരമേശ! വരമരുളീശാ!
നീയെത്രേ എൻ രക്ഷാസ്ഥാനം

1. നിന്നെക്കാണും ജനങ്ങൾക്കു
   പിന്നെ ദുഃഖമൊന്നുമില്ലാ- ....പര

2. നിന്റെ എല്ലാ നടത്തിപ്പും
   എന്റെ ഭാഗ്യ നിറവല്ലോ- ....പര

3. ആദിയിങ്കൽ കൈപ്പാകിലും
   അന്ത്യമോ മധുര മത്രെ- ....പര

4. കാർമേഘത്തിനുള്ളിലീ ഞാൻ
   മിന്നും സൂര്യ ശോഭ കാണും!
   ....പര

5. സന്ധ്യയിങ്കൽ വിലാപവും
   സന്തോഷമുഷസ്സിങ്കലും!
   ....പര

6. നിന്നോടൊന്നിച്ചുള്ള വാസം
   എന്റെ കണ്ണീർ തുടച്ചീടും!
   .....പര

7. നിന്റെ മുഖശോഭമൂലം
   എന്റെ ദുഃഖം തീർന്നു പോകും!
   ....പര

## 294

പരമഗുരുവരനാം യേശുവേ നീ
വരം താ പ്രാർത്ഥന ചെയ്തീടാൻ

1. ഇരുവരോ മൂവരോ-തിരുനാമത്തിൽ
വരികിൽ വരുമെന്നരുളിയോനേ-
തിരുസാന്നിദ്ധ്യം സദാ നൽകണം
ശരണം നീ മാത്രമെൻ നാഥനെ-

2. തിരുമുമ്പിൽ കഴിക്കുന്ന
പ്രാർത്ഥനയ്ക്കുത്തരം
അരുളണമേ പ്രിയനാഥനെ
മനം നൊന്തു യാചന ചെയ്യുമ്പോഴെല്ലാം
കനിവിന്റെ ഉറവുകൾ തുറന്നവനെ (2)
.....പരമ

3. ജനം നിന്നിലാനന്ദിച്ചീടുവാനവരിൽ
വീണ്ടും നിൻജീവനെ നൽകണേ
മാളികയിൽ തവദാസരിൽ നൽകിയ
വരമെങ്ങൾക്കരുളുക ഈ തരുണം (2)
.....പരമ

4. അനവധിയാവശ്യങ്ങൾ തിരുസവിധേ
ഉയർത്തുന്നു വിശ്വാസകൈകളാൽ
അശരണരാകുലർ രോഗികളായോർ
കരുണയിൻ കരതലം കണ്ടീടട്ടെ (2)
.....പരമ

## 295

പ്രാർത്ഥന കേൾക്കണമേ
കർത്താവേ! എൻ യാചന നൽകണമേ!

1. പുത്രന്റെ നാമത്തിൽ ചോദിക്കും കാര്യങ്ങൾ
ക്കുത്തരം തന്നരുളാ-മെന്നുള്ളൊരു
വാഗ്ദത്തം പോൽ ദയവായ്

2. താതനും മാതാവും-നീയെനിക്കല്ലാതെ
ഭൂതലം തന്നിലില്ലേ വേറാരുമെൻ
ആതങ്കം നീക്കിടുവാൻ

3. നിത്യതയിൽ നിന്നുള്ളത്യന്ത സ്നേഹത്താൽ
ശത്രുതയെ അകറ്റി-എനിക്കു നീ
പുത്രത്വം തന്നതിനാൽ

4. സ്വന്തകുമാരനെ ആദരിയാതെന്മേൽ
സിന്ധുസമം കനിഞ്ഞ-
സംപ്രീതിയോർത്ത-
ന്തികേ ചേർന്നിടുന്നേൻ

5. ഭൃത്യരനേകരിൻ-പ്രാർത്ഥനകേട്ടു നീ
ഉത്തരം നൽകിയതോർത്തത്യാദരം
തൃപ്പാദം തേടിടുന്നേൻ-

6. കള്ളന്റെ യാചന കേട്ടുള്ളലിഞ്ഞ നിൻ
തുല്യമില്ലാദയയോർത്തിതാവന്നേൻ
നല്ലവനേ! സദയം-

7. യേശുവിൻ മൂലമെൻ യാചന നല്കുമെ-
ന്നാശയിൽ കെഞ്ചീടുന്നേ-
തല്ലാ-തെന്നിൽ
ലേശവും നന്മയില്ലേ!-

## 296

പ്രാർത്ഥന കേൾക്കുന്ന ദൈവമേ
കേൾക്കണേ ദാസരിൻ വാക്കുകൾ
ആശ്രയമായ് നീ മാത്രമേ
സാധുക്കളിൻ പ്രത്യാശയേ

1. സ്തോത്രമോടാവശ്യങ്ങൾ ഇപ്പോൾ
   അടിയങ്ങളോതീടുന്നേശുവേ
   എത്രയും താഴ്മയോടേകമായ്
   നിൻതിരു സന്നിധൗ മോദമായ്

2. ഒന്നിലുമേ മനം തളരാതെ
   കർത്താവെ നിന്നിൽ ഞാൻ ആശ്രയിപ്പാൻ
   നിൻ കൃപയേഴകൾക്കേകുക
   വൻ കൃപാ സാഗരമേശുവേ

3. മാനവർക്കസാധ്യമെങ്കിലും
   നാഥനു സർവ്വവും സാധ്യമല്ലോ
   ആകുലഭാരങ്ങൾ ആകവേ
   നീക്കി നിവർത്തിക്ക നിൻ ഹിതം പോൽ

4. പുത്രനിൽ വിശ്വസിച്ചപേക്ഷിക്കിൽ
   ഉത്തരം നിശ്ചയം ഏകുമവൻ
   കാത്തിരിക്കുന്നിതാ കാണുവാൻ
   ദൈവകരുതലിൻ വൻ മഹത്വം

# 297

1. പ്രാർത്ഥനയിൻ നൽനേരമെ,
ലോക ചിന്തകളകറ്റി
എന്നാഗ്രഹാവശ്യങ്ങളെ പിതാമുൻപിൽ
കേൾപ്പിക്കും നീ
ആപൽദുഃഖകാലങ്ങളിൽ ആശ്വാസം
കണ്ടതും ആത്മം
പേക്കണിയിൽ വീഴാഞ്ഞതും
ഇമ്പസഖീ നിന്നാൽ തന്നെ (2)

2. പ്രാർത്ഥനയിൻ നൽനേരമെ,
കാത്തീടുന്നാത്മാവെ വാഴ്ത്താൻ
നിത്യം കാത്തിരിപ്പോൻ മുമ്പിൽ
എത്തിക്കുമെന്നാഗ്രഹം നീ
തൻമുഖം തേടി വചനം വിശ്വസിപ്പാൻ
താൻ ചൊന്നതാൽ
തന്നിൽ മുറ്റുമാശ്രയിച്ചു നിന്നെ
കാപ്പാൻ നൽനേരമെ (2)

3. പ്രാർത്ഥനയിൻ നൽനേരമെ,
പിസ്ഗാമേൽ നിന്നെൻ വീടിനെ
നോക്കി ഞാൻ പറക്കുംവരെ താ
നിന്നാശ്വാസപങ്കിനെ
ഇജ്ജഡവസ്ത്രം വിട്ടു ഞാൻ
ലാക്കിനായ് പറന്നുയർന്നു
വാനം കടക്കുമ്പോൾ നിന്നെ
വിട്ടുപോകും നൽനേരമെ (2)

# 298

പ്രാർത്ഥനയ്ക്കായ് തിരുമുമ്പിൽ
കൈവണങ്ങുന്നടിയാർ
തിരുഹിതംപോൽ യാചിപ്പാൻ
വരം താ പരമപിതാ
അനുഗ്രഹദായകനേ

1. വിശ്വാസസ്ഥിരതരായി അണ
   ഞ്ഞീടും ദാസരിന്മേൽ
   മിശിഹായിൻ നാമത്തിൽ കുറവന്യേ
   കൃപനൽകി വഴി നടത്തൂ
   കരുണകൾക്കുടയവനേ-

.....പ്രാർത്ഥന

2. വേദാന്ത പൊരുൾ ഗ്രഹിപ്പാൻ
   തവഹിതംപോൽ മരുവാൻ
   ജ്ഞാനത്തിൻ ഉറവുകളെ
   അടിയരിലനുദിനമരുളണമേ
   അറിവിൻ വല്ലഭനേ-

.....പ്രാർത്ഥന

3. തിന്മകളിൽ പതറാതെ
   നന്മകളാൽ ജയിപ്പാൻ
   കന്മഷങ്ങൾ വിട്ടൊഴിയാൻ
   വിവേചനമരുളുക പരമഗുരോ
   ആത്മഫലം വിളങ്ങാൻ-

.....പ്രാർത്ഥന

4. നിർമ്മലമാം മനമോടെ
   നിരന്തരം സ്തുതിച്ചിടുവാൻ
   നിർമ്മദരായ് നിലനിൽപ്പാൻ
   നിരുപമ സ്നേഹത്തിൽ വസിച്ചിടുവാൻ
   നിഖിലേശാ കൃപ ചൊരിയൂ-

.....പ്രാർത്ഥന

## 299

1. പ്രാർത്ഥനക്കുത്തരം നൽകുന്നോനെ
നിന്റെ സന്നിധിയിൽ ഞാൻ വരുന്നേ
സ്വർഗ്ഗീയാനുഗ്രഹ ഭണ്ഡാരത്തിൻ
വാതിൽ തുറക്കണമെ

കേൾക്കണേ എൻ പ്രാർത്ഥന
നൽകണേ എൻ യാചന

2. പുത്രന്റെ നാമത്തിൽ ചോദിക്കുമ്പോൾ
ഉത്തരം തരുമെന്നരുളിയോനെ
നീക്കം വരാത്ത നിൻ വാഗ്ദത്തമെൻ
പേർക്കു നീ തന്നുവല്ലോ

......കേൾക്ക

3. വചനമെന്നാത്മാവിൻ ദാഹം തീർപ്പാൻ
അരുളുക ദാസരിൽ വരമധികം
പകരുക ആത്മാവിൻ തിരു ശക്തിയാൽ
നിറയുവാൻ നിൻ ജനങ്ങൾ

.....കേൾക്ക

4. പാപവും രോഗവും അകറ്റീടുവാൻ
രുധിരത്തിൻ അത്ഭുത ശക്തിയിന്ന്
അറിയുവാനിവിടെ വിശ്വാസത്തിന്റെ
ഹൃദയങ്ങൾ തുറക്കണമേ

.....കേൾക്ക

## 300

പ്രാർത്ഥനാഗാനങ്ങളായ് യാചനാനാദങ്ങളായ്
തിരുസവിധേ ഞങ്ങൾ വരുന്നു ദേവാ-
ഞങ്ങൾ വരുന്നു

1. നിന്തിരുമുഖമിപ്പോൾ ദർശിപ്പൂ ഞങ്ങൾ
നിന്തിരുസ്വരമിപ്പോൾ കേൾക്കുന്നു ഞങ്ങൾ
സ്നേഹസ്വരൂപാ ഞങ്ങളെ നിന്മുഖ-
തേജസ്സാലെന്നും നിറയ്ക്കണമെ

....പ്രാർത്ഥന

2. താവകാനുഗ്രഹ ഉറവുകൾ ദിനവും
ഞങ്ങൾക്കായ് നാഥാ തുറന്നീടണേ
നിൻ വചനത്തിന്നാഴമറിവാൻ
മാമകഹൃദയം ഒരുക്കണമേ

....പ്രാർത്ഥന

# 301

മാററുതേ മുഖം മറയ്ക്കരുതെ
തള്ളരുതെന്നെ തള്ളരുതെ

1. മരുഭൂവാം ഇഹത്തിൽ
ഞാനഭയാർത്ഥി
കരങ്ങളിൽ ജലമില്ല കുടിപ്പാനായ്
അടുത്തെങ്ങും തണലില്ല വസിപ്പാനായ്
അവിടെയും നിൻമുഖം മറയ്ക്കരുതെ-
.....മാററുതെ

2. ഒരിക്കലീ ജഗത്തെയും ജഡത്തെയും
പിരിയുമ്പോളാരുണ്ടെന്നെ നടത്താൻ
ഒരിക്കലും പിരിയാതെ അടുത്തിരിപ്പാൻ
വൻകൃപയും തിരുമുഖവും തന്നെ-
.....മാററുതെ

3. കേഴുന്നില്ല ജനം നടുങ്ങുന്നില്ല
പാടുന്നു ഞാൻ പക്ഷി പറവയെപ്പോൽ
കേഴുന്നു ഞാൻ തിരുപാദങ്ങളിൽ
പദവിയല്ലോ നിൻ പിതൃസ്നേഹം-
.....മാററുതെ

## 302

1. യേശുവേപ്പോലെ ആകുവാൻ
യേശുവിൻ വാക്കു കാക്കുവാൻ
യേശുവേ നോക്കി ജീവിപ്പാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ

ഉറപ്പിക്കെന്നെ എൻനാഥാ!
നിറയ്ക്കയെന്നെ ശുദ്ധാത്മാ!
ക്രിസ്തൻ മഹത്വത്താലെ ഞാൻ
മുറ്റും നിറഞ്ഞു ശോഭിപ്പാൻ

2. ശൈശവപ്രായ വീഴ്ചകൾ
മോശെയാലുള്ള താഴ്ചകൾ
നീക്കുക എല്ലാം നായകാ!
ഏകുക നിൻ സംപൂർണ്ണത
....ഉറപ്പിക്കെന്നെ

3. പ്രാർത്ഥനയാൽ എപ്പോഴും ഞാൻ
ജാഗരിച്ചുപോരാടുവാൻ
നിന്റെ സഹായം നല്കുക
എന്റെ മഹാപുരോഹിതാ
.....ഉറപ്പിക്കെന്നെ

4. വാഗ്ദത്തമാം നിക്ഷേപം ഞാൻ
ആകെയെൻ സ്വന്തമാക്കുവാൻ
പൂർണ്ണപ്രകാശം രക്ഷകാ!
പൂർണ്ണ വിശ്വാസത്തേയും താ
.....ഉറപ്പിക്കെന്നെ

5. ഭീരുത്വത്താൽ അനേകരും
തീരെ പിന്മാറി ഖേദിക്കും
ധീരത നല്കു-കേശുവേ!-
വീരനാം സാക്ഷി ആക്കുകെ
....ഉറപ്പിക്കെന്നെ

6. വാങ്ങുകയല്ല ഉത്തമം
താങ്ങുകയേറെ ശുദ്ധമാം
എന്നും നിന്നോടുകൂടെ ഞാൻ
എണ്ണുവാൻ ജ്ഞാനം നല്കണം
.....ഉറപ്പിക്കെന്നെ

7. തേടുവാൻ നഷ്ടമായതും
നേടുവാൻ ഭ്രഷ്ടമായതും
കണ്ണുനീർ വാർക്കും സ്നേഹം താ!
വന്നു നിൻ അഗ്നി കത്തിക്ക
.....ഉറപ്പിക്കെന്നെ

8. കഷ്ടതയിലും പാടുവാൻ
നഷ്ടം അതിൽ കൊണ്ടാടുവാൻ
ശക്തി അരുൾക നാഥനേ!
ഭക്തിയിൽ പൂർണ്ണൻ ആക്കുക
.....ഉറപ്പിക്കെന്നെ

9. യേശുവിൻകൂടെ താഴുവാൻ
യേശുവിൻ കൂടെ വാഴുവാൻ
യേശുവിൽ നിത്യം ചേരുവാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ
......ഉറപ്പിക്കെന്നെ

## 303

രാത്രിയിലുള്ള നിന്റെ കരുതലിനും
രാവിലെയുള്ള നിന്റെ വിശ്വസ്തതയ്ക്കും (2)
എന്തു യോഗ്യത എനിക്കെന്തു യോഗ്യത
യേശുവിന്റെ ദാനമല്ലാതെന്തു യോഗ്യത (2)

1. ഞാനവന്റെ മുമ്പിൽ താണിരുന്നപ്പോൾ
എന്നെ മുറ്റുമായ് സമർപ്പിച്ചപ്പോൾ (2)
എന്നെ കരുതുന്നവൻ എന്നെ കാക്കുന്നവൻ
എന്റെ യേശുവല്ലാതാരുമില്ലല്ലോ (2)
.....രാത്രിയിലു

2. യേശുനാഥന്റെ വരവടുത്തുപോയി
മാനസാന്തരത്തിന്റെ സമയമായി (2)
നമുക്കു പോകാം യേശുനാഥന്റെ കൂടെ
ധൈര്യത്തോടെ നിൽക്കാം
ന്യായാസനത്തിൽ (2)
....രാത്രിയിലു

3. അബ്രഹാമിന്റെ ദൈവം വിശ്വസ്തനല്ലോ
മോശയുടെ ദൈവം സൗഖ്യമാക്കുന്നോൻ (2)
ദാനിയേലിൻ ദൈവം വാക്കു മാറാത്തോൻ
ഹന്നായുടെ ദൈവം കണ്ണുനീർ മാറ്റും (2)
.....രാത്രിയിലു

# ക്രിസ്തീയ ജീവിതം

## 304

ആനന്ദം ആനന്ദമേ
ക്രിസ്ത്യജീവിതം ആനന്ദമേ
ആനന്ദം ആനന്ദമേ
ഇതു സൗഭാഗ്യ ജീവിതമേ

1. ബലഹീനതയിൽ കൃപ നൽകി
പുലർത്തും എന്നെ വഴി നടത്തും
പലതിനെ നിനച്ചു വിലപിച്ചു ഹൃദയം
കലങ്ങീടുകയില്ലിനി ഞാൻ (2)
.....ആനന്ദം

2. മരുവിൻ വെയിലിൽ തളരാതെ
മറയ്ക്കും തന്റെ ചിറകടിയിൽ
തിരുമാർവ്വിലെന്നെയണച്ചീടും സ്നേഹ
ക്കൊടിയെൻ മീതെ വിരിച്ചിടുന്നു. (2)
......ആനന്ദം

3. ജഡിക സുഖങ്ങൾ വിട്ടോടി
ജയിക്കും ശത്രു സേനകളെ
ജയവീരനേശുയെന്നധിപതിയല്ലോ
ഭയമെന്നിയെ വസിച്ചിടും ഞാൻ (2)
....ആനന്ദം

4. അവനെ അമിതം സ്നേഹിപ്പാൻ
അധികം തരും ശോധനയിൽ
അനുഗ്രഹം ലഭിക്കും ആകുലമകറ്റും
അവൻ സന്നിധി മതിയെനിക്ക് (2)
......ആനന്ദം

# 305

ഇടയൻ ആടിനെ നയിക്കുംപോലെ
എന്റെ നല്ലിടയൻ എന്നും നടത്തിടുന്നു (2)
അമ്മ തൻ കുഞ്ഞിനെ കരുതുംപോലെ
നമ്മെ താതൻ തൻ ചിറകിൽ മറച്ചിടുന്നു (2)
(ഇടയൻ)

1. ജീവിതയാത്രയിൽ മനം തളർന്നിടുമ്പോൾ
ആകുലചിന്തയാൽ തകർന്നിടുമ്പോൾ
ആശ്വാസമേകുവാൻ അരികിലണയുമെൻ
ആനന്ദദായകൻ അരുമ നാഥൻ (2)

(ഇടയൻ)

2. കുശവൻ തൻ കയ്യിൽ കളിമണ്ണുപോലെന്നെ
തിരുകരത്താൽ മെനഞ്ഞൊരുക്കണമെ (2)
തിരുഹിതംപോലുള്ള മൺപാത്രമായിടാൻ
തിരുഭുജബലത്തിൽ ഞാൻ അമർന്നിടുന്നു (2)
(ഇടയൻ)

3. ലോകമോഹങ്ങളിൽ ആശിച്ചുപോകാതെ
ലോകത്തിൻ അധിപനിൽ ആശ്രയിക്കാം (2)
ദിവ്യാത്മശക്തിയാൽ പുതുജീവൻ നേടാൻ
ജീവപ്രദായകാ കൃപയരുളൂ (2)
(ഇടയൻ)

## 306

ഇമ്പം പകരുന്ന കൂട്ടായ്മ തങ്ങളിൽ
പങ്കുവയ്ക്കുന്ന കുടുംബമാകാം
ലോകർക്ക് സാന്ത്വനം ഏകുവാൻ ഭൂമിയിൽ
സ്വർഗ്ഗം ചമയ്ക്കും കുടുംബമാകാം

1. ത്യാഗാത്മകമാം ദൈവസ്നേഹത്തിൻ
വർണ്ണം വിടർത്തും കുടുംബമാകാം
ബന്ധങ്ങളെ നിത്യം നവ്യമാക്കിടുന്ന
വിശ്വാസയാത്രയിൽ മുന്നേറിടാം
.... ഇമ്പം പകരുന്ന

2. വിശ്വസിച്ചേകമായ് പ്രാർത്ഥന ചെയ്യുന്ന
അന്യോന്യമറിയും കുടുംബമാകാം
അനുഭവങ്ങൾ ജീവിതാദർശമെല്ലാം
തമ്മിൽ പകർന്നു സായൂജ്യമേകാം
....ഇമ്പം പകരുന്ന

## 307

എത്ര സൗഭാഗ്യമേ എത്ര സന്തോഷമേ
ക്രിസ്തീയ ജീവിതം ഭൂമിയിൽ
ഇത്ര നല്ലവനാം ഇത്ര വല്ലഭനാം
യേശു ദൈവമായ് ഉള്ളതിനാൽ

1. നല്ല സ്നേഹിതനായ് നല്ല പാലകനായ്
   ഇല്ല യേശുവേപ്പോലൊരുവൻ
   എല്ലാ നേരത്തിലും ഏതു കാര്യത്തിലും
   വല്ലഭൻ വേറെ ആരുമില്ല

....എത്ര

2. ക്രൂശിന്റെ പാതയിൽ പോയിടും ധൈര്യമായ്
   ക്ലേശങ്ങൾ ഏറെ വന്നീടിലും
   ശാശ്വതപാറയാം യേശുവിൽ കണ്ടിടും
   ആശ്വാസത്തിന്റെ പൂർണ്ണതയും

....എത്ര

3. ഭാരങ്ങൾ വന്നാലും രോഗങ്ങൾ വന്നാലും
   തീരാ ദുഃഖങ്ങൾ കൂടിയാലും
   പരനേശുവിന്റെ കരമുള്ളതിനാൽ
   ധരണിയതിൽ ഖേദമില്ല

....എത്ര

4. കഷ്ടങ്ങൾ വന്നാലും കണ്ണുനീർ വന്നാലും
   നഷ്ടങ്ങൾ ഏറെ വന്നീടിലും
   ശ്രേഷ്ഠനാമേശുവിൻ കൃപയുള്ളതിനാൽ
   സൃഷ്ടിതാവിങ്കൽ ആശ്വസിക്കും

....എത്ര

# 308

എനിക്കാനന്ദമുണ്ടാനന്ദമുണ്ട്
മഹാസന്തോഷമുണ്ടുല്ലാസമുണ്ട് (2)
എന്നെ വീണ്ടെടുത്തവൻ എന്റെ-
പ്രാണവല്ലഭൻ
എന്റെ കൂട്ടായിട്ടെൻ കൂടെയുണ്ടല്ലോ (2)

1. എത്ര ദുഃഖം നിന്നെ നേരിട്ടെന്നാലും
എത്ര ശത്രു നിന്നെ പകച്ചെന്നാലും (2)
നിന്നെ കണ്ടിടുന്നവൻ നിന്നെ മാറോടണയ്ക്കും
നിന്റെ ദുഃഖമെല്ലാം തീർത്തിടുന്നവൻ (2)
.....എനിക്കാ

2. നിന്നെ നിത്യമായ രാജ്യത്തെത്തിക്കും
അവിടെ ദുഃഖമില്ല ഭയവുമില്ല (2)
നിന്റെ നിത്യനാണവൻ നിന്റെ
രാജാവാണവൻ
നിന്റെ പ്രിയനാണെന്നോർത്തുകൊള്ളുക(2)
.....എനിക്കാ

3. പലവിധ കഷ്ടങ്ങൾ വൻ നഷ്ടങ്ങൾ വന്നാൽ
പലവുരു സ്തോത്രം പാടി ആശ്വസിച്ചിടാം (2)
ഗുരു തരും ഏറ്റം സന്തോഷം
അതിനൊരു പുതിയൊരു സംഗീതം
തരുമൊരു കർത്തൻ തന്നെ കൽപിച്ചേകിയതാം (2)
......എനിക്കാ

## 309

എന്നെ നിൻ കൈയിലെടുത്തു
കാത്തുകൊള്ളേണം
പാപങ്ങൾ പോക്കിയെന്നെ വെണ്മയാക്കേണം
ശുദ്ധാത്മാവിനെ എന്റെ ഉള്ളിൽ
എന്നും നിറയ്ക്കേണം
എന്നെ നിൻ ഓമനയാക്കി
മാറിലണയ്ക്കേണം

1. ദിനം ദിനം തോറുമുള്ള
എന്റെ ചില ചിന്തകൾ
എന്റെ പല വാക്കുകൾ
നിനക്കരുതാത്തതാകയാൽ-നാഥാ (2)
....എന്നെ

2. അനുദിനം അൻപോടെന്നെ
നടത്തുന്ന കൃപയ്ക്കായ്
ആയിരം ആയിരം സ്തോത്ര ഗീതം
അർപ്പിക്കുന്നിതാ-നാഥാ (2)
.....എന്നെ

3. വിശ്വാസത്തിലുറപ്പിക്കെൻ
വിശ്വാസത്തിൻ നായകാ
ആശ്വാസത്തിൻ ദായകാ
സ്നേഹം ദയ എന്നിലേകൂ-നാഥാ (2)
....എന്നെ

## 310

എന്നെന്നും ഞാൻ നിന്നടിമ നിൻ വകയാം
എന്നാളും നീ എൻ നാഥനാം
എന്നുടെ ഏക ആശ്രയവും
.....എന്നെന്നും

1. ശ്രേഷ്ഠ ഇടയൻ വിശ്വസ്തമിത്രം
ജീവനെ നൽകിയോരുറ്റ സഖി
നല്ല ഇടയനവൻ-(2)

തന്നുടെ പ്രാണൻ എൻ പേർക്കായ് തന്ന
പ്രാണ സ്നേഹിതനവൻ-
....എന്നെന്നും

2. ഈ ലോക ലാഭം ചേതമെന്നെണ്ണി
ലാക്കിലേക്കേകമായ് വന്നീടുന്നേ
വിശ്വത്തിൻ നായകനേ (2)

നീയല്ലാതൊന്നും വേണ്ട ഇപ്പാരിൽ
വേണം നിൻ കാഴ്ച ശബ്ദം
....എന്നെന്നും

3. ജീവന്റെ മാർഗ്ഗം ലോകത്തിന്നേകാൻ
ജീവജ്യോതിസ്സായിത്തീരണം ഞാൻ
ഒന്നേയെൻ ആശയിതേ (2)

തന്നീടുന്നേ ഞാൻ എന്നെ ഇന്നേരം
നിൻ ഹിതം നിറവേറ്റിടാൻ-
....എന്നെന്നും

## 311

1. എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ
നടത്തിടുന്നു ദിനംതോറും
സന്തോഷവേളയിൽ സന്താപവേളയിൽ
എന്നെ കൈവിടാതെ അനന്യനായ്

പതറുകയില്ല ഞാൻ പതറുകയില്ല ഞാൻ
പ്രതികൂലം അനവധി വന്നീടിലും
വീഴുകയില്ല ഞാൻ വീഴുകയില്ല ഞാൻ
പ്രലോഭനമനവധി വന്നീടുകിൽ
എൻ കാന്തൻ കാത്തിടും
എൻ പ്രിയൻ പോറ്റിടും
എൻ നാഥൻ നടത്തിടും അന്ത്യംവരെ (2)

2. മുൻപിൽ ചെങ്കടൽ ആർത്തിരച്ചാൽ എതിരായ്
പിൻപിൽ വൻ വൈരി പിൻഗമിച്ചാൽ
ചെങ്കടലിൽ കൂടി 'ചെങ്കൽ' പാതയൊരുക്കി
അക്കരെയെത്തിക്കും ജയാളിയായ്–
.....പതറുക

3. കെരീത്തുതോട്ടിലെ വെള്ളം വറ്റിയാലും
കാക്കയിൻ വരവു നിന്നീടിലും
സാരെഫാത്തൊരുക്കി ഏലിയാവെ പോറ്റിയ
എൻ പ്രിയൻ എന്നെയും പോറ്റിക്കൊള്ളും–
....പതറുക

4. എരിയും തീച്ചൂള എതിരായ് എരിഞ്ഞാൽ
ശദ്രക്കിനെപ്പോൽ വീഴ്ത്തപ്പെട്ടാൽ
എന്നോടുകൂടിയും അഗ്നിയിലിറങ്ങി
വെന്തിടാതെ പ്രിയൻ വിടുവിക്കും
....പതറുക

5. ഗർജ്ജിക്കും സിംഹങ്ങൾ വസിക്കും ഗുഹയിൽ
ദാനിയേലെപ്പോൽ വീഴ്ത്തപ്പെട്ടാൽ
സിംഹത്തെ സൃഷ്ടിച്ച എൻ സ്നേഹനായകൻ
കണ്മണിപോലെന്നെ കാത്തുകൊള്ളും
....പതറുക

6. മണ്ണോടു മണ്ണായി ഞാൻ അമർന്നുപോയാലും
എൻ കാന്തനേശു കൈവിടില്ല
എന്നെ ഉയിർപ്പിക്കും വിൺശരീരത്തോടെ
കൈക്കൊള്ളും ഏഴയെ മഹത്വത്തിൽ
....പതറുക

## 312

എൻ പ്രിയനെന്തു മനോഹരനാം
തൻ പാദമെന്നുമെന്നാശ്രയമാം
ആനന്ദമായവനനുദിനവും
ആമയമകറ്റി നടത്തുമെന്നെ-

1. ശാരോൻ പനിനീർ കുസുമമവൻ
താഴ്‌വരകളിലെ താമരയും
മധുരഫലം തരും നാരകമാം
തൻ നിഴലതിലെൻ താമസമാം-

.....എൻ

2. ഉലകക്കൊടും വെയിൽ കൊണ്ടതിനാൽ
ഇരുൾനിറമായെനിക്കെങ്കിലും താൻ
തള്ളുകയില്ലെന്നെ തിരുകൃപയാൽ
തന്നരമനയിൽ ചേർക്കുകയായ്-

....എൻ

3. മാറ്റമില്ലാ കൃപ നിറഞ്ഞവനായ്
മറ്റൊരു രക്ഷകനില്ലിതുപോൽ
മരുവിടമാമീ ഭൂമിയിൽ തൻ-
മാറിൽ ചാരി ഞാനാശ്വസിക്കും-

....എൻ

## 313

എന്താനന്ദം എനിക്കെന്താനന്ദം
പ്രിയ യേശുവിൻ കൂടെയുള്ള വാസം
ചിന്താതീതം അതു മനോഹരം
എന്തു സന്തോഷമാം പുതുജീവിതം
സന്താപമേറുമീലോകെ ഞാനാകിലും
സാന്ത്വനം തരും ശുഭം- .....എന്താ

1. ഒന്നും കണ്ടിട്ടല്ല എൻ ജീവിതാരംഭം
വിശ്വാസ കാൽ ചുവടിലത്രേ
തന്നീടുന്നെ സ്വർഗ്ഗ ഭണ്ഡാരത്തിൽ നിന്നും
ഒന്നിനും മുട്ടില്ലാത്തവണ്ണം
ആശയ്ക്കെതിരായ് ആശയോടെ
വിശ്വസിക്കുകിൽ എല്ലാം സാദ്ധ്യം-
....എന്താ

2. ആരു വെറുത്താലും ആരു ചെറുത്താലും
കാര്യമില്ലെന്നുള്ളം ചൊല്ലുന്നു
കൂടെ മരിപ്പാനും കൂടെ ജീവിപ്പാനും
കൂട്ടായ് പ്രതിജ്ഞാബദ്ധം ചെയ്തോർ
കൂട്ടത്തോടെ വിട്ടുപോയെന്നാലും
കൂട്ടായി യേശു എനിക്കുള്ളതാൽ-
.....എന്താ

3. ആരു സഹായിക്കും ആരു സംരക്ഷിക്കും
എന്നുള്ള ഭീതി എനിക്കില്ല
തീരെ ബലഹീനനായി കിടന്നാലും
ചാരും ഞാനേശുവിന്റെ മാർവ്വിൽ
എത്തും സഹായമത്യത്ഭുതമാം വിധം
തൊട്ടു സുഖപ്പെടുത്തും-
.....എന്താ

4. ക്രിസ്തീയ ജീവിത മാഹാത്മ്യം കണ്ടവർ
ക്രിസ്തനെ വിട്ടു പോയീടുമോ
സുസ്ഥിരമല്ലാത്ത ലോകസ്നേഹത്തിനാൽ
വ്യർത്ഥരായ് തീരുന്നതെന്തിന്
കർത്തനാമേശുവോടൊത്തു നടക്കുകിൽ
നിത്യാനന്ദം ലഭ്യമേ-
....എന്താ

# 314

എല്ലാം യേശുവേ! എനിക്കെല്ലാം യേശുവേ!
അല്ലലേറും ഈ ഉലകിൽ എല്ലാം യേശുവേ!

1. ആയനും സഹായനും
സ്നേഹിതനപായഹൻ
നായകൻ എനിക്കൻപാർന്ന
ജ്ഞാനമണവാളനും

....എല്ലാം

2. തന്തതള്ള ജാതിജനം
സ്നേഹിതർ ബന്ധുക്കളും
സന്തോഷസകലയോഗ
സംപൂരണഭാഗ്യവും

.....എല്ലാം

3. ആവലിൽ ആശ്വാസവും
രാത്രിയിൽ എൻ ജ്യോതിസ്സും
വേവലാം കിടക്കയിൽ
കൈകണ്ടതാം ഔഷധവും

....എല്ലാം

4. ബോധകപിതാവുമെൻ
പോക്കിലും വരവിലും
ആദരവു കാട്ടിടും കൂട്ടാളിയും
എൻതോഴനും

....എല്ലാം

5. അണിയും ആഭരണവും
ആസ്തിയും സമ്പാദ്യവും
തുണയാളിയും രക്ഷകനും
എൻപ്രിയ മദ്ധ്യസ്ഥനും

....എല്ലാം

6. വാനജീവ അപ്പവും
ആശയും എൻകാവലും
ജ്ഞാനഗീതമുല്ലാസവും
നോട്ടവും കൊണ്ടാട്ടവും

....എല്ലാം

# 315

1. ഒരു നാളും പിരിയാത്ത നല്ല സഖിയായ്
എന്റെ യേശു അരികിലുണ്ട്
എന്നെ തളരാതെ കരം തന്നു നയിച്ചീടുവാൻ
മതിയായ ബലവാനവൻ

അവൻ നടത്തുന്ന വഴികളും
കരുതുന്ന വിധങ്ങളും
അനന്യമാം കൃപയാലത്രേ
....ഒരു നാളും

2. രക്താംബരം പോൽ കഠിനമായ
കറയെല്ലാം കഴുകുമവൻ
എന്റെ പാപം പോക്കിയെന്നെ
ശോഭയാർന്ന സൃഷ്ടിയാക്കുമേ (2)
....അവൻ

3. ഇത്രത്തോളം കരുതിയവൻ
ജയത്തോടെ നടത്തുമവൻ
എന്നുമെന്നും തൻ ദയയാൽ
അളവില്ലാതെ തരുമെനിക്ക് (2) .....അവൻ

## 316

1. കണ്ണുനീർ താഴ്വരയിൽ
ഞാനേറ്റം വലഞ്ഞിടുമ്പോൾ
കണ്ണുനീർ വാർത്തവനെൻ
കാര്യം നടത്തിത്തരും

നിൻ മനം ഇളകാതെ
നിൻ മനം പതറാതെ
നിന്നോടുകൂടെയെന്നും
ഞാനുണ്ട് അന്ത്യംവരെ

2. കൂരിരുൾപാതയതോ ക്രൂരമാം ശോധനയോ
കൂടിടും നേരമതിൽ
ക്രൂശിൻ നിഴൽ നിനക്കായ്
.....നിൻ

3. തീച്ചൂള സിംഹക്കുഴി പൊട്ടക്കിണർ മരുഭൂമി
ജയിലറ ഈർച്ചവാളോ മരണമോ വന്നീടട്ടെ
.....നിൻ

4. കാലങ്ങൾ കാത്തീടണോ
കാന്താ നിൻ ആഗമനം
കഷ്ടത തീർന്നീടുവാൻ കാലങ്ങൾ ഏറെയില്ല
....നിൻ

5. ദാഹിച്ചു വലഞ്ഞു ഞാൻ
ഭാരത്താൽ വലഞ്ഞിടുമ്പോൾ
ദാഹം ശമിപ്പിച്ചവൻ ദാഹജലം തരുമേ
....നിൻ

6. ചെങ്കടൽ തീരമതിൽ
തൻ ദാസർ കേണതുപോൽ
ചങ്കിനു നേരെ വരും വൻഭാരം മാറിപ്പോകും
....നിൻ

## 317

കുരിശെടുത്തെൻ യേശുവിനെ
അനുഗമിക്കും ഞാനന്ത്യം വരെ

1. ഭാരങ്ങൾ നേരിടുമ്പോൾ
കരങ്ങളാൽ താങ്ങിടുന്നു
മരണത്തിൻ താഴ്‌വരയതിലുമെന്നെ
പിരിയാത്ത മാധുര്യ നല്ല സഖിതാൻ
.....കുരി

2. അവനെന്നെ അറിഞ്ഞീടുന്നു
അവനിയിൽ കരുതീടുന്നു
ആവശ്യഭാരങ്ങളണഞ്ഞിടുമ്പോൾ
അവലംബമായെനിക്കവൻ മാത്രമാം
.....കുരി

3. മാറിടും മനുജരെല്ലാം
മറന്നിടും സ്നേഹിതരും
മാറ്റമില്ലാത്തവനെൻ മാനുവേൽ
മഹിമയിൽ വാഴുന്നു ഇന്നുമെനിക്കായ്
.....കുരി

4. തീരണം പാരിലെൻനാൾ
തിരുപാദ സേവയതാൽ
ചേരും ഞാനൊടുവിലെൻ പ്രിയന്നരികിൽ
അരുമയോടവനെന്നെ മാറോടണയ്ക്കും
.....കുരി

# 318

കൃപമതി യേശുനാഥാ
തവ കൃപമതി എന്നുമെന്നും
ബലഹീന വേളകളിൽ
ബലം നൽകും കൃപ മതിയേ (2)

കൃപയാൽ പുതുജീവൻ നൽകി
കൃപയാലെന്നെ സൗഖ്യമാക്കി (2)
കൃപയാലെന്നെ തിരഞ്ഞെടുത്തു
കൃപയാലെന്നെ നടത്തിടുന്നു (2)
.......കൃപമതി

1. നിനയ്ക്കാത്ത വേദനകൾ
നിനയാത്ത നേരങ്ങളിൽ (2)
നീങ്ങിപ്പോകും തവകൃപയാൽ
നിന്റെ കൃപയെത്ര അത്ഭുതമെ (2)
......കൃപമതി

2. മദ്ധ്യവാനിൽ വന്നിടുമ്പോൾ
മഹാശബ്ദം കേട്ടിടുമ്പോൾ (2)
മമ കണ്ണുകൾ കണ്ടിടുമേ
മഹാകൃപയാൽ ചേർത്തിടുമേ (2)
.......കൃപമതി

## 319

ക്രിസ്തീയ ജീവിതം സൗഭാഗ്യ ജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾ–
ക്കാനന്ദദായകം
കഷ്ടങ്ങൾ വന്നാലും
നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയാണേ

1. ലോകത്തിൻ താങ്ങുകൾ
നീങ്ങിപ്പോയിടുമ്പോൾ
ലോകക്കാരെല്ലാരും
കൈവെടിഞ്ഞീടുമ്പോൾ
സ്വന്ത സഹോദരർ തള്ളിക്കളയുമ്പോൾ
യൗസേപ്പിൻ ദൈവമെൻ കൂട്ടാളിയാണേ
.....ക്രിസ്തീയ

2. അന്ധകാരം ഭൂവിൽ വ്യാപരിച്ചീടുമ്പോൾ
രാജാക്കൾ നേതാക്കൾ ശത്രുക്കളാകുമ്പോൾ
അഗ്നികുണ്ഠത്തിലും സിംഹക്കുഴിയിലും
ദാനിയേലിൻ ദൈവമെൻ കൂട്ടാളിയാണേ
......ക്രിസ്തീയ

3. ഇത്രനല്ലിടയൻ ഉത്തമ സ്നേഹിതൻ
നിത്യനാം രാജാവെൻ കൂട്ടാളിയാണേ
എന്തിനീ ഭാരങ്ങൾ എന്തിനീ വ്യാകുലം
കർത്താവിൻ കുഞ്ഞുങ്ങൾ പാട്ടുപാടും
.......ക്രിസ്തീയ

4. കാഹള ശബ്ദങ്ങൾ കേട്ടിടാൻ നേരമായ്
കഷ്ടങ്ങൾ ഏറ്റ എൻ പ്രിയനെ കാണാറായ്
എന്നു നീ വന്നീടും എപ്പോൾ നീ വന്നീടും
എത്രനാൾ നോക്കി ഞാൻ
പാർക്കണം പ്രിയനെ
.....ക്രിസ്തീയ

# 320

1. ക്രിസ്തുവിൻ ഇമ്പഗാനമെന്നുമേ-
എന്നുടെ ജീവവാക്യമെന്നുമേ
തന്നുടെ ജീവമൊഴിയെന്നുമേ
എന്നുടെ ജീവനാധാരമേ

ഞാൻ പിൻതുടർന്നിടും ഞാൻ പിൻഗമിച്ചിടും
എന്നുടെ ജീവിതയാത്രയിൽ
ഈ മരുവിൻ ചൂടതേൽക്കുമ്പോൾ
തൻ ചിറകെനിക്കു വിശ്രമം

2. ക്രിസ്തുവിൻ ദിവ്യ ഇഷ്ടം എന്നുമേ
എന്നുടെ ജീവിതത്തിൻ ആശയേ
നാളെന്നും ക്രൂശെടുത്തു ഞാൻ
താതനിഷ്ടം നിറവേറ്റുമേ-
....ഞാൻ

3. ക്രിസ്തുവിൻ നിന്ദ ഞാൻ വഹിക്കുമേ
എന്നുടെ ഭൂഷണം അതെന്നുമേ
നാളെന്നുമതെൻ നിക്ഷേപമായ്
തേജസ്സായെനിക്കു ലഭ്യമേ-
....ഞാൻ

4. ക്രിസ്തുവിൻ ശബ്ദം ഞാൻ ശ്രവിക്കുമേ
എന്നുടെ പാതയിൽ അതെന്നുമേ
നാളെന്നും അതിൽ നടന്നു ഞാൻ
തേജസ്സിൻ തീരത്തെത്തുമേ-
....ഞാൻ

# 321

ക്രിസ്ത്യ ജീവിതം പോൽ ഭാഗ്യം
പാരിലെന്തുള്ളു (2)

1. ക്രിസ്തീയ ജീവിതം
പോലെയുള്ളൊരു-മഹൽ
ഭാഗ്യമാം ജീവിതം പാരിലെന്തുള്ളു

....ക്രിസ്ത്യ

2. കഷ്ടവും നഷ്ടവും ഏറിടുന്നേരം അവ
സന്തോഷമായ് സഹിച്ചിടാൻ
ശക്തി നൽകുന്ന

.....ക്രിസ്ത്യ

3. പരിഹാസം ചൊല്ലി
ശത്രു നേർക്കുവരുമ്പോൾ
സ്തോത്രം പാടി ആശ്വസിപ്പാൻ
ശക്തി നൽകുന്ന

.....ക്രിസ്ത്യ

4. കൂട്ടുകാരിൽ പരമായിട്ടെന്നെ പോറ്റുന്ന - നല്ല
പെറ്റമ്മയിലും അൻപേറുന്ന യേശു പോരായോ?

......ക്രിസ്ത്യ

5. മാറാത്ത വാഗ്ദത്തം തന്ന കർത്താവേ!
അതിൽ ആശ്രയിച്ചു പാരിടത്തിൽ
വേലചെയ്യും ഞാൻ

.....ക്രിസ്ത്യ

## 322

ഞാനും എന്റെ കുടുംബവും ഞങ്ങൾ
യഹോവയെ സേവിക്കും

ആയുഷ്ക്കാലം അഖിലവും
ആശ്രയിപ്പാൻ യോഗ്യൻ താൻ
കോട്ടയും പ്രത്യാശയും - എൻ
ശൈലവും നൽ ശരണവും

....ഞാനും

1. കഷ്ടങ്ങളിൽ നൽ തുണ
തുഷ്ടിയേകും വല്ലഭൻ
ദേവമക്കൾക്കനിശം ശ്രേഷ്ഠ-
ദാനമേകും താതൻ താൻ -

....ഞാനും

2. പാപികൾക്കു വിടുതലും
പീഡിതർക്കവൻ മോചനം
അശരണർക്കവൻ ആലംബവും
രോഗികൾക്കു സൗഖ്യവും

....ഞാനും

3. തലമുറകൾക്കധിപനായ്
വഴി നടത്തും പാലകൻ
അഗ്നിതൂണായ് മേഘസ്തംഭമായ്
മരുവിൽ ജയമായ് കാത്തവൻ -

....ഞാനും

# 323

1. ദൈവത്താൽ അസാദ്ധ്യമായതൊന്നുമില്ലല്ലോ
യഹോവയ്ക്കു കഴിയാത്ത കാര്യമില്ലല്ലോ
യേശുവിന്റെ നാമത്താൽ സൗഖ്യമുണ്ടല്ലോ
യേശുവിന്റെ രക്തത്താൽ ജയമുണ്ടല്ലോ (2)

വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വംകാണാം
പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ
പ്രവൃത്തി കാണാം
ആരാധിച്ചാൽ ദൈവത്തിന്റെ വിടുതൽ കാണാം
ആശ്രയിച്ചാൽ ദൈവത്തിന്റെ കരുതൽ കാണാം (2)

2. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചപ്പോൾ
ദൈവം അതു നീതിക്കായ് കണക്കിട്ടല്ലോ (2)
അതിമഹത്തായ പ്രതിഫലം കൊടുത്തു
ബഹുജാതികൾക്കു പിതാവാക്കിതീർത്തല്ലോ (2)
....വിശ്വസിച്ചാൽ

3. യിസഹാക്കിൻ പ്രാർത്ഥനക്കു മറുപടിയായ്
നൂറുമേനി നൽകി ദൈവം അനുഗ്രഹിച്ചു (2)
വാഗ്ദത്തങ്ങൾ നിറവേറ്റി പരിപാലിച്ചു
തലമുറകൾ നൽകി അനുഗ്രഹിച്ചു (2)
.....വിശ്വസിച്ചാൽ

4. യാക്കോബും ദൈവത്തെ ആരാധിച്ചപ്പോൾ
യഹോവയ്ക്കു തക്ക മഹത്വം കൊടുത്തപ്പോൾ (2)
യാബോക്ക് എന്ന കടവിലനുഗ്രഹമായ്
ഇസ്രയേൽ എന്ന ബഹുമാനം ലഭിച്ചു (2)
....വിശ്വസിച്ചാൽ

## 324

ദൈവം താൻ സ്നേഹിക്കും
മാനവർക്കേകുന്ന നന്മകളെത്ര പാരം
തൻ സ്നേഹം കൈക്കൊള്ളും
മക്കൾക്കു നൽകുന്ന
വൻ കൃപയെത്ര ധന്യം (2)

1. നീതിമാന്മാരുടെ വാസസ്ഥാനങ്ങളിൽ
സ്വർഗ്ഗീയ ചൈതന്യം വാണിടുന്നു
തൻഹിതം ചെയ്തീടുവാൻ (2)
സ്വർഗ്ഗീയ ജ്ഞാനത്താൽ പാലിച്ചീടും
.....ദൈവം

2. കാംക്ഷിക്കുന്നതിലും നിനയ്ക്കുന്നതിലും
അത്യന്തം താതൻ പുലർത്തിടുന്നു
കാനാവിലെ നൽ വീഞ്ഞിലും (2)
മാധുര്യമായവ നൽകിടും താൻ-
....ദൈവം

3. നിദ്രയിലും പരൻ പ്രിയർക്കൊരുക്കുന്ന
വൻ ദയ എത്ര ബഹുലമഹോ
ആധിയും വ്യാധിയും (2)
ഏശീടാതെ താതൻ കാത്തീടുന്നു-
....ദൈവം

4. വാരി വിതറുന്നു ഭക്തർക്കളവെന്യേ
മാരിപോൽ വൻ കൃപയേകിടുന്നു
നന്ദിയാൽ വാഴ്ത്തിടാം (2)
നിത്യവും തൻ ദയ വർണ്ണിച്ചിടാം-
....ദൈവം

# 325

നടത്തിടുന്നു, ദൈവമെന്നെ നടത്തിടുന്നു
നാൾതോറും തൻ കൃപയാലെന്നെ
നടത്തിടുന്നു (2)

1. ഭൗമികനാളുകൾ തീരുംവരെ
ഭദ്രമായ് പാലിക്കും പരമനെന്നെ
ഭാരമില്ല തെല്ലും ഭീതിയില്ല
ഭാവിയെല്ലാമവൻ കരുതിക്കൊള്ളും
....നടത്തിടുന്നു

2. കൂരിരുൾ തിങ്ങിടും പാതകളിൽ
കൂട്ടുകാർ വിട്ടുപോം വേളകളിൽ
കൂട്ടിനവനെന്റെ കൂടെ വരും
കൂടാരമറവിലഭയം തരും
....നടത്തിടുന്നു

3. ആരിലുമെൻ മനോഭാരങ്ങളെ
അറിയുന്ന വല്ലഭനുണ്ടെനിയ്ക്ക്
ആകുലത്തിൽ എന്റെ വ്യാകുലത്തിൽ
ആശ്വാസമവനെനിക്കേകിടുന്നു
.....നടത്തിടുന്നു

4. ശോധനയാലുള്ളം തകർന്നീടിലും
വേദനയാൽ കൺകൾ നിറഞ്ഞീടിലും
ആനന്ദമാം പരമാനന്ദമാം
അനന്ത സന്തോഷത്തിൻ ജീവിതമാം
.....നടത്തിടുന്നു

## 326

നടത്തിയ വിധങ്ങൾ ഓർത്താൽ
നന്ദിയേകിടാതിരുന്നിടുമോ-നാഥൻ (2)
കഷ്ടതയിലും കരം പിടിച്ചു
കണ്മണി പോൽ കരുതിയവൻ (2)

1. ഭാരം ദുഃഖം ഏറിയപ്പോൾ
മനംനൊന്തു കലങ്ങിയപ്പോൾ
ചാരെ അണഞ്ഞു ആശ്വാസം നൽകി
.....നടത്തിയ

2. ജീവിതത്തിൻ മേടുകളിൽ
ഏകനെന്നു തോന്നിയപ്പോൾ
ധൈര്യം നൽകീടും വചനം നൽകി
....നടത്തിയ

3. കൂട്ടുകാരിൽ പരമായെന്നെ
ആനന്ദതൈലം പകർന്ന്
ശത്രു മദ്ധ്യേയും തലയുയർത്തി
.....നടത്തിയ

## 327

നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ
തിന്മയാകെ മായിക്കുന്നവൻ
പാപമെല്ലാം ക്ഷമിക്കുന്നവൻ-പുതു
ജീവനെന്നിൽ പകരുന്നവൻ
യേശു.....യേശു.......
അവനാരിലും വലിയവൻ
യേശു......യേശു.....
അവനാരിലും മതിയായവൻ

....നന്മ

1. ദൈവത്തെ സ്നേഹിക്കുമ്പോൾ-സർവ്വം
നന്മക്കായ് ഭവിച്ചീടുന്നു
തിരുസ്വരമനുസരിച്ചാൽ-നമു
ക്കൊരുക്കീടുമവനഖിലം
കൃപയരുളീടുമേ
ബലമണിയിക്കുമേ-മാറാ
മധുരമായ് മാറ്റീടുമേ

....നന്മ

2. ഇരുൾ നമ്മെ മൂടിടുമ്പോൾ-ലോക
വെളിച്ചമായവനണയും
രോഗികളായിടുമ്പോൾ സൗഖ്യ-
ദായകനവൻ കരുതും
അവന്നാലയത്തിൽ
സ്വർഗ്ഗനന്മകളാൽ-നമ്മെ
നിറച്ചിടുമനുദിനവും

....നന്മ

3. കണ്ണുനീർ താഴ്വരകൾ-ജീവ
ജലനദിയാക്കുമവൻ
ലോകത്തിൻ ചങ്ങലകൾ-മണി
വീണയായ് തീർക്കുമവൻ
സീയോൻയാത്രയതിൽ
മോക്ഷമാർഗ്ഗമതിൽ സ്നേഹ-
ക്കൊടിക്കീഴിൽ നയിക്കുമവൻ

....നന്മ

## 328

നന്ദിയാൽ സ്തുതിപാടാം എന്നേശുവിന്
ഉള്ളത്താൽ എന്നും പാടാം (2)
നല്ലവൻ വല്ലഭൻ എന്നേശു നല്ലവൻ
എന്നെന്നും മതിയായവൻ

1. ചെങ്കടൽ സമമായ ശോധന വന്നാൽ
ദൂതന്മാർ നിൻ മുമ്പേ പോകുന്നു (2)
വിശ്വാസത്തോടെ-ആജ്ഞാപിക്കുമ്പോൾ
ചെങ്കടൽ പിളർന്നു മാറിടും (2)
....നന്ദിയാൽ

2. യെരിഹോ മതിലെൻ മുൻപിൽ വന്നാലും
യേശു നിന്റെ മുമ്പേ പോകുന്നു
സ്തുതിഗീതങ്ങൾ നീ പാടിടുമ്പോൾ
മതിലുകൾ തകർന്നു വീഴും (2)
....നന്ദിയാൽ

3. ദേഹംദേഹി ആത്മാവും
തളർന്നിടും വേളകളിൽ (2)
കലങ്ങിടാതെ പതറിടാതെ
കർത്താവ് ബലം നല്കീടും
.....നന്ദിയാൽ

# 329

നീയെന്നും എന്നും എൻ രക്ഷകൻ ഹാഹാ...
നീ മതിയെനിക്കെല്ലാമായ് നാഥാ
നിന്നിൽ ചാരുന്ന നേരത്തിൽ
നീങ്ങുന്നെൻ വേദനകൾ

1. നീയല്ലാതെൻ ഭാരം താങ്ങുവാനായി
ഇല്ലെനിക്കാരുമേ
നിൻ കൈകളാലെൻ-കണ്ണീർ തുടയ്ക്കും
നീയെന്നെ കൈവിടാ- (2)
....നീയെന്നും

2. തീരാത്ത ദുഃഖവും ഭീതിയുമാധിയും
തോരാത്ത കണ്ണീരും
പാരിതിലെന്റെ പാതയിലേറും
നേരത്തു നീ മതി (2)
....നീയെന്നും

3. എന്നാശ തീർത്തങ്ങു വീട്ടിൽ വരുംനാൾ
എന്നാണെൻ നാഥനേ
അന്നാൾവരെയും-മന്നിൽ നിൻ വേല
നന്നായി ചെയ്യും ഞാൻ (2)
....നീയെന്നും

## 330

നീയെൻ പക്ഷംമതി നിന്റെ കൃപ മതി
ലോകജീവിതേ അനന്യനായ് നീ മതി

1. അലറുന്ന കാറ്റിൽ അലയുന്ന തോണി
ബലഹീനനായ് ഞാൻ കരയുന്ന നേരം
ബലമേറും നിൻ കരങ്ങളെന്നെ
താങ്ങിടേണമേ

.....നീയെ

2. വെയിലിൽ തണലും മരുവിൽ ജലവും
പുതുജീവനേകും തരും ജീവമന്നാ
കൃപയേറും കർത്തനേശു താൻ
വിശ്വസ്തനെന്നുമേ

.....നീയെ

3. തവസേവ തന്നിൽ തളരാതെ പോവാൻ
പരിശുദ്ധദേവാ തിരുശക്തി നല്ക
തിരുരാജ്യത്തിൻ സംപൂർത്തിയോളം
കാത്തിടേണമേ

......നീയെ

# 331

ഭക്തരിൻ വിശ്വാസ ജീവിതം പോലിത്ര
ഭദ്രമാം ജീവിതം വേറെയുണ്ടോ?
സ്വർഗ്ഗപിതാവിന്റെ ദിവ്യഭണ്ഡാരത്തെ
സ്വന്തമായ് കണ്ടു തൻ ജീവിതം ചെയ്യുന്ന-

1. അന്യദേശത്തു പരദേശിയായ്
മന്നിതിൽ കൂടാരവാസികളായ്
ഉന്നതനാം ദൈവം ശിൽപ്പിയായ് നിർമ്മിച്ച
വൻ നഗരത്തിനായ് കാത്തുവസിക്കുന്ന
.....ഭക്ത

2. അഗ്നിമേഘസ്തംഭം തന്നിൽ ദൈവം
മാറാതെ കാവൽ നിൽക്കും മരുവിൽ
അന്നന്നവൻ നൽകും മന്നയിൽ തൃപ്തരായ്
അക്കരെ വാഗ്ദത്തനാട്ടിന്നു പോകുന്ന-
....ഭക്ത

3. പിന്നിൽ മികബലമുള്ളരികൾ
മുന്നിലോ ചെങ്കടൽ വൻതിരകൾ
എങ്കിലും വിശ്വാസച്ചെങ്കോലു നീട്ടി, വൻ
ചെങ്കടലും പിളർന്നക്കരെയെത്തുന്ന-
....ഭക്ത

4. പാപത്തിൻ തൽക്കാലഭോഗം വേണ്ട
ദൈവജനത്തിന്റെ കഷ്ടം മതി
മിസ്രയീം നിക്ഷേപവസ്തുക്കളെക്കാളും
ക്രിസ്തുവിൻ നിന്ദയെ
സമ്പത്തെന്നെണ്ണുന്ന-
.....ഭക്ത

5. ചങ്ങല ചമ്മട്ടി കല്ലേറുകൾ
എങ്ങും പരിഹാസം പീഢനങ്ങൾ
തിങ്ങുമുപദ്രവം കഷ്ടതയെങ്കിലും
ഭംഗമില്ലാതെ സമരം നടത്തുന്ന-
.....ഭക്ത

6. മൂന്നു യാമങ്ങളും വൻ തിരയിൽ
മുങ്ങുമാറായി വലയുകിലും
മുറ്റും കടലിന്മീതെ നാലാം യാമത്തി-
ലുറ്റ സഖിയവൻ വന്നിടും തീർച്ചയായ്-
.....ഭക്ത

7. കഷ്ടതയാകും കടുന്തടവിൽ
ദുഷ്ടലോകം ബന്ധനം ചെയ്യുകിൽ
ഒട്ടും ഭയമെന്യേയർദ്ധരാത്രിയിൽസ-
ന്തുഷ്ടരായ് ദൈവത്തെ
പാടി സ്തുതിക്കുന്ന-
....ഭക്ത

8. ബുദ്ധിമുട്ടൊക്കെയും പൂർണ്ണമായി
ക്രിസ്തുവിൽ തന്റെ ധനത്തിനൊത്തു
തീർത്തു തരുന്നൊരു നമ്മുടെ ദേവന്
സ്തോത്രം പാടീടുവിൻ
ഹല്ലേലുയ്യാ ആമേൻ-
.....ഭക്ത

## 332

മാൻ നീർത്തോടിനായ് ദാഹിച്ചു
കാംക്ഷിക്കും പോലവേ
എന്നാത്മാവിൻ ദാഹവും
നിനക്കായെൻ ദൈവമേ

ആശ്രയം നീ-ശൈലവും നീ
കോട്ടയും നീ-എന്നും കാക്കും

1. ജീവിക്കും ദൈവത്തിനായ്
ദാഹിക്കും എൻ മനമേ
ദേവാ നിൻ സന്നിധിയിൽ നിന്നിടാൻ
ആത്മാവു വാഞ്ഛിക്കുന്നു
....ആശ്രയം

2. ആത്മാവേ ഉള്ളമതിൽ
ഖേദത്താൽ ഞരങ്ങുന്നുവോ
അവൻ നിൻ രക്ഷയുമേ
നിന്നുടെ മുഖപ്രകാശവുമേ
....ആശ്രയം

3. യോർദ്ദാൻ തലങ്ങളിലും
ഹെർമ്മോൻ മലകളിലും
എല്ലാ ഇടങ്ങളിലും നിന്നെ
നിരന്തരം ഓർത്തിടുമേ-
....ആശ്രയം

## 333

യേശു എൻ പക്ഷമായ് തീർന്നതിനാൽ
എന്തൊരാനന്ദമീ ഭൂവിൽ വാസം
ഹാ! എത്ര മോദം പാർത്തലത്തിൽ
ജീവിക്കും നാൾ

1. ലോകം വെറുത്തവരേശുവോടു
ചേർന്നിരുന്നെപ്പോഴും ആശ്വസിക്കും
ആ ഭാഗ്യ കനാൻ ചേരുംവരെ
കാത്തിടേണം

.....യേശു

2. ഈ ലോകർ ആക്ഷേപം ചൊല്ലിയാലും
ദുഷ്ടർ പരിഹാസം ഓതിയാലും
എൻ പ്രാണനാഥൻ പോയതായ പാത മതി

....യേശു

3. വേഗം വരാമെന്നുരച്ച നാഥാ
നോക്കി നോക്കി കൺകൾ മങ്ങീടുന്നേ
എപ്പോൾ വന്നീടുമോ
പ്രാണപ്രിയാ കണ്ടീടുവാൻ

....യേശു

## 334

യേശു എൻ ഉള്ളത്തിൽ വന്ന നാളിൽ
എന്തു മാറ്റം വന്നു എന്നിൽ
തന്നെ ഞാൻ ഉള്ളത്തിൽ ഏറ്റതാലെ
എന്തു മോദം വന്നു എന്നിൽ

1. വൻവിനകൾ തൻ നടുവിൽ സഹായമേകി
എന്റെ പാപശാപമെല്ലാം തൻമേലേറ്റി
ക്രൂശിൽ തൻ ചോരയെൻ പേർക്കായൂറ്റി
എന്തു മാറ്റം വന്നു എന്നിൽ-
....യേശു

2. ഇജ്ജഗത്തിൻ മാലിന്യങ്ങൾ നീക്കി മുറ്റും
സ്വന്തമാക്കി എന്റെ പാപബന്ധം നീക്കി
തൻ പിതാവൊത്തു താൻ ബന്ധമേകി
എന്തു മാറ്റം വന്നു എന്നിൽ-
....യേശു

3. പൊൻനിണം തന്നെൻ
വിലയായ് വീണ്ടുകൊൾവാൻ
എന്നുമെന്നും ഞാനവന്റേതൊന്നു മാത്രം
ദേഹമെൻ ദേഹിയെന്നാത്മാവും
എന്തു മാറ്റം വന്നു എന്നിൽ-
....യേശു

4. എൻ വഴിയിൽ ദുർഘടങ്ങൾ എല്ലാം നീങ്ങി
എന്റെയാശ എന്റെ ലാക്കും ഒന്നുമാത്രം
ഇല്ലിനി മൃത്യുവിൻ ഭീതിയെന്നിൽ
എന്തു മാറ്റം വന്നു എന്നിൽ-
.....യേശു

5. രാത്രികാലം തീർന്നിടാറായ് പ്രഭാതമെത്തി
പ്രഭാതതാരം യേശു വാനിൽ കണ്ടിടാറായ്
എന്നുമെൻ ഗാനമിതൊന്നു മാത്രം
എന്തു മാറ്റം വന്നു എന്നിൽ-
....യേശു

# 335

1. യേശു രക്ഷിതാവെൻ സ്വന്തമായതാൽ
ഞാനവൻ സന്താനം ആയിത്തീർന്നതാൽ
എന്തു മോദം എന്റെ അന്തരംഗത്തിൽ
പാടും ഞാൻ സന്തോഷത്താൽ

രക്ഷാദാനമോ അതെത്ര മാധുര്യം
എന്നെ വീണ്ടതോ അതെത്ര ആശ്ചര്യം
കർത്തൻ സ്വന്തമായി-
ട്ടെന്നെ തീർത്തതാൽ
കീർത്തിക്കും ഞാൻ നന്ദിയാൽ

2. രക്ഷകാ നിന്നിഷ്ടം നിറവേറ്റുവാൻ
നീക്കുക എന്നിഷ്ടം മുറ്റുമെൻ ഭവാൻ
നടത്തെന്നെ നിന്നത്ഭുത മാർഗ്ഗത്തിൽ
പാലിക്കെന്നെ കൃപയിൽ

.....രക്ഷാദാ

3. പോരിൽ ഞാൻ തളർന്നു
വീണുപോകായ്‌വാൻ
ശത്രു എന്റെമേൽ ജയം കൊണ്ടീടായ്‌വാൻ
യേശുവെ നിൻ ശക്തി എന്നും നൽകുകേ
ആത്മാവാൽ നിറയ്ക്കുകേ

.....രക്ഷാദാ

4. സ്വർഗ്ഗേവന്നു നിന്നെ ഞാൻ കണ്ടിടുമ്പോൾ
എന്റെ സർവ്വഖേദം അന്നു തീരുമ്പോൾ
കർത്തനെ ഞാൻ മോദാൽ ചുംബിച്ചിടുമേ
ഹല്ലേലുയ്യാ പാടുമേ

.....രക്ഷാദാ

## 336

വന്ദനം യേശുപരാ! നിനക്കെന്നും
വന്ദനം യേശുപരാ!
വന്ദനം ചെയ്യുന്നു നിന്നടിയാർ തിരു
നാമത്തിന്നാദരവായ്

1. ഇന്നു നിൻ സന്നിധിയിൽ
അടിയാർക്കു വന്നുചേരുവതിനായ്
തന്ന നിൻ ഉന്നതമാം
കൃപയ്ക്കഭിവന്ദനം ചെയ്തിടുന്നേ-
.....വന്ദനം

3. ഇത്ര മഹത്വമുള്ള
പദവിയെ ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ല
നിന്റെ കൃപയെത്ര വിചിത്രമഹോ-
.....വന്ദനം

4. വാനദൂത ഗണങ്ങൾ
മനോഹരഗാനങ്ങളാൽ സതതം
ഊനമെന്യേ പുകഴ്ത്തി
സ്തുതിക്കുന്ന-വാനവനേ നിനക്കു-
.....വന്ദനം

5. മന്നരിൽ മന്നവൻ നീ
മനുകുലത്തിന്നു രക്ഷാകരൻ നീ
മിന്നും പ്രഭാവമുള്ളോൻ
പിതാവിനു സന്നിഭൻ നീയല്ലയോ-
....വന്ദനം

6. നീയൊഴികെ ഞങ്ങൾക്കു
സുരലോകെ ആരുള്ളു ജീവനാഥാ
നീയൊഴികെ ഇഹത്തിൽ
മറ്റാരുമില്ലാഗ്രഹിപ്പാൻ പരനേ
.....വന്ദനം

## 337

സീയോൻ സഞ്ചാരി ഞാൻ
യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിന്റെ പാതയിൽ

1. മോക്ഷയാത്രയാണിത് ഞാൻനടപ്പത്
കാഴ്ചയാലെയല്ല വിശ്വാസത്താലെയാം
വീഴ്ചകൾ താഴ്ചകൾ വന്നിടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങിടും
....സീയോൻ

2. ലോകമേതും യോഗ്യം അല്ലെനിക്കതാൽ
ശോകമില്ല ഭാഗ്യം ഉണ്ടു ക്രിസ്തുവിൽ
നാഥനു മുൾമുടി നൽകിയ ലോകമേ
നീ തരും പേരെനിക്കെന്തിനായ്
....സീയോൻ

3. സാക്ഷികൾ സമൂഹം എന്റെ ചുറ്റിലും
നിൽക്കുന്നായിരങ്ങൾ ആകയാലെ ഞാൻ
ഭാരവും പാപവും വിട്ടു ഞാൻ ഓടുമാ-
നേരവും യേശുവേ നോക്കിടും
....സീയോൻ

4. എന്നെ നേടിയ സന്തോഷമോർത്തതാൽ
നിന്ദകൾ സഹിച്ചു മരിച്ച നാഥനേ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോകയിൽ
ക്ഷീണമെന്തെന്നറികില്ല ഞാൻ
.....സീയോൻ

5. ബാലശിക്ഷ നൽകുമെന്നപ്പനെങ്കിലും
ചേലേഴും തൻ സ്നേഹം
കുറഞ്ഞു പോയിടാ
നൻമയെ തൻ കരം നൽകുമെന്നീശനിൽ
എൻ മനം വിശ്രമം നേടിടും
.....സീയോൻ

## 338

1. സീയോൻ സൈന്യമേ ഉണർന്നീടുവിൻ
പൊരുതു നീ ജയമെടുത്തു വിരുതു പ്രാപിക്ക

കേൾക്കാറായ് തൻ കാഹളധ്വനി
നാം പോകാറായ് ഈ പാർത്തലം വിട്ട്
തേജസ്സേറും പുരെ

2. സർവ്വായുധങ്ങൾ ധരിച്ചീടുക
ദുഷ്ടനോടെതിർത്തുനിന്നു
വിജയം നേടുവാൻ

....കേൾ

3. ക്രിസ്തേശുവിനായ് കഷ്ടം സഹിച്ചോർ
നിത്യനിത്യ യുഗങ്ങൾ വാഴും
സ്വർഗ്ഗസീയോനിൽ

....കേൾ

4. പ്രത്യാശ എന്നിൽ വർദ്ധിച്ചീടുന്നേ
അങ്ങുചെന്നു കാണുവാനെൻ
പ്രീയൻ പൊൻമുഖം

....കേൾ

5. ആനന്ദമേ നിത്യാനന്ദമേ
കാന്തനോടു വാഴും കാലം എത്ര ആനന്ദം

....കേൾ

## 339

1. സ്വർഗ്ഗീയ പിതാവേ നിൻ തിരുഹിതം
സ്വർഗ്ഗത്തിലെപ്പോലെ ഭൂവിലാക്കണേ
നിൻഹിതം ചെയ്തോനാം
നിൻ സൂതനെപ്പോലെ
ഇന്നു ഞാൻ വരുന്നേ
നിൻഹിതം ചെയ്‌വാൻ

എൻ ദൈവമേ നിന്നിഷ്ടം ചെയ്യുവാൻ
വന്നീടുന്നേ ഞാനിന്നു മോദമായ്
എന്റെ ഇഷ്ടം ഒന്നുംവേണ്ട പ്രിയനെ
നിന്റെ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണേ

2. നന്മയും പൂർണ്ണ പ്രസാദവുമുള്ള
നിൻ ഹിതമെന്തെന്നു ഞാനറിയുവാൻ
എൻ മനം പുതുക്കി മാറിടുന്നേ നിത്യം
നിന്ദ്യമാണെനിക്കീ ലോക ലാവണ്യം
....എൻ

3. ഞാനവനുള്ളം കയ്യിലിരിക്കയാൽ
ആരുമില്ലെനിക്കു ദോഷം ചെയ്യുവാൻ
ഇന്നെനിക്കു വന്നു നേരിടുന്നതെല്ലാം
തൻ ഹിതമാണെന്നു ഞാനറിയുന്നു
....എൻ

4. എൻ തലയിലെ മുടികളുമെല്ലാം
നിർണ്ണയമവനെണ്ണി അറിയുന്നു
ഒന്നതിൽ നിലത്തു വീണിടണമെങ്കിൽ
ഉന്നതനറിഞ്ഞേ സാദ്ധ്യമായിടു
....എൻ

5. യേശുക്രിസ്തുവിൻ ശരീരയാഗത്താൽ
ഉള്ള ഇഷ്ടത്തിൽ ഞാൻ ശുദ്ധനായ്ത്തീർന്നു
ദൈവ ഇഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ
പൂർണ്ണ സഹിഷ്ണത ഏകണേ പ്രിയാ
....എൻ

6. ആരുമറിയാത്ത ശ്രേഷ്ഠ ഭോജനം
ഞാൻ ഭുജിച്ചു നിത്യം ജീവിച്ചിടുന്നു
എന്റെ രക്ഷകന്റെ ഇഷ്ടമെല്ലാം ചെയ്തു
വേല തികയ്ക്കുന്നതെന്റെ ആഹാരം
....എൻ

7. എന്റെ കഷ്ടങ്ങൾ ദൈവം തരുന്നതാൽ
എന്റെ പ്രാണനെ ഞാൻ യാഗമാക്കുന്നു
എന്നെ തകർത്തീടാൻ താതനിഷ്ടമെങ്കിൽ
തൻ ഹിതമെന്നിൽ സമ്പൂർണ്ണമാകട്ടെ
....എൻ

# ആശ്വാസം, പ്രത്യാശ

## 340

അക്കരയ്ക്കു യാത്രചെയ്യും
സീയോൻ സഞ്ചാരി
ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ട
കാറ്റിനേയും കടലിനേയും നിയന്ത്രിപ്പാൻ
കഴിവുള്ളോൻ പടകിലുണ്ട്

1. വിശ്വാസമാം പടകിൽ യാത്രചെയ്യുമ്പോൾ
തണ്ടു വലിച്ചു നീ വലഞ്ഞിടുമ്പോൾ
ഭയപ്പെടേണ്ട കർത്തൻ കൂടെയുണ്ട്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത്
.....അക്കര

2. എന്റെ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശവാസിയാണല്ലോ
അക്കരെയാണ് എന്റെ ശാശ്വത നാട്
അവിടെനിക്കൊരുക്കുന്ന ഭവനമുണ്ട്
.......അക്കര

3. കുഞ്ഞാടതിൻ വിളക്കാണ്
ഇരുളൊരു ലേശവുമവിടെയില്ല
തരുമെനിക്ക് കിരീടമൊന്ന്
ധരിപ്പിക്കും അവനെന്നെ ഉത്സവ വസ്ത്രം
.......അക്കര

# 341

അദൃശ്യ കരങ്ങളാൽ കരുതിടും ദൈവം
അവനിയിലനുദിനം പുലർത്തിടും ദൈവം
ആവശ്യഭാരങ്ങൾ അറിഞ്ഞിടും ദൈവം
അതിശയമായെന്നെ നടത്തുന്നവൻ
എന്റെ ദൈവം എനിക്കെത്ര നല്ലവനാം

1. തുമ്പങ്ങൾ ഏറിടുമ്പോൾ
അൻപിൻ കരങ്ങളാൽ താങ്ങിടും താൻ
കൂരിരുളിൻ താഴ്‌വരയിൽ
കൂട്ടാളിയായ് വന്നിടും താൻ
ഉറ്റവർ സ്നേഹിതർ കൈവെടിഞ്ഞീടിലും
മാറ്റമില്ലാത്തവൻ തുണയരുളും
എന്റെ ദൈവം എനിക്കെത്ര നല്ലവനാം

2. അനർത്ഥങ്ങൾ പെരുകിടുമ്പോൾ
തൻ തൂവലിൽമറച്ചീടുമേ
കാലുകളിടറാതെ
ദൂതർ കാവലിൽ പാലിക്കുമേ
തിന്മകൾ സർവ്വവും അകറ്റിയെൻ ജീവനിൽ
നന്മകൾ അളവെന്യേ ചൊരിയുന്നവൻ
എന്റെ ദൈവം എനിക്കെത്ര നല്ലവനാം

3. ഹൃദയം നുറുങ്ങീടുമ്പോൾ
ദിവ്യ സാന്നിദ്ധ്യം അരുളിടും താൻ
മനസ്സു തകർന്നിടുമ്പോൾ
രക്ഷയേകിടും ദൈവമവൻ
സങ്കടവേളയിൽ സാന്ത്വനം അരുളി എൻ
ജീവിതത്തെ പരിപാലിച്ചീടും
എന്റെ ദൈവം എനിക്കെത്ര നല്ലവനാം

## 342

1. അൻപിൻ രൂപി യേശു നാഥാ!
നിൻ ഇഷ്ടം എന്നിഷ്ടം ആക്ക
കുരിശിൽ തൂങ്ങി മരിച്ചവനേ!
എന്നെത്തേടി വന്നവനേ!

....അൻ

2. മൃത്യുവിന്റെ താഴ്‌വരയിൽ
ഞാൻ തെല്ലും ഭയപ്പെടില്ല
പാതാളത്തെ ജയിച്ചവനേ!
നിന്നിൽ നിത്യമാശ്രയിക്കും

....അൻ

3. എന്തു ഞാൻ നിനക്കു നല്കും
വീണ്ടെടുത്ത ദൈവമേ
ഏഴയായി ഞാൻ കിടന്നു
എന്നെത്തേടി ചേർത്തവനേ!

....അൻ

4. ജീവനോ മരണമതോ
ഏതായാലും സമ്മതം താൻ
കുശവൻ കയ്യിൽ കളിമൺപോൽ
ഗുരുവേ എന്നെ നല്കിടുന്നേ

....അൻ

5. രോഗം,നാശം, നിന്ദ, ദുഷി,
വേറെ എന്തു വന്നാലും
വാഴും യേശുപാദത്തിൽ ഞാൻ മുത്തം
ചെയ്യും അവന്റെ പാദം

....അൻ

## 343

അല്പകാലം മാത്രം ഈ ഭൂവിലെ വാസം
സ്വർപ്പുരമാണെന്റെ നിത്യമാം വീട്-
എന്റെ നിത്യമാം വീട്

1. എൻ പ്രയാണകാലം നാലുവിരൽ നീളം
ആയതിൻ പ്രതാപം കഷ്ടതമാത്രം
ഞാൻ പറന്നു വേഗം പ്രിയനോടു ചേരും
വിൺമഹിമ പ്രാപിച്ചെന്നും വിശ്രമിച്ചീടും-
എന്നും വിശ്രമിച്ചീടും
......അല്പ

2. പാളയത്തിന്നപ്പുറത്തു കഷ്ടമേൽക്കുക നാം
പാടുപെട്ട യേശുവിന്റെ നിന്ദ ചുമക്കാം
നില്ക്കും നഗരമില്ലിവിടെ
പോർക്കളത്തിലത്രേ നാം
നില്ക്ക വേണ്ട പോർപൊരുതു
യാത്ര തുടരാം.....
വേഗം യാത്ര തുടരാം .....അല്പ

3. മുത്തുമയമായ് വിളങ്ങും പട്ടണമാണത്
പുത്തനെറുശലേം പുരം തത്രശോഭിതം
വീഥി സ്വച്ഛസ്ഫടികതുല്യം തങ്കനിർമ്മിതമാം
പട്ടണമതിന്റെ ഭംഗി വർണ്ണ്യമല്ലഹൊ...
ഭംഗി വർണ്ണ്യമല്ലഹോ
.....അല്പ

4. നാടുവിട്ടു വീടുവിട്ടു നാമധേയ കൂട്ടം വിട്ടു
കാഠിന്യമാം ശോധനയിൽ
യാനം ചെയ്തോരായ്
കൂടി ഒന്നായ് വാഴാൻ വാഞ്ഛിച്ചെത്രനാളായ്
കാരുണ്യവാൻ പണികഴിച്ച
കൊട്ടാരം തന്നിൽ-
ആ കൊട്ടാരം തന്നിൽ .....അല്പ

5. പാവനമാം പട്ടണത്തിലാരു കടന്നിടും
പാപമറ്റ ജീവിതം നയിച്ചവരല്ലോ
നീതിയായ് നടന്നു നേർപറഞ്ഞു മന്നിൽ
പാതിവ്രത്യമുള്ള മണവാട്ടി മാത്രമെ-
മണവാട്ടി മാത്രമെ
.....അല്പ

## 344

അവസാനത്തോളം കരുതാമെന്നോതി
വിളിച്ചവൻ നീ മാത്രമേ
വീഴ്ചയിൽ എന്നും താങ്ങിടുമെന്ന്
വാക്കുതന്നതും നീയെ

ഭയമെന്തിനെൻ മനമേ
കരുതും വല്ലഭൻ കൂടെയുണ്ട്

1. വഴിതെറ്റിപ്പോയി ഞങ്ങൾ
വചനത്തിൻ പൊരുൾ ഗ്രഹിച്ചില്ല
കാണാതെ പോയവരെങ്കിലും നമ്മേ
തേടി രക്ഷിച്ചു നാഥൻ

.......ഭയമെന്തി

2. പാപത്തിൻ വഴിയിൽ ഞങ്ങൾ
ആത്മാവിനെ നഷ്ടമാക്കി
ശാപത്തിൻ കുഴിയിൽ വീണവർ നമ്മെ
കരം നൽകി ഉയർത്തി നാഥൻ

.......ഭയമെന്തി

3. ലോകസുഖം തേടി ഞങ്ങൾ
ദൈവത്തിൻ വിളി ശ്രവിച്ചില്ല
സ്നേഹിക്കാനാരുമില്ലെങ്കിലും നമ്മെ
മാറോടണയ്ക്കും നാഥൻ

.....ഭയമെന്തി

## 345

അഴലേറും ജീവിതമരുവിൽ – നീ
കേഴുകയൊ ഇനി സഹജേ!

1. നിന്നെ വിളിച്ചവൻ ഉണ്മയുള്ളോൻ
കണ്ണിൻമണിപോലെ കാത്തിടുമെ
അന്ത്യംവരെ വഴുതാതെയവൻ
താങ്ങി നടത്തിടും പൊൻകരത്താൽ–
......അഴ

2. കാർമുകിൽ ഏറെക്കരേറുകിലും
കാണുന്നില്ലെ മഴവില്ലതിന്മേൽ
കരുതുക വേണ്ടതിൻ ഭീകരങ്ങൾ
കെടുതികൾ തീർത്തവൻ തഴുകിടുമേ–.
....അഴ

3. മരുഭൂപ്രയാണത്തിൽ ചാരിടുവാൻ
ഒരു നല്ല നായകൻ നിനക്കില്ലയോ?
കരുതും നിനക്കവൻ വേണ്ടതെല്ലാം
തളരാതെ യാത്ര തുടർന്നീടുക–
.....അഴ

4. ചേലോടു തന്ത്രങ്ങൾ ഓതിടുവാൻ
ചാരന്മാരുണ്ടധികം സഹജേ!
ചുടുചോര ചിന്തേണ്ടി വന്നീടിലും
ചായല്ലേ ഈ ലോക താങ്ങുകളിൽ–
.....അഴ

5. കയ്പുള്ള വെള്ളം കുടിച്ചീടിലും
കല്പനപോലെ നടന്നീടണം
ഏല്പിക്കയില്ലവൻ ശത്രുകയ്യിൽ
സ്വർപ്പുരം നീ അണയും വരെയും–
.....അഴ

## 346

ആനന്ദമുണ്ടെനിക്കാനന്ദമുണ്ടെനി-
ക്കേശു മഹാരാജ സന്നിധിയിൽ

1. ലോകം എനിക്കൊരു ശാശ്വതമല്ലെന്നെൻ
സ്നേഹം നിറഞ്ഞേശു ചൊല്ലീട്ടുണ്ട്
സ്വർലോക നാട്ടുകാർക്കിക്ഷിതിയിൽ പല
കഷ്ടസങ്കടങ്ങൾ വന്നീടുന്നു.

2. കർത്താവേ! നീയെന്റെ സങ്കേതമാക
യാൽ ഉള്ളിൽ മനഃക്ലേശം ലേശമില്ല
വിശ്വാസക്കപ്പലിൽ സ്വർപ്പുരം ചേരുവാൻ
ചുക്കാൻ പിടിക്കണേ - പൊന്നു നാഥാ!

3. എന്നാത്മാവേ! നിന്നിൽ ചാഞ്ചല്യമെന്തിനു-
ബാഖായിൻ താഴ്‌വരയത്രേയിത്
സീയോൻപുരിതന്നിൽവേഗം നമുക്കെത്തീ
ട്ടാനന്ദകണ്ണുനീർ വീഴ്ത്തിടാമേ!

4. കൂടാരവാസികളാകും നമുക്കിങ്ങു-
വീടെന്നോ നാടെന്നോ ചൊൽവാനെന്ത് ?
കൈകളാൽത്തീർക്കാത്ത വീടൊന്നു
താതൻ താൻ മീതെ നമുക്കായി വച്ചിട്ടുണ്ട്

5. ഭാരം പ്രയാസങ്ങളേറും വനദേശ-ത്താ
കുലമാത്മാവിൽ വന്നീടുകിൽ
പാരം കരുണയുള്ളീശൻ നമുക്കായി
ട്ടേറ്റംകൃപ നൽകി പാലിച്ചിടും.

6. കർത്താവേ! നീ വേഗം! വന്നീടണേ ഞങ്ങൾ-
ക്കോർത്താലീക്ഷോണിയിൽ മഹാദുഃഖം!
എന്നാലും നിൻമുഖ ശോഭയതിൻമൂലം
സന്തോഷകാന്തിപൂണ്ടാനന്ദിക്കും

# 347

ആരുമില്ല നീയൊഴികെ ചാരുവാനൊരാൾ
പാരിലെൻ പ്രിയാ
നീറി നീറി ഖേദങ്ങൾ മൂലം എരിയുന്ന മാനസം
നിന്തിരുമാറിൽ ചാരുമ്പോഴല്ലാ-
താശ്വസിക്കുമോ ആശ്വസിക്കുമോ?

1. എളിയവർ നിൻ മക്കൾക്കീ ലോകമേതും
അനുകൂലമല്ലല്ലോ നാഥാ!
വലിയവനാം നീയനുകൂലമാണെൻ
ബലവും മഹിമയും നീതാൻ -

2. പ്രിയരെന്നു കരുതുന്ന സഹജരെന്നാലും
പ്രിയലേശമില്ലാതെയാകും
പ്രിയനേ നിൻ സ്നേഹം
കുറയാതെ എന്നിൽ നിയതം
തുടരുന്നു മന്നിൽ-

3. ഗിരികളിൽ കൺകളുയർത്തി
ഞാനോതും
'എവിടെയാണെന്റെ സഹായം?'
വരുമെൻ സഹായമുലകമാകാശ-
മിവയുളവാക്കിയ നിന്നാൽ-

4. മരുവിൽ തൻ പ്രിയനോടു ചാരിവരും
സഭയാം
തരുണീമണി ഭാഗ്യവതി തന്നെ
മരുഭൂമിവാസം തരുമൊരു ക്ലേശം
അറിയുന്നേയില്ലവൾ ലേശം -

## 348

ആശ്വാസത്തിന്നുറവിടമാം ക്രിസ്തു
നിന്നെ വിളിച്ചിടുന്നു (2)

1. അദ്ധ്വാനഭാരത്താൽ വലയുന്നോരെ
ആശ്വാസമില്ലാതലയുന്നോരെ
ആണിപ്പാടുള്ള വൻ കരങ്ങൾ നീട്ടി
നിന്നെ വിളിച്ചീടുന്നു (2)

....ആശ്വാസ

2. പാപാന്ധകാരത്തിൽ കഴിയുന്നോരെ
രോഗങ്ങളാൽ മനം തകർന്നവരെ
നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ
എന്നെന്നും മതിയായവ (2)

.....ആശ്വാസ

3. വാതിൽക്കൽ വന്നിങ്ങു മുട്ടീടുന്ന
ആശ്വാസമരുളാൻ വന്നിടുന്ന
അരുമപിതാവിന്റെ ഇമ്പസ്വരം
നീയിന്നു ശ്രവിച്ചീടുമോ (2)

.....ആശ്വാസ

## 349

ആശ്വാസദായകനായ്
എനിക്കേശു അരികിലുണ്ട്
എന്തെന്തു ഭാരങ്ങൾ ഏറിവന്നാലും
എന്നെ കൈവിടാത്തവൻ (2)

1. ആവശ്യഭാരങ്ങളാൽ ഞാൻ
ആകുലനായിടുമ്പോൾ
തന്റെ സാന്ത്വനം നൽകി വഴി നടത്തും
യേശു അരികിലുണ്ട്

....ആശ്വാസ

2. രോഗം പ്രയാസങ്ങളാൽ ഞാൻ
ക്ഷീണിതനായിടുമ്പോൾ
എന്നെ താങ്ങി കരങ്ങളിൽ കാത്തിടും
യേശു അരികിലുണ്ട്

.....ആശ്വാസ

3. ലോകത്തിൻ കെടുതികളിൽ
ഞാൻ താളടിയാകാതെ
എന്നെ കാവൽ ചെയ്തിടും സ്നേഹിതനായ്
യേശു അരികിലുണ്ട്

.....ആശ്വാസ

# 350

1. ആശ്വാസമേ എനിക്കേറെ തിങ്ങീടുന്നു
വിശ്വാസക്കണ്ണാൽ ഞാൻ നോക്കീടുമ്പോൾ
സ്നേഹമേറീടുമെൻ രക്ഷകൻ സന്നിധൗ
ആനന്ദക്കൂട്ടരെ കാണുന്നല്ലോ

2. ആമോദത്താൽ തിങ്ങി ആശ്ചര്യമോടവർ
ചുറ്റും നിന്നും സ്തുതിചെയ്തീടുന്നു
തങ്കതിരുമുഖം കാൺമാൻകൊതിച്ചവർ
ഉല്ലാസമോടിതാ നോക്കീടുന്നു.

3. തൻ കൈകളാൽ കണ്ണുനീരെല്ലാം താതൻതാൻ
എന്നേക്കുമായി തുടച്ചിതല്ലോ
പൊൻവീണകൾ ധരിച്ചാമോദപൂർണ്ണരായ്
കർത്താവിനെ സ്തുതി ചെയ്യുന്നവർ

4. കുഞ്ഞാടിന്റെ രക്തം തന്നിൽ തങ്ങൾ അങ്കി
നന്നായ് വെളുപ്പിച്ച കൂട്ടരിവർ
പൂർണ്ണ വിശുദ്ധരായ് ത്തീർന്നവരേശുവിൻ
തങ്കരുധിരത്തിൻ ശക്തിയാലെ

5. തങ്കക്കിരീടങ്ങൾ തങ്ങൾ ശിരസ്സിന്മേൽ
വെൺനിലയങ്കി ധരിച്ചോരിവർ
കയ്യിൽ കുരുത്തോല ഏറ്റിട്ടവർസ്തുതി
പാടിട്ടാനന്ദമോടാർത്തീടുന്നു.

6. ചേർന്നീടുമേ വേഗം-ഞാനും-ആ കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ടാ എനിക്കൊന്നും വേണ്ടാ എന്റെ
നാഥന്റെ സന്നിധൗ ചേർന്നാൽ മതി.

7. കർത്താവേ! വിശ്വാസപ്പോരിൽ തോല്ക്കാതെന്നെ
അവസാനത്തോളം നീ നിർത്തേണമേ
ആകാശമേഘത്തിൽ കാഹളനാദത്തിൽ
അടിയനും നിൻ മുമ്പിൽ കാണേണമേ

## 351

ആശ്വാസമേകുവാൻ നീ മതി നാഥാ
ആലംബമേകിടാൻ നീ മതിയെന്നും
കദനങ്ങളിൽ എന്റെ സഹനങ്ങളിൽ എന്നും
കൂട്ടായെനിക്കിനി നീ മതി നാഥാ

സ്തുതികൾക്കു യോഗ്യൻ
യാഹെന്ന ദൈവം
ആരാധിപ്പാൻ യോഗ്യൻ വല്ലഭനാം ദൈവം

1. ഉള്ളം തകരുമ്പോൾ അറിയുന്ന നാഥാ
അഗതികൾക്കാശ്വാസം നീ തന്നെയെന്നും
ഈ മരുയാത്രയിൽ ജീവന്നുറവയാം
നീയില്ലയെങ്കിലെൻ ജീവിതം ശൂന്യം

2. കണ്ണു നിറയുമ്പോൾ തുടച്ചിടും നാഥാ
ഞാനൊന്നു തളർന്നാൽ നീയെന്നെ താങ്ങും
ഈ ലോകയാത്രയിൽ കരുണയിൻ ഒളിയാം
നീയില്ലയെങ്കിലെൻ ജീവിതം ശൂന്യം

3. മനം പുതുക്കി ഞാൻ കാത്തിടും പ്രിയനെ
ഏഴയാമെനിക്കെന്നും പുതുബലം തരിക
ഈ ധരണിയതിൽ കരുതലിൻ തണലാം
നീയില്ലയെങ്കിലെൻ ജീവിതം ശൂന്യം

## 352

ആശ്രയിപ്പാനുലകിൽ എന്റെ യേശുമാത്രമല്ലോ (2)
താഴ്ചയിൽ അവനെന്നെ മാനിച്ചിടും
വീഴ്ചയിൽ അവൻ കരം താങ്ങിടുമേ (2)
സമൃദ്ധിയോടെ അവനെന്നെ പുലർത്തിടുമേ
ആശ്രയിപ്പാനുലകിൽ.......

സന്താപ ഭാരത്താൽ മനം തകർന്ന്
ശാന്തി തേടിഞാൻ അലഞ്ഞപ്പോൾ (2)
സ്വാന്തനം ഏകി എൻ കരം പിടിച്ചു
സ്നേഹം പകർന്നെന്നെ ബലവും നൽകി

ആശ്രയിപ്പാനുലകിൽ.......

ജീവിതയാത്രയിൽ തളർന്നനേരം
താങ്ങി തണലായ് ചാരെയെത്തി (2)
നിന്ദകൾ ഏവരും അകറ്റിയവൻ
വന്ദിതനാമെൻ യേശുപരൻ (2)

ആശ്രയിപ്പാനുലകിൽ.......

## 353

ആഴങ്ങൾ തേടുന്ന ദൈവം
ആത്മാവെ നേടുന്ന ദൈവം
ആഴത്തിൻ അനന്തമാം ദൂരത്തിൽ നിന്നെന്റെ
അന്തരംഗം കാണും ദൈവം-
ആഴങ്ങൾ തേടുന്ന ദൈവം

1. കരതെറ്റി കടലാകെ ഇളകുമ്പോൾ
അഴലുമ്പോൾ
മറപറ്റി അണയുമെൻ ചാരെ (2)
തകരുന്ന തോണിയും ആഴിയിൽ താഴാതെ
കരപറ്റാൻ കരം നൽകും ദൈവം (2)
.....ആഴങ്ങൾ

2. ഉയരത്തിൽ ഉലഞ്ഞീടും
തരുക്കളിൽ ഒളിക്കുമ്പോൾ
ഉയർന്നെന്നെ ക്ഷണിച്ചീടും സ്നേഹം (2)
കനിഞ്ഞെന്റെ വിരുന്നിനു
മടിയാതെൻ ഭവനത്തിൽ
കടന്നെന്നെ പുണർന്നീടും ദൈവം (2)
.....ആഴങ്ങൾ

3. മനംനൊന്തു കണ്ണുനീർ
തരംഗമായ് തൂകുമ്പോൾ
ഘനമുള്ളെൻ പാപങ്ങൾ മായ്ക്കും (2)
മനംമാറ്റും ശുദ്ധമായ്
ഹിമംപോലെ വെണ്മയായ്
കനിവുള്ളെൻ നിത്യനാം ദൈവം-(2)
.....ആഴങ്ങൾ

4. പതിർ മാറ്റി വിളവേൽക്കാൻ
യജമാനനെത്തുമ്പോൾ
കതിർകൂട്ടി വിധിയോതും നേരം (2)
അവനവൻ വിതറുന്ന വിത്തിൻ പ്രതിഫലം
അവനായ് അളന്നിടും ദൈവം (2)
.....ആഴങ്ങൾ

## 354

1. ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് നാം
പരത്തിലേക്കുയരും നാൾ വരുമല്ലോ
വിശുദ്ധന്മാരുയിർക്കും പറന്നുയരും വേഗം
വന്നിടും കാന്തന്റെ മുഖം കാണ്മാൻ

വാനസേനയുമായ് വരും പ്രിയൻ
വാനമേഘേ വരുമല്ലോ
വരവേറ്റം സമീപമായ് ഒരുങ്ങുക സഹജരേ
സ്വർഗ്ഗീയ മണാളനെ എതിരേൽപ്പാൻ

2. അവർ തന്റെ ജനം താൻ അവരോടുകൂടെ
വസിക്കും കണ്ണീരെല്ലാം തുടച്ചീടും നാൾ
മൃത്യുവും ദുഃഖവും മുറവിളിയും
നിന്ദ കഷ്ടതയും ഇനി തീണ്ടുകില്ല
.....വാനസേന

3. കൊടുങ്കാറ്റലറി വന്നു കടലിളകീടിലും
കടലലകളിലെന്നെ കൈ വിടാത്തവൻ
കരം തന്നു കാത്തുസൂക്ഷിച്ചരുമയായി
തന്റെ വരവിൻ പ്രത്യാശയോടെ നടത്തീടുമേ
.....വാനസേന

4. തൻകൃപകളെന്നുമോർത്തു പാടിടും ഞാൻ
തന്റെ മുഖശോഭ നോക്കിക്കൊണ്ടോടീടും ഞാൻ
പെറ്റതള്ള തൻ കുഞ്ഞിനെ മറന്നീടിലും
എന്നെ മറക്കാത്ത മന്നവൻ മാറാത്തവൻ
.....വാനസേന

5. രാപ്പകലും ഒന്നായ് വന്നിടുമേ നാം
രാത്രി വരും മുമ്പെ വേല തീർത്തീടുക
രാത്രി നമ്മെ വിഴുങ്ങുവാനടുത്തിടുമ്പോൾ
വാനിൽ നീതിസൂര്യൻ നമുക്കായുദിച്ചിടുമേ
.....വാനസേന

## 355

ഉണ്ടെനിക്കായൊരു മോക്ഷവീട്
ഇണ്ടലകന്നു ഞാൻ വാഴുമങ്ങ്
ദൈവമുണ്ട് അങ്ങു പുത്രനുണ്ട്
ആത്മാവുണ്ട് ദൈവദൂതരുണ്ട്

1. കൂടാരമാകുന്ന എൻ ഭവനം
വിട്ടകന്നാലെനിക്കേറെ ഭാഗ്യം
കൈകളാൽ തീർക്കാത്ത മോക്ഷവീട്ടിൽ
തിട്ടമായിട്ടങ്ങു ചെന്നുചേരും-

.......ഉണ്ടെ

2. കർത്തനേശു തന്റെ പൊൻകരത്താൽ
ചേർത്തിടുമായതിലെന്നെയന്ന്
ഒട്ടുനാൾ കണ്ണുനീർപെട്ടതെല്ലാം
പെട്ടെന്നു നീങ്ങിടുമേ തിട്ടമായ്

.......ഉണ്ടെ

3. പോകാമെനിക്കെന്റെ രക്ഷകന്റെ
രാജ്യമതിനുള്ളിൽ വാസം ചെയ്യാം
രോഗം ദുഃഖം പീഢയൊന്നുമില്ല
ദാഹം വിശപ്പുമങ്ങൊട്ടുമില്ല-

......ഉണ്ടെ

## 356

1. എനിക്കായൊരുത്തമ സമ്പത്ത്
സ്വർഗ്ഗരാജ്യത്തിലൊരുക്കുന്നതാൽ
ഇനി ലോകത്തെ സ്നേഹിച്ചീടുവാൻ
ഒരു കാലത്തും പോകയില്ല ഞാൻ

എന്റെ ആയുസ്സിൻ ദിനമൊക്കെയും
നിന്നെ മാത്രം ഞാനിനി സേവിക്കും
എന്റെ പ്രാണനായകനേശുവേ!
നിന്റെ സ്നേഹം നീയെനിക്കേകിടണേ

2. ഏഴയാകുന്നോരെന്നെ സ്നേഹിച്ച
നിന്റെ സ്നേഹമെത്രയോ ആശ്ചര്യം
എന്റെ പാപശാപങ്ങൾ നീക്കിനിൻ
തിരുജീവനാൽ എന്നെ നിറച്ചല്ലോ-
....എന്റെ

3. എന്റെ ദേഹവും തിരു ആലയമായ്
നിന്റെ ആത്മാവേ എനിക്കേകിയതാൽ
തിരുനാമത്തിൻ മഹത്വത്തിനായ്
ഇനി ജീവിപ്പാൻ കൃപ നൽകുക
....എന്റെ

4. പ്രിയൻ തേജസ്സിൽ വെളിപ്പെടും നാളിൽ
ഞാനും തേജസ്സിൻ മുമ്പിൽ നില്ക്കുവാൻ
എന്റെ ദേഹവും ദേഹി ആത്മാവും
സമ്പൂർണ്ണമായ് സമർപ്പിക്കുന്നേ
....എന്റെ

# 357

എനിക്കേശുവുണ്ടീ മരുവിൽ
എല്ലാമായെന്നുമെന്നരികിൽ

1. ഞാനാകുലനായിടുവാൻ
മനമേയിനി കാര്യമില്ല (2)
ദിനവും നിനക്കവൻ മതിയാം.... (2)

എനി

2 കടും ശോധന വെളയിലും
പാടിയെൻമനമാശ്വസിക്കും (2)
നേടും ഞാനതിലനുഗ്രഹങ്ങൾ... (2)

എനി

3. പാരിലെന്നുടെ നാലുകളീ
പരനേശുവേ സേവിച്ചു ഞാൻ (2)
കരഞ്ഞിന്നു വിതച്ചീടുന്നു.... (2)

എനി

4. ഒന്നു മാത്രമെന്നാഗ്രഹമേ
എന്നെ വീണ്ടെടുത്ത നാഥനെ (2)
മന്നിൽ എവിടെയും കീർത്തിക്കണം...(2)

എനി

5. നീറുമെന്നുടെ വേദനകൾ
മാറും ഞാനങ്ങു ചെന്നിടുമ്പോൾ (2)
മാറിൽ ചേർത്തു കണ്ണീർ തുടയ്ക്കും...,(2)

എനി

# 358

എൻ പ്രിയൻ യേശുവിൻ നാമം
എനിക്കു നല്ല പ്രത്യാശയേകുന്ന നാമം
എന്നാശ യേശുവിൽ മാത്രം
എനിക്കു നിത്യരക്ഷയും യേശുവിൽ മാത്രം

1. സങ്കടക്കടലിൽ വീണു താണുപോയെന്നെ
വലം കരത്താലെ പിടിച്ചുയർത്തിയവൻ
എന്റെ നാവിൽ പുതിയൊരു പാട്ടു തന്നു
എന്റെ ഉള്ളിൽ പുതിയ പ്രതീക്ഷയേകി
എന്നുമെന്നും വൻകൃപയെ പകർന്നുതന്ന
....എൻ പ്രിയൻ

2. ലോകത്തിൻ തമസ്സിൽ അകപ്പെട്ടുപോയെന്നെ
തൻപ്രകാശധാരയിൻ നടുവിലാക്കിയേ
എന്റെ വഴിയിൽ ദിവ്യവെളിച്ചമേകി
എന്റെ കാലുകൾക്കു നല്ല വേഗതയേകി
എന്നുമെന്നും എന്റെ കൂടെ നടന്നീടുന്ന
....എൻ പ്രിയൻ

3. പരീക്ഷകൾ പീഢനങ്ങൾ അനവധിയാം
വിശ്വാസത്തിൻ ശോധനകൾ നിരന്തരമാം
അവയെല്ലാം ജയിപ്പാൻ ശക്തിയേകുന്ന
വിശ്വാസത്തിൻ പാറമേൽ ഉറപ്പിച്ചീടുന്ന
എന്നുമെന്നും എന്റെ ഉള്ളിൽ വാസം ചെയ്യുന്ന
....എൻ പ്രിയൻ

# 359

എന്റെ സങ്കേതവും ബലവും
എനിക്കേറ്റം അടുത്ത തുണയും
ഏതൊരാപത്തിലും ഏതു നേരത്തിലും
എനിക്കെന്നുമെൻ ദൈവമത്രേ (2)

1. ഇരുൾ തിങ്ങിടും പാതകളിൽ
കരൾ വിങ്ങിടും വേളകളിൽ
അരികിൽ വരുവാൻ കൃപകൾ തരുവാൻ
ആരുമില്ലിതു പോലൊരുവൻ (2)
.....എന്റെ

2. എല്ലാ ഭാരങ്ങളും ചുമക്കും
എന്നും താങ്ങിയെന്നെ നടത്തും
കർത്തൻ താൻ കരത്താൽ
കണ്ണുനീർ തുടയ്ക്കും
കാത്തുപാലിക്കുമെന്നെ നിത്യം (2)
.....എന്റെ

3. ഇത്ര നല്ലവനാം പ്രിയനെ
ഇദ്ധരയിൽ രുചിച്ചറിവാൻ
ഇടയായതിനാൽ ഒടുവിൽ വരെയും
ഇനിയെനിക്കെന്നും താൻ മതിയാം (2)
.....എന്റെ

4. എന്നെ തന്നരികിൽ ചേർക്കുവാൻ
എത്രയും വേഗം വന്നീടും താൻ
പുത്തനാം ഭവനം എത്തി വിശ്രമിപ്പാൻ
ആർത്തിയോടെ ഞാൻ കാത്തിരിപ്പൂ (2)
.......എന്റെ

## 360

1. എന്തു നല്ലോർ സഖി യേശു-
പാപദുഃഖം വഹിക്കും
എല്ലാം യേശുവോടുചെന്നു
ചൊല്ലീടുമ്പോൾ താൻ കേൾക്കും
നൊമ്പരമേറെ സഹിച്ചു
സമാധാനങ്ങൾ നഷ്ടം
എല്ലാം യേശുവോടു ചെന്നു,
ചൊല്ലീടായ്ക നിമിത്തം

2. കഷ്ടം ശോധനകളുണ്ടോ
എവ്വിധ ദുഃഖങ്ങളും
ലേശവുമധൈര്യം വേണ്ടാ,
ചൊല്ലാം യേശുവോടെല്ലാം
ദുഃഖം സർവ്വം വഹിക്കുന്ന
മിത്രം മറ്റാരുമുണ്ടോ?
ക്ഷീണമെല്ലാം അറിയുന്ന
യേശുവോടു ചൊല്ലീടാം

3. ഉണ്ടോ ഭാരം വൈഷമ്യങ്ങൾ
തുമ്പങ്ങളും അസംഖ്യം
രക്ഷകനല്ലോ സങ്കേതം
യേശുവോടറിയിക്കാം
മിത്രങ്ങൾ നിന്ദിക്കുന്നുണ്ടോ?
പോയ് ചൊല്ലേശുവോടെല്ലാം
ഉള്ളംകയ്യിൽ ഈശൻ കാക്കും
അങ്ങുണ്ടാശ്വാസമെല്ലാം

## 361

1. എന്തു സന്തോഷം എന്തോരാനന്ദം
എന്റെ പ്രിയൻ കൂടെ വാഴുമ്പോൾ (2)
എന്റെ ദുഃഖങ്ങൾ അന്നു മാറിടും
എന്റെ കഷ്ടങ്ങൾ അന്നു തീർത്തിടും (2)

2. പുത്തനെരുശലേം നഗരം
ശുദ്ധിമാന്മാർക്കൊരുക്കീടുന്നു (2)
ശുദ്ധജലപളുങ്കുനദി
തീരമതിലണഞ്ഞിടും ഞാൻ (2)
....എന്തു സന്തോഷം

3. രാത്രിയൊന്നും അവിടെയില്ല
കുഞ്ഞാടതിൻ വിളക്കായിടും (2)
പ്രകാശിക്കും കർത്തനെന്റെ മേൽ
രാജാക്കന്മാരായി വാണിടും (2)
....എന്തു സന്തോഷം

4. ശാപമൊന്നുമവിടെയില്ല
ദോഷമൊന്നുമവിടെയില്ല (2)
ദൈവമുഖം കണ്ടു നിത്യവും
ആരാധിക്കും തന്റെ ദാസന്മാർ (2)
....എന്തു സന്തോഷം

## 362

എല്ലാ പ്രതികൂലങ്ങളും മാറും
ശുഭദിനമാഗതമാകും
തളരാതെ നിന്നാൽ പതറാതെ നിന്നാൽ
ലജ്ജിച്ചു പോകയില്ല നാം ലജ്ജിച്ചു പോകയില്ല

1. ഒന്നുമില്ലായ്മയിലും
എല്ലാം ഉള്ളവനെപ്പോലെ
എന്നെ നടത്തുന്നവൻ
എന്നുമെന്നും കൂടെയുള്ളവൻ (2)
....എല്ലാ

2. വാതിലുകൾ അടയുമ്പോൾ
ചെങ്കടൽ പിളർന്നതുപോൽ
എന്നെ നടത്തുന്നവൻ
എന്നുമെന്നും കൂടെയുള്ളവൻ (2)
....എല്ലാ

3. ആരുമില്ലാതേകനാകുമ്പോൾ
കൂടെയുണ്ടെന്നരുളിയവൻ
എന്നെ നടത്തുന്നവൻ
എന്നുമെന്നും കൂടെയുള്ളവൻ (2)
....എല്ലാ

# 363

ഒന്നുകൊണ്ടും ആകുലരായ്
തീർന്നീടേണ്ടാ സോദരരേ
യേശുനാഥൻ നീക്കിടും തൻ
മക്കളുടെ ക്ലേശമെല്ലാം

1. പുലർത്തുന്നു കുരുവികളെ
സ്വർഗ്ഗനാഥൻ കരുണയോടെ
വിതയുമില്ല കൊയ്ത്തുമില്ല
അവയ്ക്കെല്ലാം നൽകുന്നവൻ
....ഒന്നുകൊണ്ടും

2. വയലിൽ വളർന്നിടുന്ന
താമരയെ നോക്കിടുവീൻ
അണിയിക്കുന്നു ദൈവമതിനെ
ശോഭയേറും വർണ്ണങ്ങളാൽ
....ഒന്നുകൊണ്ടും

3. നാളെക്കായി എന്തിനു നാം
വ്യാകുലരായ് തീർന്നിടുന്നു
നമുക്കുവേണ്ടി കരുതിടുന്നു
വേണ്ടതെല്ലാം നാഥനവൻ
....ഒന്നുകൊണ്ടും

4. കൂടെയുണ്ട് സർവ്വനാഥൻ
വഴികാട്ടും ഇടയനെപ്പോൽ
ശത്രുസൈന്യം വലയം ചെയ്കിലും
ഭീതി വേണ്ട കാത്തിടും താൻ
....ഒന്നുകൊണ്ടും

## 364

1. ഒന്നുമില്ലായ്മയിൽ നിന്നെന്നെ
നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായ് സ്നേഹിച്ചെന്നെ നിന്റെ
പുത്രനെ തന്നു രക്ഷിച്ചു നീ

നിൻ മഹാ കൃപയ്ക്കായ്
നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും (2)

2. ഈ ലോകത്തിൽ വന്നേശു എന്റെ
മാലൊഴിപ്പാൻ സഹിച്ചു, ബഹു
പീഢകൾ സങ്കടങ്ങൾ പങ്ക-
പ്പാടുകൾ നീച മരണവും
.....നിൻമഹാ

3. മോചനം വീണ്ടും ജനനവും
നീചപാപിയെന്നിൽ വസിപ്പാൻ
നിന്നാത്മാവിന്റെ ദാനവും നീ
തന്നു സ്വർഗ്ഗാനുഗ്രഹങ്ങളും
.....നിൻ മഹാ

4. അന്നവസ്ത്രാദി നന്മകളെ
എണ്ണമില്ലാതെന്മേൽ ചൊരിഞ്ഞു
തിന്മകൾ സർവ്വത്തിൽ നിന്നെന്നെ
കണ്മണിപോലെ കാക്കുന്നു നീ
.....നിൻമഹാ

5. നാശം ഇല്ലാത്തവകാശവും,
യേശുവിൻ ഭാഗ്യ സന്നിധിയും
നീതിയിൻ വാടാമുടിയതും
നിൻ മക്കൾക്കു സ്വർഗ്ഗെ ലഭിക്കും
....നിൻ മഹാ

## 365

കരുതുന്നവൻ ഞാനല്ലയോ
കലങ്ങുന്നതെന്തിനു നീ
കണ്ണുനീരിന്റെ താഴ്‌വരയിൽ
കൈവിടുകയില്ല ഞാൻ നിന്നെ (2)

1. എന്റെ മഹത്വം കാണുക നീ
എന്റെ കൈയ്യിൽ തരിക നിന്നെ
എന്റെ ശക്തി ഞാൻ നിന്നിൽ പകർന്നു
എന്നും നടത്തിടും ധരയിൽ (2)
.....കരുതുന്നവൻ

2. എല്ലാവരും നിന്നെ മറന്നാൽ
ഞാൻ നിന്നെ മറന്നീടുമോ
എന്റെ കരത്തിൽ നിന്നെ വഹിച്ച്
എന്നും നടത്തിടും കൃപയിൽ (2)
.....കരുതുന്നവൻ

3. അബ്രഹാമിന്റെ ദൈവം അല്ലയോ
അത്ഭുതം ഞാൻ ചെയ്കയില്ലയോ
ചെങ്കടലിലും വഴിതുറപ്പാൻ
ഞാൻ ഇന്നും ശക്തനല്ലയോ (2)
.....കരുതുന്നവൻ

# 366

1. കരുണയിൻ നാഥൻ കരംപിടിച്ചെന്നെ
അനുദിനം നടത്തിടുന്നു
കരുതുവാൻ താതൻ കൂടെയുള്ളതിനാൽ
ആകുലമേതുമില്ല

എൻ മനമേ ആനന്ദിക്ക
തൻ നന്മകൾ ഓർത്തിടുക (2)
കരുതുവാൻ താതൻ കൂടെയുള്ളതിനാൽ
ആകുലമേതുമില്ല (2)

2. ജീവിതയാത്രയിൽ ഏകനായ് പോകിലും
കൂടെ നടന്നിടുന്നു
ഇരുൾ തിങ്ങും പാതയിൽ ദീപം പകർന്നെന്നെ
ഇടറാതെ നടത്തിടുന്നു
....എൻ മനമേ

3. നവ്യമാം ജീവൻ നിറവായ് ചൊരിഞ്ഞെന്നെ
നിരന്തരം പുതുക്കിടുന്നു
നന്ദിയോടെന്നുള്ളം പാടിപുകഴ്ത്തും
ഉന്നതൻ നന്മകളെ
....എൻ മനമേ

4. നീതിയിൻ സൂര്യൻ പാരിലുദിക്കും
നേരം ഞാൻ നമിച്ചീടുമേ
നേരായ് നടപ്പോർ പരലോകം പൂകും
നേരം ഞാൻ ചേർന്നിടുമേ
....എൻ മനമേ

# 367

1. കർത്താവു താൻ ഗംഭീര നാദത്തോടും
പ്രധാന ദൈവദൂത ശബ്ദത്തോടും
സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നിടുമ്പോൾ
എത്രയോ സന്തോഷം ...... (3)
മദ്ധ്യാകാശത്തിൽ

2. മണ്ണിലുറങ്ങീടുന്ന ശുദ്ധിമാന്മാർ
കാഹളനാദം കേൾക്കുന്ന മാത്രയിൽ
പെട്ടെന്നുയിർത്തു വാനിൽ ചേർന്നീടുമേ
തീരാത്ത സന്തോഷം......(3)
പ്രാപിക്കുമവർ

3. ജീവനോടീ ഭൂതലേ പാർക്കും ശുദ്ധർ
രൂപാന്തരം പ്രാപിക്കുമാ നേരത്തിൽ
ഗീതസ്വരത്തോടും ആർപ്പോടും കൂടെ
വിണ്ണുലകം പൂകും ...... (3)
ദൂതതുല്യരായ്

4. കുഞ്ഞാട്ടിൻ കല്യാണ മഹൽദിനത്തിൽ
തന്റെ കാന്തയാകും വിശുദ്ധ സഭ
മണിയറയ്ക്കുള്ളിൽ കടക്കുമന്നാൾ
എന്തെന്തു സന്തോഷം ...... (3)
ഉണ്ടാമവൾക്ക്

5. സിദ്ധന്മാരാം പൂർവ്വപിതാക്കളെല്ലാം
മദ്ധ്യാകാശത്തിൽ കല്യാണവിരുന്നിൽ
ക്ഷണിക്കപ്പെട്ടു പന്തിയിരിക്കുമ്പോൾ
ആമോദമായ് പാടും(3)
ശാലേമിൻ ഗീതം

6. രാജത്വം പ്രാപിച്ചു താൻ ഭൂതലത്തിൽ
ആയിരമാണ്ടു വാഴാൻ വന്നിടുമ്പോൾ
ശത്രുവാം സാത്താനെ ബന്ധിച്ചിട്ടന്നു
വാണീടും ഭൂമിയിൽ ...... (3)
രാജാധിരാജൻ

7. അത്യുന്നതനായവന്റെ ശുദ്ധർക്കു
രാജ്യം വിഭജിക്കുന്ന നാൾ വരുന്നു
രാജാക്കളായിട്ടവർ വാണീടുമേ
ഹാ! എന്തു സന്തോഷം ....... (3)
സ്വർഗ്ഗയുഗത്തിൽ

8. ദേവാധി ദേവൻ സർവ്വത്തിനും മീതെ
തൻ കൂടാരം വിശുദ്ധർ മദ്ധ്യത്തിലും
എന്നേക്കുമവർ തന്നെക്കണ്ടു മോദാൽ
ഹല്ലേലുയ്യാ പാടും ........(3)
നിത്യയുഗത്തിൽ

## 368

കഷ്ടങ്ങൾ സാരമില്ല
കണ്ണുനീർ സാരമില്ല
നിത്യതേജസ്സിൻ ഘനം ഓർത്തിടുമ്പോൾ
നൊടിനേരത്തേക്കുള്ള
കഷ്ടങ്ങൾ സാരമില്ല ......
കണ്ണുനീർ സാരമില്ല ........

1. പ്രിയന്റെ വരവിൻ ധ്വനി മുഴങ്ങും
   പ്രാക്കളെ പോലെ നാം പറന്നുയരും
   പ്രാണന്റെ പ്രിയനാം മണവാളനിൽ
   പ്രാപിക്കും സ്വർഗ്ഗീയ മണിയറയിൽ
   ....കഷ്ടങ്ങൾ

2. മണവാളൻ വരും വാനമേഘമതിൽ
   മയങ്ങാൻ ഇനിയും സമയമില്ല
   മദ്ധ്യാകാശത്തിങ്കൽ മഹൽദിനത്തിൽ
   മണവാട്ടിയായ് നാം പറന്നുപോകും
   ....കഷ്ടങ്ങൾ

3. ജാതികൾ ജാതിയോടെതിർത്തിടുമ്പോൾ
   ജഗത്തിൻ പീഡകൾ പെരുകിടുമ്പോൾ
   ജീവിതഭാരങ്ങൾ വർദ്ധിച്ചിടുമ്പോൾ
   ജീവന്റെ നായകൻ വേഗം വന്നിടും
   ....കഷ്ടങ്ങൾ

4. യുദ്ധവും ക്ഷാമവും ഭൂകമ്പങ്ങളും
   യുദ്ധത്തിൻ ശ്രുതിയും കേൾക്കുന്നില്ലയോ
   യിസ്രയേലിൻ ദൈവം എഴുന്നള്ളുന്നേ
   യേശുവിൻ ജനമേ ഒരുങ്ങുക നാം
   ....കഷ്ടങ്ങൾ

# 369

കഷ്ടങ്ങൾക്കു സ്ഥാനമുണ്ട് - എല്ലാ
ദുഃഖങ്ങൾക്കും ഹേതുവുണ്ട്

ദൈവസ്നേഹം അറിഞ്ഞവർക്കും
ദൈവവിളി ലഭിച്ചവർക്കും
നന്മയ്ക്കായ് വ്യാപരിപ്പാൻ
വിശ്വാസത്തിൻ ശോധനയാം
....കഷ്ടങ്ങൾക്കു

1. കുശവൻ തൻ കരങ്ങളിലെ
കളിമണ്ണുപോൽ നമ്മെ താൻ
രൂപവും ഭാവവുമേകി
നിരന്തരം പണിയുകയാൽ
.....ദൈവസ്നേഹം

2. കഷ്ടതകൾ സഹനത്തേയും
സഹിഷ്ണത സിദ്ധതയേയും
പരിജ്ഞാനം പ്രത്യാശയേയും
വിശ്വാസത്താൽ ജ്വലിപ്പിയ്ക്കയാൽ
.....ദൈവസ്നേഹം

3. വിശ്വാസത്തിൽ വളർന്നീടുവാൻ
വിശ്വസ്തരായ് വിളങ്ങീടുവാൻ
വിശുദ്ധിയിൽ തികഞ്ഞീടുവാൻ
തിരുഹിതം നിവർത്തിച്ചീടാൻ
.....ദൈവസ്നേഹം

## 370

കഷ്ടങ്ങളിലും പതറിടല്ലേ
കണ്ണുനീരിലും തളർന്നീടല്ലേ
ഞാനെന്നും നിന്റെ ദൈവം
നിയെന്നും എന്റേതല്ലോ (2)

1. നിന്റെ വിശ്വാസമോ ഭംഗം വരികയില്ലാ
അതു പ്രാപിച്ചിടും നിശ്ചയം
അതു പ്രാപിക്കുമ്പോൾ നഷ്ടം ലാഭമാകും
ദുഃഖം സന്തോഷമായി മാറും (2)
....കഷ്ടങ്ങളിലും

2. നിന്നെ തകർക്കുവാനോ നിന്നെ മുടിക്കുവാനോ
അല്ലല്ല ഈ വേദന
നിന്നെ പണിതെടുത്ത് നല്ല പൊന്നാക്കുവാൻ
അല്ലയോ ഈ ശോധന (2)
....കഷ്ടങ്ങളിലും

## 371

കാന്തനെ കാണുവാനാർത്തി വളരുന്നേ
ഇല്ല പ്രത്യാശ മറ്റൊന്നിലും
കണ്ടാലും വേഗം ഞാൻ വന്നീടാമെന്നു
ര-
ചെയ്ത പ്രിയൻ വരും നിശ്ചയം-

1. പാഴ്മരുഭൂമിയിൽ ക്ലേശം സഹിക്കുകിൽ
നിത്യതുറമുഖത്തെത്തും ഞാൻ
വിശ്രമിച്ചീടും ഞാൻ നിത്യകൊട്ടാരത്തിൽ
നിസ്തുല്യമായ പ്രതാപത്തിൽ-
.....കാന്തനെ

2. തമ്മിൽ തമ്മിൽ കാണും
ശുദ്ധന്മാർ വാനത്തിൽ
കോടാകോടി ഗണം തേജസ്സിൽ
സർവ്വാംഗസുന്ദരൻ ആകുമെൻ പ്രിയനെ
കാണാമതിൻ മദ്ധ്യേ ഏഴയും-
.....കാന്തനെ

3. ഞാൻ നിനക്കുള്ളവൾ നീയെനിക്കുള്ളവൻ
ഇന്നലെയും ഇന്നും എന്നേക്കും
കണ്ടാൽ മതിവരാ സുന്ദരരൂപനെ
കൂടികാണ്മാൻ വാഞ്ഛയേറുന്നേ-
.....കാന്തനെ

# 372

കാണുന്നു ഞാൻ യാഹിൽ
എനിക്കാശ്രയമായൊരു ശാശ്വതപാറ-
കാണുന്നു ഞാൻ യാഹിൽ

1. സുസ്ഥിര മാനസനേവനുമെൻ യാഹിൽ
ആശ്രയം വയ്ക്കുകിൽ അനുദിനം നാഥൻ
കാത്തിടുമവനെ നൽ സ്വസ്ഥതയോടെ
പാർത്ഥിവനവൻ തിരുക്കരങ്ങളിലെന്നും-
....കാണുന്നു

2. കുന്നുകളകലും വൻ പർവ്വതനിരയും
തന്നിടം വിട്ടു പിന്മാറിയെന്നാലും
നീങ്ങുകില്ലവൻ ദയ എന്നിൽ നിന്നതുപോൽ
നിലനിൽക്കും സമാധാന നിയമവും നിത്യം-
.....കാണുന്നു

3. ജ്വലിക്കിലുമവൻ കോപം ക്ഷണനേരം മാത്രം
നിലനിൽക്കും പ്രസാദമോ ജീവാന്ത്യത്തോളം
വസിക്കിലും നിലവിളി രാവിലെൻകൂടെ
ഉദിക്കുമേ ഉഷസ്സതിൽ ആനന്ദഘോഷം-
....കാണുന്നു

4. ചെയ്കയില്ലവൻ നമ്മൾ
പാപത്തിനൊത്തപോൽ
പ്രതിഫലമരുളുന്നില്ലകൃത്യങ്ങൾ ഗണിച്ചും
വാനമീ ഭൂവിൽനിന്നുയർന്നിരിപ്പതുപോൽ
പരൻ ദയ ഭക്തർമേൽ വലിയതുതന്നെ-
....കാണുന്നു

5. ഒടിക്കുകില്ലവനേറ്റം ചതഞ്ഞതാം ഓട
കെടുത്തുകില്ലവൻ തിരി പുക വമിക്കുകിലും
നടത്തും തൻ വിധി ജയം
ലഭിക്കും നാൾവരെയും
തളരാതെ അവൻ ഭൂവിൽ
സ്ഥാപിക്കും ന്യായം-
.....കാണുന്നു

6. വഴുതിടാതവനെന്നെ കരങ്ങളിൽ കാത്തു-
നിറുത്തും തൻ മഹിമയിൻ
സവിധത്തിൽ നാഥൻ
കളങ്കമറ്റാനന്ദപൂർണ്ണതയോടെ
ഭവിക്കട്ടെ മഹത്വമങ്ങവനെന്നും ആമേൻ-
.....കാണുന്നു

# 373

1. കാൽവറി ക്രൂശിൽ കാണും
സ്നേഹത്തിൻ പൂർണ്ണത
ശത്രുവാം എന്നെ ദൈവം മിത്രമാക്കിയേ
രക്തവും ചിന്തി യേശു എന്നെ രക്ഷിപ്പാനായ്
ഈ സ്നേഹസ്വരൂപനെൻ
ആത്മസ്നേഹിതൻ (2)

ദുഃഖത്തിൽ ആശ്വാസമായ്
രോഗത്തിൽ എൻ സൗഖ്യമായ്
ഘോരവിപത്തുകളിലെന്നെ താൻ
ശാശ്വത ഭുജങ്ങളാൽ മാർവ്വോടണച്ചിടും
ഈ സ്നേഹസ്വരൂപനെൻ
ആത്മസ്നേഹിതൻ (2)

2. ക്രിസ്തുവിൻ സ്നേഹമെന്നെ
നിർബന്ധിക്കുന്നതാൽ
എന്നെത്തന്നെ മറന്നെൻ
ക്രൂശെടുത്തു ഞാൻ
നിന്ദയും ചുമന്നു പോം പാളയത്തിൻ പുറം
ഈ സ്നേഹസ്വരൂപനെൻ
ആത്മസ്നേഹിതൻ (2)

....ദുഃഖ

3. തൻ പുനരുദ്ധാനത്തിൻ
ശക്തി ഞാൻ ധരിക്കുവാൻ
തൻ മരണത്തോടങ്ങേകിഭവിക്കുവാൻ
ക്രിസ്തുവിൻ കഷ്ടങ്ങളിൽ പങ്കാളിയാക്കുന്ന
ഈ സ്നേഹസ്വരൂപനെൻ
ആത്മസ്നേഹിതൻ (2)

.....ദുഃഖ

4. ഒരിക്കലും ഒരിക്കലും ഞാൻ
കൈവിടുകയില്ല നിന്നെ
ഭയപ്പെടാതെ ഞാൻ നിൻ കൂടെയുള്ളതാൽ
തീയിൽ കൂടെ നടന്നാൽ
നീ വെന്തുപോകുമോ
പെരുവെള്ളങ്ങൾക്കു നിന്നെ
മുക്കാൻ കഴിയുമോ (2)

.....ദുഃഖ

5. മുൻപടയായ് പിൻപടയായ്
അഗ്നിമേഘത്തൂണുകൾ
സൈന്യങ്ങളിൽ അധിപൻ കൂടെയുള്ളതാൽ
യുദ്ധം യഹോവയ്ക്കുള്ള
തെന്നോർത്തു കൊള്ളുക
തൻ സ്നേഹക്കൊടിക്കീഴിൽ
ആർത്തുഘോഷിക്ക (2)

....ദുഃഖ

## 374

കൂടുവിട്ടൊടുവിൽ ഞാനെൻ നാട്ടിൽ
വീടിന്റെ മുമ്പിലെത്തും
പാടിടും ജയഗീതമേ ഞാൻ
പങ്കപ്പാടുകളേറ്റവനായ്

1. ഉറ്റവർ സ്നേഹിതർ പക്ഷം തിരിഞ്ഞു നിന്നു
മുറ്റും വിടക്കെന്നെണ്ണി തള്ളിടുമ്പോൾ
പറ്റിച്ചേർന്നവൻ നിൽക്കുമേ ഒടുവിൽ
പക്ഷത്തു ചേർത്തീടുമേ
.....കൂടുവിട്ടൊ

2. ലോകം എനിക്കുവേണ്ട
ലോകത്തിനിമ്പം വേണ്ട
പോകണം യേശുവിൻ പാത നോക്കി
ഏകുന്നു സമസ്തവും ഞാൻ എന്റെ
ഏക നാഥനെ നിനക്കായ്
.....കൂടുവിട്ടൊ

3. പ്രാപഞ്ചികമാകും പ്രാകൃതമെല്ലാം മാറും
പ്രാണപ്രിയൻ കൂടെ എത്തിടുമ്പോൾ
പ്രാക്കൾ കണക്കെ പറക്കും ഞാനന്ന്
പ്രാപിക്കും രൂപാന്തരം
.....കൂടുവിട്ടൊ

## 375

തേജസ്സിലേശുവിൻ പൊൻമുഖം
ഞാൻ കാണും
കാലമേറ്റം ആസന്നമേ
അതെന്നാശയെ അതെന്നാനന്ദമേ
അതെൻ പ്രത്യാശയിൻ പ്രദീപമേ

1. ആനന്ദദായകനാം എൻ
പ്രിയനെ കണ്ടിടുമ്പോൾ
കണ്ണുനീരെല്ലാം നീങ്ങിടുമേ-
എന്റെ അല്ലലാകെ അകന്നിടും
എനിക്കാനന്ദമെ യുഗായുഗം-
......തേജ

2. വാഗ്ദത്തനാടതിലെ ശാശ്വതമാം വീട്ടിലെൻ
സേവകർ ദൈവദൂതരല്ലോ
ദൈവ പൊൻമുഖം ദിനം കണ്ടിടും
ശുദ്ധരോടൊന്നായ് ഞാൻ സ്തുതിച്ചിടും-
.....തേജ

3. ഈ മണ്ണിലെന്റെ ക്ലേശമല്പകാലം മാത്രം
മാഞ്ഞുപോം അതു കിനാവുപോൽ
നിത്യ തേജസ്സിൻ ഘനമാണതിൻ ഫലം
എൻ പ്രിയനന്നു നൽകീടും-
.....തേജ

4. ഹാ! ഇത്ര ഭാഗ്യമെൻ ജീവിതത്തിനേകിയ
പ്രാണപ്രിയനെൻ പ്രമോദമെ
അവനെന്റെ ഉപനിധി കാത്തിടും
വാന മേഘത്തിലെന്നെ ചേർത്തിടും-
....തേജ

# 376

1. ദുഃഖത്തിന്റെ പാനപാത്രം
കർത്താവെന്റെ കൈയിൽ തന്നാൽ
സന്തോഷത്തോടതുവാങ്ങി
ഹല്ലേലുയ്യാ പാടിടും ഞാൻ

2. ദോഷമായിട്ടൊന്നും എന്നോടെന്റെ
താതൻ ചെയ്കയില്ല
എന്നെയവൻ അടിച്ചാലും
അവനെന്നെ സ്നേഹിക്കുന്നു

3. കഷ്ടനഷ്ടമേറി വന്നാൽ
ഭാഗ്യവാനായ് തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോടു
കൂട്ടാളിയായ് തീരുന്നു ഞാൻ

4. ലോക സുഖമെന്തു തരും
ആത്മക്ലേശമതിൻ ഫലം
സൗഭാഗ്യമുള്ളാത്മ ജീവൻ
കഷ്ടതയിൽ വർദ്ധിക്കുന്നു

5. ജീവനത്തിൻ വമ്പുവേണ്ട
കാഴ്ചയുടെ ശോഭവേണ്ട
കൂടാരത്തിൻ മൂടിപോലെ
ക്രൂശിൻ നിറം മാത്രം മതി

6. ഉള്ളിലെനിക്കെന്തു സുഖം
തേജസ്സേറും ഖെറൂബുകൾ
കൂടാരത്തിനകത്തുണ്ട്
ഷെക്കീനായും ഉണ്ടവിടെ

7. ഭക്തന്മാരാം സഹോദരർ
വിളക്കുപോൽ കൂടെയുണ്ട്
പ്രാർത്ഥനയിൻ ധൂപമുണ്ട്
മേശമേലെന്റപ്പമുണ്ട്

8. പ്രാകാരത്തിലെന്റെ മുമ്പിൽ
യേശുവിനെ കാണുന്നു ഞാൻ
യാഗപീഠമവനത്രേ
എന്നുമെന്റെ രക്ഷയവൻ

9. ദിനംതോറും പുതുക്കുന്ന
ശക്തിയെന്നിൽ പകരുവാൻ
സ്വച്ഛജലം വെച്ചിട്ടുള്ള
പിത്തളത്തൊട്ടിയുമുണ്ട്

10. ലോകത്തെ ഞാനോർക്കുന്നില്ല
കഷ്ട നഷ്ടമോർക്കുന്നില്ല
എപ്പോളെന്റെ കർത്താവിനെ
ഒന്നു കാണാമെന്നേയുള്ളു

## 377

ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചീടും അവനുടെ ചുവടുകളെ (2)

1. ഇഹലോകമോ തരികില്ലൊരു
സുഖവും മനഃശാന്തിയതും
എന്റെ യേശുവിന്റെ തിരുസന്നിധിയിൽ
എന്നും ആനന്ദം ഉണ്ടെനിക്ക്......
.....ദൈവ

2. മനോവേദന പലശോധന
മമ ജീവിത പാതയതിൽ
മാറാതേറിടുമ്പോളാത്മനാഥനവൻ
മാറിൽ ചാരി ഞാനാശ്വസിക്കും......
.....ദൈവ

3. എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാമറിഞ്ഞിടുന്ന
ഏറ്റമടുത്ത സഹായകൻ താൻ .....
....ദൈവ

4. എന്റെ ആയുസ്സിൻ ദിനമൊക്കെയും
തന്റെ നാമമഹത്വത്തിനായ്
ഒരു കൈത്തിരിപോൽ
കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ......
.....ദൈവ

## 378

നമ്മെ നടത്തുന്ന ദൈവമെന്നും കൂടെയുണ്ട്
നമ്മെ താങ്ങിടുന്നവൻ എന്നും കൂടെയുണ്ട്
യിസ്രയേലിന്റെ പരിപാലകൻ യഹോവ
നമ്മെ ക്ഷേമമായ് കാത്തിടുന്നു

1. മരുഭൂപ്രയാണം അതികഠിനം അത്
   ഒഴിയുവാൻ വഴിയില്ലല്ലോ
   അവയിൽ കൂടെ നാഥാ ഇടറിടാതെ
   സുഗമമായ് നടത്തിടണേ
   ക്രൂശിന്റെ നിഴലിൽ നാം ആയിടുക - വേഗം
   ക്രൂശെടുത്തനുഗമിക്കാം

2. പരിശ്രമമെല്ലാം ഫലം തരില്ല അതിൽ
   പരിഭവം ഏതുമില്ല
   പരിക്ഷീണരാകാതെ അണിഞ്ഞു നിൽക്കാം
   വിശ്വാസത്തിൻ രക്ഷാകവചം
   മണവാട്ടി സഭയായി ചേർന്നു നിൽക്കാം
   വിളക്കെടുത്തൊരുങ്ങി നിൽക്കാം

3. കരുതുന്നവർ നമ്മെ കൈവെടിയും അത്
   ലോകത്തിൻ ക്രമമല്ലയോ
   തൻ മക്കളെ ദൈവം കൈവിടില്ല
   ലോകൈകനാഥനവൻ
   സ്നേഹം പകർന്നു നാം മനുജരാകാം ദൈവ-
   സ്നേഹം വെളിപ്പെടുത്താൻ

## 379

1. നവയെറുശലേം പാർപ്പിടം തന്നിലെ
വാസം ഓർക്കുമ്പോൾ-വാസം ഓർക്കുമ്പോൾ
ആനന്ദം കൊണ്ടു നിറയുന്നു
മാനസേ മോദമേറുന്നേ- (2)

2. ആശ്വാസം നൽകാത്തീപ്പാരിലെ വാസത്താൽ
ഉള്ളം നീറുന്നേ, ഉള്ളം നീറുന്നേ
ഈ മരുവാസത്തെ
വേർപിരിഞ്ഞീടുവാനാശയേറുന്നേ (2)

3. കഷ്ടത പട്ടിണിയില്ലാത്ത രാജ്യത്തിൽ
എന്നു ചേരുമോ, എന്നു ചേരുമോ
രാജപുരോഹിതരായവരവിടെ
വാസം ചെയ്യുമേ- (2)

4. തേജസ്കിരണങ്ങൾ മകുടമണിഞ്ഞു
വാഴും ദൂതന്മാർ, വാഴും ദൂതന്മാർ
ശോഭനമായ നൽ തരുക്കളുള്ളോരു
നിത്യനാടതേ- (2)

5. മഹത്വീകരണം പ്രാപിച്ച വൃതന്മാർ
സ്വച്ഛന്ദമായ്, സ്വച്ഛന്ദമായ്
തേജസ്സിൽ വാഴുന്നു മോദമോടായവർ
നാഥനോടൊത്തു (2)

6. പളുങ്കിൻ നദിയാതെരുവിൻ നടുവിൽ
പ്രവഹിക്കുന്നേ, പ്രവഹിക്കുന്നേ
മുത്തിനാൽ നിർമ്മിതം ചെയ്തതാം
പട്ടണം തത്രശോഭിതം (2)

7. നീതിയിൻ സൂര്യനുദിക്കുമേ വേഗത്തിൽ
അല്ലൽ മാറുമേ, അല്ലൽ മാറുമേ
മർത്യമാം ദേഹമമർത്യമായിടുമേ
ദിവ്യശക്തിയാൽ (2)

8. എന്തെന്തു ഭാഗ്യമേ എന്തെന്തു ഭാഗ്യമേ
സന്തതം പാർക്കിൽ, സന്തതം പാർക്കിൽ
കോടി കോടി യുഗം
യേശുവിനോടൊത്തു പാടി വാഴുമേ- (2)

## 380

നിനക്കായ് കരുതും അവൻ നല്ല ഓഹരി
കഷ്ടങ്ങളിൽ നല്ല തുണ യേശു
കണ്ണുനീരവൻ തുടയ്ക്കും

1. വഴിയൊരുക്കുമവൻ ആഴികളിൽ
വലങ്കൈ പിടിച്ചെന്നെ വഴിനടത്തും
വാതിലുകൾ പലതും അടഞ്ഞീടിലും
വല്ലഭൻ പുതുവഴി തുറന്നീടുമേ

2. വാഗ്ദത്തം നമ്മുടെ നിക്ഷേപമേ
വാക്കു പറഞ്ഞവൻ മാറുകില്ല
വാനവും ഭൂമിയും മാറിടുമേ
വചനങ്ങൾക്കോ ഒരു മാറ്റമില്ല

3. രോഗങ്ങളാൽ നീ വലയുകയോ
ഭാരങ്ങളാൽ നീ തളരുകയോ
അടിപ്പിണരാൽ അവൻ സൗഖ്യം തരും
വചനമയച്ചു നിന്നെ വിടുവിച്ചീടും

## 381

നിന്നിലാശ്വാസം കാണാൻ
നിന്നിലാശ്രയം വയ്ക്കാൻ
ഉടയോൻ നീ ചാരെയുള്ളപ്പോൾ ആരും
ഇല്ലെന്നു ചൊല്ലാതിരിപ്പാൻ (2)

നാഥാ വിശ്വാസം താ
താതാ അഭയം താ

1. ജാതികൾ തമ്മിൽ കലഹിക്കുന്നു രാജ്യം
തന്നുള്ളിൽ ഛിദ്രിക്കുന്നു (2)
യുദ്ധങ്ങൾ ക്ഷാമങ്ങൾ ഭൂകമ്പങ്ങൾ മൂലം
ഉള്ളം നടുങ്ങീടുന്നു (2)
.....നാഥാ

2. ആരുമില്ലാശ്രയമെന്നു തോന്നും നേരം
ഏകാന്തവേളകളിൽ (2)
കൂടെ വസിക്കും അനാഥനായ് തള്ളുക
ഇല്ലെന്നു ചൊന്നവനേ (2)
.....നാഥാ

3. ജീവിപ്പിച്ചീടും തിരുവചനം ഞങ്ങൾ
ഉള്ളിൽ കരുതീടുവാൻ (2)
നിത്യതയേകാമെന്നുള്ള നിൻ വാക്കുകൾ
മാറില്ലെന്നോർത്തീടുവാൻ (2)
.....നാഥാ

## 382

നീയെൻ ആശ, നീയെൻ സ്വന്തം
നീ മാത്രമെൻ യേശുവേ

1. കഷ്ടനഷ്ട-ശോധനകൾ
   ശത്രുഭീതി-ഏറുമ്പോൾ (2)
   പ്രാണപ്രിയ-യേശുനാഥാ
   തിരുകരങ്ങളാൽ-താങ്ങണെ (2)
   ....നീയെൻ
2. രോഗഭാര-ക്ഷീണമെല്ലാം
   ഏറിയെന്നിൽ-നീറുമ്പോൾ (2)
   കണ്ണുനീരിൻ താഴ്‌വരയിൽ
   ഏകനായ് ഞാൻ തീരുമ്പോൾ (2)
   ....നീയെൻ
3. ആത്മ വരങ്ങളാൽ-നയിച്ചിടേണം
   അനുദിനം നിൻ-വഴികളിൽ (2)
   എന്റെ ബലവും-കോട്ടയും നീ
   എന്നുമെന്നും-യേശുവേ (2)
   ....നീയെൻ

## 383

1. പുത്തനാം യെറുശലേമിൽ
എത്തും കാലമോർക്കുമ്പോൾ
ഇദ്ധരയിൻ ഖേദമെല്ലാം
മാഞ്ഞുപോകുന്നേ
കഷ്ടത പട്ടിണിയില്ലാത്ത നാട്ടിൽ നാം
കർത്താവൊരുക്കുന്ന സന്തോഷവീട്ടിൽ നാം
തേജസ്സേറും മോഹന കിരീടങ്ങൾ
ധരിച്ചു നാം
രാജരാജനേശുവോടുകൂടെ വാഴുമേ.
....പുത്തനാം

2. നീതി സൂര്യശോഭയാലെന്നല്ലലിരുൾ മാറിടും
ഭീതിയുമനീതിയുമങ്ങില്ലലേശവും
സന്തോഷ ശോഭനം ആ നല്ല നാളുകൾ
ലോകം ഭരിച്ചിടും കർത്താവിന്നാളുകൾ
ശോകം രോഗം യുദ്ധം ക്രുദ്ധ
ജാതികളിൻ വിപ്ലവം
പോകുമെല്ലാമേശു രാജൻ
ഭൂവിൽ വാഴുമ്പോൾ
....പുത്തനാം

3. സത്യശുദ്ധപാതയിൽ നടന്നുവന്ന ശുദ്ധൻമാർ
വീണ്ടെടുക്കപ്പെട്ട സർവ്വ ദൈവമക്കളും
ഉല്ലാസഘോഷമായ് സീയോനിൽ വന്നീടും
ദുഃഖം നെടുവീർപ്പും സർവ്വവും തീർന്നിടും
നിത്യ നിത്യസന്തോഷം
ശിരസ്സിൽ ഹാ വഹിച്ചവർ
നിത്യതയ്ക്കുള്ളിൽ മറയും തീരും കാലവും
.....പുത്തനാം

## 384

പ്രതിസന്ധികളിൽ പ്രത്യാശയരുളി
പ്രതിദിനം വഴിനടത്തും
പരിപാലകനാം പരമോന്നതനേ
സതതമെൻ സ്തുതി നിനക്ക് (2)

1. ഇരുളേറും മരുവിതിലഴലേറി മരുവുമ്പോൾ
   തുണയായെൻ അരികിൽ വന്നോൻ
   വഴികാണാതുഴറിയ വേളയിലെൻ മുമ്പിൽ
   മാർഗ്ഗം തെളിച്ചതും നീ...
   
   .....പ്രതിസന്ധി

2. കരകാണാതാഴിയിൽ കൊടുങ്കാറ്റിലു-
   ലഞ്ഞപ്പോൾ
   അന്തികെ അണഞ്ഞവൻ നീ
   എൻ ചെറുപടകതിലമരത്തിലിരുന്നെന്നെ
   ശാന്തമായ് നയിപ്പതും നീ
   
   .....പ്രതിസന്ധി

3. വൈരികൾ നടുവിലെൻ ഭീതിയകറ്റി നൽ
   മേശയൊരുക്കിയവൻ
   ചെങ്കടൽ നടുവിൽ തൻ വീഥി തുറന്നെന്നെ
   മറുകരയണച്ചതും നീ...
   
   .....പ്രതിസന്ധി

4. ആവശ്യമഖിലവും അനുദിനമറിഞ്ഞെന്നെ
   ആശ്ചര്യമായ് നയിച്ചോൻ
   പരിമിതി വളരെയുണ്ടെന്നിലെന്നാകിലും
   കുറവെന്യേ പുലർത്തുവോൻ നീ..
   
   .....പ്രതിസന്ധി

# 385

മനമെ ചഞ്ചലമെന്തിനായ്
കരുതാൻ വല്ലഭനില്ലയോ ജയവീരനായ്...ആ..ആ..ആ
മനമെ ചഞ്ചലമെന്തിനായ്

1. നാളെയെ നിനച്ചു നടുങ്ങേണ്ട-ദുഃഖ-
വേളകൾ വരുമെന്ന് കലങ്ങേണ്ട
കാലമെല്ലാമുള്ള മനുവേലൻ
കരുതാതെ കൈവിടുമോ..ആ..ആ..ആ

2. വാനിലെ പറവകൾ പുലരുന്നു-നന്നായ്
വയലിലെ താമരകൾ വളരുന്നു
വാനവനായകൻ നമുക്കേതും-
നൽകാതെ മറന്നീടുമോ...ആ...ആ..ആ

3. കൈവിടുകില്ലിനിയൊരുനാളും-എന്നു
വാക്കു പറഞ്ഞവൻ മാറിടുമോ
വാനവും ഭൂമിയും പോയാലും
വാഗ്ദത്തം സുസ്ഥിരമായ്...ആ...ആ...ആ

4. മുന്നമെ ദൈവത്തിൻ രാജ്യവും-നാം അതിൻ
ഉന്നത നീതിയും തേടിടണം
തന്നിടും നായകൻ അതിനോടെ
അന്നന്നു വേണ്ടതെല്ലാം...ആ...ആ...ആ

5. നിൻ വഴി ദേവനെ ഭരമേൽപിക്കുക
നിർണ്ണയമവനതു നിറവേറ്റും
ഭാരം യഹോവയിൽ വെച്ചിടുകിൽ
നാൾതോറും പുലർത്തുമവൻ ...ആ..ആ...ആ

6. വരുവാൻ കാലമടുത്തല്ലോ-അവൻ
ഒരുക്കിയ വീട്ടിൽ ഞാൻ ചേർന്നിടുവാൻ
ഒരു നാളും ഇനി പിരിയാതെ
മരുവും നാമാനന്ദമായ്...ആ...ആ...ആ

## 386

യറുശലേമെൻ ഇമ്പവീടെ
എപ്പോൾ ഞാൻ വന്നുചേരും
ധരണിയിലെ പാടും കേടും
എപ്പോൾ ഇങ്ങൊഴിയും

1. ഭക്തരിൻ ഭാഗ്യതലമേ!
പരിമളസ്ഥലം നീയേ!
ദുഃഖം വിചാരം പ്രയത്നം
നിങ്കലങ്ങില്ലെ!

.....യറു

2. രാവും അന്ധകാരം വെയിൽ
ശീതവും അങ്ങില്ലേ;
ദീപതുല്യം ശുദ്ധരങ്ങു
ശോഭിച്ചീടുന്നേ

....യറു

3. രത്നങ്ങളല്ലോ നിന്മതിൽ
പൊന്നും മാണിക്യങ്ങൾ!
പന്ത്രണ്ടുനിൻ വാതിൽകളും
മിന്നും മുത്തല്ലോ–

......യറു

4. യറുശലേമെൻ ഇമ്പവീടെ
എന്നു ഞാൻ വന്നുചേരും!
പരമരാജാവിൻ മഹത്വം
അരികിൽ കണ്ടീടും!

....യറു

5. ശ്രേഷ്ഠനടക്കാവുകളും
തോട്ടങ്ങളും എല്ലാം
കാട്ടുവാനിണയില്ലാത്ത
കൂട്ട മരങ്ങൾ

...യറു

6. ജീവനദി ഇമ്പശബ്ദം
മേവി അതിലൂടെ
പോവതും ഈരാറുവൃക്ഷം
നില്പതും മോടി–

.....യറു

7. ദൂതരും അങ്ങാർത്തു സദാ
സ്വരമണ്ഡലം പാടി
നാഥനെ കൊണ്ടാടീടുന്ന
ഗീതം മാ മോടി–

.....യറു

8. യറുശലേമിൻ അധിപനീശോ
തിരുമുൻ ഞാൻ സ്തുതി പാടാൻ
വരും വരെയും അരികിൽ ഭവാൻ
ഇരിക്കണം നാഥാ–

....യറു

## 387

1. യഹോവ യിരെ ദാതാവാം ദൈവം
നീ മാത്രം മതിയെനിക്ക്
യഹോവ റാഫാ സൗഖ്യദായകൻ
തൻ അടിപ്പിണരാൽ സൗഖ്യം
യഹോവ ശമ്മ കൂടെയിരിക്കും
നൽകുമെൻ ആവശ്യങ്ങൾ

നീ മാത്രം മതി (2)
നീ മാത്രം മതിയെനിക്ക്

2. യഹോവ ഏലോഹിം സൃഷ്ടാവാം ദൈവം
നിൻ വചനത്താൽ ഉളവായെല്ലാം
യഹോവ ഇല്യോൻ അത്യുന്നതൻ നീ
നിന്നെപ്പോലെ മറ്റാരുമില്ല
യഹോവ ശാലോം എൻ സമാധാനം
നൽകി നിൻ ശാന്തിയെന്നിൽ
.....നീ മാത്രം

3. യഹോവ റോഹീം നീ എന്നിടയൻ
എന്നെ എന്നെന്നും വഴി നടത്തും
യഹോവ ശാലോം എൻ സമാധാനം
നീ എന്നെന്നും എൻ ആശ്രയം
യഹോവ എൽഷദായ് സർവ്വശക്തനായി
ജയവീരനായ് കൂടെയുണ്ട്
....നീ മാത്രം

# 388

യഹോവ ശാലോം എൻ സമാധാനം
യഹോവ റാഫാ എൻ രോഗശാന്തി
യഹോവ യിരേ കരുതും നാഥൻ
ഇമ്മാനുവേൽ എന്നും കൂടെയുള്ളോൻ (2)

1. ചൂരചെടിക്കീഴിൽ ക്ഷീണിച്ചുറങ്ങിയ
ഏലിയാവിൻ ചാരത്ത-
ണഞ്ഞതാം ദൈവം (2)
സ്വർഗ്ഗീയ മന്നായെ നല്കിമോദാൽ
അൻപോടെന്നും എന്നെ നടത്തുന്നു (2)
.....യഹോവ

2. സിംഹങ്ങൾ വസിക്കും ഗുഹയിൽ വീണതാം
ദാനിയേലിൻ ജീവൻ കാത്തതാം ദൈവം (2)
ശത്രുക്കൾ മുമ്പാകെ വിരുന്നേകി
അൻപോടെന്നും എന്നെ കാത്തിടുന്നു (2)
.....യഹോവ

3. വസ്ത്രത്തിൻ തൊങ്ങലിൽ സ്പർശിച്ച വേളയിൽ
സൗഖ്യമതേകിയെൻ യേശുമഹേശൻ
തന്നടിപ്പിണരാൽ സൗഖ്യമേകി
അൻപോടെന്നും എന്നെ പാലിക്കുന്നു (2)
.....യഹോവ

4. ജീവിതസാഗരെ വൻ തിരമാലയിൽ
ഉലയുമെൻ തോണി തകരുകയില്ല(2)
അമരക്കാരനായ് കർത്താവുണ്ട്
ഹല്ലേലുയ്യാ പാടി വാഴ്ത്തിടും ഞാൻ (2)
.....യഹോവ

## 389

യേശു എൻ അടിസ്ഥാനം ആശയവനിലത്രെ
ആശ്വാസത്തിൻ പൂർണ്ണത
യേശുവിൽ കണ്ടേ ഞാനും

1. എത്ര മധുരമവൻ നാമമെനിക്കു പാർത്താൽ
ഓർത്തുവരുന്തോറുമെൻ
ആർത്തി മാഞ്ഞുപോകുന്നു-
....യേശു

2. ദുഃഖം ദാരിദ്ര്യമെന്നിവ-
യ്ക്കുണ്ടോ ശക്തിയെന്മേൽ?
കൈയ്ക്കു പിടിച്ചു നടത്തി
ക്കൊണ്ടുപ്പോകുന്നവൻ-
....യേശു

3. രോഗമെന്നെ പിടിച്ചെൻ
ദേഹം ക്ഷയിച്ചാലുമേ
വേഗം വരുമെൻ നാഥൻ
ദേഹം പുതുതാക്കീടാൻ-
....യേശു

4. പാപത്താലെന്നിൽ വന്ന
ശാപക്കറകൾ മാറ്റി
ശോഭിത നീതിവസ്ത്രം
ആഭരണമായ് നൽകും-
....യേശു

5. വമ്പിച്ച ലോകത്തിരക്കമ്പം
തീരുവോളവും
മുമ്പും പിമ്പുമായവൻ
അൻപോടെന്നെ നടത്തും-
....യേശു

6. ലോകമെനിക്കു വൈരി
ലോകമെന്നെ ത്യജിച്ചാൽ
ശോകമെന്തെനിക്കതിൽ
ഏതും ഭയപ്പെടാ ഞാൻ -
....യേശു

7. വെക്കം തൻ മണവാട്ടി
ആക്കിടുമെന്നെയെന്നു
വാക്കുണ്ടെനിക്കു തന്റെ
നീക്കമില്ലതിനൊട്ടും
.....യേശു

## 390

1. യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു
ഇഹലോകത്തിൽ താനിനി വേഗം വരും
രാജരാജനായ് വാണിടുവാൻ

ഹാ!ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ
യേശു കർത്താവു ജീവിക്കുന്നു

2. കൊല്ലുന്ന മരണത്തിൻ ഘോരതര വിഷ-
പ്പല്ലു തകർന്നതാകയാൽ - ഇനി
തെല്ലും ഭയമെന്യേ മൃത്യുവിനെ നമ്മൾ
വെല്ലുവിളിക്കുകയാം

.....ഹാ

3. എന്നേശു ജീവിക്കുന്നായതിനാൽ ഞാനും
എന്നേക്കും ജീവിക്കയാം - ഇനി
തന്നെപ്പിരിഞ്ഞൊരു ജീവിതമില്ലെനി-
ക്കെല്ലാമെന്നേശുവത്രേ

......ഹാ

4. മന്നിലല്ലെൻ നിത്യവാസമെന്നെശുവിൻ
മുന്നിൽ മഹത്വത്തിലാം - ഇനി
വിണ്ണിൽ ആ വീട്ടിൽ ചെന്നെത്തുന്ന
നാളുകളെണ്ണി ഞാൻ പാർത്തിടുന്നു

.....ഹാ

# 391

യേശു മഹോന്നതനെ
മഹോന്നതനെ വേഗം കാണാം
മൽ പ്രേമകാന്തനെ കാണാം

1. സുന്ദരരൂപനെ ഞാൻ ഈ മേഘമതിൽ
വേഗം കാണാം
മൽപ്രേമകാന്തനെ കാണാം-
കഷ്ടതയേറെ സഹിച്ചവരും
കല്ലേറടി ഇടികൊണ്ടു മരിച്ചവരന്നു
മശിഹായോടു വാഴുമാനാട്ടിൽ
.....യേശു

2. പൊന്മണിമാലയവൻ എനിക്കുതരും
ശുഭ്രവസ്ത്രം
നാഥനെന്നെ ധരിപ്പിക്കുമന്ന്
കണ്ണുനീരാകെ ഒഴിഞ്ഞീടുമെ
ആയിരമാണ്ടു വസിക്കുമവനുടെ നാട്ടിൽ
എനിക്കായൊരുക്കിയ വീട്ടിൽ
....യേശു

3. രാപ്പകലില്ലവിടെ പ്രശോഭിതമായൊരു നാട്
നാലു ജീവികൾ പാടുമവിടെ-
ജീവജലനദി ഉണ്ടവിടെ
ജീവമരങ്ങളുമായ് നിലകൊണ്ടൊരു ദേശം
നല്ലൊരു ഭൂവനദേശം
.....യേശു

# 392

1. യേശുവിൻ കൂടെയുള്ള വാസം
ഓർത്തിടുമ്പോൾ എനിയ്ക്കാനന്ദമേ (2)
ആനന്ദമേ എനിയ്ക്കാനന്ദമേ (2)
യേശുവിൻകൂടെയുള്ള വാസമോർത്താൽ
ആനന്ദമേ എനിയ്ക്കാനന്ദമേ (2)
.....യേശുവിൻ

2. മുൾമുടി ധരിച്ചോനെ അന്നു ഞാൻ
പൊൻകിരീടധാരിയായ് കണ്ടിടുമേ (2)
കണ്ടിടുമേ ഞാനെൻ കണ്ണുകളാൽ
പൊൻകിരീടധാരിയായ് കണ്ടിടുമേ
അന്നവനെൻ കണ്ണിൽ നിന്നും കണ്ണീരെല്ലാം
തുടച്ചിടുമേ തന്റെ പൊൻകരത്താൽ (2)
.....യേശുവിൻ.

3. ദൈവത്തിൻ കുഞ്ഞാടേ നീ യോഗ്യൻ
സർവ്വമഹത്വത്തിനും യോഗ്യൻ നീയേ (2)
കോടാകോടി ദൂതസൈന്യത്തോട്
നാമും ചേർന്നു ആർത്തുഘോഷിച്ചീടും
പരിശുദ്ധൻ പരിശുദ്ധൻ നീ മാത്രമെന്ന്
ആർത്തിടുമേ ഒന്നായ് അത്യുച്ചത്തിൽ (2)
.....യേശുവിൻ

## 393

യേശുവിന്റെ രക്തത്താൽ
വീണ്ടെടുക്കപ്പെട്ടതാം
തന്റെ പ്രിയജനമേ ഉണർന്നീടുക
തന്റെ വേലയെ തികച്ചു നാം ഒരുങ്ങീടുക

കാലമേറെയില്ലല്ലോ
കാഹളം നാം കേട്ടിടാൻ (2)
കാന്തൻ വരാറായ് നാമും പോകാറായ് (2)

....യേശുവിന്റെ

1. യേശുവിന്റെ നാമത്തിൽ
വിടുതൽ നമുക്കുണ്ട്
സാത്താനോടെതിർത്തിടാം ദൈവജനമേ
ഇനി തോൽവിയില്ല
ജയം നമുക്കവകാശമേ

....കാലമേറെ

2. ആത്മബലത്തോടെ നാം
കോട്ടകൾ തകർത്തിടും
രോഗം ദുഃഖം മാറിടും
യേശു നാമത്തിൽ
ഇനി ഭീതിയില്ല ജയം നമുക്കവകാശമേ

....കാലമേറെ

3. ശാപങ്ങൾ തകർന്നീടും
യേശുവിന്റെ നാമത്തിൽ
ഭൂതങ്ങൾ വിട്ടോടിടും യേശു നാമത്തിൽ
ഇനി ശോകമില്ല ജയം നമുക്കവകാശമേ

....കാലമേറെ

## 394

1. യേശുവിൽ എൻ തോഴനെ കണ്ടേൻ
എനിക്കെല്ലാമായവനെ
പതിനായിരങ്ങളിലേറ്റം സുന്ദരനെ
ശാരോനിൻ പനിനീർപുഷ്പം
അവനെ ഞാൻ കണ്ടെത്തിയേ
പതിനായിരങ്ങളിൽ ഏറ്റം സുന്ദരനെ

തുമ്പം ദുഃഖങ്ങളതിൽ
ആശ്വാസം നൽകുന്നോൻ
എൻ ഭാരമെല്ലാം ചുമക്കാമെന്നേറ്റതാൽ
ശാരോനിൻ പനിനീർ പുഷ്പം
അവനെ ഞാൻ കണ്ടെത്തിയേ
പതിനായിരങ്ങളിൽ ഏറ്റം സുന്ദരനെ

2. ലോകരെല്ലാം കൈവെടിഞ്ഞാലും
ശോകഭാരമേറിയാലും
യേശുരക്ഷാകരൻ താങ്ങും തണലുമായ്
അവനെന്നെ മറക്കുകില്ല
മൃത്യുവിലും കൈവിടില്ല
അവനിഷ്ടം ഞാൻ ചെയ്തെന്നും ജീവിക്കും
.....തുമ്പം

3. മഹിമയിൽ ഞാൻ കിരീടം ചൂടി
അവൻ മുഖം ഞാൻ ദർശിക്കും
അങ്ങു ജീവന്റെ നദി കവിഞ്ഞൊഴുകുമേ
ശാരോനിൻ പനിനീർ പുഷ്പം
അവനെ ഞാൻ കണ്ടെത്തിയേ
പതിനായിരങ്ങളിൽ ഏറ്റം സുന്ദരനെ
....തുമ്പം

## 395

യേശുവേ എൻ പ്രാണനായക
ജീവനെനിക്കേകിയോനേ!
എൻ സങ്കടങ്ങളറിഞ്ഞെന്റെ
വൻ കടങ്ങൾ തീർത്തെന്റെ
കണ്ണുനീർ തുടച്ചല്ലോ നീ

1. പാപിയായ് ഞാൻ ജീവിച്ചപ്പോൾ
പാത തെറ്റി ഓടിയപ്പോൾ
പാലകൻ നീ തേടി ഈ പാതകനടിയാനെ
പാവന മാർഗ്ഗേ ചേർത്തല്ലോ
....യേശുവേ

2. എന്നെ നിന്നിൽ ധന്യനാക്കുവാൻ
വന്നിതോ എന്നുള്ളിൽ രാജനായ്
തന്നിതോ നിൻ നീതിയും
ദിവ്യമാം സന്തോഷവും
നിത്യമാം സമാധാനവും
.....യേശുവേ

3. ഭാരമെന്യേ ജീവിക്കുവാൻ
എൻ ഭാരമെല്ലാം ചുമന്നവനെ
ആശ്രയം നീ മാത്രമെൻ
ആശയിൻ പ്രകാശമെ
ആശിഷം നിൻ കാരുണ്യമെ
....യേശുവേ

4. വന്നിടും ഞാൻ അതിവേഗത്തിൽ
എന്നുരച്ചു പോയവനെ
വന്നു നിൻ മഹിമയിൻ
രാജ്യമതിൽ ചേർക്കുവാൻ
ആശയാൽ ഞാൻ കാത്തിടുന്നേ
....യേശുവേ

# 396

യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിനായ് ജീവിക്കുന്നതെത്ര ഭാഗ്യമേ
ആശതന്നോടെന്നുമെന്നിൽ വർദ്ധിച്ചീടുന്നേ
ആശുതന്റെ കൂടെ വാഴാൻ കാംക്ഷിച്ചീടുന്നേ

1. പോക്കിയെന്റെ പാപമെല്ലാം
തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം
താൻ വഹിച്ചതാൽ
ഓർക്കുംതോറും സ്നേഹമെന്നിൽ
വർദ്ധിച്ചീടുന്നേ
പാർക്കുന്നേ തൻ കൂടെ വാഴാൻ
എന്നു സാദ്ധ്യമോ
....യേശു

2. ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറുംവീടെനിക്കൊരുക്കിടുന്നവൻ
കൈകളാൽ തീർക്കാത്ത
നിത്യ പാർപ്പിടം തന്നിൽ
വാണിടുന്ന നാളിനായ് ഞാൻ
നോക്കി പാർക്കുന്നേ
.....യേശു

3. അന്നു തീരുമെന്റെ കഷ്ടം ഇന്നീമന്നിലെ
അന്നുമാറുമെന്റെ ദുഃഖം നിശ്ചയം തന്നെ
അന്നു തന്റെ ശുദ്ധരൊത്തു പാടിയാർക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽസമ്മേളനം
.....യേശു

4. നല്ലവനെ വല്ലഭനെ പൊന്നുകാന്തനേ
അല്ലൽ തീർക്കാനെന്നുവന്നു
ചേർത്തിടുമെന്നെ
തുല്യമില്ലാമോദത്തോടെ വീണകളേന്തി
ഹല്ലേലുയ്യാ ഗാനം പാടി വാണിടുവാനായ്
.....യേശു

## 397

രാജാധിരാജൻ മഹിമയോടെ
വാനമേഘത്തിൽ എഴുന്നെള്ളാറായ് (2)
...രാജാധി

1. ക്ലേശം തീർന്നു നാം നിത്യം വസിപ്പാൻ
വാസമൊരുക്കാൻ പോയ പ്രിയൻ താൻ (2)
...രാജാധി

2. നിന്ദ കഷ്ടത പരിഹാസങ്ങൾ
ദുഷികളെല്ലാം തീരാൻ കാലമായ് (2)
....രാജാധി

3. പ്രാണപ്രിയന്റെ പൊന്നു മുഖത്തെ
തേജസ്സോടെ നാം കാണ്മാൻ കാലമായ് (2)
....രാജാധി

4. കാന്തനുമായി വാസം ചെയ്യുവാൻ
കാലം സമീപമായി പ്രിയരെ (2)
.....രാജാധി

5. ഒരുങ്ങിനിന്നോർ തന്നോടുകൂടെന്നും
മണിയറയിൽ വാഴാൻ കാലമായ് (2)
....രാജാധി

6. യുഗായുഗമായ് പ്രിയൻ കൂടെ നാം
വാഴും സുദിനം ആസന്നമായി (2)
....രാജാധി

7. കാഹളധ്വനി കേൾക്കും മാത്രയിൽ
മറുരൂപമായ് പറന്നിടാറായ് (2)
....രാജാധി

## 398

ലക്ഷ്യമതാണേ എൻ ആശയതാണേ
എൻ ജീവനാഥനെ ഞാനെന്നു കാണുമോ

1. ക്രൂശിൽ യാഗമായ് തൻ ചോരയൂറ്റിയ
എൻ പ്രേമകാന്തനെ ഞാനെന്നു കാണുമോ
ദേവ ദേവനെ എൻ ത്യാഗവീരനെ
എൻ ജീവിതസുഖം നീ മാത്രമാകുന്നേ
.....ലക്ഷ്യ

2. പ്രത്യാശനാടിനെ ഞാനോർത്തിടുന്നേരം
അത്യാശയെന്നുള്ളിൽ പൊങ്ങിടുന്നിതാ
നിത്യസൗഭാഗ്യം ലഭ്യമാകുവാൻ
എത്രകാലം ഞാൻ കാത്തിടേണമോ
.....ലക്ഷ്യ

3. പൂർവ്വപിതാക്കൾ നോക്കി പാർത്തതാം
നിത്യസൗധത്തിൽ നാം എത്തിടുവാനായ്
യുവസോദരങ്ങളെ-യുവകേസരികളെ
നാം ഒന്നുചേരുക-ജയക്കൊടി ഉയർത്തുക
.....ലക്ഷ്യ

4. ഈ പാഴ്മരുഭൂമി എനിക്കാനന്ദമല്ലേ
സീയോൻപുരിയതോ അധിക കാമ്യമേ
എന്നു ചെന്നു ഞാൻ എൻ വീട്ടിൽ ചേരുമോ
അന്നു തീരുമേ ഈ പാരിൻ ദുരിതം
.....ലക്ഷ്യ

# 399

1. ലോകെ ഞാനെൻ ഓട്ടം തികച്ചു
സ്വർഗ്ഗ ഗേഹേ വിരുതിന്നായി
പറന്നീടും ഞാൻ മറുരൂപമായ്
പരനേശു രാജൻ സന്നിധൗ

ദൂതസംഘമാകവേ എന്നെ
എതിരേൽക്കുവാൻ
സദാസന്നദ്ധരായ് നിന്നീടുന്നേ
ശുഭ്രവസ്ത്രധാരിയായ്
എന്റെ പ്രിയന്റെ മുമ്പിൽ
ഹല്ലേലുയ്യാ പാടീടും ഞാൻ

2. ഏറെ നാളായ് കാണ്മാൻ ആശയായ്
കാത്തിരുന്ന എന്റെ പ്രിയനെ
തേജസ്സോടെ ഞാൻ കാണുന്ന നേരം
തിരുമാർവ്വോടണഞ്ഞിടുമെ
......ദൂതസംഘം

3. താതൻ പേർക്കായ് സേവ ചെയ്തതാൽ
താതനെന്നെ മാനിക്കുവാനായ്
തരുമോരോരോ ബഹുമാനങ്ങൾ
വിളങ്ങീടും കിരീടങ്ങളായ്
......ദൂതസംഘം

4. നീതിമാന്മാരായ സിദ്ധന്മാർ
ജീവനും വെറുത്ത വീരന്മാർ
വീണകളേന്തി ഗാനം പാടുമ്പോൾ
ഞാനും ചേർന്നു പാടീടുമേ
......ദൂതസംഘം

5. കൈകളാൽ തീർക്കപ്പെടാത്തതാം
പുതുശാലേം നഗരമതിൽ
സദാകാലം ഞാൻ മണവാട്ടിയായ്
പരനോടുകൂടെ വാഴുമേ.
......ദൂതസംഘം

## 400

വാസമൊരുക്കീടാൻ വിണ്ണിൽ ഗമിച്ചവൻ
പ്രിയരെ ചേർപ്പാനായ് വന്നീടുമൊരുനാളിൽ
പ്രത്യാശയോടുനാം ഓട്ടം തികച്ചീടാം
കർത്തനോടൊത്തു നാം നിത്യതയിൽ വാഴും (2)

1. കാലം തികയുമ്പോൾ കാഹളം
കേൾക്കുമ്പോൾ
കർത്തൻ വരും കോടി ദൂതൻമാരാർപ്പുമായ്
ഭക്തരെ ചേർത്തിടുവാൻ ... (2)
പ്രത്യാശ

2. സ്വർഗ്ഗനാട്ടിൽ പോകാൻ ശുദ്ധരായ്
മേവിടാം
പേർവിളിച്ചീടുമ്പോൾ ലജ്ജയെന്യേ
തവ സന്നിധേ അണഞ്ഞീടാൻ..... (2)
പ്രത്യാശ

3. സത്യവചനത്തിൽ വേരൂന്നി ഫലമേകാൻ
നൂറും അറുപതും മുപ്പതും മേനിയായ്
സമൃദ്ധിയായ് നൽകാം.... (2)
പ്രത്യാശ

## 401

വാഴും ഞാനെൻ രക്ഷിതാവിൻ
കൂടെ എപ്പോഴും
തൻ കൃപയിൽ ആശ്രയിക്കും
എല്ലാ നാളും ഞാൻ
പാടും എന്നും ഞാൻ എന്റെ പ്രിയനായ്

1. എന്റെ പ്രിയൻ വാനിൽ നിന്നെഴുന്നള്ളീടുന്ന
മാറ്റൊലി ഞാൻ കേട്ടിടുന്നു നാട്ടിലെങ്ങുമേ
ക്ഷാമം ഭൂകമ്പം അതിന്നാരംഭം
....വാഴും

2. ക്ഷാമത്താലീക്ഷോണിയെങ്ങും
ക്ഷീണമാകുമ്പോൾ
എനിക്കെത്തിടാത്ത നിക്ഷേപമു-
ണ്ടെന്റെ പ്രിയനിൽ
എന്നെ പോറ്റിടും എന്റെ രക്ഷകൻ
....വാഴും

3. ഇന്നലെക്കാൾ ഇന്നു ഞാനെൻ
പ്രിയൻ നാടിനോടേറ്റം അടുത്തായ-
തെനിക്കെത്ര ആനന്ദം
എന്റെ പ്രിയനെ ഒന്നു കാണുവാൻ
....വാഴും

4. ഈ വാരിധിയിൽ വൻ തിരയിൻ
തള്ളലേറ്റു ഞാൻ
മുങ്ങിടാതെ പ്രിയനെന്റെ ബോട്ടിലുണ്ടല്ലോ
ഗാനം പാടി എൻ നാട്ടിലെത്തുമേ
....വാഴും

5. എൻ രക്ഷിതാവെ നിൻ വരവ്
കാത്തു കാത്തു ഞാൻ
ഈ ദുഷ്ടലോകേ കഷ്ടതകൾ
എത്രയേൽക്കണം
നിന്നെ കാണുമ്പോൾ എൻ
ദുഃഖം തീർന്നുപോം
....വാഴും

# 402

1. ശുദ്ധർ സ്തുതിക്കും വീടെ
ദൈവമക്കൾക്കുള്ളാശ്രയമേ
പരിലസിക്കും സ്വർണ്ണ തെരുവീഥിയിൽ
അതികുതുകാൽ എന്നു ഞാൻ ചേർന്നിടുമോ

വാനവരിൻ സ്തുതിനാദം
സദാ മുഴങ്ങും ശാലേമിൽ
എന്നു ഞാൻ ചേർന്നിടുമോ പരസുതനെ
എന്നു ഞാൻ ചേർന്നിടുമോ

2. മുത്തിനാൽ നിർമ്മിതമായ് ഉള്ള
പന്ത്രണ്ടുഗോപുരമേ
തവ മഹത്വം കണ്ടിട്ടങ്ങാനന്ദിപ്പാൻ
മമ കൺകൾ പാരം കൊതിച്ചീടുന്നേ-
....വാന

3. അന്ധതയില്ലാ നാടേ
ദൈവതേജസ്സാൽ മിന്നും വീട്
തവ വിളക്കാം ദൈവത്തിൻ കുഞ്ഞാടിനെ
അളവന്യേ പാടി സ്തുതിച്ചീടും ഞാൻ
....വാന

4. കഷ്ടതയില്ലാ നാടെ-
ദൈവ ഭക്തരിൻ വിശ്രമമേ
പുകൾ പെരുകും പുത്തനെരുശലേമേ
തിരു മാർവിൽ എന്നു ഞാൻ ചാരിടുമോ-
....വാന

5. ശുദ്ധവും ശുഭ്രവുമായുള്ള ജീവജല നദിയിൽ
ഇരുകരയും ജീവവൃക്ഷ ഫലങ്ങൾ
പരിലസിക്കും ദൈവത്തിൻ ഉദ്യാനമേ-
....വാന

6. കർത്തൃസിംഹാസനത്തിൻ ചുറ്റും
വീണകൾ മീട്ടീടുന്ന
സുരവരരേ ചേർന്നങ്ങു പാടിടുവാൻ
പുരുമോദം പാരം വളരുന്നഹോ-
....വാന

## 403

ശ്രീയേശു നാഥാ സ്വർഗ്ഗീയ രാജാ
നിൻ കൃപ ഞങ്ങൾക്കു മതിയാം
ലോക വാരിധിയിൽ ഉയരുമ്പോൾ അലകൾ
നിൻ കൃപ ഞങ്ങൾക്കു മതിയാം
ജീവന്റെ തോണി കുടുങ്ങുമ്പോൾ അലയിൽ
നിൻ കൃപ ഞങ്ങൾക്കു മതിയാം

1. ചെറുവഞ്ചിക്കാരേ വരൂ ക്രിസ്ത്യൻ ചാരത്തു
   തകരുന്ന ജീവനിൽ തരുമവൻ വിടുതൽ
   യേശു താൻ രാജൻ അവനുള്ള ജീവനിൽ
   അനന്തമാം സന്തോഷം അതു തുല്യമില്ല
   .....ശ്രീയേശു

2. അലറുന്ന ആഴിയിൽ അടിയില്ല തോണി
   ചുക്കാൻ പിടിക്കുന്നോൻ അഖിലാണ്ഡനാഥൻ
   കടലിനെ സൃഷ്ടിച്ചോൻ
   തോണിയെ നയിക്കുമ്പോൾ
   അലറുന്ന കടലിൽ അലയല്പം ഇല്ല
   .....ശ്രീയേശു

## 404

ശ്രീയേശുനാഥൻ എൻ യേശുനാഥൻ
സാത്താന്യ സൈന്യത്തെ ജയിക്കുമവൻ
തൻ ജീവനേകി നമ്മെ തേടി വന്നവൻ
പാപത്തിൽ നിന്നു നമ്മെ വീണ്ടെടുത്തവൻ

1. സ്വർഗ്ഗീയ മന്ന നൽകിടുന്നവൻ
സ്വർഗ്ഗീയ സന്തോഷം ഏകിടുന്നവൻ (2)
അവൻ ദയ വലുത്
അവൻ കൃപ വലുത്
അവനല്ലോ നിത്യ ജീവൻ ഏകിടും പരൻ (2)
ശ്രീയേശു...

2. ഈ ലോകയാത്ര നൽകും മോഹചിന്തകൾ
പാപങ്ങളാൽ നമ്മെ മാടിവിളിക്കേ....(2)
അവൻ ദയ വലുത്
അവൻ കൃപ വലുത്
അവനല്ലോ നിത്യ ജീവൻ ഏകിടും പരൻ (2)
ശ്രീയേശു....

3. ഉറ്റവരാകവേ തള്ളിടുമ്പോഴും
ആരോരുമില്ലാതേകരാകിലും (2)
അവൻ ദയ വലുത്
അവൻ കൃപ വലുത്
അവനല്ലോ നിത്യ ജീവൻ ഏകിടും പരൻ (2)
ശ്രീയേശു .....

## 405

സന്താപം തീർന്നല്ലോ സന്തോഷം വന്നല്ലോ
സന്തോഷമെന്നിൽ വന്നല്ലോ-ഹല്ലേലുയ്യാ
യേശു പാപം മോചിച്ചു എന്നെ മുറ്റും രക്ഷിച്ചു
സന്തോഷമെന്നിൽ തന്നല്ലോ

1. പാപത്തിൽ ഞാൻ പിറന്നു
   ശാപത്തിൽ ഞാൻ വളർന്നു
   പരമ രക്ഷകൻ തൻ തിരുനിണം ചൊരിഞ്ഞു
   പാപിയാമെന്നേയും വീണ്ടെടുത്തു
   ....സന്താപം

2. വഴിവിട്ടു ഞാൻ വലഞ്ഞു
   ഗതിമുട്ടി ഞാനലഞ്ഞു
   വഴി സത്യം ജീവനാം യേശു എന്നിടയൻ
   വന്നു കണ്ടെടുത്തെന്നെ മാറിലണച്ചു
   .....സന്താപം

3. ശോധന നേരിടുമ്പോൾ
   സ്നേഹിതർ മാറിടുമ്പോൾ
   ഭയമെന്തിന്നരികിൽ ഞാനുണ്ടെന്നരുളി
   തിരുക്കരത്താലവൻ താങ്ങി നടത്തും
   ....സന്താപം

4. ആരും തരാത്തവിധം ആനന്ദം തൻ സവിധം
   അനുദിനമധികം അനുഭവിക്കുന്നു ഞാൻ
   അപഹരിക്കാവതല്ലീയനുഗ്രഹങ്ങൾ
   ....സന്താപം

5. പാപത്തിൻ ശാപത്തിനാൽ പാടുപെടുന്നവരെ
   സൗജന്യമാണീ സൗഭാഗ്യമാകയാൽ
   സൗകര്യമാണിപ്പോൾ മനംതിരിവിൻ
   ....സന്താപം

# 406

1. സമയമാം രഥത്തിൽ ഞാൻ
സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിനു
ബദ്ധപ്പെട്ടോടിടുന്നു

ആകെ അല്പനേരം മാത്രം
എന്റെ യാത്ര തീരുവാൻ
യേശുവേ! നിനക്കു സ്തോത്രം
വേഗം നിന്നെ കാണും ഞാൻ !

2. രാവിലെ ഞാൻ ഉണരുമ്പോൾ
ഭാഗ്യമുള്ളോർ നിശ്ചയം
എന്റെ യാത്രയുടെ അന്ത്യം
ഇന്നലേക്കാൾ അടുപ്പം

....ആകെ

3. രാത്രിയിൽ ഞാൻ ദൈവത്തിന്റെ
കൈകളിൽ ഉറങ്ങുന്നു
അപ്പോഴും എൻ രഥത്തിന്റെ
ചക്രം മുന്നോട്ടോടുന്നു

.....ആകെ

4. തേടുവാൻ ജഡത്തിൻസുഖം
ഇപ്പോൾ അല്ല സമയം
സ്വന്തനാട്ടിൽ ദൈവമുഖം
കാൺകയത്രെ വാഞ്ഛിതം

.....ആകെ

5. ഭാരങ്ങൾ കൂടുന്നതിനു
ഒന്നും വേണ്ട യാത്രയിൽ
അല്പം അപ്പം വിശപ്പിന്നു
സ്വല്പവെള്ളം ദാഹിക്കിൽ

....ആകെ

6. സ്ഥലം ഹാ ! മഹാവിശേഷം
ഫലം എത്ര മധുരം
വേണ്ട വേണ്ട ഭൂപ്രദേശം
അല്ല എന്റെ പാർപ്പിടം-

.....ആകെ

7. നിത്യമായോർ വാസസ്ഥാനം
എനിക്കുണ്ടു സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിന്റെ ഫലം ദൈവ
പറുദീസയിൽ-

.....ആകെ

8. എന്നെ എതിരേല്പാനായി
ദൈവദൂതർ വരുന്നു
വേണ്ടുമ്പോലെ യാത്രയ്ക്കായി
പുതുശക്തി തരുന്നു-

....ആകെ

## 407

സർവ്വശക്തനാം യേശുവെന്റെ കൂടെ
ഒരു നാളും ഞാൻ ഭയപ്പെടുകില്ലാ (2)
നീതിസുര്യനായ് നീ വരുമ്പോൾ
കൂരിരുൾ താഴ്വര താണ്ടിടുമേ (2)

1. പാദങ്ങൾ ഇടറാതെ നടത്തുന്നവൻ
വചനത്തിൻ ദീപമായ് കൂടെയുണ്ട്
സ്നേഹത്തിൻ സാക്ഷ്യമായ് ജ്വലിച്ചിടുവാൻ
കാൽവറി ക്രൂശുമായ് വിളങ്ങിടുന്നു
......സർവ്വ

2. രോഗം പ്രയാസങ്ങൾ നേരിടുമ്പോൾ
ചാരെ വന്നവനെന്റെ കൂട്ടിരിക്കും
ഉറ്റവർ ഒന്നായ് അകന്നിടുമ്പോൾ
കൈവിടാതവനെന്നെ ചേർത്തുകൊള്ളും
......സർവ്വ

## 408

സാധുവെന്നെ കൈവിടാതെ
നാഥനെന്നും നടത്തീടുന്നു

1. അന്ത്യത്തോളം ചിറകടിയിൽ
അവൻ കാത്തിടും ധരയിൽ
ആപത്തിലും രോഗത്തിലും
അവനാണെനിക്കഭയം-

....സാധു

2. കണ്ണുനീരിൻ താഴ്‌വരയിൽ
കരയുന്ന വേളകളിൽ
കൈവിടില്ലെൻ കർത്തനെന്റെ
കണ്ണുനീരെല്ലാം തുടയ്ക്കും

....സാധു

3. കൊടുങ്കാറ്റും തിരമാലയും
പടകിൽ വന്നാഞ്ഞടിയ്ക്കും
നേരമെന്റെ ചാരെയുണ്ട്
നാഥനെന്നും വല്ലഭനായ്

....സാധു

4. വിണ്ണിലെന്റെ വീടൊരുക്കി
വേഗം വന്നീടും പ്രിയനായ്
വേല ചെയ്തെൻ നാൾകൾ തീർന്നു
വീട്ടിൽ ചെല്ലും ഞാനൊടുവിൽ

....സാധു

# 409

1. സ്തുതിപ്പിൻ സ്തുതിപ്പിൻ
എന്നും സ്തുതിച്ചീടുവിൻ
യേശു രാജാധി രാജാവിനെ
ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ

ആ ആനന്ദമേ പരമാനന്ദമെ
ഇതു സ്വർഗ്ഗീയ സന്തോഷമെ
ഈ പാർത്തലത്തിൽ സൃഷ്ടികർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ

2. അവൻ വരുന്ന നാളിൽ
എന്റെ കരം പിടിച്ചു
തന്റെ മാർവോടണച്ചീടുമേ
ആ സമൂഹമതിൽ അന്നു കർത്തനുമായ്
ആർത്തുഘോഷിക്കും സന്തോഷത്താൽ
..ആ..ആനന്ദ

3. എൻ പാപങ്ങളെ മുറ്റും കഴുകീടുവാൻ
തൻ ജീവനെ നൽകിയവൻ
വീണ്ടും വന്നീടുമേ മേഘവാഹനത്തിൽ
കോടാകോടി തൻ ദൂതരുമായ്
..ആ..ആനന്ദ

4. കൺകൾ കൊതിച്ചീടുന്നേ
ഉള്ളം തുടിച്ചീടുന്നേ
നാഥാ നിന്നുടെ വരവിനായി
പാരിൽ കഷ്ടതകൾ ഏറും ദിനം തോറുമേ
കാന്താ വേഗം നീ വന്നീടണേ
..ആ..ആനന്ദ

## 410

സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും
സ്വന്തവീട്ടിൽ ചേർത്തിടുവാൻ
മമ നാഥനെ ഒന്നു കാണുവാൻ
ദിനം കാത്തു പാർത്തിടുന്നു

1. ഇന്നു മന്നിതിൽ സിയോൻ യാത്രയിൽ
എന്നും ഖിന്നത മാത്രം
എന്നു വന്നു നീ എന്നെ ചേർക്കുമോ
അന്നേ തീരു വേദനകൾ
....സ്വർഗ്ഗ

2. മരുഭൂമിയിൽ തളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ
ഒരുനാളും നീ പിരിയാതെന്നെ
കരുതുന്നു കൺമണിപോൽ
....സ്വർഗ്ഗ

3. നല്ല നാഥനെ നിനക്കായി ഞാൻ
വേലചെയ്യും അന്ത്യം വരെ
അല്ലൽ തീർന്നു നിൻ സവിധേ വരാ-
തില്ലാ പാരിൽ വിശ്രമവും
....സ്വർഗ്ഗ

4. കർത്തൃ കാഹളം വാനിൽ കേൾക്കുവാൻ
കാംക്ഷിച്ചീടുന്നേ പ്രിയനേ
ആശയേറുന്നേ നിന്നെ കാണുവാൻ
ആമേൻ യേശുവേ വരണേ
....സ്വർഗ്ഗ

# 411

അവങ്കലേക്കു നോക്കിയവർ പ്രകാശിതരായ്
അവന്റെ സ്നേഹം അറിഞ്ഞവർ പ്രശോഭിതരായ്

അവരുടെ മുഖം ലജ്ജിച്ചില്ല
അവരുടെ മനം ക്ഷീണിച്ചില്ല

1. ലോകത്തിൻ വെളിച്ചം യേശുവല്ലോ
സ്നേഹത്തിൻ ദീപവും യേശുവല്ലോ
ആ ദിവ്യശോഭ ദർശിച്ചവർ ഭാഗ്യവാന്മാർ
....അവങ്കലേക്കു

2. വാഗ്ദത്തം ചെയ്തവൻ യേശുവല്ലോ
വാക്കു മാറാത്തവൻ യേശുവല്ലോ
അവനിലാശ്രയം കണ്ടെത്തിയോർ ഭാഗ്യവാന്മാർ
....അവങ്കലേക്കു

3. പാപിക്കു രക്ഷകൻ യേശുവല്ലോ
രോഗിക്കു സൗഖ്യവും യേശുവല്ലോ
ആ മഹാശക്തി അറിഞ്ഞവർ ഭാഗ്യവാന്മാർ (2)
....അവങ്കലേക്കു

# ക്രിസ്തുവിന്റെ വരവ്

## 412

ആകാശലക്ഷണങ്ങൾ കണ്ടോ കണ്ടോ?
ക്ഷാമ ഭൂകമ്പ ശബ്ദം കേട്ടോ (2)
സ്വർഗ്ഗമണവാളന്റെ വേളിക്കായ്
മദ്ധ്യാകാശം ഒരുങ്ങുകയത്രെ (2)

കാണുമോ നീ കർത്തൻ വരവിൽ
കേൾക്കുമോ കാഹള ശബ്ദത്തെ
പ്രിയാ നിൻവരവേറ്റം ആസന്നമേ
പ്രതിഫലം ലഭിക്കും നാൾ നിശ്ചയമേ

1. ബുദ്ധിയുള്ള കന്യകമാർ
വിളക്കിൽ എണ്ണ നിറച്ചോർ
പ്രിയനെ കാത്തിരുന്നതാൽ/ചേർന്നിടും
മണവറയിൽ
ലോകമോഹങ്ങൾ വെടിഞ്ഞു/ആരാലും
വെറുക്കപ്പെട്ടോർ
വിശുദ്ധി കാത്തുസൂക്ഷിച്ചോർ
ഏവരും കാണും സദസ്സിൽ.... (കാണുമോ...)
2. മുമ്പന്മാരായ പിമ്പന്മാർ/പിമ്പന്മാരായ
മുമ്പന്മാർ
ഏവരേം കാണാമാദിനം/കർത്താവിൻ
കൊയ്ത്തു ദിനത്തിൽ
പാഴാക്കിക്കളയരുത് ഓട്ടങ്ങൾ അദ്ധ്വാന
മെല്ലാം
ലോകയിമ്പങ്ങൾ വെടിയാം
കർത്താവിനായ് ഒരുങ്ങീടാം
(കാണുമോ...)

# 413

1. ഇരവിൻ ഇരുൾനിര തീരാറായ്
പകലിൻ കതിരൊളി കാണാറായ്
പുതിയൊരു യുഗത്തിൻ പുലരി വരും
നീതിയിൻ കതിരോനൊളി വിതറും

    പുതിയൊരു യുഗത്തിൻ പുലരി വരും
    നീതിയിൻ കതിരോനൊളി വിതറും
    അധിപതി യേശു വന്നീടും
    അതുമതി ആധികൾ തീർന്നിടും

2. സ്നേഹം നമ്മുടെ അടയാളം
ത്യാഗം നമ്മുടെ കൈമുതലാം
ഐക്യത നമ്മുടെ നല്ല ബലം
വിജയം നമ്മുടെ അന്ത്യഫലം
....പുതിയൊരു

3. ഇന്നു കരഞ്ഞു വിതയ്ക്കുന്നു
പിന്നവരാർപ്പോടു കൊയ്യുന്നു
ഇന്നു വിതയ്ക്കാ മടിയന്മാർ
അന്നു കരഞ്ഞാൽ ഗതിയെന്ത്?
....പുതിയൊരു

# 414

ഉണരുക തിരുസഭയേ
ഉണരുവിൻ ദൈവജനമേ
മഹോന്നതനേശു മദ്ധ്യവാനിൽ വരുമേ
മണവാട്ടിയാം തിരുസഭയെ ചേർപ്പാൻ

ഒരുങ്ങീടുവിൻ എതിരേൽക്കുവാൻ
ഉണർന്നിരിപ്പിൻ നാഥൻ വരുമേ (2)
....ഉണരുക

1. അശുദ്ധതയഖിലവും വെടിഞ്ഞീടുവിൻ
വിശുദ്ധി സമ്പൂർണ്ണരായ് വളർന്നീടുവിൻ
വിശുദ്ധ ദൂതസൈന്യത്തോടെ താൻ
വിശുദ്ധരെ ചേർപ്പാൻ ഭൂവിൽ വീണ്ടും വരുമേ
(ഒരുങ്ങിടുവിൻ) ...ഉണരുക

2. അന്ത്യകാലസംഭവങ്ങൾ നിറവേറുന്നേ
അന്ത്യവിധി നാൾ വരുന്നു മറന്നീടല്ലേ
കാന്തൻ സ്വർഗ്ഗീയ മണിയറയിൽ
കാന്തയുമായ് വാഴും കാലം ആസന്നമായി
(ഒരുങ്ങിടുവിൻ) ...ഉണ
രുക

3. കൃപയുടെ വാതിൽ വേഗം അടഞ്ഞീടുമേ
കൃപയുടെ നാഥൻ വിളി ശ്രവിച്ചീടുവിൻ
പാപജീവിതയാത്ര വെടിയാം
വിശ്വാസത്തിൻ പാത തന്നിൽ യാത്ര തുടരാം
(ഒരുങ്ങിടുവിൻ) ...ഉണരുക

# 415

എന്നേശു വന്നിടും എന്നാശ ഒന്നിതേ
അരുമയോടെൻ കരം പിടിച്ചു ശാന്തി ഏകിടാൻ
എൻ ദുഃഖം തീർത്തിടാൻ കണ്ണീർതുടച്ചിടാൻ
എന്നേശു വീണ്ടും വന്നിടും-

1. ഈ ലോകവാരിധിയിലോളങ്ങളേറിടുമ്പോൾ
താഴാതെ താങ്ങിടുന്നവൻ
കാർമേഘതുല്യമാം കളങ്കങ്ങൾ നീക്കി
യെന്നെതേജസ്സിൽ സ്വീകരിക്കുവാൻ
...എന്നേശു

2. സാറാഫിൻ ഗീതികളാൽ കാഹളനാദമോടെ
മേഘാരൂഢനായ് വരുന്നവൻ
രാജാധിരാജനേശു പൂർണ്ണ മഹിമകളിൽ
എന്നേയും ചേർത്തിടുവാനായ്-
....എന്നേശു

3. വിണ്ണിലെൻ വീടൊരുക്കി വേഗം വരാമെന്ന
വാഗ്ദത്തം തന്ന നാഥനായ്
നാൾതോറും കാത്തു പാർത്തു തൻ
സേവ ചെയ്തു മോദാൽ
കാന്തനെ സ്വീകരിക്കും ഞാൻ-
....എന്നേശു

4. പ്രീയന്റെ പൊൻവദന ശോഭയിൽ
ലീനനായ് ഞാൻ
ആനന്ദ ഗീതം പാടിടും
മാലുവിനകളേതുമേശാത്ത സ്വർഗ്ഗവീട്ടിൽ
മന്നനോടൊത്തു വാഴും ഞാൻ
....എന്നേശു

## 416

എൻ പ്രാണനാഥൻ എന്നുവരും
എന്നു തീരും എൻ വേദനകൾ

1. ആകുലത്തിൽ ആശ്വസിപ്പാൻ
ആവശ്യങ്ങളിൽ ആശ്രയിപ്പാൻ
അങ്ങല്ലാതാരും ഇല്ലെനിക്ക്
ആത്മനാഥാ ഈ പാരിടത്തിൽ-
.....എൻ

2. ഇന്നിഹത്തിൽ നിന്നിലല്ലാത്
ഇല്ല സന്തോഷം ജീവിതത്തിൽ
തിങ്ങിവിങ്ങുന്ന സങ്കടവും
എങ്ങും പഴിയും നിന്ദകളും-
....എൻ

3. പ്രിയരെല്ലാം കൈവിടുമ്പോൾ
പ്രതികൂലമായ് മാറിടുമ്പോൾ
പ്രാണപ്രിയാ ഈ ഏഴയാകും
പ്രാണിയെ നീയും കൈവിടല്ലെ-
.....എൻ

4. നല്ലതല്ലാതൊന്നുമില്ല
നീ നല്കുമെല്ലാം നന്മയല്ലോ
നിത്യത തന്നിലെത്തുവോളം
നീ നടത്തെന്നെ നിൻ ഹിതംപോൽ-
.....എൻ

# 417

എൻ പ്രിയരക്ഷകൻ നീതിയിൻ സൂര്യനായ്
തേജസ്സിൽവെളിപ്പെടുമേ.....
താമസമെന്നിയേ മേഘത്തിൽ വരും താൻ (2)
കാന്തയാമെന്നെയും ചേർത്തിടും
നിശ്ചയമായ് (2)

1. യെരുശലേമിൻ തെരുവിലൂടെ
ക്രൂശുമരം ചുമന്നു
കാൽവറിയിൽ നടന്നുപോയവൻ
ശോഭിത പട്ടണത്തിൽ മുത്തുകളാലുള്ള (2)
വീടുകൾ തീർത്തിട്ടു
വേഗത്തിൽ വരുമവൻ (2)
.....എൻ

2. ആനന്ദപുരത്തിലെ വാസം
ഞാനോർക്കുമ്പോൾ
ഇഹത്തിലെ കഷ്ടം സാരമോ?
പ്രത്യാശാഗാനങ്ങൾ പാടി ഞാൻ നിത്യവും (2)
സ്വർഗ്ഗീയ സന്തോഷ-
മെന്നിലുണ്ടിന്നലേക്കാൾ (2)
.....എൻ

3. നീതിസൂര്യൻ വരുമ്പോൾ
തൻ പ്രഭയിൻ കാന്തിയാൽ
എൻ ഇരുൾനിറം മാറിടുമെ
രാജരാജ പ്രതിമയെ ധരിച്ചിട്ടെന്നെ തൻ (2)
കൂടവെയിരുത്തുന്ന രാജാവു വേഗം വരും (2)
.....എൻ

4. സന്താപം തീർത്തിട്ടു അന്തമില്ലായുഗം
കാന്തനുമായി വാഴുവാൻ
ഉള്ളം കൊതിക്കുന്നെ പാദങ്ങൾ
പൊങ്ങുന്നേ (2)
എന്നിങ്ങു വന്നെന്നെ ചേർത്തിടും
പ്രേമകാന്തൻ (2)
.....എൻ

## 418

എന്റെ പ്രിയൻ വാനിൽ വരാറായ്
കാഹളത്തിൻ ധ്വനി കേൾക്കാറായ്
മേഘേ ധ്വനി മുഴങ്ങും ദൂതർ
ആർത്തുപാടിടും
നാമും ചേർന്നു പാടും ദൂതർതുല്യരായ് (2)

1. പൂർണ്ണ ഹൃദയത്തോടെ ഞാൻ സ്തുതിക്കും
നിന്റെ അത്ഭുതങ്ങളെ ഞാൻ വർണ്ണിക്കും
ഞാൻ സന്തോഷിച്ചിടും എന്നും
സ്തുതി പാടിടും
എന്നെ സൗഖ്യമാക്കി വീണ്ടെടുത്തതാൽ (2)
....എന്റെ

2. പീഡിതനൊരഭയസ്ഥാനം
സങ്കടങ്ങളിൽ വൻ തുണ നീ
ഞാൻ കുലുങ്ങുകില്ല ഒരു നാളും വീഴില്ല
എന്റെ യേശു എന്റെ കൂടെയുള്ളതാൽ (2)
....എന്റെ

3. തകർക്കും നീ ദുഷ്ടഭുജത്തെ
ഉടയ്ക്കും നീ നീച പാത്രത്തെ
സീയോൻ പുത്രി ആർക്കുക
എന്നും സ്തുതി പാടുക
എന്റെ രാജരാജൻ എഴുന്നെള്ളാറായ് (2)
....എന്റെ

## 419

ഏഴു നക്ഷത്രം വലം കൈയ്യിൽ പിടിച്ച്
ഏഴുരാജമുടി ശിരസ്സതിൽ ധരിച്ച്
ഏഴുപൊൻ നിലവിളക്കുകളതിൻ നടുവിൽ
എഴുന്നള്ളിവന്നോനേ (2)

1. ദാവീദുഗോത്രത്തിൻ സിംഹമായോനേ
ദാവീദിൻ താക്കോൽ കൈയ്യിൽ
ഉള്ളോനേ (2)
നീ തുറന്നാലതു അടയ്ക്കുവതാര്
നീ അടച്ചാലതു തുറക്കുവതാര് (2)
.....ഏഴു നക്ഷത്രം

2. ദൂതസഞ്ചയത്തിൽ ആരാധ്യൻ ക്രിസ്തു
പുസ്തകം തുറപ്പാൻ യോഗ്യനായോനേ (2)
മടങ്ങിടുമേ സർവ്വ മുഴങ്കാലുകളും
എല്ലാനാവും പാടീടും നിന്നെ (2)
.....ഏഴു നക്ഷത്രം

3. മുൾമുടി ചൂടിയ ശിരസ്സിന്മേലന്നാൾ
പൊൻമുടി ചൂടി താൻ എഴുന്നള്ളിവരുമേ (2)
വാഴ്ചകൾക്കും അധികാരങ്ങൾക്കും അന്ന്
മാറ്റം ഭവിച്ചിടും താതന്റെ വരവിൽ (2)
.....ഏഴു നക്ഷത്രം

# 420

കർത്താവിൻ വരവിൽ നമ്മെ എടുത്തിടുമ്പോൾ
കഷ്ടനഷ്ടശോധനകൾ മാറിപ്പോയിടും
കർത്താവിന്റെ കരമന്നു തുടച്ചിടുമ്പോൾ
കണ്ണുനീരും വേദനയും തീർന്നുപോയിടും.

ആമേൻ കർത്താവേ... വേഗം വരണേ
ആമേൻ കർത്താവേ ....നിൻ രാജ്യം വരണേ (2)

1. കൂടാരമാകും....ഭൗമഭവന
കൂടുവിട്ടു പറന്നുപോകും
കൈപ്പണിയല്ലാത്ത നിത്യഭവനം
കർത്താവൊരുക്കുന്നു നമുക്കായ്
....ആമേൻ

2. കുഞ്ഞാട്ടിൻ കല്യാണം അടുത്തുവല്ലോ
കാത്തിരിക്കുന്ന വിശുദ്ധരേ...
കർത്താവിൻ ഗംഭീരനാദം കേൾക്കുമ്പോൾ
കർത്തനോട് കൂടെ പോകും നാം
....ആമേൻ

3. കാലം കഴിയും ഈ ലോകമഴിയും
കാണ്മതെല്ലാം മാറിപ്പോയിടും
കർത്താവിൻ യുഗം വെളിപ്പെടുമ്പോൾ
കാണും തിരു മുഖം നിത്യമായ്
....ആമേൻ

## 421

കാലം തികയാറായെൻ കാന്തൻ വരവിനായി
കാലമധികമില്ല കാഹളനാദം കേൾപ്പാൻ

1. ഭാരം പ്രയാസങ്ങളേറിടുമ്പോൾ
   ഓർക്കുന്നു ഞാനെന്റെ സ്വർഗ്ഗവീട്
   രോഗമോ ശോകമോ വേദനയോ
   ഇല്ലവിടെ എന്നും സന്തോഷമേ
   ....കാലം
2. മൃത്യുഭയമെന്നെ നേരിടുമ്പോൾ
   കാണുന്നു ഞാനെന്റെ സ്വർഗ്ഗവീട്
   നിത്യമായുള്ളോരു ജീവിതമോ
   ഉണ്ടവിടെ എന്നും സന്തോഷമേ
   ....കാലം
3. ഈ ഭൂവിൽ പോർവിളി കേട്ടിടുമ്പോൾ
   ഇമ്പസ്വരങ്ങളെന്റെ സ്വർഗ്ഗ വീട്ടിൽ
   ഇല്ലാതായ് പോയാലീ മൺകൂടാരം
   തേജസ്സുള്ളതാകും സന്തോഷമേ
   ....കാലം

## 422

1. കാഹളം കാതുകളിൽ കേട്ടിടാറായ്
ദൈവദൂതർ പൊൻവീണകൾ മീട്ടിടാറായ് (2)
യേശുതാനരുളിയ വാഗ്ദത്തം നിറവേറാൻ
കാലങ്ങൾ നമ്മെവിട്ടു പായുകയായ്

2. സമാധാനം ഇല്ല ഭൂവിൽ
അനുദിനം നിലവിളി
പടർന്നുയരുകയായി ധരണി തന്നിൽ
ദൈവത്തിൻ പൈതങ്ങൾ
ക്കാനന്ദം ധരണിയിൽ
ക്ലേശിപ്പാൻ ലവലേശം സാദ്ധ്യമല്ല.....
.....കാഹളം

3. ജനിച്ചു പ്രവൃത്തി ചെയ്തു മരിച്ചു
മൂന്നാം ദിനത്തിൽ
മരണത്തെ ജയിച്ചേശു ഉയരത്തിൽ പോയ്
പാപവും ശാപവും നീക്കി
താൻ ജയം നൽകി
പാപികൾക്കവൻ നിത്യശാന്തി നൽകി....
.....കാഹളം

4. പാടുവിൻ നവഗാനം
അറിയിപ്പിൻ സുവിശേഷം
ദൈവരാജ്യം ആസന്നമായി മനം തിരിവിൻ
യെരിഹോവിൻ മതിലുകൾ
തകർത്തീടാൻ ഉണരുവിൻ
കാഹളം മുഴക്കിടാം ദൈവജനമേ.....
.....കാഹളം

# 423

പ്രതിഫലം തന്നിടുവാൻ
യേശുരാജൻ വന്നീടുവാൻ
അധികമില്ലിനിയും നാളുകൾ നമ്മുടെ
ആധികൾ തീർന്നിടുവാൻ

1. ദൈവിക ഭവനമതിൽ-പുതു-
വീടുകളൊരുക്കിയവൻ-വരും
മേഘമതിൽ നമ്മെ ചേർത്തിടുവാൻ
നടുവാനിതിൽ ദൂതരുമായ്
.......പ്രതിഫലം

2. തൻ തിരുനാമത്തിനായ്-മന്നിൽ
നിന്ദകൾ സഹിച്ചവരെ-തിരു
സന്നിധൗ ചേർത്തുതൻ കൈകളാലവരുടെ
കണ്ണുനീർ തുടച്ചിടുവാൻ
......പ്രതിഫലം

3. സ്വന്ത ജനത്തിനെല്ലാം-പല
പീഢകൾ ചെയ്തവരെ-വന്നു
ബന്ധിതരാക്കിയധർമ്മികളാമവർ-
ക്കന്തം വരുത്തീടുവാൻ
.....പ്രതിഫലം

4. വിണ്ണിലുള്ളതുപോലെ-ഇനി
മണ്ണിലും ദൈവഹിതം-പരി
പൂർണ്ണമായ് ദൈവിക രാജ്യമിപ്പാരിലും
സ്ഥാപിതമാക്കിടുവാൻ
......പ്രതിഫലം

5. കാലമെല്ലാം കഴിയും-ഇന്നു
കാൺമതെല്ലാം അഴിയും-പിന്നെ
പുതുയുഗം വിരിയും തിരികെ വരാതെ നാം
നിത്യതയിൽ മറയും
......പ്രതിഫലം

# 424

പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ
വന്നുദിക്കും പൊന്നുഷസ്സേ
ഓർക്കുംതോറും രമ്യം

1. ലക്ഷ്യമെല്ലാം കാണുന്നല്ലോ
കർത്തൻ തൻ വരവിൻ
നിത്യമായ രക്ഷയെ തൻ
പക്ഷമായ് നൽകീടും
ലക്ഷത്തിൽ സുന്ദരൻ
അക്ഷയനാം രക്ഷകൻ
എത്രയും ക്ഷണത്തിൽ
നമ്മെ അക്ഷയരാക്കീടും

.....പ്രത്യാശ

2. രാജനേശു വന്നിടും നീ ഒരുങ്ങീട്ടുണ്ടോ
നാളുതോറും നീ അവന്റെ
സാക്ഷിയാകുന്നുണ്ടോ
മൽപ്രിയ സോദരാ
നിനക്ക് വേണ്ടി താൻ സഹിച്ച
കഷ്ടതയിൽ പങ്ക്
ഇന്ന് നീ വഹിക്കുന്നുണ്ടോ

......പ്രത്യാശ

3. എണ്ണയുണ്ടോ നിൻ വിളക്കിൽ
നീ ഒരുങ്ങീട്ടുണ്ടോ
നിർമ്മലമാം നീതി വസ്ത്രം
നീ ധരിച്ചിട്ടുണ്ടോ
സ്നേഹത്തിനാഴവും നീളമതിൻ വീതിയും
ത്യാഗവും സമ്പൂർണ്ണതയും
നീ ഗ്രഹിച്ചിട്ടുണ്ടോ

.....പ്രത്യാശ

4. പാരിലാരും പാടിടാത്ത പാട്ട് നമ്മൾ പാടും
പാരിലാരും ചൂടിടാത്ത വാടാമുടി ചൂടും
ജീവന്റെ നാഥനാം ത്യാഗം സഹിച്ചതാം
സ്നേഹ മണവാളനോട്
സീയോൻപുരെ വാഴും

.....പ്രത്യാശ

## 425

മദ്ധ്യാകാശത്തിങ്കൽ മണിപ്പന്തലിൽ
മണവാട്ടി സഭയുടെ വേളി നടക്കും
മഹിമയിൽ വാഴുന്ന മണവാളനായ്
മാലിന്യമേൽക്കാതെ നാം ഒരുങ്ങി നിൽക്ക

വാനത്തിൽ മേഘത്തിൽ മദ്ധ്യവാനത്തിൽ
വന്നിടും കാന്തനായ് ഒരുങ്ങിനിൽക്ക
വീണ്ടെടുക്കപ്പെട്ട ദൈവജനമെ
വിശുദ്ധിയെ തികച്ചു നാം ഒരുങ്ങിനിൽക്ക
....മദ്ധ്യാകാശ

1. ഇത്രയും സ്നേഹം കിട്ടിയ
ഒരു മണവാട്ടി വേറെയില്ലല്ലോ
ഇത്രയും ഭാഗ്യമേറിയ ഒരു മണവാട്ടി
പാരിലില്ലല്ലോ
ഇനിയും കുറഞ്ഞൊന്നു കഴിയും നേരം
വരുവാനുള്ളവൻ വേഗം വന്നീടും
....മദ്ധ്യാകാശ

2. കുഞ്ഞാടിൻ കല്ല്യാണനാളിൽ
അന്ന് ക്ഷണിക്കപ്പെട്ടോരെല്ലാവരും
കാന്തനോടു ചേർന്നീടുവാൻ
അവർക്കന്നാളിൽ ഭാഗ്യമുണ്ടാകും
ഇവിടെ കയറി വരികയെന്ന്
കർത്താവിൻ ഗംഭീര നാദം കേട്ടിടും
....മദ്ധ്യാകാശ

3. ഇത്രയും സ്നേഹം നൽകിയ
ഒരു മണവാളൻ വേറെയില്ലല്ലോ
ഇത്രമാം രക്ഷ നൽകിയ
ഒരു രക്ഷകൻ ഭുവിലില്ലല്ലോ
സ്വന്തമാം ജീവനേ തന്നു വീണ്ടവൻ
തിരുരക്തം ചൊരിഞ്ഞു രക്ഷയേകിയോൻ
....മദ്ധ്യാകാശ

## 426

മൽപ്രിയനേ എന്നേശു നായകനേ
എപ്പോൾ വരും
എൻ കണ്ണീർ തുടച്ചീടുവാൻ
അങ്ങയെ ആശ്ലേഷിപ്പാൻ
എന്നേശുവേ വാന മേഘേ
വേഗം വന്നീടണേ....

1. മദ്ധ്യാകാശേ സ്വർഗ്ഗീയ ദൂതരുമായ്
വന്നിടുമ്പോൾ
എനിക്കായ് മുറിവേറ്റതാം
ആ പൊൻമുഖം മുത്തുവാൻ
വെള്ളത്തിനായ് കേഴുന്ന വേഴാമ്പൽ
പോൽ വാഞ്ചിക്കുന്നേ
....മൽപ്രി

2. വെൺമവസ്ത്രം ധരിച്ചുയിർത്ത
വിശുദ്ധ സംഘമതിൽ
ചേർന്നുനിൻ സവിധേ വന്നു
ഹല്ലേലുയ്യാ പാടുവാൻ
ബുദ്ധിയുള്ള നിർമ്മല കന്യകെ
പ്പോൽ ഒരുങ്ങുന്നേ
....മൽപ്രി

3. സൂര്യ-ചന്ദ്ര താരങ്ങളെ കടന്നു സ്വർഗ്ഗനാട്ടിൽ
ആ പളുങ്കു നദീ തീരേ
ജീവ വൃക്ഷത്തിൻ തണലിൽ
എൻ സ്വർവീട്ടിൽ എത്തുവാൻ
കൊതിച്ചിടുന്നേ എൻ മണാളാ
....മൽപ്രി

## 427

യേശു മണവാളൻ നമ്മെ ചേർക്കുവാൻ
മദ്ധ്യവാനിൽ വെളിപ്പെടുവാൻ
കാലം ആസന്നമായ് പ്രിയരെ
ഒരുങ്ങാം വിശുദ്ധിയോടെ (2)

ചേരും നാം വേഗത്തിൽ ഇമ്പവീടതിൽ
കാണും നാം അന്നാളിൽ പ്രിയൻ
പൊൻമുഖം (2)

.....യേശു

1. ഝടുതഝടെ ഉയിർക്കും വിശുദ്ധരെല്ലാം
കാഹളനാദം കേൾക്കുമ്പോൾ
പാരിൽ പാർത്തിടും നാം അന്നാളിൽ
രൂപാന്തരം പ്രാപിക്കും (2)

.....ചേരും നാം

3. രോഗദുഃഖങ്ങളും മരണമതും
തെല്ലും നീ ഭയപ്പെടാതെ
ദേഹം മണ്ണോടു ചേർന്നെന്നാലും
രൂപാന്തരം പ്രാപിക്കും (2)

......ചേരും നാം

4. യുദ്ധങ്ങളും ക്ഷാമവും ഭൂകമ്പവും
അടിക്കടി ഉയർന്നിടുമ്പോൾ
കാന്തൻ യേശുവരാൻ കാലമായ്
രൂപാന്തരം പ്രാപിക്കും (2)

....ചേരും നാം

## 428

യേശു വരുന്നേ പൊന്നേശു വരുന്നേ
വരവിന്നായ് തൻ വചനം
പോൽ നീ ഒരുങ്ങീടുന്നുവോ

1. ഇവിടെ കയറി വരുവിനെന്നു ദൈവശബ്ദം
കേൾ-പ്പതിനുവേണ്ടി ഉണർന്നു നീ
ഒരുങ്ങീടുന്നുവോ

....യേശു

2. അംബരത്തിൻ ശക്തികൾ ഭ്രമിച്ചീടുന്നതാൽ
അമ്പരപ്പിന്നാലീ ലോകം
നടുങ്ങീടുന്നിതാ

....യേശു

3. നീക്കും ലോകവാഴ്ച യേശു രാജരാജനായ്
സ്ഥാപിക്കും സ്വർഗീയ വാഴ്ച
തൻ വിശുദ്ധർക്കായ്

.....യേശു

4. മുൾമുടി അണിഞ്ഞു രക്തധാരിയായവൻ
പൊൻകിരീടം ചൂടി തേജപൂർണ്ണനായിതാ

....യേശു

5. ദൈവം തൻ വിശുദ്ധന്മാരിൻ
കണ്ണുനീരെല്ലാം നീക്കിയേകും
നിത്യജീവനെന്നെന്നേക്കുമായ്

.....യേശു

6. ഹാ സ്വർഗീയ നാളതിൻ പ്രഭാതമായിതാ
ഹായെൻ പ്രിയൻ വാനിൽ
ദൂതസേനയോടിതാ

.....യേശു

## 429

വിശുദ്ധിയെ തികച്ചു നാം
ഒരുങ്ങി നിൽക്ക പ്രിയൻ
വരുവതിൻതാമസമേറെയില്ല-തന്റെ
വാഗ്ദത്തങ്ങൾ പലതും നിറവേറുന്നേ
ഒരുങ്ങീടാം

1. യുദ്ധങ്ങൾ ക്ഷാമങ്ങൾ ഭൂകമ്പം പല
വ്യാധികളാൽ ജനം നശിച്ചീടുന്നു-രാജ്യം
രാജ്യങ്ങളോടെതിർത്തു തുടങ്ങിയല്ലോ
ഒരുങ്ങീടാം

....വിശു

2. കൊട്ടാരങ്ങൾ തുടങ്ങി കൊട്ടിൽ വരെ ജനം
കണ്ണുനീർ താഴ്‌വരയിലല്ലയോ ഒരു
സ്വസ്ഥതയുമില്ല മനുഷ്യർക്കിഹെ ഒരുങ്ങീടാം

....വിശു

3. മേഘാരൂഢനായി വന്നിടുമേ പതി-
നായിരം പേർകളിൽ സുന്ദരൻ താൻ-തന്റെ
കോമള രൂപം കണ്ടാനന്ദിപ്പാൻ-ഒരുങ്ങീടാം

.....വിശു

4. മാലിന്യപ്പെട്ടിടാതോടീടുക മണ-
വാളൻ വരവേറ്റം അടുത്തുപോയി-മണി
യറയിൽ പോയി നാം ആശ്വസിപ്പാൻ-
ഒരുങ്ങീടാം

.....വിശു

# 430

1. വീണ്ടെടുപ്പിൻ നാളടുത്തിതാ
മാറ്റൊലി ഞാൻ കേട്ടിടുന്നിതാ
ദേശമെല്ലാം പോകാം സാക്ഷികളായ് തീരാം
കാലമെല്ലാം തീരാറായല്ലോ

വേഗം നാം പോയിടാം
വേഗം നാം പോയിടാം
കാലമെല്ലാം തീരാറായല്ലോ (2)

2. ശത്രു നിന്റെ മുമ്പിലുള്ളതാൽ
തെല്ലുമേ ഭയന്നിടേണ്ട നീ
ഏന്തുക സർവ്വായുധം
കോട്ട കാത്തുകൊള്ളുക
ക്രിസ്തു തന്നെ സേനാനായകൻ...
....വേഗം നാം

3. ദേശത്തിന്റെ കാവൽ ചെയ്തിടും
കാവൽക്കാരാ രാത്രി എന്തായി?

ദൂരെ നിന്നു കേൾക്കും നാദമെന്റെ കാതിൽ
കാവൽക്കാരാ രാത്രി എന്തായി?....
....വേഗം നാം

4. വന്നിടും പ്രഭാതമൊന്നതിൽ
അന്നുവന്നുദിയ്ക്കും സൂര്യനായ്
അന്നു തൻ വിശുദ്ധർ നിത്യതയിലെത്തി
നിത്യകാലം വാഴും മോദമായ്..
....വേഗം നാം

5. പോർക്കളത്തിൽ നിൽക്കും വീരരേ
നല്ല യുദ്ധ സേവ ചെയ്തീടാം
കാഹളം മുഴക്കി കാലടികൾ വെച്ചും
ശത്രുവേ തിരുത്തി മുന്നേറാം...
....വേഗം നാം

# 431

ശാലേം രാജൻ വരുന്നൊരു ധ്വനികൾ

ദേശമെങ്ങും മുഴങ്ങീടുന്നു
സോദരാ! നീ ഒരുങ്ങീടുക
ലോകം വെറുത്തീടുക
വേഗം ഗമിച്ചീടുവാൻ വാനിൽ
പറന്നു പോകാൻ
.....ശാലേം

1. വീശുക ഈ തോട്ടത്തിനുള്ളിൽ
ജീവയാവി പകർന്നീടുവാൻ
ജീവനുള്ള പാട്ടു പാടുവാൻ
സാക്ഷി ചൊല്ലുവാൻ
ദൂതറിയിപ്പാൻ സഭയുണരുവാൻ
.....ശാലേം

2. ക്രിസ്തുവീരർ ഉണർന്നു ശോഭിപ്പാൻ
ശക്തിയായൊരു വേല ചെയ്‌വാൻ
കക്ഷിത്വം ഇടിച്ചുകളക
സ്നേഹത്താലൊന്നിക്ക
വിശ്വാസം കൂടട്ടെ മേലും
ധൈര്യം നൽകട്ടെ
....ശാലേം

3. അത്ഭുതങ്ങൾ അടയാളങ്ങളാൽ
സത്യസഭ വെളിപ്പെടുന്നു
ഭൂതങ്ങൾ അലറി ഓടുന്നു
പുതുഭാഷ കേൾക്കുന്നു
കുഷ്ഠരോഗം മാറുന്നു ജനം ഒന്നുചേരുന്നു
....ശാലേം

4. ദീവെട്ടികൾ തെളിയിച്ചുകൊൾക
എണ്ണപ്പാത്രം കവിഞ്ഞിടട്ടെ
ശോഭയുള്ള കൂട്ടരോടൊത്തു
പേർ വിളിക്കുമ്പോൾ
വാനിൽപ്പോകുവാൻ ഒരുങ്ങിനിൽക്കും ഞാൻ
....ശാലേം

## ക്രിസ്തുവിന്റെ പീഢാനുഭവം

## 432

1. കാൽവറി ക്രൂശിന്മേൽ
എനിക്കായ് മരിച്ച കർത്തനെ
ഇത്രയേറെ എന്നെ സ്നേഹിപ്പാൻ
ഞാനെന്തുള്ളു യേശുപരാ

ഞാനെന്തുള്ളു....ഞാനെന്തുള്ളു
ഞാനെന്തുള്ളു യേശുപരാ
ഇത്രയേറെ എന്നെ സ്നേഹിപ്പാൻ
ഞാനെന്തുള്ളു യേശുപരാ

2. നിൻ തിരു രക്തത്തിൻ
തുള്ളികൾ തെറിച്ചു ക്രൂശതിൽ
അതിലോരോ തുള്ളികൾക്കും ഞാൻ
എന്തു നൽകും മറുവിലയായ്
....ഞാനെന്തുള്ളു

3. ദുഷ്ടരാം യൂദന്മാർ
ഹിംസചെയ്തു നിന്നെ എത്രയോ
നീ സഹിച്ചു വേദനയാലെ
അതും എൻപേർക്കല്ലോ രക്ഷകാ
....ഞാനെന്തുള്ളു

## 433

കാൽവറിക്രൂശിൽ യാഗമായ് തീർന്നവനെ
കാരുണ്യനാഥാ തിരുമുമ്പിൽ നമിച്ചിടുന്നു
പാപവും ശാപവും നീക്കി എന്നിൽ
പാവനാത്മാവിനെ നല്കണമെ
....കാൽവറി

1. എല്ലാ രോഗങ്ങൾക്കുമവൻ വിടുതൽ നല്കും
കണ്ണുനീർ തൂകുമ്പോൾ മനസ്സലിയും
ഓരോ നാളുമെന്റെ ഭാരം ചുമന്നീടും
ആധികൾ വ്യാധികൾ തീർക്കുമവൻ
....കാൽവറി

2. ഏറെ പിഴച്ചു ഞാൻ വഴിതെറ്റി വീണുപോയി
മ്ലേച്ഛമാം ജീവിതവഴിയിലൂടെ
ഈ അശുദ്ധമാം ജീവിതം
ചെയ്തു പോയ നാളുകൾ
രക്ഷകാ തവ കൃപ നിറയ്ക്കേണമേ
......കാൽവറി

3. എന്റെ ആശയറ്റീമരുയാത്രയതിൽ
നാശമാം ഗർത്തത്തിൽ വീണിടാതെ
എൻപേർക്കായ് തകർന്ന യേശുനാഥാ
തിരുശാശ്വതപാതയിൽ നടത്തണമേ
.....കാൽവറി

# 434

1. ക്രൂശിൻമേൽ ക്രൂശിൻമേൽ
കാണുന്നതാരിതാ!
പ്രാണനാഥൻ, പ്രാണനാഥൻ,
എൻപേർക്കായ് ചാകുന്നു

2. ആത്മാവേ! പാപത്തിൻ
കാഴ്ച നീ കാണുക!
ദൈവത്തിൻ പുത്രൻ ഈ
ശാപത്തിലായല്ലോ!

3. ഇത്രമാം സ്നേഹത്തെ
എത്രനാൾ തള്ളിഞാൻ
ഈ മഹാ പാപത്തെ
ദൈവമേ! ഓർക്കല്ലെ

4. പാപത്തെ സ്നേഹിപ്പാൻ
ഞാനിനി പോകുമോ?
ദൈവത്തിൻ പൈതലായ്
ജീവിക്കും ഞാനിനി

5. കഷ്ടങ്ങൾ വന്നാലും
നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന
സ്നേഹത്തെ ഓർക്കും ഞാൻ

6. ശത്രുക്കൾ നിന്ദയും
ദൂഷ്യവും ചൊല്ലുമ്പോൾ
ക്രൂശിൻമേൽ കാണുന്ന
സ്നേഹത്തെ ഓർക്കും ഞാൻ

7. പാപത്തിൻ ശോധന
ഭീമമായ് വരുമ്പോൾ
ക്രൂശിൻമേൽ കാണുന്ന
സ്നേഹത്തെ ഓർക്കും ഞാൻ

8. ആപത്തിൻ ഓളങ്ങൾ
സാധുവെ തള്ളുമ്പോൾ
ക്രൂശിന്മേൽ കാണുന്ന
സ്നേഹത്തെ ഓർക്കും ഞാൻ

9. ശത്രുത്വം വർദ്ധിച്ചാൽ
പീഢകൾ കൂടിയാൽ
ക്രൂശിന്മേൽ കാണുന്ന
സ്നേഹത്തെ ഓർക്കും ഞാൻ

10. ആത്മാവേ! ഓർക്ക നീ
ഈ മഹാ സ്നേഹത്തെ
ദൈവത്തിൻ പുത്രൻ ഈ
സാധുവെ സ്നേഹിച്ചു

## 435

1. ക്രൂശിൽ കണ്ടു ഞാൻ നിൻ സ്നേഹത്തെ
ആഴമാർന്ന നിൻ മഹാ ത്യാഗത്തെ(2)
പകരം എന്തു നൽകും ഞാനിനി
ഹൃദയം പൂർണ്ണമായ് നൽകുന്നു നാഥനെ (2)

2. സൃഷ്ടികളിൽ ഞാൻ കണ്ടു നിൻ
കരവിരുത്
അത്ഭുതമാം നിൻ ജ്ഞാനത്തിൻ
പൂർണ്ണതയും (2)
പകരം എന്തു നൽകും ഞാനിനി
നന്ദിയാലെന്നും വാഴ്ത്തിടും സൃഷ്ടാവേ (2)

3. അടിപ്പിണരിൽ കണ്ടു ഞാൻ സ്നേഹത്തെ
സൗഖ്യമാക്കും യേശുവിൻ ശക്തിയെ (2)
പകരം എന്തു നൽകും ഞാനിനി
എന്നാരോഗ്യം നൽകുന്നു താതനായ് (2)

4. മൊഴിയിൽ കേട്ടു രക്ഷയിൻ ശബ്ദത്തെ
വിടുതൽ നൽകും നിൻ ഇമ്പ വചനത്തെ(2)
പകരം എന്തു നൽകും ഞാനിനി
ദേശത്തെങ്ങും പോകും
സുവിശേഷവുമായ് (2)

5. നിൻ ശരീരം തകർത്തു നീ ഞങ്ങൾക്കായ്
ശുദ്ധരക്തം ചിന്തി നീ ഞങ്ങൾക്കായ് (2)
പകരം എന്തു നൽകും ഞാനിനി
അന്ത്യത്തോളം ഓർമ്മിക്കും യാഗത്തെ (2)

6. പകരം എന്തു നൽകും ഞാനിനി
ഹൃദയം പൂർണ്ണമായ് നൽകുന്നു നാഥനെ (2)
പകരം എന്തു നൽകും ഞാനിനി
നന്ദിയാലെന്നും വാഴ്ത്തിടും സൃഷ്ടാവെ (2)

7. പകരം എന്തു നൽകും ഞാനിനി
എന്നാരോഗ്യം നൽകുന്നു താതനായ് (2)
പകരം എന്തു നൽകും ഞാനിനി
ദേശത്തെങ്ങും പോകും സുവിശേഷവുമായ് (2)

# 436

1. ക്രൂശിലേറി യാഗമായി
മാർവ്വിലെന്നെ ചേർത്തവനാം
ഇത്രയേറെ നല്ല നാഥനേ
എന്നെ ഹൃത്തിലേറ്റി നിന്നിടുവാൻ
ഇത്രനാളും കാത്തിരുന്ന
സ്വർപ്പുരം വെടിഞ്ഞ നാഥനേ
....ക്രൂശിലേറി

2. ക്ലേശമേറും ജീവിതത്തിൽ
ആശയായ് കൂടെയുള്ള
നിത്യനാകും നല്ല നാഥനേ
നിന്റെ പാത നോക്കി യാത്രചെയ്യും
ജീവനുള്ള കാലമെന്നും
മിത്രമായ നല്ല നാഥനേ
....ക്രൂശിലേറി

3. ശോകമേറും ജീവിതത്തിൽ
ദീപമായ് കൂടെയുള്ള
സ്തുത്യനാകും നല്ല നാഥനേ
നിന്നെ വാഴ്ത്തിടുന്നു എന്നുമെന്നും
ജീവനുള്ള കാലമെന്നും
നിത്യനായ നല്ല നാഥനെ
....ക്രൂശിലേറി

## 437

ഞാൻ വരുന്നു ക്രൂശിങ്കൽ
സാധു ക്ഷീണൻ കുരുടൻ
സർവ്വവും എനിക്കെച്ചിൽ
പൂർണ്ണ രക്ഷ കാണും ഞാൻ

ശരണം എൻ കർത്താവെ
വാഴ്ത്തപ്പെട്ട കുഞ്ഞാടെ
താഴ്മയായ് കുമ്പിടുന്നു
രക്ഷിക്ക എന്നെ ഇപ്പോൾ

2. വാഞ്ഛിച്ചു നിന്നെ എത്ര
ദോഷം വന്നെന്നിൽ എത്ര
ഇമ്പമായ് ചൊല്ലുന്നേശു
ഞാൻ കഴുകീടും നിന്നെ-

.....ശരണം

3. മുറ്റും ഞാൻ തരുന്നിതാ
ഭൂനിക്ഷേപം മുഴുവൻ
ദേഹം ദേഹി സമസ്തം
എന്നേക്കും നിന്റേതു ഞാൻ-

.......ശരണം

4. എന്നാശ്രയം യേശുവിൽ
വാഴ്ത്തപ്പെട്ട കുഞ്ഞാട്ടിൽ
താഴ്മയായ് കുമ്പിടുന്നു
രക്ഷിക്കുന്നിപ്പോളേശു-

.....ശരണം

5. യേശു വന്നെന്നാത്മാവേ
നിറയ്ക്കുന്നു പൂർത്തിയായ്
സുഖമെന്നും പൂർണ്ണമായ്
മഹത്വം കുഞ്ഞാട്ടിന്

....ശരണം

# 438

യേശുവിൻ സ്നേഹത്താൽ
എന്നുള്ളം പൊങ്ങുന്നേ
തൻ സ്നേഹ മാധുര്യം ചിന്താതീതം അത്രേ
ഹാ! എത്ര ആഴമേ യേശുവിൻ സ്നേഹമേ
ആയതിൻ ധ്യാനമെൻജീവിത ഭാഗ്യമേ (2)

1. ലോകസ്ഥാപനം മുൻപെന്നെയും കണ്ടല്ലോ
ലോകത്തിൽ വന്നു താൻ ജീവനെ തന്നല്ലോ
എത്രയോ ശ്രേഷ്ഠമാം സ്വർഗ്ഗീയ വിളിയാൽ
എന്നെയും യോഗ്യനായി
എണ്ണിയ സ്നേഹമേ (2)
....യേശുവിൻ

2. സീയോനിൽ എനിക്കായ് മൂലക്കല്ലാകുവാൻ
സീയോനിലെന്നെയും
ചേർത്തു പണിയുവാൻ
സ്വർഗ്ഗീയതാതാ നിൻ വേലയും തികച്ചു
സ്വർഗ്ഗീയ ശില്പിയാം
യേശുവിൻ സ്നേഹമേ (2)

.....യേശുവിൻ

3. അത്ഭുത സ്നേഹമാം സ്വർഗ്ഗീയദാനത്താൽ
സംപൂർണ്ണനാക്കിടും
എന്നെയും തന്നെപ്പോൽ
ശത്രുവാമെന്നേയും തൻ സ്വന്തമാക്കിയ
സ്നേഹസ്വരൂപ
നിൻ അതുല്യസ്നേഹമേ (2)
....യേശുവിൻ

4. കർത്താവാം കുഞ്ഞാട്ടിൻ കല്യാണനാളതിൽ
കാന്തയായ് തൻ മുമ്പിൽ
എന്നെയും നിർത്തുവാൻ
ഘോരമാം പാടുകൾ ക്രൂരമാം യൂദരാൽ
കാരണമില്ലാതെ സഹിച്ച സ്നേഹമേ(2)
....യേശുവിൻ

5. ജീവകിരീടവും ജ്യോതിയാം വസ്ത്രവും
നീതിയിൻ ചെങ്കോലും ധരിച്ചു വാഴുവാൻ
മുൾമുടി ധരിച്ചു നിന്ദയും സഹിച്ചു
മന്നാധിമന്നാ നിൻ മാറാത്ത സ്നേഹമേ (2)
....യേശുവിൻ

6. വീണ്ടെടുപ്പിൻ ഗാനം പാടും
ഞാൻ സീയോനിൽ
വിൺദൂതർക്കും പാടാൻ അസാധ്യമേ അത്
കാൽവറി ഗിരിയിൽ കാൽകരം തുളച്ച
കുഞ്ഞാടാം പ്രിയാ നിൻ
സ്നേഹമെൻ ഗാനമേ (2)
....യേശുവിൻ

## 439

യേശുവിൻ സ്നേഹത്തിൻ ആഴമളന്നിടാൻ
ഏഴയ്ക്കു ശേഷി പോരാ ഈയൊരു
പാപിക്കു ത്രാണി പോരാ

1. ആർക്കും വർണ്ണിച്ചിടാനാവതില്ലേ അതിൽ
ജീവിപ്പതെത്ര സൗഭാഗ്യവും മോദവും
ശാശ്വതമാം ആ സ്നേഹം നുകർന്നതിൻ
വാഹകരായ് മരുവുന്നതും ഭാഗ്യം
....യേശുവിൻ

2. വാനവും ഭൂമിയും ആകെ ഒഴിഞ്ഞാലും
യേശുവിൻ സ്നേഹം സനാതനമായത്
വേർപിരിയാത്തത്, ഭംഗം വരാത്തത്
വേർതിരിവില്ലാതെ ആർക്കും ലഭിപ്പത്
....യേശുവിൻ

3. വറ്റാത്ത നീരുറവാം തിരുസ്നേഹം
നിൽക്കാത്ത ദിവ്യപ്രവാഹമീസ്നേഹം
ആ സ്നേഹധാരയിൽ കഴുകിടുകിൽ നിന്റെ
ഏതൊരു പാപവും താപവും മാറിടും
....യേശുവിൻ

# സാമാന്യഗീതങ്ങൾ

## 440

1. അതിവേഗത്തിൽ ഓടിപ്പോകും
നിന്റെ എതിരുകൾ എന്നേയ്ക്കുമായ് (2)

തളർന്നു പോകരുതേ..... നീ (2)

2. പഴിയും ദുഷിയും വന്നിടുമ്പോൾ
ഭാരങ്ങൾ നിന്നിൽ ഏറിടുമ്പോൾ (2)
......തളർന്നു

3. ബലഹീനനെന്നു നീ കരുതിടുമ്പോൾ
കൃപമേൽ കൃപയവൻ പകർന്നീടുമേ (2)
......തളർന്നു

4. കോട്ടകൾ എതിരായ് ഉയർന്നിടുമ്പോൾ
തകർക്കുവാൻ അവൻ പുതുബലം തരുമേ (2)
.....തളർന്നു

5. അഗ്നിയിൽ ശോധന പെരുകിടുമ്പോൾ
നാലാമനായവൻ വെളിപ്പെടുമേ (2)
....തളർന്നു

6. വൈരിയൊരലറുന്ന സിംഹം പോൽ
വിഴുങ്ങുവാനായ് നിന്നെ
എതിരിടുമ്പോൾ (2)
.....തളർന്നു

7. ആഴിയിന്നലകളുയർന്നിടുമ്പോൾ
അമരക്കാരനുണർന്നിടുമേ (2)
......തളർന്നു

## 441

അത്യുന്നതന്റെ മറവിങ്കൽ
സർവ്വശക്തന്റെ നിഴലിൻ കീഴിൽ
പാർക്കും ഞാൻ നിർഭയനായി
പാടും ഞാൻ സ്തുതിഗീതങ്ങൾ

1. ആപത്തുകൾ രോഗങ്ങളും
നഷ്ടങ്ങളും എന്നെ ജയിക്കയില്ല
എന്റെ അദ്ധ്വാനഫലം
ഞാൻതന്നെ അനുഭവിക്കും
ഞാനും എന്റെ കുടുംബവുമോ
യേശുവെ ആരാധിക്കും
തൻ വചനം അനുസരിക്കും
മാതൃകയായ് ജീവിക്കും
.....അത്യുന്ന

2. യാത്രകളിൽ തൻ കാവലുണ്ട്
ആളും സഹായവും കരുതീട്ടുണ്ട്
ആയുസ്സും ആരോഗ്യവും
എൻ ദൈവം എനിക്കു തരും
ദൂതന്മാർ മുന്നമേ പോകുന്നു
കാര്യം നടത്തിത്തരുന്നു
എപ്പോഴും ദൈവമെന്റെ കൂടെയുണ്ട്
ഇതിൽപ്പരം ഭാഗ്യമുണ്ടോ
.....അത്യുന്ന

## 442

അത്ഭുതം യേശുവിൻ നാമം
ഈ ഭൂവിലെങ്ങും ഉയർത്തിടാം

1. എല്ലാരും ഏകമായ് കൂടി
സന്തോഷമായ് ആരാധിക്കാം
നല്ലവനാം കർത്തനവൻ
വല്ലഭനായ് വെളിപ്പെടുമേ.....
.....അത്ഭുതം

2. നീട്ടിയ തൃക്കരത്താലും
പരിശുദ്ധാത്മശക്തിയാലും
തിരുവചനം അതിധൈര്യമായ്
ഉരച്ചീടുക സഹോദരരെ....
......അത്ഭുതം

3. മിന്നൽപ്പിണരുകൾ വീശും
പിൻമാരിയെ ഊറ്റുമവൻ
ഉണരുകയായ് ജനകോടികൾ
തകരുമപ്പോൾ ദുർശക്തികളും
.....അത്ഭുതം

4. വെള്ളിയും പൊന്നൊന്നുമല്ല
ക്രിസ്തേശുവിൻ നാമത്തിനാൽ
അത്ഭുതങ്ങൾ അടയാളങ്ങൾ
നടന്നീടുമേ തൻ ഭുജബലത്താൽ
.......അത്ഭുതം

5. കുരുടരിൻ കണ്ണുകൾ തുറക്കും
കാതു കേട്ടിടും ചെകിടർക്കുമേ
മുടന്തുള്ളവർ കുതിച്ചുയരും
ഊമരെല്ലാം സ്തുതി മുഴക്കും
.....അത്ഭുതം

6. ഭൂതങ്ങൾ വിട്ടുടൻ പോകും
സർവ്വബാധയും നീങ്ങിടുമേ
രോഗികളും ആശ്വസിക്കും
ഗീതസ്വരം മുഴങ്ങീടുമേ
......അത്ഭുതം

7. നിന്ദിതപാത്രരായ് മേവാൻ
നമ്മെ നായകൻ കൈവിടുമോ
എഴുന്നേറ്റുനാം പണിതീടുക
തിരുക്കരങ്ങൾ നമ്മോടിരിക്കും
......അത്ഭുതം

# 443

1. അനുഗ്രഹത്തോടെ ഇപ്പോൾ അയയ്ക്ക
അടിയാരെ യഹോവായേ!
മനസ്സലിവുടയമഹോന്നതപരനെ
വന്ദനം നിനക്കാമേൻ

2. കരുണയിന്നാസനത്തിൽ - നിന്നു
കൃപ അടി-യങ്ങൾമേൽ
വരണം എല്ലായ്പോഴും ഇരിക്കണം രാപകൽ
വന്ദനം നിനക്കാമേൻ.

3. തിരുസമാധാനവാക്യം അടിയാർ
സ്ഥിരപ്പെടാൻ അരുൾക ഇപ്പോൾ
അരുമയേറും വേദമരുളിയപരനേ
ഹാലേലുയ്യാ ആമേൻ

# 444

അരികിൽ വരിക അനുഗ്രഹം ചൊരിക
അനവധി നന്മകൾ അനുദിനവും
ആദി മുതൽക്കേ അറിഞ്ഞവൻ നീയേ
അന്ത്യംവരെയും അനുഗ്രഹിക്ക

1. വചനപ്പൊരുളിൻ തെളിനീരുറവ
ഹൃദയനിലങ്ങളിൽ ഒഴുക്കണമെ
ഉഴുതുമറിക്കീ പാഴ്മരുഭൂമിയെ
ഫലമേകും നൽനിലമായി

.....അരികിൽ

2. പടകിൽ വരിക പ്രബോധനമേകി
അനുഗ്രഹനിറവിലെൻ കുറവറിയാൻ
അന്ത്യത്തോളം അനുഗമിച്ചീടുവാൻ
പകരുക ശക്തി അടിയാരിൽ

....അരികിൽ

3. സൗഖ്യം തരിക അടിപ്പിണരുകളാൽ
വിശ്വാസത്താൽ അറിഞ്ഞിടുവാൻ
അർപ്പിത വഴിയിൽ സാക്ഷികളായി
തിരുഹിതമെന്നും നിറവേറ്റാൻ

....അരികിൽ

## 445

ആകാശമേ കേൾക്ക -
ഭൂമിയെ ചെവി തരിക
ഞാൻ മക്കളെ പോറ്റി വളർത്തി-അവർ
എന്നോടു മത്സരിക്കുന്നു

1. കാള തന്റെ ഉടയവന്റെ -
കഴുത തന്റെ യജമാനന്റെ
പുൽത്തൊട്ടി അറിയുന്നല്ലോ -
എൻ ജനം അറിയുന്നില്ല .....ആകാ

2. അകൃത്യഭാരം ചുമക്കും ജനം -
ദുഷ്പ്രവർത്തിക്കാരുടെ മക്കൾ
വഷളായി നടക്കും ജനം -
ദൈവം അവരെ അറിയുന്നല്ലോ
......ആകാ

3. ആകാശത്തിൽ പെരുഞ്ഞാറയും -
കൊക്കും മീവൽ പക്ഷിയും
അവ തന്റെ കാലം അറിയും -
എൻ ജനം അറിയുന്നില്ല
.....ആകാ

## 446

ആയിരം സ്തുതികളേക്കാൾ
അനുസരണം വലിയതല്ലോ
പതിനായിരം വരങ്ങളേക്കാൾ
സ്നേഹം ശ്രേഷ്ഠമല്ലോ

ജീവിതം സൗഭാഗ്യമാക്കിടാം
ഭൂമിയിൽ സ്വർഗ്ഗരാജ്യം തീർത്തിടാം
ഭവനമോ സന്തുഷ്ട മാക്കിടാം
ദൈവവചനം അനുസരിക്കുകിൽ
.... ആയിരം

1. കർത്താവേ കർത്താവേ എന്നുരചെയ്യും
മർത്ത്യരാകും നാം ഏതുമില്ല
ഉർവിയിൽ ദൈവേഷ്ടം ചെയ്തിടുന്നവർ
സ്വർഗ്ഗരാജ്യത്തിൽ എന്നും അവകാശികൾ
.... ആയിരം

2. പ്രാർത്ഥനയും യാചനയും ഉയരും ഭവനം
കീർത്തനങ്ങളാൽ ആരാധനയും
സ്വാർത്ഥത വെടിഞ്ഞിടുന്ന ജീവിതവും
പാർത്തലത്തെ സ്വർഗ്ഗരാജ്യ തുല്യമാക്കിടും
.... ആയിരം

3. സ്നേഹത്തിന്റെ നൗകയിൽ യാത്രചെയ്യുകിൽ
ത്യാഗത്തിന്റെ മേടുകൾ സഞ്ചരിക്കുകിൽ
സത്യത്തിന്റെ പാതയിൽ നീതി നിറവിൽ
സൗഭാഗ്യമാക്കിടാം ഈ ജീവിതം
..... ആയിരം

## 447

ആരാലും അസാദ്ധ്യം എന്നു പറഞ്ഞ്
സ്നേഹിതരേവരും മാറിപ്പോയിടും
പ്രത്യാശയില്ലാത്ത വാക്കു പറഞ്ഞ്
പ്രിയരെല്ലാരും മാറിപ്പോയിടും

ഭയപ്പെടേണ്ട ദൈവപൈതലേ
അബ്രഹാമിൻ ദൈവം നിന്റെ കൂടെയുണ്ട്
ഭ്രമിച്ചിടേണ്ട ദൈവപൈതലേ
ഇസഹാക്കിൻ ദൈവം നിന്റെ കൂടെയുണ്ട്

1. വാക്കു പറഞ്ഞവൻ വിശ്വസ്തനായവൻ
മാറാതെപ്പോഴും നിൻ ചാരെയുണ്ട്
അബ്രഹാം ഇസഹാക്ക് യാക്കോബെന്നിവരെ
അനുഗ്രഹിച്ചവൻ കൂടെയുണ്ട്
.....ഭയപ്പെടേണ്ട

2 മാറായിൽ കൈപ്പിനെ മാധുര്യമാക്കിയ
മാറ്റമില്ലാത്തൊരു ദൈവമല്ലോ
മരുഭൂമിയിൽ മന്ന ദാനമായ് നൽകി
മക്കളെപ്പോറ്റിയ ദൈവമല്ലോ
.....ഭയപ്പെടേണ്ട

3 മോറിയാമലയിലെ യാഗഭൂമിയതിൽ
കുഞ്ഞാടിനെ തന്ന ദൈവമവൻ
ഇസഹാക്കിൻ ദൈവം കരുതിടും ദൈവം
ഇന്നലെയും ഇന്നും മാറാത്തവൻ
.....ഭയപ്പെടേണ്ട

## 448

ആശിഷം നൽകണമേ - മശിഹായേ
ആശിഷം നൽകണമേ

1. ഈശനെ! നീയെന്യേ
ആശ്രയമാരുള്ളൂ!
ആശ്രിതവത്സലനേ
അനുഗ്രഹമാരി അയയ്ക്കണമേ!

....ആശി

2. ആഗ്രഹിക്കുന്നവർ-
ക്കായി നിന്നെത്തന്നെ
ശീഘ്രം നീ നല്കീടുമേ
സന്ദേഹമില്ലോർത്തിതാ
കെഞ്ചിടുന്നേൻ

....ആശി

3. ആശ്രയം നീ തന്നെ
ദാസരാം ഞങ്ങൾക്കു
വിശ്രുത വന്ദിതനേ!
നിന്നെത്തന്നെ ശീഘ്രം നീ നൽകണമേ

....ആശി

4. കാശിനു പോലുമീ -
ദാസർക്കില്ലേ വില
മാശില്ലാ വല്ലഭനേ!
നിൻനാമത്തിൽ ദാസരെ കേൾക്കണമേ

....ആശി

5. രാജകുമാരനെ!
പൂജിത പൂർണ്ണനെ
സർവ്വജനേശ്വരനെ!
അനാരതം കാത്തരുളും പരനേ!

....ആശി

6. തേജസ്സിനാൽ നിന്റെ
ദാസരെയാകെ നീ
ആശ്ചര്യമായ് - നിറയ്ക്ക
നിൻ നാമത്തെ വാഴ്ത്തിപ്പുകഴ്ത്തിടുവാൻ

....ആശി

## 449

ആശ്രയം യേശുവിൽ എന്നതിനാൽ
ഭാഗ്യവാൻ ഞാൻ ഭാഗ്യവാൻ ഞാൻ
ആശ്വാസം എന്നിൽ താൻ വന്നതിനാൽ
ഭാഗ്യവാൻ ഞാൻ ഭാഗ്യവാൻ ഞാൻ

1. കൂരിരുൾ മൂടും വേളകളിൽ കർത്താവിൻ
പാദം ചേർന്നിടും ഞാൻ
കാരിരുമ്പാണിയാൽ പാടുള്ള പാണിയാൽ
കരുണ നിറഞ്ഞവൻ കാക്കുമെന്നെ-
കാക്കുമെന്നെ
.....ആശ്രയം

2. ഇത്ര സൗഭാഗ്യം ഇക്ഷിതിയിൽ-
ഇല്ലമറ്റെങ്ങും നിശ്ചയമായ്
തീരാത്ത സന്തോഷം ക്രിസ്തുവിലുണ്ടെന്നാൽ
തോരാത്ത കണ്ണീരേ മന്നിലുള്ളു-മന്നിലുള്ളു
.....ആശ്രയം

3. തന്നുയിർതന്ന ജീവനാഥൻ-
എന്നഭയം എൻ നാൾ മുഴുവൻ
ഒന്നിനും തന്നിടമെന്നിയേ വേറെങ്ങും
ഓടേണ്ട താങ്ങുവാൻ താൻ മതിയാം-
താൻ മതിയാം
.....ആശ്രയം

4. കാൽവറി നാഥൻ എൻ രക്ഷകൻ
കല്ലറയ്ക്കുള്ളൊതുങ്ങിയില്ല
മൃത്യുവെ വെന്നവൻ അത്യുന്നതൻ വിണ്ണിൽ
കർത്താധികർത്താവായ് വാഴുന്നവൻ-
വാഴുന്നവൻ
.....ആശ്രയം

## 450

ഇടയനാമേശുവെൻ ഇടമതിൽ ആകയാൽ
ഇടമില്ല യാതൊരു കുറവിനുമിവിടെ
ഇടമെനിക്കവിടയാ പച്ചയാം മേച്ചിലിൽ
സ്വച്ഛമാം ജലാശയം ജയത്തിനുത്സവം

1. ചൂടതിൽ ഇടറി ഞാൻ വീണിടുമെന്നാൽ
ശീതള വചനമെൻ പ്രാണനു സൗഖ്യം
നീതിയിൻ പാതയിൽ ഭീതി കൂടാതവൻ
നടത്തിടുമനുദിനം തന്റെ ദൃഷ്ടിയാൽ
.....ഇടയന....

2. ഭയമെനിക്കെവിടെയാ കൂരിരുൾ വഴിയിൽ
വടിയുമായിടയനെൻ അരികിലുള്ളതാൽ
ശത്രുവിൻ മുമ്പിലോ മൃഷ്ടമാം ഭോജനം
എൻ തലയെ തൈലത്താൽ വിശുദ്ധി
ചെയ്തിടും - ഇട...

3. എന്നുടെ ജീവിതം ധന്യമാക്കിടും
നന്മയും കരുണയും പിൻതുടർന്നിടും
മന്നിലെൻ നാളുകൾ സന്നിധിയിലായിടും
വിണ്ണിലെൻ നാഥനോടൊത്തു വാണിടും -
ഇടയന...

# 451

ഇതുവരെയെന്നെ കരുതിയ നാഥാ
ഇനിയെനിക്കെന്നും തവ കൃപ മതിയാം

1. ഗുരുവരനാം നീ കരുതുകിലെന്നെ
പുനരൊരു കുറവും വരികില്ല പരനെ
അരികളിൻ നടുവിൽ വിരുന്നൊരുക്കും നീ
പരിമള തൈലം പകരുമെൻ ശിരസ്സിൽ-
......ഇതു

2. കരുണയിൻ കരത്തിൽ കരുതലില്ലാത്ത
ഒരു നിമിഷവുമീ മരുവിലില്ലെനിക്ക്
ഇരവിലെന്നൊളിയായ്
പകലിലെൻ തണലായ്
ഒരു നിമിഷവും നീ പിരിയുകയില്ല-
......ഇതു

3. മരണത്തിൻ നിഴൽ താഴ്വരയതിലും ഞാൻ
ശരണമറ്റവനായ് പരിതപിക്കാതെ
വരുമെനിക്കരികിൽ വഴി പതറാതെ
കരം പിടിച്ചെന്നെ നടത്തീടുവോൻ നീ-
.....ഇതു

4. തല ചരിച്ചീടുവാൻ സ്ഥലമിതിലെങ്ങും
ഉലകിതിലില്ല മനുജകുമാരാ
തല ചരിക്കും ഞാൻ തവ തിരുമാറിൽ
നലമൊടു ലയിക്കും തവമുഖ പ്രഭയിൽ
......ഇതു

5. പരിചിതർ പലരും പരിഹസിച്ചെന്നാൽ
പരിചിൽ നീ കൃപയാൽ പരിചരിച്ചെന്നെ
തിരു ചിറകടിയിൽ മറച്ചിരുൾ തീരും
വരെയെനിക്കരുളും അരുമയോടഭയം-
.....ഇതു

## 452

1. ഇരിക്കുവാനൊരിടവും കാണുന്നില്ല
എന്റെ കീഴെ വൻ സാഗരജലം മാത്രം(2)
തളരുന്നു തളരുന്നു ചിറകുകളും
എന്റെ കൂടെ പറന്നോരെയും കാണുന്നില്ല (2)

2. ആരോ പകരുന്നല്ലോ പുതുശക്തി
എന്റെ വിശ്വാസ ചിറകുകളിൽ
വാഗ്ദത്ത വചനമാം തൂവലുകൾ
ഒന്നിനോടൊന്നു വന്നു ചേർന്നിടുന്നേ

3. തിരുക്കരം നീട്ടിയെന്നെ സ്വീകരിപ്പാൻ
നാഥൻ മറുകരയിൽ വരുമേ
അവിടെ ഞാൻ ചെന്നങ്ങു ചേരുവോളം
പറന്നിടും ആത്മാവിൻ പുതുബലത്താൽ

4. യേശു പകരുന്നല്ലോ പുതുശക്തി
എന്റെ വിശ്വാസ ചിറകുകളിൽ
തളരില്ല തളരില്ല ചിറകുകളും
എന്റെ കൂടെ പറക്കുവാനെൻ യേശുവുണ്ട്

5. ഇരിക്കുവാനൊരിടവും വേണ്ടിനിയും
എന്റെ കീഴെ ശാശ്വത ഭുജമുണ്ട്
തളരില്ല തളരില്ല ചിറകുകളും
എന്റെ കൂടെ പറക്കുവാനെൻ യേശുവുണ്ട്

## 453

ഉണർവ്വിൻ പ്രഭുവേ ഉണർവ്വിൻ രാജാ
വന്നീടണേ ദയവായ് ഏഴകളിൻ സഭയിൽ

1. ഉണർവറ്റുറങ്ങുകയോ മറന്നു തിരുകൃപകൾ
പൂർവപിതാക്കളിൽ പകർന്ന നിൻ ഉണർവിനെ
പകരണം ആത്മനാഥാ
....ഉണർവ്വിൻ

2. വേട്ടയാൽ ഓടിത്തളർന്ന പേടമാൻ-
പോലിതാ ഞാൻ
വരുന്നു ആദരവാൽ തിരുസവിധേ
ആശ്വാസദായകനേ
....ഉണർവ്വിൻ

3. ജീവിതക്ലേശങ്ങളാം വൻമേടുകൾ കാണുമ്പോൾ
തെല്ലും തളരാതെ ധൈര്യമായ് ജയിപ്പാൻ
ശക്തി പകർന്നിടണേ
....ഉണർവ്വിൻ

4. ആകാശമേഘങ്ങളിൽ ആരൂഢനായ് വരുമ്പോൾ
അങ്ങയെ മോദമായ് സ്വാഗതം ചെയ്‌വാൻ
ഞങ്ങളെ ഒരുക്കേണമേ
....ഉണർവ്വിൻ

# 454

1. എന്നുമെന്നും ധന്യവാനായ്
പൊന്നു നാഥൻ നടത്തുന്നു
പാപഭാരം നീക്കി എന്റെ ശാപമെല്ലാം
പോക്കി എന്നെ
ഭാഗ്യവാനായി തീർത്തുവല്ലോ (2)

2. ജീവിതത്തിൽ ആകുലനായ് ഞാൻ
ഭാരമെല്ലാം ചുമന്നപ്പോൾ
കോരിയെടുത്തെന്നെയവൻ തൻ ചുമലിൽ
ഏറ്റി എന്നെ
വീണിടാതെ കാത്തുവല്ലോ (2)
....എന്നുമെന്നും

3. യേശു എന്റെ സ്നേഹിതനായ്
ഇന്നുമെന്റെ കൂടെയുള്ളവൻ
ആയുസ്സുള്ളകാലമെല്ലാം ആശ്രയിപ്പാൻ
യേശുമാത്രം
പാടിടും ഞാൻ ഹല്ലേലുയ്യാ (2)
....എന്നുമെന്നും

# 455

1. എന്നെ രക്ഷിച്ചുന്നതൻ
തൻകൂടെന്നും പാർക്കുവാൻ
തന്റെ മഹൽ ജീവിതം ദാനം ചെയ്തിതാ
മന്നിടം ചമച്ചവൻ മന്നിടെ ചരിച്ചവൻ
എന്നെയെന്നും നടത്തുന്നതെന്തോരത്ഭുതം

2. തന്റെ ക്രൂശിൽ കാണുന്ന
സ്നേഹത്തിന്റെ പൂർണ്ണത
എന്റെ രക്ഷ ആയതു താൻ നിവർത്തിച്ചു
ബന്ധനസ്ഥം ചെയ്തു
താൻ അന്ത്യമായ യാചന
സാന്ത്വന ജീവിതത്തെ ബന്ധമായ് നൽകി

3. എന്റെ രക്ഷാദാനമെ എന്നുമുള്ളാശ്വാസമെ
ഒന്നും ചെയ്തിട്ടില്ല ഞാൻ തന്നുടെ കൃപ
മന്നിടത്തിൽ ക്രൂശിതിൽ നിന്നുമുയർന്നുയർന്നു
ഉന്നതമാം സ്വർഗ്ഗത്തിൽ വാസവും നൽകി

4. ഏതും ഭീതിയെന്നിയെ താതനോടുകൂടെ നാം
മോദമായി ജീവിക്കുന്നു തന്റെ ആവിയാൽ
ഏതനർത്ഥം കഷ്ടങ്ങൾ
സാധുവിനുണ്ടായെന്നാൽ
ക്ലേശമെല്ലാം നീക്കിടും രാജരാജൻ താൻ

5. ഭൂവിൽ സ്വർഗ്ഗജീവിതം ആരംഭിച്ചിടുന്നിതാ
ആവിയുടെ വാസമോ ജീവിതസൗരഭ്യം
നീതി സമാധാനവും ആത്മ സന്തോഷമതും
ദൈവരാജ്യം ഹൃത്തിൽ പിന്നെ സ്വർഗ്ഗവും

## 456

എന്നെന്നും നിൽക്കുന്നതാം
വഴിയെന്നെ കാട്ടിടണേ
എന്നെ കാട്ടിത്തന്നീടണേ
വഴിയിൽ ഞാൻ നശിച്ചിടാതെ
പുത്രനെ ചുംബിക്കുന്നു
ദൈവപുത്രനെ ചുംബിക്കുന്നു

1. ഗീതങ്ങൾ പാടിപ്പാടി
സ്തോത്ര സംഗീതത്തോടെ
ഈവഴി ഞാൻ പോകുമ്പോൾ
എന്തെന്തൊരാനന്ദമേ---എന്നെ

2. പാർക്കുവാൻ തക്കതായ
പട്ടണത്തിൽ ചെല്ലോളം
ചൊവ്വേയുള്ള വഴിയിൽ
നീ നടത്തീടുകെന്നെ ....എന്നെ

# 457

1. എൻ രക്ഷകാ! എൻ ദൈവമേ!
നിന്നിൽ ആയ നാൾഭാഗ്യമേ!
എന്നുള്ളത്തിൻ സന്തോഷത്തെ
എന്നും ഞാൻ കീർത്തിച്ചീടട്ടെ!

ഭാഗ്യനാൾ! ഭാഗ്യനാൾ യേശു
എൻ പാപം തീർത്തനാൾ
കാത്തുപ്രാർത്ഥിക്കാറാക്കിതാൻ
ആർത്തു ഘോഷിക്കാറാക്കിതാൻ
ഭാഗ്യനാൾ! ഭാഗ്യനാൾ യേശു
എൻ പാപം തീർത്ത നാൾ

2. വൻ ക്രിയ എന്നിൽ നടന്നു,
കർത്തൻ എന്റെ ഞാൻ അവന്റെ
താൻ വിളിച്ചു ഞാൻ പിൻചെന്നു
സ്വീകരിച്ചുതൻ ശബ്ദത്തെ-

......ഭാഗ്യ

3. സ്വസ്ഥം ഇല്ലാത്തമനമേ!
കർത്തനിൽ നീ ആശ്വസിക്ക-
ഉപേക്ഷിയാതെ അവനെ,
തൻ നന്മകൾ സ്വീകരിക്ക-

......ഭാഗ്യ

4. സ്വർപ്പുരം ഈ കരാറിന്നു
സാക്ഷിനിൽക്കുന്നെൻ മനമേ!
എന്നും എന്നിൽ പുതുക്കുന്നു
നന്മുദ്ര നീ ശുദ്ധാത്മാവേ-

.....ഭാഗ്യ

5. സൗഭാഗ്യം നൽകും ബാന്ധവം
വാഴ്ത്തും ജീവ കാലമെല്ലാം
ക്രിസ്തേശുവിൽ എൻ ആനന്ദം
പാടും ഞാൻ അന്ത്യകാലത്തും

......ഭാഗ്യ

## 458

എന്റെ ജീവനാമേശുവേ
നിന്റെ സ്വരമെൻ ചെവിയിൽ
ഇമ്പമോടെ വന്നടിച്ചിടുന്നു
ഞാൻ കേട്ടു നാഥാ

1. ക്ഷീണപാപിയേ വായെന്നിൽ
ആശ്വസിക്ക നീ സതതം-
ക്ഷീണമുള്ള നിൻ തലയെൻ മാർവ്വിൽ
ചാരി സുഖിക്ക-

....എന്റെ

2. വന്നു കണ്ടു ശാന്തതയെ
യേശുവിന്റെ സ്നേഹമാർവ്വിൽ
എന്നെയടുപ്പിച്ചു സന്തോഷത്താൽ
ദുഃഖങ്ങൾ മാറ്റി-

.....എന്റെ

3. സർവ്വവും ഞാൻ ദാനമായി
നിർവ്യാജം തരുന്നു പാപി
ജീവവെള്ളം നീ കുടിച്ചാനന്ദം
പ്രാപിച്ചീടുക-

....എന്റെ

4. ജീവനദിയിൽ നിന്നു ഞാൻ
മോദമോടെ പാനം ചെയ്തു
കേവലമെൻ ദാഹം ശമിച്ചിപ്പോൾ
ജീവിക്കുന്നു ഞാൻ-

....എന്റെ

5. കൂരിരുളാൽ മൂടിയോരി
ലോകത്തിനു ഞാൻ വെളിച്ചം
പാരാതെ നീയെന്നെ നോക്കി നോക്കി
നിത്യം സുഖിക്ക-

.....എന്റെ

## 459

എന്റെ ദൈവം കരുണയാലെന്നെ
ഓരോ നിമിഷവും വഴി നടത്തും
എന്റെ ദൈവം കൃപയാലെന്നെ
എന്നെന്നേയ്ക്കുമായ് വഴി നടത്തും (2)

1. യിസ്രായേലിൻ വെളിച്ചം തെളിഞ്ഞീടുമ്പോൾ
മുള്ളും പറക്കാരയും ദഹിച്ചീടുമെ (2)
എനിക്കു മുമ്പേ നീ പോയീടുമ്പോൾ
ദുർഘടങ്ങൾ എല്ലാം നിരപ്പാകുമെ (2)
എന്റെ ദൈവം...

2. ആർദ്രത കരുണയാലെ നോക്കിടുമ്പോൾ
എന്റെ ഹൃദയമെന്നും ആനന്ദിക്കും (2)
പുതുകൃപയാലെന്നെ നിറക്കുമ്പോൾ
എൻ പ്രാണനെന്നും ആനന്ദിക്കും (2)
എന്റെ ദൈവം.....

## 460

എന്റെ ദൈവം നടത്തീടുന്നു
എന്നെ ജയോത്സവമായ് ദിനവും (2)
എന്റെ തോഴരിൽപരമായ്നന്ദതൈലം
എന്മേൽ പകർന്നെന്നെ നടത്തീടുന്നു (2)

എൻ ജീവിതപാതയിൽ കെണികളൊരുക്കി
ശത്രുഗണം തകർത്തീടാനൊരുങ്ങീടുമ്പോൾ (2)
ഹാ – ശത്രുവിൻ തലയെ തകർത്തവ
നെനിയ്ക്കായ്
ശത്രുക്കൾ കാൺകെ വിരുന്നൊരുക്കും (2)

2. എന്റെ തോഴരെല്ലാം എന്നെ പകച്ചാലും
എന്റെ പേർ വിടക്കെന്നെണ്ണിയാലും (2)
എന്നെ വിലയുള്ളവനും മാന്യനുമായ്
എണ്ണി ദൈവം അനുദിനം ഉയർത്തീടുമേ (2)

3. അഗ്നിപോലെ പരിശോധനകൾ
എൻ ചുറ്റും ആളിപ്പകർന്നീടിലും (2)
അതിനാൽ ഒരു ദോഷവും എനിക്കു വരാൻ
അരുമനാഥൻ അനുവദിക്കയില്ല (2)

## 461

എന്റെ ദൈവമായ രാജാവേ
തിരുനാമം വാഴ്ത്തിടും (2)

നിൻ മഹിമ അഗോചരമെ
നിൻ ക്രിയകളും അത്ഭുതമെ
നിൻ കൃപകളെ ധ്യാനിച്ചീടും
നിൻ മഹിമയെ വർണ്ണിച്ചിടും
നിന്റെ നീതിയെ ഘോഷിച്ചീടും
നിന്റെ നന്മയെ ഓർമ്മിച്ചിടും

1. മഹാ കരുണയും കൃപയുമുള്ളോൻ
ദീർഘക്ഷമയും ദയയുമുള്ളോൻ
നിത്യരാജത്വം നിനക്കുള്ളത്
ആധിപത്യവും നിന്റെതല്ലോ-
....നിന്റെ

2. സത്യമായ് തന്നെ വിളിച്ചിടുമ്പോൾ
നിത്യജീവൻ താനരുളിടുമേ
തന്നെ സ്നേഹിക്കും ഏവരെയും
ദയയാലവൻ പരിപാലിക്കും-
....നിന്റെ

## 462

എന്റെ ദൈവമെന്നും വിശ്വസ്തൻ തന്നെ
എന്റെ ദൈവമെന്നും അനന്യൻ തന്നെ (2)
വാഗ്ദത്തം തന്നവൻ വാക്കു മാറാത്തവൻ
വലങ്കരത്താൽ എന്നെ വഴി നടത്തും

1. കണ്ണുനീർ താഴ്വരയിൽ നടന്നാൽ
കഷ്ടങ്ങൾ നഷ്ടങ്ങൾ ഏറിവന്നാൽ (2)
കണ്ണുനീരെല്ലാം തുടച്ചീടുമേ
കരം പിടിച്ചെന്നെ നടത്തീടുമേ (2)
.....വാഗ്ദത്തം

2. രോഗങ്ങളാൽ ഞാൻ വലഞ്ഞീടുമ്പോൾ
ഭാരങ്ങളാൽ മനം നിറഞ്ഞീടുമ്പോൾ (2)
അടിപ്പിണരാൽ അവൻ സൗഖ്യം തരും
വചനമയച്ചെന്നെ വിടുവിച്ചിടും (2) .
....വാഗ്ദത്തം

3. ശത്രുവെനിക്കെതിരായ് വന്നിടുമ്പോൾ
ശക്തിയില്ലാതെ ഞാൻ വലഞ്ഞീടുമ്പോൾ (2)
ശത്രുവിൻ വഴിയെ തകർത്തിടുവാൻ
ശക്തിയവനെന്നിൽ പകർന്നീടുമേ
.....വാഗ്ദത്തം

## 463

എല്ലാം എല്ലാം ദാനമല്ലേ
ഇതൊന്നും എന്റേതല്ല
എല്ലാം എല്ലാം തന്നതല്ലേ
ഇതൊന്നും ഞാൻ നേടിയതല്ല

ജീവനും ജീവനിയോഗങ്ങളും
പ്രാണനും പ്രാണപ്രഭാവങ്ങളും
നാഥാ നിൻ ദിവ്യമാം ദാനങ്ങളല്ലേ
ഇതൊന്നും എന്റേതല്ല

1. നിമിഷങ്ങളിൽ ഓരോ നിമിഷങ്ങളിൽ എന്നെ
പൊതിയുന്ന നിൻ ജീവകിരണങ്ങളും
ഒരുമാത്രപോലും പിരിയാതെ എന്നെ
കരുതുന്ന സ്നേഹവും ദാനമല്ലേ
....എല്ലാം എല്ലാം

2. നയനങ്ങളെ നിന്നിൽ ഉയരങ്ങളിൽ - ചേർത്തു
കരുണാർദ്രസവിധത്തിൽ കരയുന്നേരം
കുരിശിൽ വിരിച്ചോരാ കനിവിൻ കരങ്ങളാൽ
അരുളും സഹായവും ദാനമല്ലേ
....എല്ലാം എല്ലാം

3. ബന്ധങ്ങളിൽ എന്റെ കർമ്മങ്ങളിൽ - എന്നെ
നിൻ ജീവസാക്ഷിയായ് നിർത്തീടുവാൻ
പരിപാവനാത്മാവിൻ വരദാനമെന്നിൽ
പകരുന്ന സ്നേഹവും ദാനമല്ലേ
....എല്ലാം എല്ലാം

## 464

എഴുന്നേറ്റു പ്രകാശിക്ക നിന്റെ
പ്രകാശം വന്നിരിക്കുന്നു
യഹോവയുടെ തേജസ്സും നിന്റെ
മേൽ ഉദിച്ചിരിക്കുന്നു

1. കൂരിരുൾ തിങ്ങിയ വീഥിയതിൽ-
   വഴി കാണാതുഴലുന്ന പഥികനു നീ
   വഴികാട്ടും ദീപമായ് എരിഞ്ഞിടുക
   പ്രകാശ ഗോപുരമായ് നിന്നീടുക
   ....എഴുന്നേറ്റു
2. ഇരുളിന്റെ പാശങ്ങൾ അറുത്തു നീ-
   മോചനമതേകുമീ ബന്ധിതർക്ക്
   മാനവചേതന പുൽകിയുണർത്തു
   മാനസ്സമതീശനു മന്ദിരമാക്കാൻ
   ....എഴുന്നേറ്റു
3. തണ്ടിൻമേൽ ദീപങ്ങൾ തെളിച്ചു നമ്മൾ...
   തമസ്സിന്റെ കോട്ടകൾ തകർത്തിടുക
   താതാസുതാത്മനെ വണങ്ങീടുക
   തളരാതെ നീതി പ്രഭ ചൊരിയാൻ
   ....എഴുന്നേറ്റു

## 465

കരുതുന്നവൻ എന്നെ കരുതുന്നവൻ
ഓളങ്ങളേറുമീ ജീവിതസാഗരെ
കരം പിടിച്ചെന്നെ നയിക്കുന്നവൻ
എന്നെ കരുതുന്നവൻ

1. രാവും പകലും അകലാതരികിൽ
മേഘത്തിൻ തണലായ് അഗ്നിത്തൂണിൻ
പ്രഭയായ് (2)
മരുഭൂയാത്രയിൽ സാന്ത്വനമേകി
(കരുതുന്നവൻ)

2. സൈന്യത്താലുമല്ല ശക്തിയാലുമല്ല
ദൈവത്തിന്റെ ആത്മശക്തിയാലല്ലോ (2)
കൃപമേൽ കൃപ പകർന്നനുദിനമെന്നെ
(കരുതുന്നവൻ)

3. ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും പരം
അതിശയകരമായ് വഴിനടത്തുന്നവൻ (2)
ആപത്തിൽ രോഗത്തിൽ കൈവെടിയാതെ
(കരുതുന്നവൻ)

4. യേശുവിൻ സ്നേഹത്തിൽ സഹജരെ
കരുതാം
പരിപാലിയ്ക്കാം ദൈവസൃഷ്ടികളെ
യെല്ലാം (2)
ഇരുളിലും ശോഭിച്ചു കർത്താവിനെ
സ്തുതിക്കാം
(കരുതുന്നവൻ)

## 466

കരുണയുള്ള എൻ യഹോവേ
കരുതലോടെ കാക്കുന്നോനേ (2)

ശത്രുഭയം നീക്കിയെന്നെ
ശാന്തമായി നടത്തീടുക (2)

പുറം പറമ്പിൽ കിടന്ന എന്നെ
പറുദീസ വാസം നൽകി (2)

രാജാവിൻ വംശമാക്കി
രാജകീയ പുരോഹിതരായ് (2)

അന്ധകാര വാഴ്ച മാറ്റി
അത്ഭുതമായി വെളിച്ചമേകി (2)

സൽഗുണങ്ങൾ ഘോഷിക്കുവാൻ
സർവ്വേശൻ എന്നെ തിരഞ്ഞെടുത്തു (2)

ആവതില്ലേ വർണ്ണിച്ചീടാൻ
അകമഴിഞ്ഞ നിൻ സ്നേഹമോർത്താൽ (2)

സ്നേഹത്തിൻ ഉറവിടമേ
സ്നേഹത്താൽ നേടിയെന്നെ (2)

സുവിശേഷത്തിൻ ആവേശം
പകർന്നുതന്ന യേശുനാഥാ (2)

നിൻപേർക്കായ് രക്തം ചിന്താൻ
ഏൽപ്പിക്കുന്നേ ഏഴയെന്നെ (2)

## 467

കരുണാനിധിയെ കാൽവറി അൻപേ -
ആ.....ആ....ആ....അ
നീ മാത്രമാണെനിക്കാധാരം (2)

1. കൃപയേകണം കൃപാനിധിയെ
കൃപാനിധിയെ കൃപാനിധിയെ
മുൻപേ പോയ നിൻ പിൻപേ ഗമിപ്പാൻ
.....ആ.....ആ....ആ...അ
നിൻ പാദമെ എനിക്കാധാരം
.......കരുണാ

2. താതാ നിന്നിഷ്ടം മന്നിൽ ഞാൻ ചെയ്‌വാൻ
തന്നിൽ വസിപ്പാൻ ഉന്നതം ചേരാൻ
ത്യാഗം ചെയ്യുന്നീ പാഴ്മണ്ണിന്നാശ
.....ആ......ആ.....ആ.....അ
ഓടുന്നു നാടിനെ പ്രാപിപ്പാൻ.....
.....കരുണ

3. മാറാ എലീമിൻ പാറയിൻ വെള്ളം
മാറാത്തോനേകും മാധുര്യമന്നാ
പാറയാം യാഹെൻ രാപ്പകൽ ധ്യാനം
.....ആ....ആ.....ആ....അ
യോർദ്ദാന്റെ തീരമെന്നാശ്വാസം .....
......കരുണ

4. എന്നെൻ സീയോനെ ചെന്നങ്ങു കാണും
അന്നെൻ കണ്ണീരും മാറും കനാനിൻ
ഭക്തർ ശ്രവിക്കും കർത്തൃകാഹളം.....
ആ....ആ...ആ.....അ
വ്യക്തമായ് കാണും എൻ രക്ഷകനെ.....
.....കരുണാ

## 468

1. കർത്താവിൽ സ്നേഹത്തിൽ എന്നും വസിച്ചിടുവാൻ
   വൻകൃപ ഏകീടണേ
   ഭിന്നത വിദ്വേഷം ഇല്ലാതെ ജീവിപ്പാൻ
   വൻകൃപ ഏകീടണേ

   ലോകം പാപം പിശാച് എന്നെ തൊടുകയില്ല
   ദുഷ്ട ഘോരശത്രു എന്നെ കാണുകയില്ല (2)
   അങ്ങെ ചിറകിൻ മറവിലാണു ഞാൻ
   എന്റെ വിശ്വാസം വർദ്ധിപ്പിക്കണേ. (2)

2. ഇന്നലെ മിന്നിയ ഉന്നത ശ്രേഷ്ഠൻമാർ
   അന്യരാണിന്നു മന്നിൽ (2)
   എന്നാലോ സാധു ഞാൻ സന്നിധി നിന്നതോ
   പൊന്നേശുവേ കൃപയാൽ (2)

   .....ലോകം

3. നിർത്തിയതാണെന്നെ നിന്നതല്ല ഞാൻ
   എത്ര സ്തുതിച്ചീടേണം (2)
   നിന്ദ പരിഹാസം ഏറെ സഹിച്ചു ഞാൻ
   എത്ര നാൾ പാർത്തീടേണം (2)

   .....ലോകം

4. ഒന്നിക്കുമൊരുനാൾ സ്വർഗ്ഗകൂടാരത്തിൽ
   വന്ദിക്കുമേ അന്നാളിൽ (2)
   എന്നിനി പ്രിയന്റെ പൊന്മുഖം കാണും ഞാൻ
   എന്നാശ ഏറിടുന്നേ (2)

   ....ലോകം

# 469

1. കാണും വരെ ഇനി നാം തമ്മിൽ
കൂടെ ഇരിക്കട്ടെ ദൈവം
തൻ ദിവ്യ നടത്തിപ്പാലെ-
കാത്തു പാലിക്കട്ടെ! നിങ്ങളെ

ഇനി നാം ഇനി നാം-
യേശു മുൻചേരും വരെ
ഇനി നാം-ഇനി നാം
ചേരുംവരെ പാലിക്കട്ടെ! താൻ

2. കാണുംവരെ ഇനി നാം തമ്മിൽ
തൻ തിരു ചിറകിൻ കീഴിൽ
നൽകി എന്നും ദിവ്യമന്നാ
കാത്തു പാലിക്കട്ടെ നിങ്ങളെ

.....ഇനി

3. കാണുംവരെ ഇനി നാം തമ്മിൽ
തൻ തൃക്കരങ്ങളിൽ ഏന്തി
അനർത്ഥങ്ങളിൽ കൂടെയും
കാത്തുപാലിക്കട്ടെ നിങ്ങളെ

.....ഇനി

4. കാണുംവരെ ഇനി നാം തമ്മിൽ
സ്നേഹക്കൊടിയതിൻ കീഴിൽ
മൃത്യുവിൻമേൽ ജയം നൽകി
കാത്തുപാലിക്കട്ടെ നിങ്ങളെ

.....ഇനി

# 470

1. കൂടെ പാർക്ക നേരം വൈകുന്നിതാ
കൂരിരുളേറുന്നു പാർക്ക ദേവാ
ആശ്രയം വേറില്ലാ നേരം തന്നിൽ
ആശ്രിതവത്സലാ കൂടെ പാർക്ക

2. ആയുസ്സാം ചെറുദിനം ഓടുന്നു
ഭൂസന്തോഷമഹിമ മങ്ങുന്നു
ചുറ്റിലും കാണുന്നു മാറ്റം കേടും
മാറ്റമില്ലാ ദേവാ കൂടെ പാർക്ക

3. രാജരാജൻപോൽ ഭയങ്കരനായ്
സാധുവെ ദർശിച്ചീടരുതെ നിൻ
ചിറകിൻകീഴ് സൗഖ്യവരമോടെ
നന്മ ദയ നൽകി കൂടെ പാർക്ക

4. ഏകി കഷ്ടതയിൽ സഹതാപം
അപേക്ഷയിൽ മനസ്സലിവോടെ
നിസ്സഹായരിൻ സഹായകനായ്
വന്നു രക്ഷിച്ചു നീ കൂടെ പാർക്ക

5. സദാ നിൻ സാന്നിദ്ധ്യം വേണം താതാ
പാതകന്മേൽ ജയം നിൻകൃപയാൽ
തുണചെയ്‌വാൻ നീയല്ലാതാരുള്ളു
സന്തോഷസന്താപേ കൂടെ പാർക്ക

6. ശത്രുഭയമില്ല നീയുണ്ടെങ്കിൽ
ലോകക്കണ്ണീരിന്നില്ല കൈപ്പൊട്ടും
പാതാളമേ! ജയം എവിടെ നിൻ?
മൃത്യുമുൾ പോയ്, ജയം കൂടെ പാർക്ക

7. കണ്ണടഞ്ഞീടുമ്പോൾ നിൻ ക്രൂശിനെ
കാണിക്ക മേൽ ലോകമഹിമയും
ഭൂമിഥ്യാ നിഴൽ ഗമിക്കുന്നിതാ
ഭാഗ്യോദയമായ് നീ കൂടെ പാർക്ക

## 471

1. കൃപയിൻ അന്ത്യധനം
മൺപാത്രങ്ങളിൽ പകർന്നു
നിത്യജീവന്റെ വചനം-
താഴ്ന്ന നിലത്തുപാകി
നല്ല ഫലങ്ങൾ നൽകുവാൻ-
വൻ കൃപ ചൊരിഞ്ഞു നൽകി
സത്യ സഭയെ പോറ്റുവാൻ
നൽവരങ്ങൾ പകർന്നു നീ

ജീവനുള്ള കാലത്തോളം
വിശുദ്ധ കൈകളുയർത്തി
സിംഹാസനത്തിൽ വസിക്കും-
കുഞ്ഞാടിനെ സ്തുതിക്കും ഞാൻ

2. വീഥിയിൻ നടുവിലൂടെ-
ശുദ്ധജീവ ജലനദി
രാപ്പകൽ പ്രശോഭിക്കുന്ന-
ദീപ സ്തംഭത്തിനു മുമ്പിൽ
ദൂതന്മാർ ചിറകുയർത്തി-
മൂപ്പന്മാർ കിരീടം താഴ്ത്തി
പെരുവെള്ളത്തിന്നിരച്ചിൽ പോൽ
നിൻ മുമ്പിൽ ഗീതം മുഴക്കും
....ജീവ

3. ഹൃദയത്തിന്നാഗ്രഹം നല്കി
അധരത്തിൻ യാചന കേട്ടു
കാര്യസ്ഥൻ സാന്നിദ്ധ്യം നല്കി
നാൾതോറും ഭാരം ചുമന്നു
ഉത്സവം ആചരിക്കുന്ന
പുരുഷാരത്തിന്റെ ധ്വനിയാൽ
വീണ്ടെടുക്കപ്പെട്ട സംഘം
നിൻ മുൻപിൽ ഗീതം മുഴക്കും
.......ജീവ

4. തന്റെ ഏകജാതനാം
പുത്രനിൽ വിശ്വസിക്കുന്നോർ........
ഹൃദയംകൊണ്ടു വിശ്വസിച്ചു-
അധരം കൊണ്ടേറ്റു ചൊല്ലുവോർ
ആരും നശിച്ചു പോകാതെ
നിത്യജീവൻ പ്രാപിപ്പാൻ
ലോകത്തെ സ്നേഹിച്ചീശനെ-
കൈകളുയർത്തി സ്തുതിക്കാം-
.....ജീവ

## 472

കൃപയിന്നുറവാം കർത്താവെ നിൻ
കൃപ മതിയടിയാനീയുലകിൽ (2)

1. ബലഹീനതയിൽ താങ്ങി നടത്തും–
ബലവാനേ നിൻ കൃപ മതിയെ
പലവിധ ഭീതികളുയരും മരുവിൽ –
കൃപയിൻ ചിറകാൽ പൊതിയണമെ

....കൃപ

2. പാപത്തിൻ ശമ്പളം മരണം നീങ്ങി–
കൃപയാലെ ദൈവമകനായ് ഞാൻ
അവകാശമായ് നിത്യജീവൻ ലഭിച്ചു –
പ്രത്യാശയോടെ ഞാൻ മേവിടുന്നു

....കൃപ

3. ക്രിസ്തുവിൻ കൃപയാൽ ശക്തി ലഭിച്ചു–
രക്ഷയിൻ സുവിശേഷം ഘോഷിക്കാം
സകല മനുഷ്യർക്കും രക്ഷാകരമാം–
ദൈവകൃപയിൽ ഞാൻ നിലനിൽക്കും

....കൃപ

## 473

1. ക്രിസ്തുവിൻ സേനവീരരെ
ഉയർത്തീടുവിൻ കൊടിയെ
ധീരമായ് പോരാടിടാം
കർത്തൻവേല ചെയ്തീടാം
ജയഗീതം പാടി ഘോഷിക്കാം

    പോക നാം പോക നാം
    ക്രിസ്തുവിന്റെ പിൻപെ പോക നാം (2)

2. സത്യപാത കാട്ടിത്തന്നീടും
നീതിമാർഗ്ഗമോതി തന്നീടും
ക്രൂശിന്റെ സാക്ഷിയായ് ധീരപടയാളിയായ്
ക്രിസ്തുവിന്നായ് പോർ ചെയ്തീടുക
.....പോക നാം

3. കണ്ണുനീർ തുടച്ചു നീക്കിടും
ആശ്രിതർക്കാലംബം ഏകിടും
ജീവനെ വെടിഞ്ഞു ലോക ഇമ്പം വെറുത്തു
ക്രിസ്തുവിനായ് പോർ ചെയ്തീടുക
.....പോക നാം

4. പാപികൾക്കു രക്ഷയേകിടും
രോഗികൾക്കു സൗഖ്യം നൽകിടും
പാപത്തെ വെറുത്തു തൻ ഹിതം ചെയ്തു
രക്ഷകന്റെ പിൻപെ പോക നാം
.....പോക നാം

## 474

ജീവനേ എൻ ജീവനേ നമോ നമോ (2)
പാപികൾക്കമിതാനന്ദപ്രദനാം കൃപാകരാ-നീ
വാ-വാ-വാനോർ വാഴ്ത്തും നായകാ! ഞങ്ങളിൽ
വാ വാ വാനോർ വാഴ്ത്തും നായക

1. പാപ നാശകാരണാ നമോ-നമോ (2)
പാരിതിൽ നരനായുദിച്ച
പരാപരപ്പൊരുളേ-നീ
വാ-വാ-വാനോർ വാഴ്ത്തും നായകാ
....ഞങ്ങളിൽ

2. സർവ്വലോക നായകാ നമോ-നമോ (2)
ജീവനറ്റവരിൽ കനിഞ്ഞ
നിരാമയ! വരദാ-നീ
വാ-വാ-വാനോർ വാഴ്ത്തും നായകാ
....ഞങ്ങളിൽ

3. ജീവജാലപാലകാ നമോ-നമോ (2)
ദിവ്യകാന്തിയിൽ ശോഭിച്ചന്ധത
മാറ്റും ഭാസ്കരാ-നീ
വാ-വാ-വാനോർ വാഴ്ത്തും നായകാ
.....ഞങ്ങളിൽ

4. മന്നവേന്ദ്ര സാദരം നമോ നമോ (2)
മനുകുലത്തിനീ-വലിയ രക്ഷ നൽ-
കിയ ദയാപര-നീ
വാ-വാ-വാനോർ വാഴ്ത്തും നായകാ
.....ഞങ്ങളിൽ

## 475

ഞാൻ നിന്നെ ധ്യാനിക്കുമ്പോൾ നാഥാ
നിൻ കൃപ ഓർത്തിടുമ്പോൾ
എൻ മാനസ്സം പൊങ്ങിടുന്നേ
ദേഹി ഉല്ലസിച്ചാർത്തിടുന്നേ-

1. ചേറ്റിൽ കിടന്നോനാമെന്നെ നീ വീണ്ട്
പാറയാം നിന്മേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
നിൻ സ്തുതി തന്നതിനാൽ (2)
.....ഞാൻ

2. കഷ്ടത പട്ടിണി നിന്ദ പരിഹാസം
എന്നിവ വന്നാലുമെ
നിൻ ദിവ്യസ്നേഹത്തിൽ നിന്നെന്നെ
മാറ്റുവാൻ ഒന്നിനും സാദ്ധ്യമല്ല- (2)
......ഞാൻ

3. ആത്മാവിനാലെന്നെ നിറച്ചതിനാലെ
ആത്മസന്തോഷമുണ്ടേ-
തേജസ്സിലാനന്ദ രൂപനാമേശുവേ
കാണുമേ ഞാൻ നിജമായ്- (2)
.....ഞാൻ

4. കൂടാരമായ ഭവനമഴിഞ്ഞാലും
നിത്യഭവനമുണ്ട്
ഞാൻ കുറയട്ടെ നീ വളരട്ടെ
നിന്നിൽ ഞാൻ വസിക്കട്ടെ ന(2)
.....ഞാൻ

# 476

ദിനംതോറുമെന്നെ നടത്തുന്ന കൃപയ്ക്കായ്
യാഗമായെന്നെ സമർപ്പിക്കുന്നു (2)
ആത്മാവിലെന്നും നിറയ്ക്കുന്ന കൃപയ്ക്കായ്
സ്തോത്രമാം യാഗങ്ങൾ അർപ്പിച്ചീടുന്നു (2)
സമർപ്പിക്കുന്നു....സമർപ്പിക്കുന്നു....

1. പൂർണ്ണമായെന്നെ സമർപ്പിക്കുന്നു (2)
പുത്രനാം യേശുവിൻ കൂടെയെന്നും
വസിക്കുവാൻ കൃപയരുളീടണമെ (2)
വിശുദ്ധിയോടെന്നും ജീവിക്കുവാൻ
കൃപയരുളേണമെയെന്നുമെന്നും (2)
സമർപ്പിക്കുന്നു.....

2. പരിശുദ്ധാത്മാവിന്റെ ഫലങ്ങളാലെ
നിറയ്ക്കുന്ന നാഥനെ സ്തുതിച്ചീടും ഞാൻ(2)
ജീവന്റെ നാഥനാം യേശുവിനെ
സ്തുതിച്ചിടുന്നു ഞാൻ എന്നുമെന്നും (2)
സമർപ്പിക്കുന്നു......

# 477

ദേവാധി ദേവ സുതൻ
ദയയും കൃപയും നിറഞ്ഞവൻ

പാരിൽ ഇതുപോൽ വേറാരുമില്ല
കരുതുവാനായി കൈവിടാതെന്നും

1. പറവകൾക്കാഹാരം നല്കുവോനാം
മറന്നിടാതെന്നെയും പോറ്റീടുമേ....
.....പാരി

2. പുകയുന്ന തിരികളെ കെടുത്താത്തവൻ
തകർന്നയെൻ ഹൃദയത്തെ ബലമാക്കുമേ...
.....പാരി

3. കുരുടരിൻ കൺകളെ തുറന്നവനാം
മുടന്തരെ നടത്തിയ വല്ലഭനാം
.....പാരി

4. വരുമവൻ പ്രതിഫലം തന്നിടുവാൻ
ദുരിതങ്ങൾ തീർത്തെന്നെ ചേർത്തിടുവാൻ...
.....പാരി

## 478

നന്മയ്ക്കായെല്ലാം ചെയ്തീടും നാഥൻ
തിന്മയായൊന്നും തീരുകില്ല
തന്നേരം എല്ലാം പ്രതികൂലമായി
തോന്നീടിലും അതു മാറീടുമേ (2)

1. ശോധന തെരുതെരെ വന്നീടുമ്പോഴും
   ശക്തിയില്ലെന്നു തോന്നുമ്പോഴും
   ശത്രുവിൻ കരങ്ങളിൽ ഏല്പിക്കയില്ല
   ശക്തമായ് നടത്തിടും നല്ലിടയൻ (2)

2. ഈശാനമൂലൻ ആഞ്ഞടിക്കുമ്പോൾ
   ഈശനെൻ കൈകൾ താങ്ങീടുമേ
   വേഗംവരും താൻ മദ്ധ്യാകാശത്തിൽ
   വാനസൈന്യേ ഞാനും ചേർന്നീടുമേ (2)

## 479

നിന്റെ യഹോവ നിനക്കു നിത്യ പ്രകാശം
നിന്റെ ദൈവം നിനക്കു ദിവ്യതേജസ്സ്
ഈ ചന്ദ്രൻ ഇനി അസ്തമിക്കില്ല
ഈ സൂര്യൻ ഇനി അസ്തമിക്കില്ല (2)

എഴുന്നേറ്റു പ്രകാശിക്ക (2)
ദിവ്യപ്രകാശം നിന്നിൽ വന്നിരിക്കുന്നു
ദിവ്യതേജസ്സ് നിന്നിൽ വന്നിരിക്കുന്നു

അന്ധകാരം ഭൂമിയെ മൂടിടുന്നു
കൂരിരുട്ടു ജാതിയെ മൂടിടുന്നു
നിന്റെ മേലോ യഹോവ ഉദിച്ചിരിക്കുന്നു
ദിവ്യതേജസ്സും നിന്നിൽ വ്യാപരിക്കുന്നു
....എഴുന്നേറ്റു

പകൽ വെളിച്ചം ഇനി സൂര്യനല്ല
നിലാവെളിച്ചം ഇനി ചന്ദ്രനല്ല
യഹോവ നിനക്ക് വെളിച്ചമായ്
നീതി സൂര്യൻ നിന്നിൽ മഹത്വമായ്
....എഴുന്നേറ്റു

## 480

നിമിഷങ്ങൾ നിമിഷങ്ങൾ
ജീവിതനിമിഷങ്ങൾ
ഒഴുകുന്നു തിരികെ വരാതെവണ്ണം
കനകക്കിനാവുകൾ മനതാരിൽ കണ്ടു നീ
മതിമറന്നീശനെ മറന്നീടല്ലേ

1. മനസ്സിന്റെ മണിയറ വാതിൽ തുറന്നു
കരുണാപ്രകാശമെ വഴി തെളിക്കൂ
കനിവാർന്ന രക്ഷകൻ കരവല്ലരികൾ നീട്ടി
തിരുമാർവ്വിൽ കൃപയാലണയ്ക്കും നിന്നെ
.....നിമിഷങ്ങൾ

2. ഇരുളിന്റെ വഴിത്താരിൽ സ്നേഹത്തിൻ ദീപം
ഇരുകൈകളാലെ തെളിച്ച ദേവൻ
കളങ്കങ്ങൾ പോക്കിടും പുതുസൃഷ്ടിയാക്കിടും
കുരിശിന്റെ നിഴലിൽ നയിക്കും നിന്നെ
.....നിമിഷങ്ങൾ

3. കുഞ്ഞാട്ടിൻ രക്തത്തിൻ ദൈവിക ശക്തി
വീണ്ടുകൊള്ളും ഏവരെയും
വീണ്ടെടുപ്പിൻ ചിന്ത എന്നുമെന്നും
മങ്ങാതെ നിന്നുള്ളിൽ തെളിഞ്ഞീടേണം
.....നിമിഷങ്ങൾ

# 481

1. യാക്കോബിൻ വല്ലഭന്റെ ഭുജബലത്താൽ
വിടുതലുണ്ട്-വിടുതലുണ്ട്
ശാലേമിൻ രാജനാം യേശുവിങ്കൽ
വീണ്ടെടുപ്പുള്ളതിനാൽ
......യാക്കോബിൻ

2. മരണത്തിൻ പാശങ്ങൾ ചുറ്റിയാലും
പാതാളവേദനകൾ പെരുകിയാലും
മരണത്തിൻ ഭീകരതാഴ്‌വരയിൽ
ബലമുള്ള ഭുജത്താൽ താങ്ങീടും താൻ
......യാക്കോബിൻ

3. അനർത്ഥങ്ങൾ അസംഖ്യമായി ഏറിയാലും
പ്രതികൂലത്താൽ മനം നീറിയാലും
അകൃത്യങ്ങൾ ക്ഷമിച്ച എന്നാത്മനാഥൻ
അതിലെല്ലാം ജയം തരും ഭുജബലത്താൽ
.....യാക്കോബിൻ

4. ശത്രു സൈന്യം പാളയമിറങ്ങിയാലും
അന്ധകാര ശക്തികൾ ഞെരുക്കിയാലും
ക്രിസ്തുവാം പാറമേൽ ഉറച്ചു നില്പാൻ
ജയത്തിൻ കൊടി വീണ്ടും ഉയർത്തിടാമേ....
.....യാക്കോബിൻ

## 482

യാഹെന്നെ കരുതുന്നു
യാഹെന്നെ നടത്തുന്നു
യാഹിലെൻ ശരണമേ
ഭൂവിലലംഭാവമോടെ
വസിക്കുവാൻ ദൈവമേ
നിൻ കൃപ മതിയെനിക്കനവരതം

1. ചാഞ്ചല്യമെന്തിന് മനമേ നിനക്കു
ചങ്ങാതിയവൻ വഴിയാത്രയതിൽ
ചെങ്കടൽ മദ്ധ്യേതൻ ജനത്തെ നടത്തിയോൻ
ചന്തമോടെന്നും നടത്തിടുമേ
ചിന്താകുലങ്ങൾ വേണ്ടിനിയും
ചിന്മയരൂപനിൽ ശരണം വെയ്ക്കിൽ

2. കണ്ണുനീരൊഴുക്കും വേളയിൽ നിന്നുള്ളം
കണ്ടിടുന്നോനെന്നും തുണച്ചീടുമേ
കുടിനീരിനായി കേഴും നിനക്ക്
കുളിരരുവിയേകും മരുഭൂവിലും
കോടാനുകോടി നന്മകളിലവൻ
കരുതിടും നിന്നെ അന്ത്യത്തോളം

## 483

യാഹേ നീയെൻ ദൈവം വാഴ്ത്തും
ഞാൻ നിന്നെ
സ്തുത്യർഹമേ തവ നാമം ......... (2)

1. ആഴിയെന്നോർത്തില്ല ആഴമാരാഞ്ഞില്ല
അലകൾക്കും ഞാൻ തെല്ലും ഭയപ്പെട്ടില്ല
ഇറങ്ങി ഞാൻ പ്രിയനെ!
സമുദ്രത്തിൻ നടുവിൽ
നിൻ വിളി കേട്ടു പിൻ വരുവാൻ-
....യാഹെ

2. അലറുന്നീയാഴിയിൻ അലയതിഘോരം
തോന്നുന്നു ഭീതിയെൻ ഹൃദിപാരം
പാദങ്ങൾ ആഴത്തിൽ താഴുന്നു പ്രിയനെ
ഏന്തുക തൃക്കരമതിനാൽ—
....യാഹെ

3. എന്നിലും ഭക്തർ എന്നിലും ശക്തർ
വീണു തകർന്നീ പോർക്കളത്തിൽ
കാണുന്നു ഞാൻ അസ്ഥികൂടങ്ങൾ ഭീകരം
വീരപുമാൻകളിൽ വീണവരിൻ—
....യാഹെ

4. ഈയിഹ ശക്തികളഖിലവും ഭക്തനു
വിപരീതം നീ അറിയുന്നേ
താങ്ങുക കരത്തിൽ കാക്കുക ബലത്തിൽ
സ്വർഗ്ഗസീയോൻ പുരിവരെയും—
....യാഹെ

# 484

യാഹേ സൃഷ്ടികർത്താവേ
മർത്യനെ നീയോർക്കാൻ എന്തുള്ളൂ നാഥാ

സൃഷ്ടികളിലേറ്റം ധന്യത ചാർത്തി
മർത്യനുന്നതമാം മാനം നൽകീടാൻ
.....യാഹേ

1. നിൻ സ്വരൂപം നൽകിയീമൺമയ മേനി
നിൻ ഭുജങ്ങളാലെ മെനഞ്ഞെടുത്തു
ജീവശ്വാസമൂതി ആത്മം പകർന്നു
സൃഷ്ടികൾക്കധിപരായ് നിയുക്തരാക്കി
.....സൃഷ്ടികളി

2. ദിവ്യതേജസ്സേകിയീമൺകൂടാരത്തിൽ
നിൻ ആലയം തീർത്തു മർത്യന്നുൾത്താരിൽ
സത്യത്തിൻ വിശുദ്ധിയിൽ ആരാധിപ്പാനും
നിന്നിഷ്ടമീഭൂവിൽ നിവർത്തിപ്പാനും
.....സൃഷ്ടികളി

3. പാപം മൂലം വന്ന ശാപം പോക്കീടാൻ
സ്വന്തപുത്രനെ നീ തന്നു യാഗമായ്
ലോകത്തെ നീയേറ്റം സ്നേഹിച്ചതിനാൽ
നിത്യമായ രക്ഷ ഞങ്ങൾക്കൊരുക്കി
.....സൃഷ്ടികളി

4. എത്രയോ വിസ്താരം തൃക്കരങ്ങൾക്ക്
ഈപ്രപഞ്ചമെല്ലാം വഹിച്ചീടുവാൻ
എണ്ണിത്തീർപ്പാനാമോ നിൻ കൃത്യങ്ങളെ
വർണ്ണിച്ചീടാനാമോ നിൻ മാഹാത്മ്യങ്ങൾ
.....സൃഷ്ടികളി

# 485

1. യേശു എനിക്കെത്ര നല്ലവനാം
ക്ലേശമേശാതെന്നെ കാത്തവനാം
താഴ്ചകൾ വന്നാലും വീഴ്ചകൾ വന്നാലും
താങ്ങി നടത്തുവാൻ വല്ലഭനാം

എക്കാലത്തും തൻ ഭക്തരെ
തൃക്കയ്യാൽ താങ്ങി നടത്തുമവൻ
കഷ്ടതയിൽ നൽതുണ താൻ
ദുഃഖത്തിൽ ആശ്വാസദായകൻ താൻ

2. ഉള്ളം കലങ്ങും പ്രയാസം വന്നാൽ
ഉണ്ടെനിക്കഭയസ്ഥാനമൊന്ന്
ഉറ്റവർ സ്നേഹിതർ വിട്ടുപോമെന്നാലും
ഉന്നതൻ മാറില്ല കൈവിടില്ല-
.....എക്കാലത്തും

3. വാനവിതാനത്തിൽ ദൂതരുമായ്
വന്നു വിളിക്കുമ്പോൾ അക്ഷണത്തിൽ
മണ്ണിൽ മറഞ്ഞാലും മന്നിലിരുന്നാലും
വിണ്ണിൽ തൻ സന്നിധൗ ചേർന്നിടും ഞാൻ
.....എക്കാലത്തും

# 486

യേശു എന്നെ ദിനവും നടത്തിടുന്നു
അവൻ കൃപയിൻ തണലിൽ പൊതിഞ്ഞിടുന്നു
താഴ്ചയിലെന്നെ ഓർത്തിടുന്നു
വീഴ്ചയിലെന്നെ താങ്ങിടുന്നു

അവൻ കരം ഒട്ടും കുറുകീട്ടില്ല
അവൻ ദയ ഒട്ടും കുറഞ്ഞിട്ടില്ല
ആകാശം ഭൂമിക്കു മേലെന്നപോൽ
അവൻ ദയ എത്ര വലുത്

1. കർത്താവിന്റെ കരങ്ങളിൽ താണിരിക്ക
കഷ്ടദിവസത്തിലുയർത്തിടുമേ
അവന്റെ വഴികളെ നിനച്ചിടുമ്പോൾ
നിന്റെ ഗമനം സ്ഥിരമാക്കുന്നു
....അവൻ കരം

2. കർത്താവിന്റെ സന്നിധിയിൽ നിലവിളിക്കാം
അവനസാദ്ധ്യമായ് ഒന്നുമില്ലല്ലോ
വിശ്വാസത്തോടെ പ്രാർത്ഥിക്കുമ്പോൾ
അവൻ പ്രതിഫലം തന്നിടുന്നു.
....അവൻ കരം

## 487

യേശു എന്റെ കരം പിടിച്ചു
പാപങ്ങൾ പോക്കിയെന്നെ സ്വീകരിച്ചു (2)
ഈ ലോകേ നടക്കുവാൻ കരുത്തുതന്നു
എന്റെ നാവിൽ പുതിയൊരു പാട്ടു തന്നു (2)
....യേശു

1. വേദവാക്യങ്ങളെൻ കൂട്ടാളിയായ്
എന്നെന്നും പ്രാർത്ഥിപ്പാൻ എന്നോടു ചൊല്ലി
യേശുവിൻ സ്നേഹം ഞാനറിഞ്ഞു
അനുദിനം കരുണകൾ രുചിച്ചറിഞ്ഞു (2)
....യേശു

3. ജീവന്റെ വചനങ്ങളെൻ വഴികാട്ടിയായ്
വിശ്വാസം പ്രത്യാശ സ്നേഹമായ് തീർന്നു (2)
യേശുവിൻ സ്വരം ഞാൻ കേട്ടറിഞ്ഞു
അവനെ ഞാൻ എന്നെന്നും സ്തുതിച്ചീടുന്നു (2)
....യേശു

# 488

1. യേശു കയ്യിൽ മാ സൈ്വരം
തൻ മാർവിലെൻ ക്ഷേമം
തൻ സ്നേഹത്തണലിലെൻ
ദേഹിമേവും സ്വസ്ഥം
ദൂതസ്വരം വീശുന്നു തേജോവീഥിയുടെ
പളുങ്കു കടലിൻമേൽ ഇൻപ ഗീതമോടെ

യേശു കയ്യിൽ മാ സൈ്വരം
തൻ മാർവിലെൻ ക്ഷേമം
തൻ സ്നേഹത്തണലിലെൻ
ദേഹി മേവും സ്വസ്ഥം

2. യേശു കയ്യിൽ മാ സൈ്വരം
ആകുല വിഹീനം
ലോക പരീക്ഷ പാപം
ദ്രോഹിച്ചിടാ നൂനം
ദുഃഖത്തിൻ വരൾച്ചയും,
സംശയം ഭയവും
നീങ്ങി സുഖമണയും
സ്വാതന്ത്ര്യം മോദവും-

.....യേശു

3. പ്രേമ സങ്കേതം യേശു
എൻ പേർക്കുയിർ വിട്ടു
പൂർവ്വിക പാറമേലെൻ
സ്ഥാനം നല്ലുറപ്പ്
ക്ഷാന്തിയിൽ ഞാൻ നിൽക്കട്ടെ
രാത്രി കഴിവോളം
പ്രഭാത ശോഭ സ്വർണ്ണ-
തീരത്തുദിപ്പോളം-

.....യേശു

# 489

1. യേശുവിൻ ജനമേ ഭയമെന്തിന്നകമേ-
ലേശവും കലങ്ങേണ്ട നാമവൻ
ദാസരായ് വസിച്ചീടാം
ലോകത്തിലെന്തെല്ലാം ഭവിച്ചാലും ആ...ആ...
ആപത്തനർത്ഥങ്ങളണഞ്ഞാലും—
താപം നമുക്കില്ലെന്നറിഞ്ഞാലും
....യേശു

2. സകലത്തിൻ ലാക്കും അധിപനുമവനാം
ഉലകത്തെ നിർമ്മിച്ചോനും
ആകാശവലയത്തെ രചിച്ചോനും
താണുവന്നുലകത്തിൽ കുരിശേറി ആ..ആ..
മാനവർക്കായി മരിച്ചുയിർത്തേകി
ദാനമായി രക്ഷ നരർക്കായി—
....യേശു

3. മരണത്താൽ മാറുന്നധിപരിൻ പിമ്പേ-
പോയവർ ലജ്ജിക്കുമ്പോൾ-നാമവൻ
നാമത്തിൽ ജയ് വിളിക്കും
മരണത്തെ ജയിച്ചൊരു ജയവീരൻ ആ...ആ...
ശരണമായ് തീർന്നതെന്തൊരു ഭാഗ്യം
അവനെയനുഗമിപ്പതു യോഗ്യം —
....യേശു

4. വേഗം ഞാനിനിയും വരുമെന്നു ചൊന്ന്
ലോകം വെടിഞ്ഞ നേതാ-വേശുതാ
നാരുമില്ലിതുപോലെ
നിത്യത മുഴുവൻ നിലനിൽക്കും ആ...ആ...
പ്രതിഫലം താൻ തരും നിർണ്ണയമായ്
അതിനായ് താൻ വരു-മതിവേഗം—
....യേശു

5. പോരുകൾ സഹിച്ചും-വൈരിയെ ജയിച്ചും
പാരിതിൽ തിരുനാമം-ഘോഷിപ്പാൻ
ചേരുവിനതിമോദം
ഭിന്നത വെടിയാ-മൊന്നാകാം- ആ...ആ...
ഉന്നതചിന്തയോടുണർന്നീടാം-
മന്നവനേ-നമുക്കെതിരേൽക്കാം
....യേശു

# 490

യേശുവിന്റെ നാമമെത്ര ദിവ്യമധുരം
പാപികൾക്കു മോചനത്തിൻ ഉന്നതനാമം
മോദമായ് പാടാം ഒന്നായ് ഇമ്പമായ് പാടാം
പാരിൽ നമ്മേതേടി വന്ന യേശുവിൻ നാമം

1. രോഗികൾക്കു സൗഖ്യമേകും യേശുവിൻ നാമം
ബന്ധിതർക്കു മോചനം നൽകിയ നാമം
ക്ലേശിതർക്കെന്നും ശാന്തി ഏകിടും നാമം
ആശ്രിതർക്കാശ്വാസം എന്നും തന്നിടും നാമം

2. സത്യപാത കാട്ടിത്തന്ന യേശുനാഥൻ
നീതിമാർഗ്ഗമോതി തന്ന യേശുനാഥൻ
കരം പിടിച്ചിന്നും കർത്തൻ നടത്തിടുന്നെന്നെ
കുഴിയിൽ വീഴാതെന്നും കാത്തിടുന്നു

3. പാപികൾക്കായ് ജീവൻ തന്ന യേശു നാഥൻ
പാപികളെ രക്ഷിച്ചീടും യേശു നാഥൻ
ആശ്രയിച്ചീടും എന്നും ആശ്വസിച്ചീടും
സ്തുതിച്ചിടും നന്ദിയോടെ തിരുനാമം

## 491

1. യേശുവിൻ നാമം വിജയിക്കട്ടെ
സാത്താന്യ കോട്ടകൾ തകർന്നീടട്ടെ
സുവിശേഷത്തിൻ കൊടി ഉയരട്ടെ
നാമധേയ സംഘങ്ങൾ ഉണർന്നിടട്ടേ

പോകുക നാം.....പോർവീരരായ്
രക്ഷനേശുവിൻ പ്രിയജനമേ
രക്ഷാദൂതിൻ പടഹവുമായ്
ഉണർവ്വോടു .....മുമ്പോട്ടു....പോകുക നാം

2. വിധിയുടെ വിശാല താഴ്‌വരയിൽ
ബഹുസഹസ്രം പേർ സമൂഹമായ്
വിനാശഗർത്തം പൂകിടുവാനായ്
വഞ്ചിതരായ് പ്രയാണം
ചെയ്തീടുമ്പോൾ

....പോകുക

3. അന്തിമ ദുർഘട സമയമിത്
അധർമ്മമൂർത്തി വരുംമുമ്പ്
ആത്മികമാം ദൈവരാജ്യത്തിനായ്
ആത്മബലത്താലടരാടുക നാം

.....പോകുക

## 492

യേശുവേ എൻ നാഥനെ
യേശുവേ എൻ കർത്തനെ
നീയല്ലാതാശ്രയിപ്പാൻ ഭൂവിലാരുള്ളു

യേശുവേ എൻ നാഥനെ
യേശുവേ എൻ കർത്തനെ
നിന്നെപ്പോൽ സ്നേഹിതനായ്
വേറെയാരുള്ളു (2)

ഇനി എന്റെ ജീവിതം നിനക്കായ്
ഇനി ഉള്ള നാളുകൾ നിനക്കായ് (2)
യേശുവേ....... എൻ നാഥനെ (2)

1. യേശുവേ എൻ ആശയെ
യേശുവേ എൻ കാന്തനെ
നീയല്ലാതാശവെക്കാൻ ഭൂവിലാരുള്ളു
യേശുവേ എൻ ആശയെ
യേശുവേ എൻ കാന്തനെ
നിന്നെപ്പോൽ യോഗ്യനായ്
വേറെയാരുള്ളു (2)

.....ഇനി എന്റെ

2. യേശുവേ എൻ ഓഹരി
എൻ യേശുമാത്രം സർവ്വവും
നീയല്ലാതാഗ്രഹിപ്പാൻ ഭൂവിലാരുള്ളു
യേശുവേ എൻ ഓഹരി
എൻ യേശു മാത്രം സർവ്വവും
നിന്നെപ്പോൽ സമ്പത്തായി
വേറെയാരുള്ളു

.....ഇനി എന്റെ

# 493

യേശുവേ നീയാണെൻ സങ്കേതമേ
യേശുവേ നീയാണെൻ കോട്ടയുമേ
രോഗങ്ങൾ വന്നാലും ശോകങ്ങൾ വന്നാലും
നീ മാത്രമെന്നുടെ ആത്മനാഥൻ (2)

1. പാപിയിൽ പാപിയാമെന്നേയും നേടുവാൻ
   പാവനമാം നിൻ രുധിരം ചിന്തി
   പൊന്നേശുവേ എന്നാളും നീയല്ലോ
   പൊൻ കരത്താലെന്നെ താങ്ങുന്നവൻ (2)
   ......യേശുവേ

2. ഈ മരുയാത്രയിൽ ക്ലേശങ്ങളേറുമ്പോൾ
   തണലായി താങ്ങായെൻ കൂട്ടിരുന്ന്
   വേദനയാലെൻ ഉള്ളം തകരുമ്പോൾ
   കുളിരായെൻ മനതാരിൽ വന്നീടണേ (2)
   ......യേശുവേ

3. കൂരിരുൾ താഴ്‌വരയിൽ ഏകനായിടുമ്പോൾ
   കൂടെ നടക്കാമെന്നോതിയവൻ (2)
   വീണ്ടെടുത്തെന്നെ മാറോടണച്ചു
   വിശ്വാസയാത്രയിൽ നയിച്ചിടുന്നു (2)
   .....യേശുവേ

## 494

യേശുവോടുകൂടെ യാത്ര ചെയ്യുകിൽ
ഏതുമില്ല ഭാരം മരുയാത്രയിൽ (2)
സാരമില്ല രോഗ പീഡ ദുഃഖങ്ങൾ
സാധുവിനു കാവൽ യേശു തന്നല്ലോ

1. നല്ല നാഥനായ താതൻ കൂടെയുണ്ടല്ലോ
നഷ്ടബോധം ലേശം വേണ്ടീ ലോകയാത്രയിൽ (2)
എന്തു ഖേദവും ചൊല്ലാം താതനോടിപ്പോൾ
അത്ര നല്ല സഖി യേശു മാത്രമാണല്ലോ
....യേശുവോടു

2. ഹൃദയ വാതിലിൽ മുട്ടും നാഥനല്ലയോ
വേദനകൾ അറിയുന്ന താതനല്ലയോ (2)

സ്നേഹമേകി യാഗമായി വീണ്ടെടുത്തവൻ
ശാന്തിയേകി നൽ വഴി തുറന്നീടുവാൻ
....യേശുവോടു

# 495

രക്ഷിപ്പാൻ കഴിയാതെവണ്ണം
രക്ഷകാ നിന്റെ കൈ കുറുകീട്ടില്ല
കേൾക്കുവാൻ കഴിയാതെവണ്ണം
കേൾവിയും നിനക്കൊട്ടും കുറഞ്ഞിട്ടില്ല

യഹോവാ ഭക്തൻമാർ തമ്മിൽ പറയും
യഹോവ ശ്രദ്ധയോടതു ശ്രവിക്കും
അരുതാത്തൊരു വാക്കുരിയാടാതെൻ
അധരം നീ കരുതണമെ

1. നിന്റെ പേർ വിളിച്ചു വേർതിരിക്കപ്പെട്ടോർ
നിത്യനാമത്തിലനുതപിച്ചൊരുമിക്കുമ്പോൾ
സ്വർഗ്ഗവാതിൽ തുറന്നിടുമനുഗ്രഹങ്ങൾ
തരുമരുളിയപോൽ കൃപകൾ
.....യഹോവാ

2. മഴ വീഴാതെയാകാശം അടച്ചിടുവാൻ തീ-
മഴ വീണ് യാഗപീഠം ദഹിച്ചിടുവാൻ
ഏലിയാവിൻ ബലമിന്നു പകരേണമേ
ബലഹീനരിൻ ഉടയവനേ
....യഹോവാ

## 496

രാജാവുള്ളേടത്ത് രാജകോലാഹലം ഉണ്ട്
ആത്മാവുള്ളേടത്ത് ആത്മ പ്രവാഹം ഉണ്ട്

ആരാധനയുണ്ട് ആരാധനയുണ്ട്
യേശുരാജനുള്ളേടത്ത് ആരാധനയുണ്ട്
ആരാധനയുണ്ട് ആരാധനയുണ്ട്
ആത്മാവിന്റെ ആരാധനയുണ്ട് (2)
രാജാവുള്ളേ.......

1. സൈന്യത്താലല്ലാ ശക്തിയാലല്ലാ
ദൈവത്തിന്റെ ആത്മ ശക്തിയാലത്രേ (2)
വ്യർത്ഥവും അല്ലാ പാരമ്പര്യം അല്ല
കുഞ്ഞാട്ടിന്റെ രക്തത്തിന്റെ ശക്തിയാലത്രേ (2)

രാജാവുള്ളേ.......

2. മഹത്വത്തിനും സ്തോത്രത്തിനും
സർവ്വ ബഹുമാനത്തിനും യോഗ്യനായവൻ (2)
യഹൂദാ ഗോത്രത്തിൽ സിംഹം ആയവൻ
രാജാധിരാജൻ കർത്താധി കർത്തൻ (2)
രാജാവുള്ളേ....

## 497

വരിക പരാപരനേ ഈ യോഗത്തിൽ
ചൊരിക കൃപാവരങ്ങൾ
തരണം നിൻ സാന്നിദ്ധ്യമീ ജനം
തിരുമുഖം ദർശിച്ചാനന്ദിപ്പാൻ

.....വരിക

1. കരുണകൾക്കുടയവനേ നിൻ നാമത്തെ
   നിരന്തരം ഭജിച്ചിടുവാൻ–
   അകമതിലഘമഖിലം അകറ്റി നീ
   തികയ്ക്കുക വിശുദ്ധിയുള്ളിൽ –

....വരിക

2. തവസവിധത്തിൽ കഴിയും ഒരു ദിനം
   ശതം ദിനങ്ങളിലധികം
   ഹൃദയത്തിലനുനിമിഷം സന്തോഷവും
   അതുല്യഭാഗ്യമാം നിറവും–

....വരിക

3. വചനത്തിന്നരികിൽ ഞങ്ങൾ – ഹൃദയത്തെ
   വണങ്ങി നിൻ സ്വരം ഗ്രഹിപ്പാൻ
   പരിശുദ്ധാത്മാവിൻ നിറവിൽ നിൻ ദാസരെ
   വചനത്താൽ നിറയ്ക്കണമെ–

....വരിക

4. അവനിയിലഭയമതായ് ഒരേ ഇടം
   പരനുടെ തിരുസവിധം
   അനവദ്യമനശ്വരമാം വാസസ്ഥലം
   അവനൊരുക്കുന്നു നമുക്കായ്

....വരിക

# 498

വാഴെന്നിൽ സർവ്വശക്തനെ വാഴെന്നിൽ
ജീവനാം യേശുരക്ഷകാ വാഴെന്നിൽ .... (2)

ഞാനിന്നു എൻപ്രാണനെ തൃക്കയ്യിൽ ഏൽപ്പിക്കുന്നു
രാജനാം യേശുവിനായ് എന്നെ സമർപ്പിക്കുന്നു.. (2)

വാഴെന്നിൽ.......

കണ്ണീരിൽ കനിയേണമേ തൃപ്പാദം കുമ്പിടുന്നു
ശാശ്വതഭുജങ്ങളാൽ എന്നെ നയിച്ചീടുക...(2)

വാഴെന്നിൽ....

ജീവനാം യേശുരക്ഷകാ വാഴെന്നിൽ....(3)

## 499

ശാന്ത തുറമുഖം അടുത്തു..
എന്റെ കാന്തനോടേറ്റം അടുത്തു (2)
അധികമില്ല...അധികമില്ല യാത്ര അധികമില്ല

1. കൊടുങ്കാറ്റും തിരമാലയും
പടകിലേറ്റം അടിച്ചിടുമ്പോൾ (2)
ക്രൂശിൽ നോക്കി യാത്ര ചെയ്യും
ശാശ്വത വീട്ടിൽ എത്തുവോളം (2)
..... ശാന്ത

2. സ്വന്ത ജനം കൈ വിട്ടാലും
ബന്ധുക്കളും മാറിയാലും (2)
യേശു എന്നെ കൈ വിടില്ല
ക്ലേശങ്ങളിൽ താങ്ങിടും താൻ (2)
..... ശാന്ത

## 500

സമ്പന്നനാം ദൈവം തരുന്നൊരു
സമ്പാദ്യം മാത്രം സന്തുഷ്ടിയേകും (2)

1. അന്യായ ലാഭധനവും ആഡംബര മോഹവും
ആകർഷിച്ചീടുകിൽ ഓർത്തീടുമേ ഞാൻ
ജീവന്റെ ആധാരം സമ്പാദ്യമോ (2)
.....സമ്പന്നനാം

2. ഈ ലോക ധനസുഖങ്ങൾ മാടിവിളിച്ചീടുകിൽ
ജഡത്തിൻ രാഗങ്ങൾ ക്രൂശിച്ചു നിത്യവും
ധനത്തിൻ മോഹത്തെ ജയച്ചീടുമേ- (2)
.....സമ്പന്നനാം

3. എല്ലാവിധ ദോഷവും ദ്രവ്യാഗ്രഹം മൂലമേ-
ഭൗതിക നേട്ടങ്ങൾ ദാനമെന്നോർത്തു നാം
സ്നേഹത്തിൻ ആത്മാവിൽ പങ്കുവയ്ക്കാം (2)
....സമ്പന്നനാം

## 501

സീയോൻ സഞ്ചാരി ഭയപ്പെടേണ്ടാ
യാഹെന്ന ദൈവം കൂടെയുണ്ട്
അവൻ മയങ്ങുകില്ല ഉറങ്ങുകില്ല
യിസ്രായേലിൻ ദൈവം കൈവിടില്ല
....സീയോൻ സഞ്ചാരി

1. രോഗിയായ് ഞാൻ തളർന്നാലും
ദേഹമെല്ലാം ക്ഷയിച്ചാലും
ആണിക്കളാൽ മുറിവേറ്റ
പാണികളാൽ സുഖമേകും
....അവൻ മയങ്ങുകില്ല

2. വാക്കു തന്നോൻ മാറുകില്ല
വാഗ്ദത്തങ്ങൾ പാലിച്ചിടും
കൂരിരുളിൻ താഴ്‌വരയിൽ
കൂടെയുണ്ടെൻ നല്ലിടയൻ
....അവൻ മയങ്ങിുകില്ല

3. ആശയറ്റതാമീയുലകിൽ
ആശ്രയിപ്പാൻ പോകരുതേ
ആശ്രയിപ്പാൻ ഇടമൊന്നേ
ആശ്രയമായ് എന്നേശു മതി
....അവൻ മയങ്ങുകില്ല

## 502

സുഖകാലത്തിലും ദുഃഖവേളയിലും
അകലാത്ത നൽ സ്നേഹിതനേ
യേശുവേ തിരുപാദത്തിൽ കാത്തിരിക്കെ
എന്തു മോദം ഹൃദന്തം വരും

1. പാപലോകത്തിൻ-ശാപദോഷങ്ങൾ
പാടേ നീക്കാനായ് വന്നിങ്ങു രക്ഷകൻ
സംഭ്രമത്തിലും സംശയത്തിലും
സങ്കടത്തിലും - പ്രത്യാശ നല്കുന്നോൻ-
.....സുഖ

2. ഏതു നേരത്തും ഏക ചിന്തയാൽ
ഏവരും ചേർന്നു-സ്തോത്രങ്ങൾ അർപ്പിക്കാം
ഭക്തി പാലിക്കാൻ-ശക്തി പ്രാപിക്കാൻ
മുക്തി നേടിടാൻ-പരിശുദ്ധനെ തേടാം-
.....സുഖ

3. ഹൃത്തടങ്ങളാം കൈവിളക്കുകൾ
കത്തി ശോഭിപ്പാൻ-കരുതണം എണ്ണയേ
നിദ്ര മാറ്റേണം-ആ ഭദ്രദീപങ്ങൾ
നിത്യം മിന്നേണം-
മണവാളനെത്തുമ്പോൾ-
......സുഖ

# English Songs

## 503

**1**

All to Jesus I surrender,
All to Him I freely give;
I will ever love and trust Him,
In His presence daily live.

*I surrender all,*
*I surrender all,*
*All to Thee, my blessed Saviour,*
*I surrender all.*

**2**

All to Jesus I surrender
Humbly at His feet I bow;
Worldly pleasures all forsaken,
Take me, Jesus, take me now.
*I surrender…*

**3**

All to Jesus I surrender,
Make me, Saviour, wholly Thine;
Let the Holy Spirit witness,
I am Thine and Thou art mine.
*I surrender…*

**4**

All to Jesus I surrender,
Lord, I give myself to Thee;
Fill me with Thy love and power,
Let Thy blessing rest on me.
*I surrender…*

**5**

All to Jesus I surrender,
Now I feel the sacred flame;
Oh the joy of full salvation!
Glory glory to His Name!
*I surrender…*

# 504

*Bind us together, Lord (2)*
*Bind us together*
*With cords that cannot be broken*
*Bind us together, Lord*
*Bind us together, Lord*
*Bind us together, with love*

**1**

There is only one God
There is only one King
There is only one Body
That is why we sing.
*Bind us…*

**2**

We are the family of God
We are the promise divine
We are God's chosen design
We are the glorious new wine.
*Bind us…*

# 505

**1**

Blessed assurance, Jesus is mine
Oh! What a foretaste of Glory Divine
Heir of salvation purchase of God
Born of His Spirit washed in His blood

*This is my story, this is my song*
*Praising my Saviour* *(2)*
*All the day long*

**2**

Perfect submission, perfect delight
Visions of rapture burst on my sight
Angels descending, bring from above
Echoes of mercy, whispers of love.
*This is…*

**3**

Perfect submission, all is at rest
I in my Saviour am happy and blessed
Watching and waiting, looking above
Filled with His goodness, lost in His love.
*This is…*

## 506

**1**

God be with you till we meet again
By His counsels guide, uphold you
With His sheep securely fold you
God be with you till we meet again.

*Till we meet - Till we meet*
*Till we meet at Jesus' feet*
*Till we meet - Till we meet*
*God be with you till we meet again!*

**2**

God be with you till we meet again;
'Neath his wings securely hide you,
daily manna still provide you;
God be with you till we meet again.
*Till we meet…*

**3**

God be with you till we meet again,
When life's perils thick confound you,
Put His loving arms around you,
God be with you till we meet again.
*Till we meet…*

**4**

God be with you till we meet again,
Keep love's banner floating o'er you,
Smite death's threat'ning wave before you,
God be with you till we meet again.
*Till we meet…*

## 507

*God is good, all the time*
*He put a song of praise,*
*In this heart of mine*
*God is good, all the time*
*Through the darkest night,*
*His light will shine*
*God is good; God is good, all the time.*

**1**

If you're walking, through the valley
And there are shadows all around
Do not fear, He will guide you
He will keep you, safe and sound
"Cause He has promised
To never leave you, nor forsake you,
And His Word is true….
*God is…*

**2**

We were sinners, so unworthy
Still for us He chose to die
Filled us with His, Holy Spirit
Now we can stand and testify
That His love is, ever lasting
And His mercies, they will never end….
*God is…*

*Though I may not understand*
*All the plans you have for me*
*My life is in your hands*
*And through the eyes of faith*
*I can clearly see….*
*God is…*

## 508

He is Lord! He is Lord!
He is risen from the dead and He is Lord
Every knee shall bow
Every tongue confess
That Jesus Christ is Lord

# 509

**1**

I have found a friend in Jesus,
He's ev'ry thing to me,
He's the fairest of ten thousand to my soul;
The Lily of the Valley, in Him alone I see
All I need to cleanse
And make me fully whole.
In sorrow He's my comfort,
In trouble He's my stay;
He tells me ev'ry care on Him to roll.

*He's the Lily of the Valley,*
*The Bright and Morning Star,*
*He's the fairest of ten thousand*
*To my soul.*

**2**

He all my grief has taken,
And all my sorrows borne;
In temptation He's my strong
And mighty tower;
I have all for Him forsaken,
And all my idols torn
From my heart and now
He keeps me by His power.
Though all the world forsake me,
And satan tempt me sore,
Through Jesus I shall safely reach the goal.
*He's the Lily…*

**3**

He will never, never leave me,
Nor yet forsake me here,
While I live by faith and do His blessed will;
A wall of fire about me,
I've nothing now to fear,
From His manna
He my hungry soul shall fill.
Then sweeping up to glory
To see His blessed face,
Where the rivers of delight shall ever roll.
*He's the Lily…*

## 510

I will enter His gates
With thanksgiving in my heart
I will enter His courts with praise
I will say this is the day
That the Lord hath made
I will rejoice for He has made me glad,
He has made me glad (2)
I will rejoice for He has made me glad (2)

# 511

**1**

Jesus is my Saviour,
I shall not be moved
In His love and favour
I shall not be moved
Just like a tree that's
Planted by the waterside
I shall not be moved

*I shall not be… I shall not be moved*
*I shall not be... I shall not be moved*
*Just like a tree that's*
*Planted by the waterside*
*I shall not be moved.*

**2**

On His word I'm feeding,
I shall not be moved
He's the One that's leading,
I shall not be moved
Just like a tree that's
Planted by the waterside
I shall not be moved.

## 512

In the name of Jesus, in the name of Jesus
We have the victory, Hallelujah!
In the name of Jesus, in the name of Jesus
Satan will have to flee
When we stand in the name of Jesus
Tell me who can stand before
In the mighty name of Jesus
We have the victory.

# 513

**1**

Joy to the world, the Lord is come!
Let earth receive her King;
Let every heart prepare Him room,
And Heaven and nature sing,
And Heaven and nature sing,
And Heav'n, and Heav'n, and nature sing.

**2**

Joy to the earth, the Saviour reigns!
Let men their songs employ;
While fields and floods,
Rocks, hills and plains
Repeat the sounding joy,
Repeat the sounding joy,
Repeat, repeat, the sounding joy.

**3**

He rules the world with truth and grace,
And makes the nations prove
The glories of His righteousness,
And wonders of His love,
And wonders of His love,
And wonders, wonders, of His love

## 514

Lord I lift your name on high
Lord I love to sing your praises
I’m so glad you’re in my life
I’m so glad you came to save us
You came from Heaven to Earth
To show the way
From the Earth to the Cross my debt to pay
From the Cross to the Grave.
From the Grave to the Sky
Lord I lift your name on high

(Lord I lift your….)

# 515

My Jesus, my Saviour
Lord, there is none like You
All of my days I want to praise
The wonders of Your mighty love

My comfort, my shelter
Tower of refuge and strength
Let every breath all that I am
Never cease to worship You...

Shout to the Lord, all the earth, let us sing
Power and majesty, Praise to the King
Mountains bow down and the seas will roar
At the sound of Your name
I sing for joy at the work of Your hands
Forever I'll love You, forever I'll stand
Nothing compares to the promise
I have in You

## 516

Sing hallelujah to the Lord
Sing hallelujah to the Lord
Sing hallelujah, sing hallelujah
Sing hallelujah to the Lord.

1. Jesus is Lord of Heaven and Earth
   Jesus is Lord of Heaven and Earth
   Jesus is Lord, Jesus is Lord
   Jesus is Lord of heaven and earth.

2. Jesus is coming back again
   Jesus is coming back again
   Jesus is coming, Jesus is coming
   Jesus is coming back again.

# 517

**1**

There shall be showers of blessing
This is the promise of love
There shall be seasons refreshing
Sent from the Saviour above
*Showers of blessing*
*Showers of blessing we need*
*Mercy drops round us are falling*
*But for the showers we plead*

**2**

There shall be showers of blessing
Precious, reviving again
Over the hills and the valleys
Sound of abundance of rain
*Showers of…*

**3**

There shall be showers of blessing
Send them upon us O Lord
Grant to us now a refreshing
Come and now honour Thy word
*Showers of…*

**4**

There shall be showers of blessing
O that today they might fall
Now as to God we're confessing
Now as on Jesus we call
*Showers of…*

**5**

There shall be showers of blessing
If we but trust and obey
There shall be seasons refreshing
When we let Him have His way
*Showers of…*

## 518

This is the day (2)
That the Lord hath made (2)
We will rejoice (2)
And be glad in it. (2)
This is the day, that the Lord hath made
We will rejoice and be glad in it.
This is the day (2)
That the Lord hath made.

# 519

**1**

We shall overcome (2)
We shall overcome someday
Oh deep in my heart, I do believe
We shall overcome someday.

**2**

The truth shall make us free (2)
The truth shall make us free someday
Oh deep in my heart, I do believe
The truth shall make us free someday.

**3**

Christ shall come again (2)
Christ shall come again someday
Oh deep in my heart, I do believe
Christ shall come again someday

# 520

**1**

What a friend we have in Jesus,
All our sins and griefs to bear;
What a privilege to carry,
Everything to God in. prayer!
O what peace we often forfeit,
O  what needless pain we bear,
All because we do not carry,
Everything to God in prayer.

**2**

Have we trials and temptations?
Is there trouble anywhere?
We should never be discouraged;
Take it to the Lord in prayer!
Can we find a friend so faithful?
Who will all our sorrows share?
Jesus knows our every weakness;
Take it to the Lord in prayer!

**3**

Are we weak and heavy laden?
Cumbered with a load of care?
Precious Saviour, still our refuge,
Take it to the Lord in prayer
Do thy friends despise, forsake thee?
Take it to the Lord in prayer
In His arms He'll take and shield thee,
Thou wilt find a solace there.

ST. DIONYSIUS INDIAN ORTHODOX CHURCH
AUCKLAND, NEW ZEALAND INC. [CC40755]

55 Keeling Road, Henderson, Auckland - 0612

P.O Box # 21728, Henderson, Auckland - 0650

Ph: 09 9485215

Mob: 027 5814215

www.sdiocnz.org

stdionysius@hotmail.com | vicar@sdiocnz.org